# എന്റെ ഉമ്മ

# എന്റെ ഉമ്മ

ചൗദ്‌രി സഫ്‌റുല്ലാഹ്ഖാൻ

വിവർത്തനം:

**മുഹമ്മദ് ഇസ്‌മായീൽ ആലപ്പുഴ**

പ്രസാധകർ:

**ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കേരള**

**ഫോർട്ട് റോഡ്, കണ്ണൂർ- 670 001**

**Ente Umma**
(Malayalam)

**Meri Walida**
(Original)

Author :
Muhammad Zafrullah Khan Sahib(Ra)

Translator :
Muhammad Ismail Alleppey. H.A

Printed at:
BRB Offset Printers, Thavakkara, Kannur- 17

Cover Design: Thahira Ismail

Published by :
Islam International Publications, Kerala

Copies: 3000

I[st] Edition : July 2007

Price: 30/-

IIPK/10

## ഉള്ളടക്കം


പ്രസാധകക്കുറിപ്പ് ........ 7
വിവർത്തകക്കുറിപ്പ് ........ 9
ഗ്രന്ഥകർത്താവ് ........ 11
കുടുംബപരമായ സ്ഥിതികൾ ........ 16
ഉമ്മയുടെ വിവാഹം ........ 19
പിതാവിന്റെ ചില അവസ്ഥകൾ ........ 19
മക്കളുടെ മരണവും ഉമ്മയുടെ സഹനവും ........ 21
എന്റെ ജനനം ........ 27
പിതാവിന്റെ വേർപാട് ........ 28
വീട്ടിൽ അഹ്മദിയ്യത്തിന്റെ ചർച്ച ........ 33
അഹ്മദിയ്യത്തിനെ സംബന്ധിച്ചുള്ള സ്വപ്നം ........ 35
സ്വപ്നത്തിൽ സിയാറത്ത് ........ 37
സിയാൽക്കോട്ടിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമം ........ 38
ഉമ്മയുടെ ബയ്അത്ത് ........ 40
പിതാവിന്റെ ബയ്അത്ത് ........ 42
ഉമ്മായ്ക്ക് എന്നോടുള്ള സ്നേഹം ........ 44
വിദ്യാഭ്യാസത്തിനായി ഇംഗ്ലണ്ടിൽ ........ 45
രണ്ടാം ഖിലാഫത്തിന് ബയ്അത്ത് ........ 49
യൂറോപ്പിൽനിന്നുള്ള എന്റെ തിരിച്ചുവരവ് ........ 52
ഖാദിയാനിൽ പിതാവിന്റെ താമസം ........ 53
ഉപ്പയുടേയും ഉമ്മയുടേയും ഹജ്ജ് ........ 54
ഉപ്പയുടെ അസുഖം ........ 55
ഉപ്പയുടെ മരണത്തെക്കുറിച്ചുള്ള ഉമ്മ കണ്ട സ്വപ്നം ........ 58

ഉപ്പയുടെ വേർപാട് .......... 60
എന്നോടൊപ്പമുള്ള ഉമ്മയുടെ ജീവിതം .......... 66
ബീഹാർ യാത്ര .......... 67
കശ്മീർ യാത്ര .......... 68
ഒരു അപടകത്തെക്കുറിച്ചുള്ള സ്വപ്നം .......... 70
ഉമ്മയുടെ ധൈര്യം .......... 73
മനുഷ്യകുലത്തോടുള്ള സഹതാപം .......... 76
ജമാഅത്തിനെക്കുറിച്ചുള്ള അഭിമാനം .......... 80
ഹദ്റത്ത് അമീറുൽ മുഅ്മിനീനിലുള്ള വിശ്വാസം .......... 82
മസീഹ് മൗഊദ്(അ)ന്റെ കുടുംബത്തോടുള്ള സ്നേഹം .......... 83
ഇന്ത്യൻ വൈസ്രോയിയുമായി കൂടിക്കാഴ്ച .......... 84
മീർ ഇനാമുല്ലാഹ് ശാഹ് സാഹിബിന്റെ മരണത്തെക്കുറിച്ച് .......... 87
അമുഖ്യകാര്യങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും ജാഗ്രത .......... 88
എന്റെ മകളുടെ ജനനത്തെക്കുറിച്ചുള്ള സ്വപ്നം .......... 89
അല്ലാഹുവിലുള്ള തികഞ്ഞ വിശ്വാസം .......... 95
ഉമ്മായ്ക്ക് തന്റെ മരണത്തെക്കുറിച്ച് സ്വപ്നം .......... 96
ഉമ്മയുടെ അസുഖം .......... 96
രോഗത്തിന്റെ ഗുരുതരാവസ്ഥ .......... 101
ശിംലയിൽനിന്ന് ഡൽഹിയിലേക്കുള്ള യാത്ര .......... 103
ഡൽഹിയിൽനിന്ന് ഖാദിയാനിലേക്കുള്ള യാത്ര .......... 110
ഉമ്മയുടെ അവസാനത്തെ സംസാരം .......... 110
ഖാദിയാനിൽ ആഗമം .......... 111
വഫാത്ത് .......... 112
ചൗദ്ദരി സഫറുല്ലാഹ്ഖാൻ സാഹിബിന്റെ ഉമ്മയുടെ വഫാത്ത് .......... 113
നീ ജീവിക്കൂ മകനേ .......... 120

# പ്രസാധകക്കുറിപ്പ്

**ലോ**കകോടതി ജഡ്ജിയും പാക്കിസ്ഥാന്റെ ആദ്യത്തെ വിദേശകാര്യമന്ത്രിയും ഉന്നത നയതന്ത്രജ്ഞനുമായ സർ സഫ്റുല്ലാ ഹ്ഖാന്റെ 'മേരി വാലിദ' എന്ന ഉർദു പുസ്തകത്തിന്റെ മലയാള പരിഭാഷയാണ് 'എന്റെ ഉമ്മ' എന്ന പേരിൽ പുറത്തിറങ്ങുന്നത്. അചഞ്ചലമായ ദൈവഭക്തിയുടേയും വിശ്വാസധാർഢ്യത്തിന്റേയും പ്രതീകമാണ് സർ മുഹമ്മദ് സഫ്റുല്ലാഹ്ഖാൻ സാഹിബിന്റെ ഉമ്മ. പ്രതിസന്ധികളെ ഒന്നൊന്നായി സധൈര്യം നേരിട്ട അവർ മാതൃവാത്സല്യത്തിന്റെ നിറകുടമാണ്. അവരുടെ വിശുദ്ധജീവിതം ഉന്നത മൂല്യങ്ങളുടെ നവരത്നശോഭയാണ്. അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള സ്നേഹത്തിന്റെ സാഗരത്തിര മനസ്സിൽ സൂക്ഷിച്ച അവർ അഹ്മദിയ്യാ ജമാഅത്തിന്റെ അഭിമാനമായിരുന്നു. അവരെക്കുറിച്ചുള്ള അവരുടെ മകന്റെ ഓർമ്മക്കുറിപ്പുകൾ അഹ്മദിയ്യാ ജമാഅത്തിന്റെ പിന്നിട്ടുപോയ ഒരു കാലഘട്ടത്തിന്റെ ചരിത്രം കൂടിയായിത്തീരുന്നു.

ഈ പുസ്തകത്തിന്റെ അച്ചടിച്ചെലവ് വഹിക്കുന്നത് പഴയങ്ങാടിയിലെ മർഹൂമ ബി. കുഞ്ഞായിശാ സാഹിബയുടെ മക്കളാണ്. തങ്ങളുടെ ഉമ്മയുടെ ഓർമ്മയ്ക്ക് ഇവർ സമർപ്പിക്കുന്ന ഈ ഉപഹാരം ദീനിയായ മാർഗ്ഗത്തിൽ ഏറ്റവും വിലപ്പെട്ടതാണ്. പഴയങ്ങാടി ലജ്ന ഇമായില്ലായുടെ അധ്യക്ഷയായി ദീർഘകാലം സേവനം ചെയ്ത മർഹൂമ കുഞ്ഞായിശാ സാഹിബ അഹ്മദിയ്യത്തിനെ ഒരു ജീവിതസാഫല്യമായി കരുതി ത്യാഗനിർഭരവും സേവനഭരിതവുമായ ജീവിതം നയിച്ച മർഹൂം എ. സുലൈമാൻ സാഹി

ബിന്റെ ഭാര്യകൂടിയാണ്. അഹ്മദിയ്യാ ജമാഅത്തിനെ ആത്മനിർവൃതിയായി സ്വയംവരിച്ച മർഹൂമ കുഞ്ഞായിശാ സാഹിബക്കും മർഹൂം സുലൈമാൻ സാഹിബിനും അല്ലാഹു മഗ്ഫിറത്ത് നല്കുമാറാകട്ടെ. ആമീൻ. അവരുടെ മക്കളുടെ ഈ സേവനത്തിന് തക്ക പ്രതിഫലം നല്കുമാറാകട്ടെ. ആമീൻ.

ഈ പുസ്തകം മലയാളത്തിലേക്ക് ജീവൻതുടിക്കുന്ന ഭാഷയിൽ മനോഹരമായി പരിഭാഷപ്പെടുത്തിത്തന്ന ജനാബ് മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബിനോടുള്ള നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

മാതൃഹൃദയത്തിന്റെ നന്മയും വാത്സല്യവും നിറഞ്ഞൊഴുകുന്ന ഈ പുസ്തകം മാന്യവായനക്കാർക്ക് സവിനയം സമർപ്പിക്കുന്നു.

സദ്ർ
ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കേരള

# വിവർത്തകക്കുറിപ്പ്

ഇരുപത്തിമൂന്ന് വർഷം മുമ്പേയാണ്, 'മേരി വാലിദ' എന്ന ഗ്രന്ഥം ഞാൻ തർജമ ചെയ്തത്. അന്ന് ഞാൻ ഖാദിയാൻ ജാമിഅ അഹ്മദിയ്യായിലെ നാലാം വർഷ വിദ്യാർത്ഥിയായിരുന്നു. തർജമ പൂർത്തിയായതിനുശേഷം അത് മർഹൂം അബ്ദുർ റഹ്മാൻ സാഹിബ് കാക്കനാടിന് അയച്ചുകൊടുത്തു. അദ്ദേഹത്തിന് അന്നൊരു പത്രമുണ്ടായിരുന്നു- 'പ്രിയംവദ'. തന്റെ പത്രത്തിൽ പല പ്രാവശ്യവും അദ്ദേഹം ഈ ഗ്രന്ഥത്തെക്കുറിച്ച് പരസ്യം ചെയ്തുവെങ്കിലും എന്തോ ചില കാരണങ്ങളാൽ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞില്ല.

പിന്നീട്, 'അന്നൂറി'ന്റെ പ്രവർത്തകർ അത് പ്രസിദ്ധീകരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. അങ്ങനെ അതിന്റെ ആദ്യത്തെ ചില ഭാഗങ്ങൾ അവർ അന്നൂറിൽ പ്രസിദ്ധപ്പെടുത്തി. ഇപ്പോൾ നാസിറാത്തുൽ അഹ്മദിയ്യായുടെ പരീക്ഷാ സിലബസ്സിൽ 'മേരി വാലിദ' എന്ന ഗ്രന്ഥം ഉൾക്കൊള്ളിച്ചിരിക്കുന്നതുകൊണ്ട് അതിന്റെ പ്രവർത്തകർ നിർബന്ധം പിടിച്ചു. അങ്ങനെയാണ് രണ്ടാഴ്ചകൊണ്ട് പുനഃപരിശോധന ചെയ്ത് ഈ ഗ്രന്ഥം നിങ്ങളുടെ കൈയിലെത്തിക്കുന്നത്.

ലോകനീതിന്യായ കോടതിയുടെ ന്യായാധിപനും അധ്യക്ഷനുമൊക്കെയായിരുന്നവിശ്വപ്രസിദ്ധനായ ഹദ്റത്ത് ചൗദ്‌രീ മുഹമ്മദ് സഫ്റുല്ലാഹ്ഖാൻ സാഹിബ്(റ) എഴുതിയ 'മേരി വാലിദ' എന്ന അമൂല്യഗ്രന്ഥത്തിന്റെ വിവർത്തനമാണ് 'എന്റെ ഉമ്മ'. എന്നെ വല്ലാതെ ആകർഷിച്ച ഗ്രന്ഥമാണിത്. ഇത് തർജമ ചെയ്യുമ്പോഴും

വർഷങ്ങൾക്കുശേഷം പുനഃപരിശോധന നടത്തുമ്പോഴും പ്രൂഫ് വായിക്കുമ്പോഴും എന്റെ കണ്ണുകൾ നിറയാതിരുന്നിട്ടില്ല. ഇതിന്റെ കാരണം ഈ ഗ്രന്ഥം നിങ്ങൾക്കു പറഞ്ഞുതരും.

ഇതൊരു സാധാരണ ഗ്രന്ഥമല്ല. ദൈവം നിരന്തരം തന്റെ ഇഷ്ടാനിഷ്ടങ്ങളറിയിച്ച്, തന്റെ ഒരു ദാസിയെ പരിശുദ്ധയാക്കി തന്നിലേക്കു കൊണ്ടുപോയ സംഭവബഹുലമായ ജീവിതാനുഭവമാണിത്. ദൈവമില്ലെന്ന് പറയുന്നവർക്കും വിശ്വാസികളായിട്ടും അവിശ്വാസികളായിട്ട് ജീവിക്കുന്നവർക്കും കുട്ടികൾക്കും സ്ത്രീകൾക്കും പുരുഷന്മാർക്കും യുവാക്കൾക്കും ധാർമ്മികത എന്താണെന്നും അതിന്റെ ആവശ്യകതയെന്താണെന്നും മനസ്സിലാക്കാനുള്ള ഒരു മുതലാണിത്.


ഇത് നിങ്ങളെ വിസ്മയഭരിതരാക്കും. മാതൃവാത്സല്യമെന്താണെന്ന് കാണിച്ചുതരും. കുടുംബം എങ്ങനെയെന്ന് വഴികാട്ടും. ദൈവവുമായി എങ്ങനെയായിരിക്കണമെന്ന് പറഞ്ഞുതരും. നിങ്ങളെ കരയിക്കും. നിങ്ങളെ സാന്ത്വനപ്പെടുത്തും. നിങ്ങൾക്ക് സന്തോഷം പകരും.

ഇത് തർജമയാണല്ലോ. ഗ്രന്ഥകർത്താവിന്റെ ഇംഗിതമറിഞ്ഞ് തർജമ ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. എങ്കിലും പിഴവുകൾ സംഭവിക്കാം. എവിടെയെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കാൻ മടികാണിക്കരുത്. ഇതൊരു അമാനത്താണ്. അമാനത്തിന്റെ കടമ നിറവേറ്റാൻ നാമെല്ലാം ബാധ്യസ്ഥരാണ്. ദീർഘിപ്പിക്കുന്നില്ല.

ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ് കേരള സദ്ർ പ്രൊഫ. മഹ്‌മൂദ് അഹ്‌മദ് സാഹിബിനും പ്രത്യേകം നന്ദി. അല്ലാഹു അനുഗ്രഹിക്കട്ടെ.

എനിക്ക് അഹ്‌മദിയ്യത്ത് എന്ന നിധി ലഭിക്കുന്നതിനുമുമ്പേ എന്നോട് സലാം ചൊല്ലിയ എന്റെ ബാപ്പയേയും ഞാൻ മുഖേന ആ നിധി ലഭിച്ച എന്റെ ഉമ്മയേയും ഓർത്തുകൊണ്ട്

കണ്ണൂർ മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ എച്ച്.എ.
1.7.2007.



# ഗ്രന്ഥകർത്താവ്

**ഹ**ദ്റത്ത് ചൗദ്‌രീ മുഹമ്മദു സഫ്റുല്ലാഹ്ഖാൻ സാഹിബ്(റ) 1893 ഫെബ്രുവരി 6-ാം തിയതി സിയാൽക്കോട്ടിൽ ജനിച്ചു. ഹദ്റത്ത് ചൗദ്‌രീ നുസ്റുല്ലാഹ്ഖാൻ സാഹിബ്(റ), ഹദ്റത്ത് ഹുസയ്ൻ ബീബി സാഹിബ(റ.ഹാ) എന്നീ ദമ്പതികളുടെ മകനും വാഗ്ദത്ത മഹ്ദിമസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ സഹാബിയുമായിരുന്നു.

ഇംഗ്ലണ്ടിൽനിന്ന് ഉന്നതവിദ്യാഭ്യാസം കരസ്ഥമാക്കിയശേഷം അവിഭക്തഇന്ത്യയിൽ ഉയർന്ന സർക്കാരുദ്യോഗം വഹിക്കുകയുണ്ടായി. റയിൽവെ മിനിസ്റ്റർ, ലോ മിനിസ്റ്റർ, കൊമേർസ് മിനിസ്റ്റർ, സപ്ലൈ മിനിസ്റ്റർ, ഫെഡറൽ കോർട്ടിന്റെ ന്യായാധിപൻ, ഇന്ത്യൻ വൈസ്രോയി കൗൺസിലിന്റെ നിയമോപദേഷ്ടാവ് തുടങ്ങിയ സ്ഥാനങ്ങൾ അലങ്കരിക്കുകയുണ്ടായി. ചൈനയിൽ കുറച്ചുനാളത്തേക്ക് പൊളിറ്റിക്കൽ ഏജന്റ് എന്ന നിലയിലും പ്രവർത്തിച്ചിട്ടുണ്ട്.

ഇന്ത്യാ വിഭജനത്തിനുശേഷം പാക്കിസ്ഥാന്റെ ആദ്യത്തെ വിദേശകാര്യമന്ത്രിയായി നിയമിതനായി. ഈ സ്ഥാനം ഏഴുവർഷം അദ്ദേഹം നിർവ്വഹിച്ചു. ആ കാലയളവിൽ ഐക്യരാഷ്ട്രസഭയിൽ പങ്കെടുക്കുന്നതിനുള്ള പ്രതിനിധി സംഘത്തിന്റെ തലവൻ അദ്ദേഹമായിരുന്നു. 1962-63-ലെ ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലി മീറ്റിംഗിന്റെ അധ്യക്ഷനായും അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു.

സിയാൽക്കോട്ട് സെഷൻകോടതിയിലെ വക്കാലത്ത് പ്രാക്ടീസിൽനിന്നാണ് അദ്ദേഹത്തിന്റെ അഭിഭാഷകജീവിതം തുടങ്ങുന്നത്. പിന്നീട് പെട്ടെന്ന് പെട്ടെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിവൃദ്ധി. അങ്ങനെ ഏഷ്യയിലെ ഏറ്റവും വലിയ അഭിഭാഷകനായി രംഗപ്രവേശം ചെയ്തു.

വിദേശകാര്യമന്ത്രിയായിരുന്നതിനുശേഷം അദ്ദേഹം ലോക നീതിന്യായ കോടതിയുടെ (ഹേഗ്) ന്യായാധിപൻ എന്ന നിലയിൽ വർഷങ്ങളോളം പ്രവർത്തിച്ചു. മൂന്നുവർഷം അതിന്റെ പ്രസിഡന്റുമായിരുന്നു.

ഇന്ത്യയുടേയും പാക്കിസ്ഥാന്റേയും സ്വാതന്ത്ര്യത്തിനുവേണ്ടിയും അദ്ദേഹം വലിയ പങ്കാണ് വഹിച്ചത്. ഇതിനുപുറമേ ഇംഗ്ലണ്ട്, ജർമ്മനി, ഫ്രാൻസ്, അമേരിക്ക, കാനഡ, മലേഷ്യ, ഇന്തോനേഷ്യ, ചൈന, ജപ്പാൻ, പോളണ്ട്, ഹംഗറി, റഷ്യ, ഈജിപ്ത്, സിറിയ, ജോർദാൻ, മറാക്കിഷ് തുടങ്ങിയ രാജ്യങ്ങളിലും ഏറെ പ്രസിദ്ധനായിരുന്നു.

ദൈവഭക്തിയിലും നന്മയിലും അദ്ദേഹം ഉന്നതസ്ഥാനത്താണുണ്ടായിരുന്നത്. മതപരമായ കർമ്മങ്ങളിൽ ഒരിടത്തും അദ്ദേഹം ഒരിക്കലും വിട്ടുവീഴ്ച ചെയ്തിട്ടില്ല. ഈ ഉൽക്കൃഷ്ടമായ സ്വഭാവം കാരണത്താൽ ഐക്യരാഷ്ട്രസഭയിലെ പ്രതിനിധികൾ അദ്ദേഹത്തെ അങ്ങേയറ്റം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. പ്രത്യേകിച്ച് മുസ്‌ലിം രാഷ്ട്രങ്ങളുടെ പ്രതിനിധികളുടെ ദൃഷ്ടിയിൽ അദ്ദേഹത്തിന്റെ നിയമജ്ഞാനത്തിലുള്ള നൈപുണ്യവും മതപരമായ അറിവുകളും ദൈവഭക്തിയും മാന്യതയും കാരണത്താൽ അദ്ദേഹത്തിന് ഉയർന്ന സ്ഥാനം ലഭിച്ചിരുന്നു.

ചില ഇസ്‌ലാമിക രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അദ്ദേഹം സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. അക്കാരണത്താൽ ആ നാടുകളിൽ അദ്ദേഹം ആദരവോടും ബഹുമാനത്തോടുംകൂടി സ്മരിക്കപ്പെടുന്നു. ജോർദാൻ സർക്കാർ തങ്ങളുടെ രാജ്യത്തിലെ ഉന്നത ബഹുമതി നൽകി അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്. 1967-ൽ അദ്ദേഹം ഹജ്ജ് കർമ്മവും നിർവ്വഹിച്ചു. ആ അവസരത്തിൽ സൗദിഭരണ

കൂടത്തിന്റെ അതിഥിയായിട്ടാണ് അദ്ദേഹം അവിടെ താമസിച്ചത്.

അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ അദ്ദേഹത്തിന്റെ നാമം വെട്ടിത്തിളങ്ങുന്നതും എന്നെന്നും നിലനില്ക്കുന്നതുമാണ്. തന്റെ തിരക്കുപിടിച്ച ഉദ്യോഗത്തിന്നിടയിലും ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ അദ്ദേഹം 'ഞാൻ മുമ്പേ' എന്ന വികാരത്തോടെ പങ്കെടുത്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കുന്നതിനുവേണ്ടി വളരെ നല്ല പങ്കാണ് അദ്ദേഹം വഹിച്ചത്. അദ്ദേഹം വലിയ എഴുത്തുകാരനായിരുന്നു. ഇംഗ്ലീഷിലും ഉർദുവിലും 18 ബൃഹദ്ഗ്രന്ഥം രചിച്ചിട്ടുണ്ട്. അവയിൽ 'മേരി വാലിദ' എന്ന ഗ്രന്ഥം ശിക്ഷണപരമായ നിലയിൽ നോക്കുമ്പോൾ സുപ്രധാനമാണ്. തന്റെ മാതാവിനെക്കുറിച്ചുള്ള സംഭവബഹുലമായ കാര്യങ്ങൾ ഹൃദയസ്പൃക്കായ നിലയിൽ അദ്ദേഹം അതിൽ പ്രതിപാദിച്ചിരിക്കുന്നു. "Islam its Meaning for Modern Life" എന്ന കൃതി വിശ്വപ്രസിദ്ധമാണ്.

സർക്കാരുദ്യോഗത്തിൽനിന്നും വിരമിച്ചതിനുശേഷം അഹ്മദിയ്യാ ജമാഅത്തിന് തൂലികാസേവനം ചെയ്യുന്നതിനായി തന്റെ ജീവിതം അദ്ദേഹം സമർപ്പണം ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഖലീഫമാരുടേയും നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തി. വാഗ്ദത്ത മഹ്ദി മസീഹായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ കാലം മുതൽ മസീഹിന്റെ മൂന്നാം ഖലീഫയായിരുന്നു ഹദ്റത്ത് മിർസാ നാസിർ അഹ്മദ്(റഹ്)ന്റെ കാലംവരെയുള്ള അഹ്മദിയ്യാ ചരിത്രം ഇംഗ്ലീഷിൽ ക്രമപ്പെടുത്തി പ്രസിദ്ധീകരിച്ചു. വാഗ്ദത്ത മസീഹിന്റെ ദൈവ വെളിപാടുകളുടേയും സ്വപ്നങ്ങളുടേയും ദർശനങ്ങളുടേയും സമാഹാരമായ 'തദ്കിറ' ഇംഗ്ലീഷിലേക്ക് ഭാഷാന്തരം ചെയ്തു. ഇതിനൊക്കെപ്പുറമെ വിശുദ്ധഖുർആന്റെ ഇംഗ്ലീഷ് പരിഭാഷയും അദ്ദേഹം ചെയ്തിട്ടുണ്ട്. വിവർത്തന സാഹിത്യരംഗത്ത് ഇതെല്ലാം വലിയൊരു മുതൽക്കൂട്ടാണ്.

1924-ൽ വേംബലെ കോൺഫറൻസിൽവച്ച് വാഗ്ദത്ത മസീഹിന്റെ രണ്ടാമത്തെ ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)ന്റെ 'അഹ്മദിയ്യത്ത് യഅ്നീ ഹഖീഖി ഇസ്ലാം' എന്ന

ഉർദു പ്രബന്ധം ഇംഗ്ലീഷിൽ തർജമ ചെയ്ത് അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ വായിച്ചുകേൾപ്പിച്ചത് സഫ്റുല്ലാഹ്ഖാൻ സാഹിബായിരുന്നു. ഇത് പിന്നീട് ഇംഗ്ലീഷിലും ഉർദുവിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അഹ്മദിയ്യത്ത് അഥവാ 'യഥാർത്ഥ ഇസ്ലാം' എന്ന പേരിൽ ഇതിന്റെ മലയാള വിവർത്തനം ലഭ്യമാണ്. വെൽസ് രാജ്ഞിക്ക് ഉപഹാരം, ജോർദാൻപ്രഭുവിന് ഉപഹാരം, രാജാക്കന്മാർക്ക് ഉപഹാരം (ഹൈദരാബാദ് നിസാമിന്റെ പേരിൽ) തുടങ്ങിയ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ്(റ)ന്റെ ഗ്രന്ഥങ്ങളും അദ്ദേഹം ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

ഹദ്റത്ത് ചൗദ്ദരി മുഹമ്മദ് സഫ്റുല്ലാഹ്ഖാൻ സാഹിബ്(റ) 92 വർഷവും ആറുമാസവും ഇരുപത്തിമൂന്ന് ദിവസവും ജീവിച്ചു. നീതിയിലധിഷ്ഠിതവും നിഷ്കപടവും മതാഭിമാനത്തെ പ്രോജ്ജ്വലിപ്പിക്കുന്നതുമായ അദ്ദേഹത്തിന്റെ അനുഗൃഹീതജീവിതം, വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ ഈ പ്രവചനത്തെ അന്വർത്ഥമാക്കുന്നു:

> **"എന്റെ ജമാഅത്തിൽപ്പെട്ടവർ തങ്ങളുടെ സത്യത്തിന്റെ പ്രകാശവും തങ്ങളുടെ തെളിവുകളും അടയാളങ്ങളുംകൊണ്ട് സകലരുടേയും വായടപ്പിക്കും വിധം ഭൗതിക വിദ്യാഭ്യാസത്തിലും ആത്മീയജ്ഞാനത്തിലും പൂർണ്ണത കൈവരിക്കും. ഓരോ ജനതയും ആ ഉറവിൽനിന്ന് പാനം ചെയ്യും."** (*തജല്ലിയാത്തെ ഇലാഹിയ്യ, റൂഹാനി ഖസായിൻ, വാള്യം 20, പേ-409*)

സർവ്വശക്തനായ അല്ലാഹു അൽഹാജ് ഹദ്റത്ത് ചൗദ്ദരി മുഹമ്മദ് സഫ്റുല്ലാഹ്ഖാൻ സാഹിബ്(റ)ന്റെ ആത്മാവിന് ജന്നത്തുൽ ഫിർദൗസിൽ ഉന്നതമായ സ്ഥാനത്ത് ഇടം നല്കുമാറാകട്ടെ.

بسم الله الرحمن الرحيم

# എന്റെ ഉമ്മ

**എ**ന്റെ ഉമ്മയുടെ പേര് ഹുസയ്ൻ ബീബി എന്നായിരുന്നു. ഉമ്മ പറഞ്ഞകണക്കനുസരിച്ച് 1863-ലായിരുന്നു ജനനം. അവരുടെ പിതാവിന്റെ പേര് ചൗദ്ദരി ഇലാഹീ ബഖ്ശ് എന്നായിരുന്നു. ദാതാ സയ്ദിലായിരുന്നു (സിയാൽക്കോട്ട് ജില്ല) കുടുംബവീട്. അവർ സിയാൽക്കോട്ട് ജില്ലയിലെ കൃഷിക്കാരിൽ അങ്ങേയറ്റം ആദരണീയ ജനവിഭാഗം എന്ന് മനസ്സിലാക്കപ്പെട്ടിരുന്ന ബാജ്വ വിഭാഗത്തിൽപ്പെട്ടവരായിരുന്നു.

ചൗദ്ദരി ഇലാഹീ ബഖ്ശ് സാഹിബിന് അഞ്ച് പെണ്ണും ഒരാണുമായിരുന്നു മക്കൾ. എന്റെ ഉമ്മയായിരുന്നു അവരിൽ മൂത്തത്. ദാതാസയ്ദ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അമീറായിരുന്ന എന്റെ മാതുലൻ ചൗദ്ദരീ അബ്ദുല്ലാഹ് ഖാൻ സാഹിബ് തന്റെ നാലു സഹോദരിമാരിൽ ഇളയതും ഒരു സഹോദരിയേക്കാൾ മൂത്തതുമായിരുന്നു.

മാതാപിതാക്കളുടെ മൂത്തകുട്ടിയായിരുന്നതിനാൽ എന്റെ ഉമ്മ കുട്ടിക്കാലം മുതലേ എല്ലാവർക്കും വളരെയധികം ഓമനയായിരുന്നു. സന്തോഷത്തിന്റേതായിരുന്നു അക്കാലമെന്ന് അവർ പറയുമായിരുന്നു. കാരണം അവരുടെ പിതാവിന്റെ മൂത്തസഹോദരൻ (അദ്ദേഹമായിരുന്നു കുടുംബത്തിലെ കാരണവർ) അവരെ ഒരുപാട് സ്നേഹിക്കുകയും എല്ലാ ആഗ്രഹങ്ങളും നിറവേറ്റിക്കൊടു

ക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു. അതുകൊണ്ടുതന്നെ ബാല്യ കാലത്തിന്റെ ആരംഭദശകളിൽ അവരുടെ മനസ്സ് ഏറെക്കുറെ സ്വത ന്ത്രമായിരുന്നു. അക്കാലഘട്ടത്തിലെ കുട്ടികളുടെ ശീലമായിക്കഴി ഞ്ഞിരുന്ന വികാരപ്രകടനവും കുസൃതിത്തരവും അവരിലും ഉണ്ടായിരുന്നു. അതവരുടെ മാതാവിന് പലപ്പോഴും ബുദ്ധിമുട്ടിനു കാരണമാകാറുമുണ്ടായിരുന്നു. പക്ഷേ, സ്വാതന്ത്ര്യത്തിന്റെ അക്കാലം പെട്ടെന്നുതന്നെ അവസാനിച്ചുപോയി.

**ഞങ്ങളുടെ കുടുംബപരമായ സ്ഥിതികൾ**

ചെറുപ്പത്തിൽത്തന്നെ ഉമ്മയുടെ വിവാഹം എന്റെ പിതാവായ ചൗദ്വരി നുസ്‌റുല്ലാഹ് ഖാൻ സാഹിബുമായി നടന്നു. ചൗദ്വരി സിക്ക ന്ദർ ഖാൻ സാഹിബായിരുന്നു എന്റെ പിതാമഹൻ. ഡസ്‌ക്കയിലാ യിരുന്നു (സിയാൽക്കോട്ട് ജില്ല) ഞങ്ങളുടെ തറവാട്. 'സാഹി' എന്നു പറയപ്പെടുന്ന വിഭാഗക്കാരാണ് ഞങ്ങൾ. ഈ വിഭാഗം അധി കവും മുണ്ടഗുംരി എന്ന സ്ഥലത്താണ് പാർത്തിരുന്നത്. മുണ്ട ഗുംരിയുടെ പഴയപേര് സാഹിവാൽ എന്നാണ്. ഈ വിഭാഗക്കാർക്ക് ഏതോ ഒരുകാലത്ത് പഞ്ചാബിന്റെ ഒരു പ്രദേശത്ത് ഭരണമുണ്ടാ യിരുന്നു. ***വല്ലാഹു അഅ്‌ലമുബിസ്സ്വവാബ്***.

ഞങ്ങളുടെ കുടുംബത്തിന്റെ ഒന്നുരണ്ട് ശാഖകൾ ഇപ്പോഴും ഹിന്ദുക്കളാണ്; മറ്റുള്ളവർ സിക്കുമതവിശ്വാസികളും മുസ്‌ലിംകളും. ഞങ്ങളുടെ ശാഖ ഏകദേശം 12 തലമുറയായി മുസ്‌ലിംകളാണ്.

എന്റെ പിതാമഹൻ ചൗദ്വരി സിക്കന്ദർഖാൻ സാഹിബ് തന്റെ പ്രദേശത്തെ വളരെയധികം അധ്വാനശീലനായ കൃഷിക്കാരനായി രുന്നു. അദ്ദേഹത്തിന്റെ പിതാവ് ചൗദ്വരി ഫത്ഹുദ്ദീൻ സാഹിബ് തികച്ചും യുവത്വത്തിൽ കാലഗതിയടഞ്ഞു. അപ്പോൾ എന്റെ പിതാ മഹൻ നന്നേകുട്ടിയായിരുന്നു. കടുപ്പമേറിയ പരിസ്ഥിതിയിലാണ് അദ്ദേഹം വളർന്നുവന്നത്. പക്ഷേ, അല്ലാഹു അദ്ദേഹത്തിന്റെ മന സ്സിൽ ദൃഢനിശ്ചയവും സാമർത്ഥ്യവും നിക്ഷേപിച്ചിരുന്നു. അതു കൊണ്ടുതന്നെ അവകാശികളുടെ എതിർപ്പുകളും, ഗൂഢപദ്ധതിയും ഉണ്ടായിട്ടും അദ്ദേഹം തന്റെ കാലം അങ്ങേയറ്റം മനോഹരമായ നിലയിൽ ജീവിച്ചു.

എല്ലാതരത്തിലും അന്ധകാരത്തിന്റേയും അലസതയുടേയും കാലമായിരുന്നു അത്. പക്ഷേ, ഇങ്ങനെയായിട്ടും അല്ലാഹു അദ്ദേഹത്തിന് ഭൗതികപരമായ അറിവിനു പുറമെ ദീനിന്റെ ഉള്ളറിവും നല്കിയിരുന്നു. ഞാൻ മനസ്സിലാക്കിയിടത്തോളം അദ്ദേഹം അഹ്ലെ ഹദീസ് കക്ഷിയുമായി ബന്ധംവയ്ക്കുകയും ധർമ്മ ശാസ്ത്ര കല്പനകളെ കണിശതയോടെ പാലിക്കുകയും പാലിപ്പിക്കുകയും ചെയ്തിരുന്നു. ബഹുദൈവാരാധനയോടു അദ്ദേഹത്തിന് പ്രത്യേക ശത്രുതയായിരുന്നു. എല്ലാതരം അനാചാരങ്ങളേയും കഠിനമായി വെറുത്തിരുന്നു. മരണവീട്ടിലെ സ്ത്രീകളുടെ അലമുറയിട്ടുള്ള കരച്ചിലിനെ അങ്ങേയറ്റം മോശമായി കാണുകയും കഠിനമായി അത് വിലക്കുകയും ചെയ്തിരുന്നു. ഭരണാധികാരികളോടുള്ള അദ്ദേഹത്തിന്റെ പെരുമാറ്റം വിനീതമായിരുന്നുവെങ്കിലും ഗൗരവതരമായിരുന്നു. ഭരണാധികാരികളും അദ്ദേഹത്തെ ആദരിച്ചിരുന്നു.

അതിഥി സൽക്കാരവും അഗതിസംരക്ഷണവും അദ്ദേഹത്തിന്റെ പ്രത്യേക സ്വഭാവമായിരുന്നു. കുട്ടിക്കാലത്ത് വിഷമകരമായ പരിതഃസ്ഥിതികളിലൂടെ കടന്നുവന്ന കാരണത്താൽ, സ്വയം ബുദ്ധിമുട്ട് സഹിക്കേണ്ടി വന്നിരുന്നുവെങ്കിലും, അതിന്റെ സ്വാധീനമൊന്നും അതിഥിസൽക്കാരത്തെ ബാധിച്ചിരുന്നില്ല. ഇശാഅ് നമസ്കാരത്തിനുശേഷം നിശാവസ്ത്രം ധരിച്ചുകൊണ്ട് അദ്ദേഹം അതിഥി മന്ദിരത്തിലേക്ക് നിത്യവും പോകുകയും ഒരു ഭൃത്യൻ എന്ന നിലയിൽ യാത്രക്കാരേയും അതിഥികളേയും സേവിക്കുകയും ചെയ്തുപോന്നു. തഹജ്ജുദ് നമസ്കാരത്തിനുശേഷവും അതിഥികളുടെ കാര്യങ്ങൾ നോക്കിനടത്തുന്നതിന് പള്ളിയോടു ചേർന്നുള്ള അതിഥി മന്ദിരത്തിലേക്കു പോകുക പതിവായിരുന്നു.

ഒരുദിവസം പ്രഭാതനേരത്ത് അതിഥിമന്ദിരത്തിലെ ഒരു ഭൃത്യൻ വന്നിട്ട്, അതിഥിമന്ദിരത്തിൽ രാത്രികഴിച്ചുകൂട്ടിയ ഒരു യാത്രക്കാരനെ കാണാനില്ലെന്ന് അറിയിച്ചു. അയാൾക്കു കൊടുത്ത ലിഹാഫും* കാണുന്നില്ല. കാവൽക്കാരനേയും മറ്റു രണ്ടുപേരേയും അയാളെ തേടിപ്പിടിക്കാൻ അയച്ചിട്ടുണ്ടെന്നും അറിയിച്ചു. അല്പ

* പഞ്ഞി നിറച്ച കട്ടികൂടിയ പുതപ്പ്

സമയം കഴിഞ്ഞപ്പോൾ അവർ ആ യാത്രക്കാരനെ പിടിച്ച് എന്റെ പിതാവിന്റെ മുമ്പിൽ കൊണ്ടുവന്നു. എന്തിനാണിങ്ങനെ ചെയ്തതെന്ന് അയാളോട് അദ്ദേഹം ചോദിച്ചു. യാത്രക്കാരൻ പറഞ്ഞു: “തിരുമേനി! കുട്ടികൾ ഉൾപ്പെടെ ഞങ്ങൾ നാല് പേരാണ് വീട്ടിലുള്ളത്. ശൈത്യകാലമാണല്ലോ. വീട്ടിലാണെങ്കിൽ ഒരു പുതപ്പേയുള്ളൂ.” ഇതുകേട്ടപ്പോൾ എന്റെ പിതാമഹൻ പറഞ്ഞു. “അയാളെ വിട്ടയക്കുക.” അങ്ങനെ പുതപ്പും മൂന്നു രൂപയും കൊടുത്ത് അയാളെ പറഞ്ഞയച്ചു.

അദ്ദേഹത്തിന്റെ അതിഥി സൽക്കാരവും ദാനശീലവും കാരണത്താൽ അവിടെ എല്ലായിടത്തും എന്നല്ല ചുറ്റുപാടുള്ള ജില്ലകളിലും ജനങ്ങൾ അദ്ദേഹത്തിന്റെ പേര് ബഹുമാനത്തോടും ആദരവോടും കൂടി പറയാറുണ്ടായിരുന്നു.

എന്റെ ഉമ്മയുടെ കുടുംബവും ഞങ്ങളുടെ കുടുംബവും മുമ്പേ തന്നെ ബന്ധുക്കളായിരുന്നു. എന്റെ പിതാമഹിയായ പനാഹ്ബീബി (ഇവരുടെ ഖബ്ർ ബിഹിശ്തിമഖ്ബറയിലാണ്) എന്റെ ഉമ്മയുടെ പിതൃസഹോദരിയും ഇപ്രകാരംതന്നെ എന്റെ മാതാമഹൻ എന്റെ പിതാവിന്റെ നേരെ മാതുലനുമായിരുന്നു. അതുകൊണ്ടുതന്നെ എന്റെ പിതാവ് തന്റെ ബാല്യകാലത്തിന്റെ അധികഭാഗവും തന്റെ മാതാമഹന്റെ വീട്ടിലാണ് കഴിച്ചുകൂട്ടിയത്. എന്റെ പിതാവിന്റെ അമ്മായിയുംകൂടിയാണ് എന്റെ മാതാമഹി. എന്റെ പിതാവിനെ അവർ ഒരുപാട് സ്നേഹിച്ചിരുന്നു. അവരുടെ ജീവിതാവസാനം വരെ എന്റെ പിതാവിനെ കാണാൻ അവസരമുണ്ടാകുമ്പോഴൊക്കെ ഒരുപാടുനേരം അവർ സംസാരിച്ചിരിക്കാറുണ്ടായിരുന്നു.

എന്റെ മാതാമഹി അങ്ങേയറ്റം ഭക്തയും സ്വാത്മപരിത്യാഗിനിയും ക്ഷമാശീലയും ധൈര്യവതിയുമായിരുന്നു. ഗ്രാമങ്ങളിൽ സ്ത്രീകളുടെ വിദ്യാഭ്യാസ കാര്യത്തിലേക്ക് ഒട്ടും ശ്രദ്ധിക്കാതിരുന്ന അക്കാലത്ത് അവരുടെ പിതാവ് നിയമപരമായി അവരെ വൈദ്യം പഠിപ്പിക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കി. വൈദ്യത്തിൽ വളരെ നല്ല നൈപുണ്യം നേടിയിരുന്നു. അവരുടെ ശിക്ഷണത്തിന്റെ ഫലമായിട്ട് എന്റെ ഉമ്മ വൈദ്യം പഠിച്ചിട്ടില്ലെങ്കിൽത്തന്നെ പൊതുവെയുള്ള രോഗങ്ങൾക്ക് നാട്ടുനടപ്പനുസരിച്ചുള്ള ശുശ്രൂഷകൾ

ചെയ്യുമായിരുന്നു. ഗുരുതരാവസ്ഥയിലുള്ള രോഗികൾക്കുപോലും മരുന്നു പറഞ്ഞുകൊടുക്കാൻ ധൈര്യം കാണിച്ചിരുന്നു. അല്ലാഹു തന്റെ കരുണയാൽ രോഗിക്ക് സുഖവും പ്രദാനം ചെയ്തിരുന്നു.

**ഉമ്മയുടെ വിവാഹം**

ഞങ്ങളുടെ ഉമ്മയുടെ വീട്ടുകാർ ഏറെക്കുറെ ഇക്കാലത്ത് നല്ല സാമ്പത്തികസ്ഥിതിയിലും ഞങ്ങളുടെ വീട് സാമ്പത്തിക ഞെരുക്കത്തിലുമായിരുന്നുവെന്ന് ഞാൻ പറഞ്ഞുവല്ലൊ. നിക്കാഹ് നടക്കുന്ന കാലത്ത് എന്റെ മാതാപിതാക്കൾ കുട്ടികളായിരുന്നു. കുറച്ചുവർഷങ്ങൾക്കുശേഷമാണ് വീടുകൂടൽ നടന്നത്. എന്റെ ഉമ്മ ഭർതൃഗൃഹത്തിൽ വരവുപോക്കു തുടങ്ങിയപ്പോൾ, എന്റെ പിതാവ് ലാഹോർ ഓറിയന്റൽ കോളേജിൽ വിദ്യാർത്ഥിയായിരുന്നു. അക്കാലത്തെ സാമൂഹികജീവിതമനുസരിച്ച് എന്റെ ഉമ്മായ്ക്ക് തന്റെ മുഴുവൻ സമയവും എന്റെ പിതാമഹിയുടെ നിർദ്ദേശങ്ങൾക്കു വിധേയയായി കഴിയേണ്ടിവന്നു. അവർ അടുത്തബന്ധുക്കളായിരുന്നുവെന്നത് ശരിതന്നെ. പക്ഷേ, ഇക്കാലഘട്ടം എന്റെ ഉമ്മായ്ക്ക് ദുരിതമേറിയതായിരുന്നു. എന്റെ ഉമ്മ കുട്ടിക്കാലം മുതലേ വളരെ ലജ്ജാലുവായിരുന്നു. അവരുടെ ആരോഗ്യവും നല്ലതായിരുന്നില്ല. അതുകൊണ്ട് ഭർതൃഗൃഹത്തിലെ താമസം അവർക്ക് കൂടുതൽ ബുദ്ധിമുട്ടുള്ളതായിത്തീർന്നു. വിദ്യാർത്ഥിയായ കാരണത്താൽ പിതാവിന് വളരെ കുറച്ചുമാത്രമെ വീട്ടിൽ താമസിക്കാൻ അവസരം ഉണ്ടായിരുന്നുള്ളൂ. അദ്ദേഹത്തിൽനിന്നുള്ള അകൽച്ച ഉമ്മായ്ക്ക് അസഹ്യമായിരുന്നു. പക്ഷേ, ഇതെല്ലാം അവർക്ക് നിശ്ശബ്ദതയോടെ സഹിക്കേണ്ടിവന്നു. എന്റെ പിതാമഹൻ അവരോട് വളരെ വാത്സല്യത്തോടും സഹതാപത്തോടുംകൂടിയാണ് പെരുമാറിയിരുന്നത്. പക്ഷേ, ഒരുതരത്തിലുള്ള ബുദ്ധിമുട്ടും അദ്ദേഹത്തോടു പറയാൻ ഉമ്മ കൂട്ടാക്കിയില്ല.

**പിതാവിന്റെ ചില അവസ്ഥകൾ**

എന്റെ പിതാവിന്റെ സ്വഭാവം വളരെ മൃദുലവും ലജ്ജാന്വിതവുമായിരുന്നു. നാണംകൊണ്ട് പിതാവിന്റെയടുക്കൽ പോകുമായിരുന്നില്ല. അദ്ദേഹം പറയുമായിരുന്നു: "ഞാനെന്റെ പിതാവുമായി ഒരിക്കലും മടികൂടാതെ സംസാരിച്ചിട്ടില്ല, വയറുനിറയെ അദ്ദേഹ

ത്തിന്റെ രൂപം കണ്ടിട്ടുമില്ല.”

ഒരിക്കൽ ഏതോ വിശേഷപരിപാടിയിൽ പങ്കെടുക്കാനായി എന്റെ പിതാമഹൻ അദ്ദേഹത്തിനോട് ലാഹോറിൽനിന്നു വരാൻ കത്തെഴുതി. പിതാവ് മറുപടി എഴുതി: ‘ഇപ്പോഴുള്ള വരവ് എന്റെ പഠിത്തത്തെ ബാധിക്കും. ഇനി എനിക്ക് അടുത്ത അവധിക്കാലത്തെ വരാൻ പറ്റുകയുള്ളൂ.’ അവധിക്കാലത്ത് അദ്ദേഹം വീട്ടിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ പിതാവ് അദ്ദേഹത്തിന്റെ ഉമ്മയോടു പറഞ്ഞു: “ഇപ്പോൾ ആരു വിളിച്ചിട്ടാണ് വന്നത്?”

പിതാവും ആ ചോദ്യം കേട്ടു. അങ്ങനെ അത് അദ്ദേഹത്തിന് നാട്ടിൽനിന്ന് ഉടനെ തിരിച്ചുപോകാൻ അവസരമൊരുക്കി. അദ്ദേഹം തന്റെ സാധനങ്ങൾ കെട്ടുകയും തിരിച്ച് ലാഹോറിലേക്ക് പുറപ്പെടുകയും ചെയ്തു. ആവശ്യത്തിനുള്ള വഴിച്ചെലവും കൈയിലുണ്ടായിരുന്നില്ല. ഡസ്കയിൽനിന്ന് ഗോജറൻവാല വരെയുള്ള 15 മൈൽ ദൂരം സാധനങ്ങൾ തലയിലേറ്റി നടന്നു. ഗോജറൻവാല മുതൽ ശാഹദരവരെ തീവണ്ടിയിൽ യാത്രചെയ്തു. പിന്നീട് ശാഹ്ദരയിൽനിന്ന് സാധനം തലയിലേറ്റി ഹുസൂരിബാഗിലെത്തി. അവിടെയാണ് അന്നാളുകളിൽ ഓറിയന്റൽ കോളേജിന്റെ ഹോസ്റ്റൽ പ്രവർത്തിച്ചിരുന്നത്. അവധിക്കാലവും ലാഹോറിൽത്തന്നെ കഴിച്ചുകൂട്ടി. പിതാവും പുത്രനും അവരവരുടെ സ്വഭാവം നല്ലവണ്ണം കാണിച്ചപ്പോൾ എന്റെ ഉമ്മയുടെ മനസ്സിലുണ്ടായ വേദന, അതനുഭവിച്ചിട്ടുള്ളവർക്കു മാത്രമേ മനസ്സിലാകുകയുള്ളൂ.

എന്റെ പിതാവ് പറയാറുണ്ടായിരുന്നു: “പഠിക്കാനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടായിട്ടും നിങ്ങൾ പലതരത്തിലുള്ള വേലകളിറക്കിക്കൊണ്ടിരിക്കുകയാണ്. ഞങ്ങളുടെ കാലത്ത് കഠിനമായ ബുദ്ധിമുട്ടുകളായിരുന്നു. ഒന്നാമതായി, ചെലവുകൾ നടന്നിരുന്നത് വളരെ ഞെരുക്കത്തിലായിരുന്നു. ഞാൻ ആറേഴ് കൊല്ലക്കാലം ലാഹോറിൽ വിദ്യാർത്ഥിയായി കഴിച്ചുകൂട്ടുകയും BOL പരീക്ഷ പാസാകുകയും ചെയ്തു. അതിനുശേഷം മുക്തിയാർ പരീക്ഷയും വക്കാലത്തും പാസ്സായി. ഇക്കാലത്തൊന്നും വീട്ടിൽനിന്നും ഒരു പൈസയും വാങ്ങിയിരുന്നില്ല. കിട്ടിയ സ്റ്റൈപ്പന്റുകൊണ്ടാണ് ജീവിച്ചിരുന്നത്. വീട്ടിൽനിന്ന് ആട്ട മാത്രമേ കൊണ്ടുപോയിരുന്നുള്ളൂ.

അതും എത്രമാത്രമെന്നുവെച്ചാൽ, ലാഹോറിലെ ഇത്രയും കാലത്തെ ജീവിതത്തിന്നിടയിൽ ഒരിക്കൽപോലും വയറുനിറയെ ഭക്ഷണം കഴിച്ചിട്ടില്ല. തുടക്കത്തിൽ സ്റ്റൈപ്പന്റ് മാസം നാലുരൂപയായിരുന്നു. പിന്നീട് അത് ആറും എട്ടും ആയി. നിയമഗ്രന്ഥങ്ങൾ മിക്കതും ഇംഗ്ലീഷിലായിരുന്നു. ഇംഗ്ലീഷ് അറിയാത്ത വിദ്യാർത്ഥികൾ വളരെ ബുദ്ധിമുട്ടിയിരുന്നു. കാരണം നിരവധി ഗ്രന്ഥങ്ങളുടെ തർജമ ലഭിച്ചിരുന്നില്ല. കോഴ്സിലുണ്ടായിരുന്ന ഒരു ഗ്രന്ഥത്തിന്റെ ഉർദുപരിഭാഷ ലഭിക്കാത്ത കാരണത്താൽ ആ ഗ്രന്ഥത്തെ അധികരിച്ച് ഒരു പ്രബന്ധം തയ്യാറാക്കുന്നതിന്നായി ഹസ്വാറുകാരനായ ഒരു വക്കീലിന്റെ മേൽനോട്ടത്തിൽ ലാലാ ലജ്പത്റായിയുടെ കൂടെ ഒരിക്കൽ ഞാൻ ഹസ്വാറിലേക്ക് പോയി. അന്നാളുകളിൽ ഹസ്വാർവരെ റെയിലുണ്ടായിരുന്നില്ല. യാത്ര അധികവും കുതിരവണ്ടിയിലോ, കാളവണ്ടിയിലോ ചെയ്യണമായിരുന്നു." അത്തരം ബുദ്ധിമുട്ടുകളൊക്കെ ഉണ്ടായിട്ടും പിതാവ് മുക്തിയാർ വക്കാലത്തു പരീക്ഷയിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കി. ഇതിന്റെ ഫലമായി വെള്ളിപതക്കവും സ്വർണ്ണപതക്കവും സമ്മാനം നേടി.

വക്കാലത്ത് പരീക്ഷ പാസാകുന്നതിനുമുമ്പേ പിതാവ് മുക്തിയാർ എന്ന നിലയിൽ ഡസ്ക്കയിൽ പ്രാക്ടീസ് ആരംഭിച്ചിരുന്നു. എന്നാൽ, വക്കാലത്തുപരീക്ഷ പാസായതിനുശേഷം അദ്ദേഹം സിയാൽക്കോട്ടിൽ പ്രാക്ടീസ് തുടങ്ങുകയും അവിടെ താമസമാക്കുകയും ചെയ്തു.

**മക്കളുടെ മരണവും ഉമ്മയുടെ സഹനവും**

എന്റെ ജനനത്തിനുമുമ്പേ എന്റെ മാതാപിതാക്കളുടെ അഞ്ചു കുട്ടികൾ മരണപ്പെട്ടിരുന്നു. അവരിൽ ആദ്യത്തെ മൂന്ന് കുട്ടികളുടെ ജനനവും മരണവും എന്റെ പിതാവിന്റെ വിദ്യാഭ്യാസകാലത്താണുണ്ടായത്; അവസാനത്തെ രണ്ടുകുട്ടികൾ അദ്ദേഹത്തിന്റെ മുക്തിയാർ, വക്കാലത്ത് കാലത്തും. അവരിൽ ഓരോ കുട്ടിയുടേയും മരണം എന്റെ ഉമ്മായ്ക്ക് ഓരോ പരീക്ഷണമായിത്തീർന്നിരുന്നു. അതിലൂടെ അവരുടെ ഈമാൻ പൂർണ്ണമായും പരീക്ഷിക്കപ്പെട്ടു. പക്ഷേ, അവർ അല്ലാഹുവിന്റെ അനുഗ്രഹവും അവന്റെ കരുണയുംകൊണ്ട് ഓരോ ഘട്ടത്തിലും അടിയുറച്ചുനിന്നു. ഒരിക്കലും

അവരുടെ ചുവട് സത്യമാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചില്ല. ആ സംഭ വങ്ങളുടെ വിവരണം വളരെ ദീർഘമാണ്. രണ്ടുമൂന്ന് സംഭവം ഉദാഹരണമെന്ന നിലയിൽ ചുരുക്കിവിവരിക്കാം. ഇവയിൽനിന്ന് ഉമ്മായ്ക്കുണ്ടായ പരീക്ഷണത്തിന്റെ ഇനവും അവരുടെ സത്യസ ന്ധതയുടേയും വിശ്വാസത്തിന്റേയും വിശദീകരണവും ലഭിക്കുന്നതാണ്.

ഞങ്ങളുടെ ഏറ്റവും മൂത്തസഹോദരന്റെ പേരും സഫ്ർ എ ന്നായിരുന്നു. എല്ലാ കുട്ടികളിലും സഫ്റിനേയും റഫീഖിനേയുമായി രുന്നു ഉമ്മ അങ്ങേയറ്റം സ്നേഹത്തോടുകൂടി സ്മരിക്കാറുണ്ടായി രുന്നത്. അവരുടെ മനോഹരമായ രൂപവൈശിഷ്ട്യത്തെക്കുറിച്ച് വളരെ സ്തുതിച്ചു പറയുമായിരുന്നു. സഫറിന് കുറച്ചുമാസം പ്രായ മേയായിട്ടുള്ളൂ, ഉമ്മായ്ക്ക് ദാതാസയ്ദിലേക്ക് പോകേണ്ടതായി വന്നു. അവരുടെ ഗ്രാമത്തിൽ ജയദേവി എന്നു പേരുള്ള ഒരു വിധ വയുണ്ടായിരുന്നു. അവളെ ആളുകൾ യക്ഷിയെന്നും ദുർമന്ത്രവാ ദിനിയെന്നും പറഞ്ഞുപ്രചരിപ്പിച്ചിരുന്നു. അവളും അതിൽനിന്ന് മുതലെടുത്തുകൊണ്ടിരുന്നു. ആ അവസരത്തിൽ അവൾ ഉമ്മയെ കാണാനായി വന്നു. സഫ്റിൽനിന്ന് എല്ലാ ദോഷങ്ങളും നീങ്ങി പ്പോകുന്നതിന്നായി തനിക്ക് കുറച്ചു വസ്ത്രങ്ങളും കുറച്ചു ധാന്യ ങ്ങളും തരണമെന്ന് അവൾ ആവശ്യപ്പെട്ടു.

അതു കേട്ടപ്പോൾ ഉമ്മ പറഞ്ഞു: ‘‘നിങ്ങൾ ഒരു പാവപ്പെട്ട വിധവയാണ്. നിങ്ങൾ സദഖയോ ദാനമോ ആയിട്ട് എന്തെങ്കിലും ആവശ്യപ്പെട്ടാൽ ഞാനെന്റെ കഴിവിന്നനുസരിച്ച് സന്തോഷത്തോ ടെ നിങ്ങൾക്ക് തരാൻ തയ്യാറാണ്. പക്ഷേ, ഞാൻ യക്ഷിയിലും, ദുർമന്ത്രവാദിനികളിലും വിശ്വസിക്കുന്നവളല്ല. ഞാൻ അല്ലാഹു വിനെ മാത്രമാണ് ജനനത്തിന്റേയും മരണത്തിന്റേയും അധികാരി യായി വിശ്വസിക്കുന്നത്. ആ കാര്യങ്ങളിൽ മറ്റാർക്കെങ്കിലും എന്തെ ങ്കിലും അവകാശമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അത്തരം കാര്യ ങ്ങളെ ബഹുദൈവാരാധനയായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. ഞാൻ അവയെ വെറുക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിനക്ക് ഒന്നും തരാൻ ഞാൻ തയ്യാറല്ല.”

ജയദേവി മറുപടി പറഞ്ഞു: ‘‘അതുശരി, നിങ്ങൾ ചിന്തിക്കുക.

കുട്ടിയുടെ ജീവൻ വേണമെന്നാഗ്രഹിക്കുന്നെങ്കിൽ എന്റെ ആവശ്യം നിങ്ങൾക്കു നിറവേറ്റേണ്ടതായിത്തന്നെ വരും."

കുറച്ചുദിവസം കഴിഞ്ഞ് ഉമ്മ, സഫ്റിനെ കുളിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. വീണ്ടും ജയദേവി വന്നു. കുട്ടിയെ ചൂണ്ടിക്കൊണ്ട് പറഞ്ഞു. 'ഓഹോ, ഇവനാണ് രാജകുമാരനല്ലേ?' ഉമ്മ മറുപടി പറഞ്ഞു: 'അതേ, ഇവൻ തന്നെ.' ജയദേവി വീണ്ടും ആദ്യം ചോദിച്ച വസ്തുക്കൾ ആവശ്യപ്പെട്ടു. ഉമ്മ വീണ്ടും ആദ്യം കൊടുത്ത അതേ മറുപടി നല്കി. അപ്പോൾ ജയദേവി കുറച്ചു രോഷത്തോടെ പറഞ്ഞു: 'കുട്ടിയേയുംകൊണ്ട് ജീവനോടെ വീട്ടിലേക്ക് മടങ്ങിപ്പോകുകയാണെങ്കിൽ, ഞാൻ പറഞ്ഞത് കളവായിരുന്നുവെന്ന് കരുതിക്കൊള്ളുക.' അതിന് ഉമ്മ ഇങ്ങനെ മറുപടി കൊടുത്തു. 'അല്ലാഹുവിന്റെ ഇഷ്ടംപോലെ മാത്രമെ നടക്കുകയുള്ളൂ.'

ഉമ്മ പറയാറുണ്ടായിരുന്നു: "ജയദേവി ഗെയിറ്റിന്റെ അടുക്കൽ എത്തിയതുപോലുമില്ല, കുളിപ്പിക്കുന്നതിനിടയിൽ സഫ്ർ ചോര ഛർദ്ദിച്ചു. ചോര വിസർജ്ജിക്കുകയും ചെയ്തു. കുറച്ചു മിനിറ്റുകൾക്കുള്ളിൽ കുട്ടിയുടെ അവസ്ഥ ഗുരുതരമാകുകയും അല്പമണിക്കൂറുകൾക്കുശേഷം മരിക്കുകയും ചെയ്തു."* ഉമ്മ അല്ലാഹുവിന്റെ തിരുസന്നിധിയിൽ അപേക്ഷിച്ചു: "അല്ലാഹുവേ, നീ തന്നെയാണ് തന്നിരുന്നത്, നീ തന്നെ തിരിച്ചെടുക്കുകയും ചെയ്തു. നിന്റെ തൃപ്തിയിൽ ഞാൻ നന്ദിയുള്ളവളാണ്. ഇനി നീ തന്നെ എനിക്കു ക്ഷമിക്കാനുള്ള ശക്തി നല്കിയാലും." അതിനുശേഷം അവർ ശൂന്യമായ മടിത്തട്ടുമായി ഡസ്ക്കയിലേക്കു തിരിച്ചുപോന്നു.

കുറച്ചുനാളുകൾക്കുശേഷം റഫീഖ് ജനിച്ചു. സഫ്റിനേക്കാൾ പ്രിയങ്കരനും സുന്ദരനുമായിരുന്നു അവൻ. എന്റെ പിതാമഹൻ ഉമ്മയോടു പറഞ്ഞു: 'കുട്ടി ഓടിനടക്കാനും, വേറിട്ടുനില്ക്കാനും പ്രാപ്തനാകുന്നതുവരെ നിന്നെ ഞാൻ ദാതാസയ്ദിൽ പോകാൻ വിടില്ല.'

---

*അല്ലാഹുതആല തന്റെ ഇഷ്ടദാസരെ പലരീതിയിലും പരീക്ഷിക്കാറുണ്ട്. അവരുടെ ആന്തരികാവസ്ഥ വെളിയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണിത്. ഇവിടെ ജയദേവിയെ ഒരു നിമിത്തമാക്കിയെന്നേയുള്ളൂ. അല്ലാതെ ജയദേവിക്ക് എന്തെങ്കിലും മനുഷ്യാതീതമായ കഴിവുണ്ടെന്നല്ല. അവർക്ക് ഒരു സിദ്ധിയുമുണ്ടായിരുന്നില്ലെന്ന് അവരുടെ ദാരുണമായ അന്ത്യത്തിൽനിന്ന് മനസ്സിലാകുന്നുണ്ട്. വിവ:

റഫീഖിന് ഏകദേശം രണ്ടുവയസ്സായി. ഉമ്മ ഇക്കാലത്ത് ഡസ്ക്കയിൽ തന്നെയാണ് നിന്നിരുന്നത്. അങ്ങനെയിരിക്കെ അവരുടെ വീട്ടിൽ ആരോ മരിക്കുകയും ദാതാസയ്ദിൽ പോകേണ്ട നിർബന്ധ ഘട്ടം ഉണ്ടാകുകയും ചെയ്തു. എന്റെ പിതാമഹൻ ഒരാഴ്ചയോ, പത്തുദിവസമോ അവിടെ നില്ക്കാൻ അനുവാദം കൊടുത്തു. എന്നല്ല, റഫീഖിനെ കൊണ്ടുപോകേണ്ട, അവനെ ഡസ്ക്കയിൽ നിറുത്തിക്കൊള്ളാൻ ആദ്യമേ പറയുകയും ചെയ്തിരുന്നു. പക്ഷേ, അത് ഉമ്മായ്ക്ക് സമ്മതമായില്ല.

ദാതാസയ്ദിലെത്തി ഒന്നൊന്നര ദിവസം കഴിഞ്ഞപ്പോൾ വീണ്ടും ജയദേവി വന്നു. അവൾ തന്റെ പഴയ ആവശ്യം ആവർത്തിച്ചു. ഉമ്മ വീണ്ടും ആദ്യം കൊടുത്തിരുന്ന അതേ മറുപടി കൊടുത്തു. ആ അവസരത്തിൽ 'ഇതത്ര വലിയ കാര്യമൊന്നുമല്ലല്ലോ, കുറച്ചു രൂപയുടെ പ്രശ്നമല്ലേയുള്ളൂ. അവരെന്താണോ ചോദിക്കുന്നത് അതവൾക്ക് കൊടുത്തേക്കുക. ഇനി നിനക്ക് എന്തെങ്കിലും വിഷമമുണ്ടെങ്കിൽ ഞങ്ങൾ കൊടുത്തുകൊള്ളാം' എന്നു പറഞ്ഞ് എന്റെ മാതാമഹനും നിർബന്ധം പിടിച്ചു. ഉമ്മ പറഞ്ഞു: "ഇത് കുറച്ച് രൂപയുടെ പ്രശ്നമല്ല. ഇതെന്റെ ഈമാനിന്റെ–വിശ്വാസത്തിന്റെ പരീക്ഷണമാണ്. എന്റെ കുട്ടിയുടെ ജീവനിരിക്കുന്നത് ഈ സ്ത്രീയുടെ കൈയിലാണെന്ന് ഞാൻ വിശ്വസിക്കണോ? ഇത് വ്യക്തമായ ബഹുദൈവാരാധനയാണ്. എന്റെ കുട്ടിയ്ക്ക് അല്ലാഹു ജീവിതം നല്കുകയാണെങ്കിൽ അവൻ ജീവിക്കും. ഇനി അല്ലാഹു അവന് ജീവിതം നല്കുന്നില്ലെങ്കിൽ മറ്റൊരാൾക്കും ജീവിതം നല്കാൻ സാധ്യമല്ല. കുട്ടി ജീവിക്കട്ടെ, ജീവിക്കാതിരിക്കട്ടെ എന്റെ ഈമാനിനെ ഞാൻ സംശയത്തിലൊരിക്കലുമാക്കുകയില്ല."

രണ്ടുനാലു ദിവസത്തിനുശേഷം അവരുടെ ഗ്രാമത്തിലെ ഒരു സ്ത്രീവന്ന് തന്റെ കുട്ടിയുടെ കരൾ ജയദേവി പറിച്ചെടുത്തുവെന്നും ആരും അതിനെക്കുറിച്ച് അവളോട് ചോദിച്ചില്ലെന്നും ഏതെങ്കിലും പണക്കാരനോടാണ് അവൾ ഇങ്ങനെ ചെയ്തിരുന്നതെങ്കിൽ അയാൾ അവളെ അപമാനിച്ച് ഗ്രാമത്തിൽനിന്ന് പുറത്താക്കുമായിരുന്നുവെന്നും പരാതിപ്പെടുന്നതായി ഉമ്മ സ്വപ്നത്തിൽ കണ്ടു. അവർക്ക് സ്വപ്നത്തിൽത്തന്നെ ഇങ്ങനെ മറുപടി നല്കി: 'മര

ണവും ജീവിതവും അല്ലാഹുവിന്റെ നിയന്ത്രണത്തിലാണ്. ജയദേവിയുമായിട്ട് അതിന് ഒരു ബന്ധവുമില്ല. എന്റെ കുട്ടിയോടും പ്രത്യക്ഷത്തിൽനോക്കിയാൽ അങ്ങനെയുള്ള സംഭവമാണ് ഉണ്ടായിട്ടുള്ളത്. പക്ഷേ, നാം ജയദേവിയെ ഒന്നും പറഞ്ഞില്ല.'

ഉമ്മ പറയാറുണ്ടായിരുന്നു, ''ഞാനിതു പറഞ്ഞതേയുള്ളൂ, ഒരു ഭാഗത്തുള്ള ഏതോ ജനൽ തുറക്കപ്പെട്ടതായി ഞാൻ സ്വപ്നത്തിൽ കണ്ടു. അതിലൂടെ ജയദേവിയുടെ മുഖവും കണ്ടു. എന്നോടു ജയദേവി പറഞ്ഞു: 'ഇപ്രാവശ്യവും കുട്ടിയെ ജീവനോടെ കൊണ്ടുപോകുകയാണെങ്കിൽ ഞാൻ ഖത്രിയുടെ മകളല്ല, തോട്ടിയുടെ മകളാണെന്ന് പറഞ്ഞുകൊള്ളുക.'

ഭയംകൊണ്ട് ഉമ്മയുടെ കണ്ണ് തുറന്നു. വിളക്കണഞ്ഞിരിക്കുന്നതായി കണ്ടു. താനുറങ്ങുന്ന മുറിയിൽ വെളിച്ചം വയ്ക്കുക എന്നത് ഉമ്മയുടെ നിർബന്ധശീലമായിരുന്നു. ജയദേവിയെ സ്വപ്നത്തിൽ കണ്ട് ഉണരുമ്പോഴെല്ലാം മുറി എപ്പോഴും ഇരുട്ടിലാകുമായിരുന്നുവെന്ന് ഉമ്മ പറയുമായിരുന്നു. അങ്ങനെ ഉമ്മ അതേമുറിയിൽ ഉറങ്ങുകയായിരുന്ന ഉമ്മൂമ്മായെ വിളിച്ചു. അവർ വിളക്കു തെളിച്ചു. മുറിയിൽ വെളിച്ചം പരന്നതോടെ റഫീഖ് രക്തം ഛർദ്ദിച്ച് കിടക്കുന്നതാണ് കണ്ടത്. അതിനോടൊപ്പം രക്തം വിസർജ്ജിക്കുകയും ചെയ്തിരുന്നു. പകുതി മരിച്ചതുപോലെ തോന്നി. ഉമ്മ വല്ലാതെ പരിഭ്രമിച്ചു. കാരണം അവന്റെ പിതാമഹൻ അവനെ കൊണ്ടുവരാൻ അനുവദിച്ചതല്ല. സഫ്റിനെപോലെ ഇവനും ഇവിടെ മരിച്ചാൽ തനിക്കു പിന്നെ ഡസ്ക്കയിൽ ഒരു സ്ഥാനമുണ്ടാകുകയില്ല എന്ന വിചാരമായിരുന്നു ഉമ്മായ്ക്ക്.

എത്രയുംവേഗം വണ്ടിയ്ക്കുള്ള ഏർപ്പാട് ചെയ്യാനും താനുടനെ കുട്ടിയേയുംകൊണ്ട് ഡസ്ക്കയിലേക്ക് പോകുകയാണെന്നും പറഞ്ഞ് അവർ നിർബന്ധംപിടിച്ചു. ഇടയത്താഴത്തിന്റെ സമയമായിരുന്നു അത്. രണ്ടു കുതിരവണ്ടിക്കുള്ള ഏർപ്പാടു ചെയ്തു. ഉമ്മയും ഉമ്മൂമ്മയും രണ്ടു ഭൃത്യന്മാരും ചേർന്ന് ആ സ്ഥിതിയിൽ റഫീഖിനെയുമെടുത്ത് ദാതാസയ്ദിൽനിന്ന് പുറപ്പെട്ടു.

കുറച്ചുവെളിച്ചം വീശാൻ തുടങ്ങിയപ്പോൾ റഫീഖ് തികച്ചും

മൃതപരുവത്തിലായിക്കൊണ്ടിരിക്കുന്നത് ഉമ്മ കണ്ടു. പ്രത്യക്ഷ ത്തിൽ ജീവന്റെ ലക്ഷണമൊന്നും അവശേഷിച്ചിട്ടില്ല. ഉമ്മ പറയുന്നു: "അവന്റെ മരണം വന്നുകഴിഞ്ഞിരിക്കുന്നുവെന്ന് ഞാൻ മനസ്സിലാ ക്കി. പക്ഷേ, അപ്പോഴും അല്ലാഹു വിധിയെ മാറ്റാൻ കഴിവുള്ളവ നാണെന്ന ദൃഢവിശ്വാസം എനിക്കുണ്ടായിരുന്നു. അങ്ങനെ ഞാൻ കുതിരയുടെ കടിഞ്ഞാൺ അതിന്റെ കഴുത്തിൽ ഇട്ടുകൊണ്ട് രണ്ടു കൈയുമുയർത്തി ദുആ ചെയ്യാൻ തുടങ്ങി. 'അല്ലാഹുവേ, ഈ കുട്ടി യുടെ ജീവനെക്കുറിച്ചുള്ള ചിന്തയല്ല എനിക്കുള്ളതെന്ന് നിനക്കറി യാം. ഇവനെ വിളിച്ചുകൊണ്ടുപോകാനാണ് നീ ആഗ്രഹിക്കുന്ന തെങ്കിൽ ഞാൻ നിന്റെ ഇഷ്ടം സന്തോഷത്തോടെ സ്വീകരിക്കുന്നു. പക്ഷേ, എനിക്ക് എന്റെ ഭാവിയെക്കുറിച്ചുള്ള ചിന്തയാണ്. ഇന്ന് ഈ കുട്ടി മരിക്കുകയാണെങ്കിൽ ഡസ്ക്കയിൽ എനിക്ക് ഒരു സ്ഥാനവും ഉണ്ടാകുകയില്ല. കാരുണ്യവാന്മാരിൽ കാരുണ്യവാനാ യുള്ളവനേ! ജീവിതത്തിന്റേയും മരണത്തിന്റേയും അധികാരി നീ തന്നെയാണ്. എന്റെ വിലാപം നീ കേട്ടാലും, അവന്റെ ഉപ്പൂപ്പ അവനെ ചിരിച്ചും കളിച്ചും കാണുന്നതിനുവേണ്ടി, പത്തു ദിവസ ത്തേക്കുകൂടി അവന് അവധി നല്കിയാലും. പത്തു ദിവസത്തിനു ശേഷം നീ അവനെ വിളിച്ചുകൊണ്ടുപോയാൽ ഞാൻ അവന്റെ മരണത്തിൽ 'ഛെ' എന്നുപോലും പറയില്ല.'

പറഞ്ഞു: "ഞാനെത്ര നേരം ഇങ്ങനെ പ്രാർത്ഥിച്ചു എന്നെനി ക്കറിയില്ല. പക്ഷേ, ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ റഫീഖ് എന്റെ തട്ടം പിടിച്ചുവലിച്ചു. ആരോഗ്യകരമായ ശബ്ദത്തിൽ 'ബേ, ബേ' എന്നു വിളിച്ചു. പൂർണ്ണ ആരോഗ്യവാനായി എന്റെ മടിയിൽ അവൻ കളിച്ചുകൊണ്ടിരിക്കുന്നതാണ് ഞാൻ കണ്ടത്. എന്റെ അല്ലാഹു എന്റെ പ്രാർത്ഥന കേട്ടുവെന്ന് എനിക്ക് ദൃഢവിശ്വാസ മായി. അവനോടുള്ള നന്ദിയാൽ എന്റെ മനസ്സ് നിറഞ്ഞു."

ഡസ്ക്കയിൽ എത്തിയപ്പോൾ, പറഞ്ഞതിനെക്കാൾ മുമ്പേ അവർ തിരിച്ചുവന്നതിൽ എന്റെ പിതാമഹൻ വളരെ സന്തോഷി ച്ചു. കൊച്ചുമകനെ മടിയിലിരുത്തി ഉമ്മവെച്ചു. ചിരിച്ചുചിരിച്ചു അവ നോട് സംസാരിച്ചുകൊണ്ടിരുന്നു. അങ്ങനെ ദിവസം കടന്നുപോയി.

ഉമ്മ പറഞ്ഞു: ‘‘ഉപ്പൂപ്പയും കൊച്ചുമകനും സന്തോഷിക്കുന്ന

തുകണ്ടിട്ട് റഫീഖല്ല, ഇത് അല്ലാഹുവിന്റെ ഖുദ്റത്താണ് (ശക്ത പ്രഭാവം) ചിരിക്കുകയും പുഞ്ചിരിക്കുകയും ചെയ്യുന്നതെന്ന് മന സ്സിലാക്കി ഞാനും പുഞ്ചിരിച്ചിരുന്നു. റഫീഖ് എന്തായാലും അല്ലാ ഹുവിനുള്ള കാഴ്ചദ്രവ്യമായിരിക്കുകയാണ്. അങ്ങനെ കൃത്യം പത്തു ദിവസം പൂർത്തിയായപ്പോൾ കളിച്ചുകൊണ്ടിരിക്കെ ദാതാസയ്ദിൽ വെച്ചുണ്ടായ അതേയവസ്ഥ റഫീഖിനെ ബാധിച്ചു. കുറച്ചു മണിക്കൂ റുകൾക്കുള്ളിൽ അവൻ തന്റെ യജമാനന്റെയടുക്കലേക്ക് പോകു കയും ചെയ്തു." എന്റെ ഉമ്മയുടെ മടിത്തട്ട് വീണ്ടും ശൂന്യമായി. പക്ഷേ, എന്നിട്ടും അവർ വളരെ സന്തോഷത്തോടെ അല്ലാഹുവിന്റെ ഇഷ്ടത്തെ സ്വീകരിച്ചു. ദുഃഖിതയായ ഒരുവളുടെ വിലാപത്തിലും, അവളുടെ അവസ്ഥയിലും കരുണചൊരിയുകയും അവളുടെ ഭാവിയെ കാത്തുരക്ഷിക്കുകയും ചെയ്തത് നീ തന്നെ എന്നു പറ ഞ്ഞ് അല്ലാഹുവിന് ശുക്ർ ചെയ്യുകയും ചെയ്തു.

**എന്റെ ജനനം**

1893 ഫെബ്രുവരി 6-ാം തിയതി സിയാൽക്കോട്ടിൽ ഞാൻ ജനി ച്ചു. ഇതിന്റെ തലേന്ന് രാത്രി ഉമ്മ വീണ്ടും ജയദേവിയെ സ്വപ്നം കണ്ടു. ഇന്നസമയത്ത് ആൺകുഞ്ഞ് പിറക്കുമെന്നും അവൾ അവ രോടു പറഞ്ഞു. അതിനോടൊപ്പം ഇങ്ങനേയും നിർദ്ദേശിച്ചു: "മുൻക രുതലെന്നോണം ചിലത് ചെയ്യേണ്ടത് നിർബ്ബന്ധമാണ്. കുട്ടി പിറ ന്നാലുടൻ മൂക്കുകുത്തുകയും അതിൽ ഒട്ടകരോമം ഇടുകയും വേണം. രണ്ടാമതായി മാവും നെയ്യും മഞ്ഞളും ചേർത്ത് ഒരു ദീപ മുണ്ടാക്കി നാളെരാത്രി നിന്റെ വീട്ടിന്റെ ഏറ്റവും മുകളിലത്തെ നില യിലെ പരുന്ത് വന്നിരിക്കാറുള്ള തട്ടിന്റെ കോണിൽ തെളിക്കണം."

ഈ സ്വപ്നം എന്റെ ഉപ്പയോട് ഉമ്മ പറഞ്ഞു. സ്വപ്നത്തിൽ പറയപ്പെട്ട കൃത്യസമയത്തു ഞാൻ ജനിച്ചു. ഉമ്മ പറയുമായിരുന്നു: "നിന്റെ പിതൃസഹോദരിയായ മുബാറക് ബീബി ചെറിയൊരു പാത്ര ത്തിൽ ഒരു സൂചി എടുത്തുവെച്ചിരിക്കുന്നത് ഞാൻ കണ്ടു. അതിൽ നൂലിനു പകരം ഒരു രോമം ഇട്ടിരുന്നു. ഇതെന്താണെന്ന് ഞാൻ ചോദിച്ചപ്പോൾ അവർ പറഞ്ഞു: "നീ കണ്ട സ്വപ്നമനുസരിച്ച് കുട്ടി യുടെ മൂക്കുകുത്തി ഒട്ടകരോമം ഇടാൻ എല്ലാം ഒരുക്കിവെച്ചിരി ക്കുകയാണ്." ഉമ്മ പറഞ്ഞു: "ഇതു ചെയ്യാൻ ഞാനൊരിക്കലും

സമ്മതിക്കില്ല. എന്റെ പിതൃസഹോദരി പറഞ്ഞു: "സ്വപ്നത്തിൽ പറയപ്പെട്ടതുപോലെ ചെയ്യുന്നതുകൊണ്ട് കുഴപ്പമൊന്നുമില്ലെന്ന് സഹോദരൻ (എന്റെ പിതാവ്) പറഞ്ഞിട്ടുണ്ട്. മാവും നെയ്യും മഞ്ഞളും ചേർത്ത് ഒരു ദീപവും ഉണ്ടാക്കിയിട്ടുണ്ട്." ഉമ്മ പറഞ്ഞു: "ഇതെല്ലാം ബഹുദൈവാരാധനാപരമായ കാര്യങ്ങളാണ്. ഞാനൊരിക്കലും ഇത് അനുവദിക്കില്ല. എന്റെ കുട്ടിയ്ക്ക് അല്ലാഹു ആയുസ്സുകൊടുത്താൽ അവൻ ജീവിക്കും. എന്റെ ഈമാൻ ഞാനൊരിക്കലും നഷ്ടപ്പെടുത്തുകയില്ല." അങ്ങനെ ഒട്ടകരോമവും ദീപവും വലിച്ചെറിയപ്പെട്ടു. എന്റെ ഉമ്മ ദൈവാനുഗ്രഹത്താൽ തന്റെ ഈമാൻ വീണ്ടും സുരക്ഷിതമാക്കിവെച്ചു.

ജയദേവി ദീർഘകാലം ജീവിച്ചു. പക്ഷേ, പാവത്തിന്റെ ജീവിതം ദുരിതങ്ങളോടെയാണ് കഴിഞ്ഞത്. ആളുകൾ യക്ഷി എന്നു പറഞ്ഞു കുപ്രസിദ്ധയാക്കിയിരുന്നതുകൊണ്ട് മിക്കവരും വെറുപ്പോടുകൂടിയാണ് അവരെ കണ്ടിരുന്നത്. വൃദ്ധയായപ്പോൾ കഴിക്കാനും കുടിക്കാനുമൊക്കെ മറ്റുള്ളവരെ ആശ്രയിക്കേണ്ടിവന്നു. ആരും അവരുടെയടുക്കൽ പോകാറുണ്ടായിരുന്നില്ല. അവസാനം രോഗം ബാധിച്ച് കിടക്കുമ്പോൾ വെള്ളം കൊടുക്കാൻപോലും ആരും ഉണ്ടായിരുന്നില്ല. അവർ കുറേനാൾ വളരെ ബുദ്ധിമുട്ടിലും വിഷമത്തിലും കിടന്നു. അവസാനം ക്ഷമകെട്ട്, തന്റെ കട്ടിലിന് തീകൊളുത്തി, ആ തീയിൽ വെന്തുമരിച്ചു.

**പിതാമഹന്റെ വേർപാട്**

എന്റെ പിതാമഹൻ മരിച്ചപ്പോൾ എനിക്ക് 5 വയസ്സ് തികഞ്ഞിരുന്നു. അദ്ദേഹം സുഖമില്ലാതായപ്പോൾ എന്റെ പിതാവ് നിത്യവും വൈകുന്നേരം ഡസ്ക്കയിൽ പോകാറുണ്ടായിരുന്നു. കച്ചേരിയിലെ ജോലിക്കായി രാവിലെ തിരിച്ച് സിയാൽക്കോട്ടിലും വരാറുണ്ടായിരുന്നു. ഡസ്ക്കയ്ക്കും സിയാൽക്കോട്ടിനുമിടയിൽ നേർറോഡിലൂടെ 16 മൈൽ ദൂരമുണ്ട്. ഈ റോഡ് അന്ന് ടാർ ചെയ്തിരുന്നില്ല. അതുകൊണ്ട് ഉപ്പ യാത്രചെയ്തിരുന്നത് കുതിരപ്പുറത്തായിരുന്നു. അദ്ദേഹം ആ നാളുകളിൽ നിത്യവും തണുപ്പത്ത് (ഫെബ്രുവരിമാസമായിരുന്നു അത്) 32 മൈൽ യാത്ര ചെയ്യാറുണ്ടായിരുന്നു. എല്ലാ ദിവസവും കച്ചേരിയിലും പോയിരുന്നു. ഇതിനു പുറമെ വീട്ടിലും

കേസിന്റെ തയ്യാറെടുപ്പിനായി സമയം കണ്ടെത്തിയിട്ടുണ്ടാകും.

ഞങ്ങളുടെ പിതാമഹൻ മരിച്ചദിവസം എന്റെ പിതാവ് അദ്ദേഹത്തിന്റെ അടുക്കൽ ഡസ്ക്കയിലും ഞങ്ങളുടെ ഉമ്മയും ഞങ്ങൾ മൂന്നുകുട്ടികളും (ഞാനും, സഹോദരിയും, സഹോദരൻ ശുക്റുല്ലാഹ്ഖാനും) സിയാൽക്കോട്ടിലുമായിരുന്നു. കമ്പി മുഖേന ഞങ്ങൾക്ക് വിവരം കിട്ടി. ഉടനെതന്നെ ഉമ്മ ഞങ്ങളേയുംകൂട്ടി ഡസ്ക്കയിലേക്ക് പുറപ്പെട്ടു. ഞങ്ങൾ ഡസ്ക്കയിലെത്തിയപ്പോൾ, ഞങ്ങളുടെ വീട്ടിലും അതിഥി മന്ദിരത്തിലും വലിയ ജനക്കൂട്ടമായിരുന്നു. പിതാമഹന്റെ ജനാസയിൽ വൻജനാവലി പങ്കെടുത്തിരുന്നു. എത്രമാത്രമെന്നാൽ, ബസാറിലൂടെ കടന്നുപോകുമ്പോൾ ആളുകൾക്ക് കടകൾ അടയ്ക്കേണ്ടിവന്നു.

പിതാമഹന്റെ മരണം ഞങ്ങളുടെ കുടുംബത്തിന് ഏറ്റവും വലിയ ആഘാതമായിരുന്നു. കാരണം, ഉമ്മയോടു അദ്ദേഹത്തിന് പ്രത്യേക സ്നേഹവും വാത്സല്യനിർഭരമായ ബന്ധവും ഉണ്ടായിരുന്നു. അതുകൊണ്ട് ഉമ്മ ആ ദുഃഖം ശരിക്കും അനുഭവിച്ചു. അക്കാലത്തെ നാട്ടുവഴക്കമനുസരിച്ച് അദ്ദേഹത്തിന്റെ ദുഃഖത്തിൽ ഒരുപാട് ഭാഗഭാക്കായി.

ഞങ്ങളുടെ പിതാമഹന് അത്തരം ആചാരങ്ങളോട് കഠിനമായ വെറുപ്പായിരുന്നുവെന്ന് ഞാൻ പറഞ്ഞുവല്ലോ. അദ്ദേഹം മരണപ്പെട്ട് കുറച്ചുകാലം കഴിഞ്ഞപ്പോൾ ഉമ്മ അദ്ദേഹത്തെ സ്വപ്നം കണ്ടു. “അദ്ദേഹം ഉമ്മയെ കൂട്ടിക്കൊണ്ടുപോയി നരകത്തിലെ ഒരു ദൃശ്യം കാണിച്ചു. അവിടെ കുറച്ചു സ്ത്രീകൾക്ക് വേദനാജനകമായ ശിക്ഷ കൊടുക്കുകയായിരുന്നു. മരണസമയത്ത് മുറവിളികൂട്ടുകയും വായിൽവന്നതൊക്കെ വിളിച്ചുപറഞ്ഞ് കരയുകയും ചെയ്യുന്ന സ്ത്രീകളാണ് അവരെന്ന് പറഞ്ഞു. നീ ഇതിൽനിന്ന് പാഠം പഠിക്കണം. ഇത്തരം കാര്യങ്ങളിൽനിന്ന് ഇനി പശ്ചാത്തപിച്ചുമടങ്ങണം. അതിനുശേഷം പിതാമഹൻ ഉമ്മയെ റസൂലുല്ലാഹ് (സ)ന്റെ ഖബ്റിടത്തിൽ കൊണ്ടുപോയി ഹദ്റത്ത് ഫാത്വിമ(റ)ന്റെ ഖബ്ർ കാണിച്ചു. ഈ രണ്ട് ഖബ്റും ഒരു തോട്ടത്തിലാണുണ്ടായിരുന്നത്. അവയുടെ തലഭാഗത്ത് അങ്ങേയറ്റം തെളിമയാർന്ന ജലമുൾക്കൊള്ളുന്ന ഒരു യന്ത്രം ചലിച്ചുകൊണ്ടിരുന്നു. ഉമ്മ ആ ജല

ധാരായന്ത്രത്തിൽനിന്നും പുറപ്പെടുന്ന വെള്ളംകൊണ്ട് വുസു ചെയ്യുകയും തന്റെ ആ ബലഹീനതയിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്തു.

കുറച്ചുകാലത്തിനുശേഷം ഞങ്ങളുടെ അടുത്ത ബന്ധുക്കളിൽ മറ്റാരോ മരണപ്പെട്ടു. അലമുറയിട്ടുകരയാൻ എന്റെ ഉമ്മായ്ക്കും പോകേണ്ടിവന്നു. സ്വപ്നത്തിൽ വേണ്ടത്ര വഴക്കു കിട്ടുകയും അവരുടെ മനസ്സ് അലമുറയിടുക തുടങ്ങിയ അനാചാരങ്ങളെ വെറുത്തുതുടങ്ങുകയും, അതിനെ ഭയപ്പെടുകയും ചെയ്തിരുന്നുവെങ്കിലും അടുത്തബന്ധുവായ കാരണംകൊണ്ടും ബന്ധുക്കളുടെ കുത്തുവാക്കുകൾ പേടിച്ചും ആ അനാചാരങ്ങളിൽനിന്ന് പൂർണ്ണമായും മുക്തയാകാൻ കഴിഞ്ഞിരുന്നില്ല. അതുകഴിഞ്ഞ് തന്റെ ശരീരം അസംഖ്യം ഉറുമ്പുകളെക്കൊണ്ട് പൊതിഞ്ഞിരിക്കുന്നതും അതിൽനിന്ന് രക്ഷപ്പെടാൻ കിണഞ്ഞുപരിശ്രമിക്കുന്നതും അവർ സ്വപ്നം കണ്ടു. പക്ഷേ ഒരു ശ്രമവും വിജയിച്ചില്ല. എത്രത്തോളം ഉറുമ്പുകളെ അവർ ശരീരത്തിൽനിന്നെടുത്തു വലിച്ചെറിയുന്നുവോ അതിനേക്കാളേറെ അവരെ അള്ളിപിടിക്കുന്നു. ആ ഭയപ്പാടിലും വിഷമത്തിലും അവരുടെ കണ്ണുകൾ തുറന്നു. പിന്നീട് തുടരെത്തുടരെ പലപ്രാവശ്യം സ്വപ്നത്തിൽ ഇതേഅവസ്ഥ അവർക്കുണ്ടായി. പശ്ചാത്തപിച്ചു മടങ്ങിയതിനുശേഷം തന്റെ പശ്ചാത്താപത്തിൽ പൂർണ്ണമായും ഉറച്ചുനില്ക്കാത്തതിനുള്ള ശിക്ഷയാണിതെന്ന് അവർ മനസ്സിലാക്കി.

അങ്ങനെ അവർ ഒരുപാട് ഇസ്തിഗ്ഫാർ (ക്ഷമായാചനം) ചെയ്യുകയും തന്റെ പശ്ചാത്താപം ആവർത്തിക്കുകയും ചെയ്തു. ഈ അവസ്ഥയിൽ കുറച്ചുദിവസം കഴിഞ്ഞതിനുശേഷം വീണ്ടും അതേനിലയിൽ പിതാമഹനെ സ്വപ്നം കണ്ടു. അദ്ദേഹം പറഞ്ഞു: പശ്ചാത്തപിച്ചുമടങ്ങിയതിനുശേഷം അത്തരം കാര്യങ്ങളിൽ പങ്കെടുത്തുകൊണ്ട് നീ വലിയ തെറ്റാണ് ചെയ്തത്. ഇപ്പോൾ നീ വീണ്ടും പശ്ചാത്തപിച്ചുമടങ്ങിയിരിക്കുകയാണ്. ഇതിൽ നീ ഉറച്ചുനില്ക്കണം." അദ്ദേഹം ഒരു പുതപ്പ് ഉമ്മായ്ക്കു കൊടുത്തു. തെളിഞ്ഞ വെള്ളമുള്ള ഒരു കുളത്തിനുനേരെ ചൂണ്ടിക്കൊണ്ട്, ഈ പുതപ്പ് പുതച്ച് അതിൽപോയി കുളിക്കാൻ പറഞ്ഞു. ഉമ്മ പറയാറുണ്ടായി

രുന്നു, “ഞാൻ ആ കുളത്തിലിറങ്ങിയപ്പോൾ, അതിലെ വെള്ളം അങ്ങേയറ്റം തെളിഞ്ഞതും സ്വാദിഷ്ടവുമായി കണ്ടു. ഞാൻ ആ കുളത്തിൽ ഇറങ്ങുന്തോറും ഉറുമ്പുകൾ എന്റെ ശരീരത്തിൽനിന്ന് ഇറങ്ങിപൊയ്ക്കൊണ്ടിരുന്നു. എന്റെ ശരീരം തികച്ചും വൃത്തിയാകുകയും ഘനം കുറഞ്ഞുകൊണ്ടിരിക്കുകയും ചെയ്തു. ആ സ്വപ്നത്തിൽനിന്നുണർന്നപ്പോൾ, ഞാൻ അല്ലാഹുവിന് ഒരുപാട് നന്ദിപ്രകടിപ്പിക്കുകയും ഇനിയൊരിക്കലും ഇത്തരം കാര്യങ്ങളിൽ പങ്കെടുക്കുകയില്ലെന്ന് മനസ്സുകൊണ്ട് പ്രതിജ്ഞ ചെയ്യുകയും ചെയ്തു. അതിനുശേഷം സുഖമായുറങ്ങി.

കുറച്ചുകാലത്തിനുശേഷം ഞങ്ങളുടെ പിതൃസഹോദരന്റെ മൂത്തമകൻ മരണപ്പെട്ടു. ഞങ്ങളുടെ ഉമ്മായ്ക്ക് വീണ്ടും ചില ചടങ്ങുകളിൽ അല്പമായിട്ടെങ്കിലും പങ്കെടുക്കേണ്ടിവന്നു. ഇപ്രാവശ്യം ഉമ്മ സ്വപ്നം കണ്ടത് നീണ്ടകൊമ്പുള്ള രണ്ടു കാളകൾ അവരുടെ മേൽ ആക്രമണം നടത്തുന്നതാണ്. അവയിൽനിന്ന് രക്ഷപ്പെടാൻ അവർ ഓടുന്നുണ്ട്. പക്ഷേ, ഓടിപ്പോകാൻ സ്ഥലമൊന്നും കാണുന്നില്ല. ചിലപ്പോൾ അവ ആക്രമിക്കുകയും ശരീരത്തിൽ മുറിവേല്പിക്കുകയും ചെയ്യുന്നുണ്ട്. ഉറങ്ങുമ്പോഴെല്ലാം ഈ കാഴ്ച തന്നെയായിരുന്നു. അല്പസമയത്തിനുള്ളിൽ ഉണരുകയും ചെയ്യും. ഈ രീതിയിൽ ഉറക്കം നിഷിദ്ധമാക്കപ്പെട്ടു. രാത്രി ഉണർന്നിരുന്ന് ദുആയിൽ കഴിച്ചുകൂട്ടി. ഉപ്പയും അവർക്കുവേണ്ടി ധാരാളം പ്രാർത്ഥിച്ചിരുന്നു. എങ്കിലും ഒന്നുരണ്ടുദിവസം തുടർച്ചയായി ഇതുതന്നെയായിരുന്നു അവസ്ഥ.

മാസം മുഴുവനും പൊറുക്കൽ തേടുന്നതിലും പ്രാർത്ഥനയിലും കഴിച്ചുകൂട്ടിയതിനുശേഷം വീണ്ടും ഉമ്മ പിതാമഹനെ സ്വപ്നം കണ്ടു. ‘പശ്ചാത്താപത്തിന്റെ വാതിൽ അടയ്ക്കപ്പെട്ടിരിക്കുന്നുവെന്ന് ശക്തമായി മുന്നറിയിപ്പു നല്കുകയും ഇനി നീ ഈ കുറ്റകൃത്യം ചെയ്താൽ പശ്ചാത്താപം സ്വീകരിക്കുകയില്ലെന്ന് പറഞ്ഞ് അദ്ദേഹം കാളകളെ തടഞ്ഞുനിറുത്തുകയും ഉമ്മയോട് സമാധാനത്തോടെ കടന്നുപോകാൻ പറയുകയും ചെയ്തു.’

പക്ഷേ, ഒരു പരീക്ഷണംകൂടി ബാക്കിയുണ്ടായിരുന്നു. ഈ അവസാനത്തെ പശ്ചാത്താപത്തിനുശേഷം കുറച്ചുനാളുകൾക്കുള്ളി

ലാണ് ഞങ്ങളുടെ മൂത്തപിതൃസഹോദരിയുടെ മൂത്തമകൻ മരിച്ചത്. ഉമ്മയും എന്റെ പിതൃമഹിയും, പിതൃവ്യപത്നിയും ഡസ്ക്കയിലെ മറ്റു കുറച്ചു സ്ത്രീകളുമായി ഞങ്ങളുടെ പിതൃസഹോദരിയുടെ വീട്ടിലേക്ക് ദുഃഖത്തിൽ പങ്കുകൊള്ളാനും അനുശോചനമറിയിക്കാനും പോയി.

അടുത്തബന്ധുക്കളായ സ്ത്രീകൾ മരിച്ചവീട്ടിൽ അലമുറകൂട്ടാൻ വരുമ്പോൾ അവിടെ വൻബഹളം ഉണ്ടാകുക എന്നത് അന്നാളുകളിൽ ഞങ്ങളുടെ ഗ്രാമത്തിലെ സമ്പ്രദായമായിരുന്നു. മരണം സംഭവിച്ച ഗ്രാമത്തിലെ സ്ത്രീകൾ തങ്ങളുടെ വീടിന്റെ മേൽത്തട്ടിൽ കയറി പരേതന്റെ ബന്ധുക്കളായ സ്ത്രീകളുടെ നെഞ്ചത്തടിച്ചുള്ള വിലാപം കേൾക്കാറുണ്ടായിരുന്നു. അങ്ങനെ ഈ സന്ദർഭത്തിലും ഞങ്ങളുടെ കുടുംബത്തിലെ സ്ത്രീകൾ ഞങ്ങളുടെ പിതൃസഹോദരിയുടെ ഗ്രാമത്തിന്നടുത്തെത്തിയപ്പോൾ അവരുടെ മാറത്തടിച്ചുള്ള വിലാപം കാണാൻ ഗ്രാമത്തിലെ സ്ത്രീകൾ അവരുടെ വീടുകൾക്കുമുകളിൽ ഒരുങ്ങിയിരിക്കുന്നത് കണ്ടു.

അലമുറകൂട്ടരുതെന്നും തികച്ചും നിശബ്ദതയോടെ പിതൃസഹോദരിയുടെ വീട്ടിൽ എത്തണമെന്നും ഉമ്മ തന്റെ കൂടെയുള്ള സ്ത്രീകളോടു അപേക്ഷിച്ചിരുന്നു. അവർ അങ്ങനെതന്നെ ചെയ്യുകയും ചെയ്തു. പക്ഷേ, അവർ ഇടവഴിയിൽ കടന്നപ്പോൾ ചുറ്റുപാടുമുള്ള വീടുകളുടെമേൽ കൂടിയിരുന്ന സ്ത്രീകളിൽ ചിലർ പരിഹസിച്ചുകൊണ്ട് 'പെണ്ണുങ്ങളേ, ആർത്തുല്ലസിച്ചു പോകുക' എന്ന് പറയാൻ തുടങ്ങി.

ഉമ്മയും അവരുടെ കൂടെയുണ്ടായിരുന്ന സ്ത്രീകളും ക്ഷമയോടെ ഇതെല്ലാം കേൾക്കുകയും സഹിക്കുകയും നിശബ്ദമായി പിതൃസഹോദരിയുടെ വീട്ടിൽ പ്രവേശിക്കുകയും ചെയ്തു. അവിടെ ചെന്നിട്ടും ഉമ്മ ഏതെങ്കിലും ചടങ്ങിലോ മാറത്തടിച്ചുള്ള നിലവിളിയിലോ പങ്കെടുത്തില്ല. ആ പരീക്ഷണത്തിൽ പൂർണ്ണമായും വിജയിക്കാൻ അല്ലാഹു അവർക്ക് ഭാഗ്യം നല്കി. അതിനുശേഷം ഉമ്മ ദൈവാനുഗ്രഹത്താൽ തന്റെ പ്രതിജ്ഞയിൽ ഉറച്ചുനിന്നു.

അഹ്മദിയാകുന്നതിനു മുമ്പേയുള്ള ഉമ്മയുടെ കാലഘട്ടമാ

യിരുന്നു അത്. അക്കാലത്ത് ഉമ്മ അധികം സ്വപ്നം കണ്ടിരുന്നത് എന്റെ പിതാമഹനെത്തന്നെയായിരുന്നു. അദ്ദേഹമുഖേനയാണ് അവർക്ക് ആത്മീയവും ധാർമ്മികവുമായ ശിക്ഷണം ലഭിച്ചതും. സുവിശേഷങ്ങൾ അധികവും ലഭിച്ചതും അദ്ദേഹം മുഖേനതന്നെ.

1903-ൽ നടന്ന സംഭവമാണ്. ഉമ്മ പിതാമഹനെ സ്വപ്നം കണ്ടു. തന്റെ കൈയിലുള്ള പഴകിയ ഒറ്റരൂപ മാറ്റിത്തരാൻ ഉമ്മ അദ്ദേഹ ത്തോട് പറഞ്ഞു. അദ്ദേഹം ആ രൂപ വാങ്ങുകയും തന്റെ പോക്ക റ്റിൽനിന്ന് ഒരുരൂപയെടുത്ത് ഉമ്മായ്ക്ക് കൊടുക്കുകയും ചെയ്തു. എന്നിട്ട് പറഞ്ഞു: "എന്റെ കൈയിൽ ഇപ്പോൾ ഈ ഒരുരൂപയേ ഉള്ളൂ. അതെടുത്തുകൊള്ളുക. പക്ഷേ, ഇത് 'മുഹമ്മദ് രാജ്യ'ത്തിലെ രൂപയാണ്. ഇതിൽ കലിമ കൊത്തിയിട്ടുണ്ട്. അതിനോട് അനാദ രവ് കാണിക്കരുത്." ആ സ്വപ്നത്തിനുശേഷം തനിക്കൊരു മകനെ അല്ലാഹു നല്കുമെന്ന് ഉമ്മായ്ക്ക് ദൃഢവിശ്വാസമായി. അതിനോ ടൊപ്പം ശുക്റുല്ലാഹ് ഖാന് ഇളയതും അബ്ദുല്ലാഹ് ഖാന് മൂത്ത തുമായ ഞങ്ങളുടെ സഹോദരൻ ഹംദുല്ലാഹ്ഖാൻ- എപ്പോഴും സുഖ മില്ലാത്തതിനാൽ മരിച്ചുപോകുമോ എന്ന ശങ്കയും ഉണ്ടായിരുന്നു.

അങ്ങനെ കുറച്ചു മാസത്തിനുശേഷം അബ്ദുല്ലാഹ്ഖാൻ ജനി ച്ചു. അവൻ ജനിച്ച് കുറച്ചുമാസം കഴിഞ്ഞപ്പോൾ ഹംദുല്ലാഹ്ഖാന് ചിരങ്ങ് രോഗം ബാധിക്കുകയും അല്പകാലം രോഗിയായിക്കി ടന്ന് മരിക്കുകയും ചെയ്തു. ഉമ്മ ആ ഘട്ടത്തിലും അങ്ങേയറ്റം ക്ഷമയോടെ പ്രവർത്തിച്ചു. അല്ലാഹുവിന്റെ വെറുപ്പിന് കാരണമാ കുന്ന ഒരു വാക്കും പറഞ്ഞതുമില്ല. ഹംദുല്ലാഹ്ഖാൻ മരിച്ചത് സുബ്ഹി നേരത്തായിരുന്നു. 10 മണിക്കുമുമ്പേതന്നെ അവന്റെ കഫൻപൊതിയലും ഖബ്റടക്കവും കഴിഞ്ഞ് ഉപ്പ സാധാരണ പോലെ കേസുകളുടെ കാര്യത്തിനായി കച്ചേരിയിലേക്ക് പോയി. കൃത്യസമയത്ത് ഞങ്ങളേയുമൊരുക്കി മദ്റസയിലേക്ക് അയച്ചു.

**വീട്ടിൽ അഹ്മദിയ്യത്തിന്റെ ചർച്ച**

ഇക്കാലഘട്ടത്തിൽ ഞങ്ങളുടെ മാതാമഹനും മാതുലനും അഹ്മദിയായിക്കഴിഞ്ഞിരുന്നു. പിതാവും അൽഹക്കം പത്രം വാങ്ങാറുണ്ടായിരുന്നു. ജമാഅത്തിന്റെ ഗ്രന്ഥങ്ങളും വായിക്കാറു ണ്ടായിരുന്നു. പരേതനായ മൗലവി അബ്ദുൽകരീം സാഹിബിന്റെ

ഖുർആൻ ദർസുകളിലും പങ്കെടുത്തിരുന്നു.

മൗലവി മുബാറക് അലി സാഹിബ് അഹ്മദിയായി കുറച്ചു വർഷത്തിനുശേഷം സിയാൽക്കോട്ട്ഛാവ്നിയിലെ ചില അനഹ്മദി വ്യക്തികൾ സിയാൽക്കോട്ട്ഛാവ്നീ ജുമുഅ മസ്ജിദിന്റെ ഇമാമത്തിൽനിന്നും അധികാരസ്ഥാനത്തുനിന്നും അദ്ദേഹത്തെ നീക്കുന്നതിനായി കേസുകൊടുത്തു. സിയാൽക്കോട്ട് അഹ്മദിയ്യാ ജമാഅത്ത്, മൗലവി മുബാറക് അലിസാഹിബിനുവേണ്ടി കേസ് വാദിക്കാൻ ഉപ്പാനെയാണ് വക്കീലായി നിശ്ചയിച്ചത്.

ഈ കേസ് ശരിയാംവണ്ണം വാദിക്കുന്നതിനുവേണ്ടി ഉപ്പായ്ക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തെക്കുറിച്ചും ജമാഅത്തിന്റെ സാഹിത്യങ്ങളെക്കുറിച്ചും വിശദമായി പഠിക്കേണ്ടി വന്നു. കോടതിയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസങ്ങളെ പിന്താങ്ങേണ്ടിയും വന്നു. ഇതിന്റെ ഫലമായി അദ്ദേഹത്തിന്റെ മനസ്സ് അഹ്മദിയ്യത്തുമായി വളരെ കൂടുതൽ ഇണങ്ങി. 1904-ൽ ആണെന്നു തോന്നുന്നു, അദ്ദേഹം മൗലവി കറംദ്ദീൻ കൊലക്കേസിലും മസീഹ് മൗഊദ്(അ)നുവേണ്ടി ഗുരുദാസ്പൂരിൽ സാക്ഷിവിസ്താരത്തിന്നായി ക്ഷണിക്കപ്പെട്ടിരുന്നു. അവിടെവച്ചാണ് മസീഹ് മൗഊദ്(അ)ന്റെ തിരുസന്നിധിയിൽ ആദ്യമായി ഹാജരാകാനുള്ള സൗഭാഗ്യം അദ്ദേഹത്തിന് ലഭിക്കുന്നത്. അങ്ങനെ അതീവസന്തുഷ്ടനായിട്ടാണ് വീട്ടിലേക്ക് തിരിച്ചുവന്നത്. ഉപ്പ ഗുരുദാസ്പൂരിൽനിന്ന് തിരിച്ചുവന്നതിനുശേഷം ഒരുപാടുനാൾവരെ ആളുകൾ ഞങ്ങളുടെ വീട്ടിൽ വന്നിരുന്നു. അത് എനിക്കോർമ്മയുണ്ട്. ഉപ്പയോട് അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് അവർ ചോദിക്കാറുണ്ടായിരുന്നു. ഉച്ച മുതൽ വൈകുന്നേരംവരെ നടന്നിരുന്ന സംസാരങ്ങളിൽ അധികവും ഈ വിഷയം തന്നെയാണ് അവർ ചർച്ച ചെയ്തിരുന്നത്.

1904 സെപ്തംബർ 3-ാം തിയതി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രസംഗപരിപാടി ലാഹോറിലെ മേലാറാം മാർക്കറ്റിൽ സംഘടിപ്പിച്ചിരുന്നു. ഉപ്പ അതിൽ പങ്കെടുക്കാൻ ലാഹോറിൽ പോയപ്പോൾ എന്നേയും കൂടെ കൊണ്ടുപോയി. എനിക്കന്ന് പതിനൊന്നര വയസ്സായിരുന്നു. ആ അവസരത്തിലാണ് ഞാൻ മസീഹ്

മൗഊദ്(അ)നെ ആദ്യമായി സിയാറത്ത് ചെയ്യുന്നത്. അൽഫസ്ൽ പത്രത്തിൽ എഴുതിയ ഒരു ലേഖനത്തിൽ ഞാൻ വ്യക്തമാക്കിയിട്ടുള്ളതുപോലെ ബയ്അത്ത് ചെയ്തത് മൂന്നുവർഷം കഴിഞ്ഞാണെങ്കിലും ദൈവാനുഗ്രഹത്താൽ അന്നു മുതൽ ഞാൻ അഹ്മദിയാണ്.

**അഹ്മദിയ്യത്തിനെ സംബന്ധിച്ചുള്ള സ്വപ്നം**

അഹ്മദിയ്യത്തിനെ സംബന്ധിച്ചോ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദങ്ങളെ സംബന്ധിച്ചോ ഉമ്മായ്ക്ക് അക്കാലത്ത് വിശദമായ അറിവുണ്ടായിരുന്നില്ല. മഹാനവർകളുടെ പേരുപോലും അറിയില്ലായിരുന്നു. 1904-ൽ ഉമ്മ ചില സ്വപ്നങ്ങൾ കണ്ടു. അതിന്റെ അടിസ്ഥാനത്തിൽ അവർക്ക് 1904 സെപ്തംബർ അവസാനം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്യാനുള്ള ഭാഗ്യം കിട്ടി.

ഇതുസംബന്ധമായി ആദ്യംകണ്ട സ്വപ്നം ഇതായിരുന്നു. “ബസാർ നല്ലവണ്ണം അലങ്കരിച്ചിരിക്കുന്നു. മനോഹരമായ വസ്ത്രം ധരിച്ച് ആളുകൾ എങ്ങോട്ടോ പൊയ്ക്കൊണ്ടിരിക്കുകയാണ്. ഉമ്മ ചോദിച്ചപ്പോൾ, ഏതോ പ്രദർശനം കാണുന്നതിനുവേണ്ടിയാണ് അവർ പോകുന്നതെന്ന് മനസ്സിലായി. താങ്കളും താങ്കളുടെ വണ്ടി തയ്യാറാക്കുക എന്നും നമുക്കും പോയി ആ പ്രദർശനം കാണാമെന്നും ഉമ്മ, ഉപ്പയോട് പറഞ്ഞു. അങ്ങനെ ഉപ്പ വണ്ടി തയ്യാറാക്കുകയും രണ്ടുപേരും വണ്ടിയിൽക്കയറി യാത്രപുറപ്പെടുകയും ചെയ്തു.” ഉമ്മ പറയാറുണ്ടായിരുന്നു: “ചൗദ്ദരീ മുഹമ്മദ് അമീൻ സാഹിബിന്റെ വീടിന് എതിർവശം ഞങ്ങളെത്തിയപ്പോൾ, അദ്ദേഹം നിന്റെ ഉപ്പയെ ഉച്ചത്തിൽ വിളിച്ചു. നിന്റെ പിതാവ് അവിടെനിന്നു. ജനങ്ങൾ സംഘടിച്ചുകൊണ്ടിരുന്ന ആ മൈതാനിയിലേക്ക് ഞാൻ തനിച്ചുപോയി. അവിടെ വൻജനക്കൂട്ടം ഞാൻ കണ്ടു. മരത്തിന്റെ ശാഖകളിൽപോലും ആളുകൾ പറ്റികൂടിയിരിക്കുന്നു. പക്ഷേ, നടുവിൽ സ്ഥലം ഒഴിഞ്ഞു കിടപ്പുണ്ട്. ഇടയ്ക്ക് ഒരു ഊഞ്ഞാലുണ്ട്. അതിന്റെ കയർ ആകാശത്തിൽവച്ച് അപ്രത്യക്ഷമായിരിക്കുന്നു. ആ ഊഞ്ഞാലിൽ ഒരു തുണി മറ മാതിരി തൂങ്ങുന്നുണ്ട്. അതിനു പിന്നിൽ ആരോ ഉണ്ടെന്ന് തോന്നിയിരുന്നു.

പക്ഷേ, അയാളെ കാണാൻ കഴിയുന്നില്ല. മൈതാനത്തിന്റെ ഒരു ഭാഗത്ത് ഗാലെറി എന്ന നിലയിൽ ഇരിപ്പിടങ്ങൾ ഉണ്ടാക്കിയിട്ടു ണ്ട്. അവയിൽ ഒരിടത്ത് രണ്ടാളുടെ സ്ഥലം ഒഴിഞ്ഞുകിടക്കുന്നതു ഞാൻ കണ്ടു. ഞാൻ അവിടെ ചെന്നിരുന്നു. ഒഴിഞ്ഞുകിടന്ന സ്ഥലവും ആർക്കും കൊടുത്തില്ല. ആരെങ്കിലും അവിടെ വന്നിരി ക്കാൻ മുതിർന്നാൽ അതെന്റെ കൂടെയുള്ള ആളുടേതാണെന്നു പറഞ്ഞ് തടയുമായിരുന്നു. നിന്റെ ഉപ്പ വന്ന് ആ ഒഴിഞ്ഞസ്ഥലത്ത് ഇരുന്നെങ്കിൽ എന്ന പ്രതീക്ഷയിലായിരുന്നു ഞാൻ.

“കുറച്ചുസമയത്തിനുശേഷം ആ ഊഞ്ഞാൽ കിഴക്കുപടിഞ്ഞാറ് ആടാനും അതിൽനിന്ന് ഒരു പ്രകാശം വെളിപ്പെടാനും തുടങ്ങി. ഊഞ്ഞാലിന്റെ ആട്ടം ശക്തമാകുന്നതിനോടൊപ്പം ആ പ്രകാശവും വർദ്ധിച്ചുകൊണ്ടിരുന്നു. ഊഞ്ഞാൽ ആടിച്ചെല്ലുന്ന ഭാഗത്തെ ആളു കൾ ‘***സിദ്ഖെ യാ റസൂലല്ലാഹ്***’-അല്ലാഹുവിന്റെ റസൂലേ നേരാ ണ്- എന്നു വിളിച്ചു പറഞ്ഞു. അവസാനം ആ ഊഞ്ഞാൽ ഭൂമി യുടെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ മുട്ടുന്ന നിലയിൽ ശക്തമായി ആടാൻ തുടങ്ങി.”

രണ്ടാമത് ഉമ്മ കണ്ട സ്വപ്നം ഇങ്ങനെയായിരുന്നു. “രാവിലെ നാലുമണിയോടടുത്ത് ആദരണീയമായ മക്കയിൽ പോകാനുള്ള തയ്യാറെടുപ്പ് നടത്തിക്കൊണ്ടിരിക്കയാണ്. ആ നേരത്താണ് യാത്ര ആരംഭിച്ചതെന്ന് തോന്നുന്നുണ്ട്. ഉച്ചകഴിഞ്ഞ് നാലുമണിയോടടു ത്ത്, യാത്ര ചെയ്തിരുന്ന കുതിരവണ്ടി ഒരു ആഞ്ഞിലിമരത്തിന്റെ സമീപത്ത് നിറുത്തിയിട്ടിരിക്കുന്നതായി കണ്ടു. എനിക്ക് മക്കയിലാ ണ് പോകേണ്ടതെന്ന് ഞാൻ വണ്ടിക്കാരനോട് പറഞ്ഞു. അയാൾ പറഞ്ഞു. ഇതുതന്നെയാണ് മക്ക. നിങ്ങൾ സ്ഥലത്തെത്തിക്കഴിഞ്ഞു. ഇത്ര പെട്ടെന്ന് എങ്ങനെ മക്കയിലെത്തിയെന്നോർത്ത് ഞാൻ അത്ഭുതപ്പെട്ടു. അതിരാവിലെ യാത്ര തുടങ്ങി അസ്റിന്റെ നേരത്ത് മക്കയിൽ എത്തുകയോ? ആ വിസ്മയത്തോടെ ഞാൻ കുതിരവ ണ്ടിയിൽ നിന്നിറങ്ങി ബസാറിലൂടെ കടന്ന് ഇടവഴിയിലൂടെ നടന്ന് ഒരു വീട്ടിൽ പ്രവേശിക്കുകയും ഒന്നാമത്തെ നിലയിലേക്ക് പോകു കയും ചെയ്തു. അവിടെ മുറ്റത്ത് സിംഹാസനത്തിൽ വിരിക്കാ റുള്ള ഒരു ശീല വിരിച്ചിരിക്കുന്നതു കണ്ടു. രജിസ്റ്ററിന്റെ രീതിയി

ലുള്ള ഒരു ബൃഹദ്ഗ്രന്ഥം അതിൽ വെച്ചിട്ടുമുണ്ട്. അതിന്നടുത്ത് ഒരു പെട്ടിയുണ്ട്. അതിന്റെ മുകളിലത്തെ മൂടിയിൽ ഒരു ദ്വാരമുണ്ട്. ഞാൻ ആ ദ്വാരത്തിന്റെ ഇരുവശവും കൈവയ്ക്കുകയും എന്റെ വായ ആ ദ്വാരത്തിന്റെ അടുത്തുവെച്ച് മൂന്നുപ്രാവശ്യം ഉച്ചത്തിൽ- "അല്ലാഹുവേ, എന്റെ പാപം പൊറുത്തുതന്നാലും" എന്ന് ഉറക്കെ പ്പറയുകയും ചെയ്തു. എന്നിട്ട് സ്വയം 'പൊറുത്തുതരുമോ' എന്നു ചോദിച്ചു. അപ്പോൾ ഉച്ചത്തിൽ ഉത്തരം കിട്ടി. 'ഞാൻ പൊറുത്തു കൊടുക്കുന്നവനാണ്. നിന്റെ പേര് ഈ രജിസ്റ്ററിലുണ്ടെങ്കിൽ പൊറു ക്കും.' അത് ജനന മരണ രജിസ്റ്റർ ആയിരിക്കാമെന്ന് ഞാൻ കരു തി. ഞാൻ ജനിച്ച സമയത്ത് എന്റെ പേര് പാറാവുകാരൻ ചേർത്തി ട്ടുണ്ടാകുമോ എന്ന് ചിന്തിക്കാൻ തുടങ്ങി. പിന്നീട് എന്റെ കണ്ണുതു റന്നു." ഈ സ്വപ്നം കണ്ട് കുറച്ചുകാലത്തിനുശേഷം ഉമ്മ ദാതാ സയ്ദിലേക്ക് പോയി. അവിടെ ഈ സ്വപ്നത്തെക്കുറിച്ച് പറഞ്ഞ പ്പോൾ മാതാമഹൻ പറഞ്ഞു. "നീ ഖാദിയാനിലെ ദൃശ്യമാണ് കണ്ട ത്. നീ ഹദ്റത്ത് മിർസാ സാഹിബിന് ബയ്അത്ത് ചെയ്യുക." ഉമ്മ പറഞ്ഞു. "അങ്ങ് പറയുന്ന മഹാത്മാവ് അല്ലാഹുവിൽ നിന്നാണെ ങ്കിൽ അല്ലാഹു തീർച്ചയായും എനിക്ക് അദ്ദേഹത്തെ സന്ദർശി ക്കാൻ ഭാഗ്യം തരും. അദ്ദേഹത്തിന്റെ സത്യം എന്നിൽ തുറക്കു കയും ചെയ്യും."

### സ്വപ്നത്തിൽ സിയാറത്ത്

സിയാൽക്കോട്ട് മടങ്ങിയെത്തി കുറച്ചുകാലം കഴിഞ്ഞപ്പോൾ അവർ വീണ്ടുമൊരു സ്വപ്നം കണ്ടു. "ഒരുപാട് അതിഥികൾ വരും എന്നുള്ള പ്രതീക്ഷയോടെ, അവരെ വരവേല്ക്കാൻ രാത്രിനേരത്ത് തന്റെ വീടിന്റെ മുറ്റത്ത് ഒരുക്കം ചെയ്യുന്നതിൽ അവർ മുഴുകിയിരി ക്കുകയാണ്. ഇതിന്നിടയിൽ യാദൃശ്ചികമായി വരാന്തയിൽ കയറി യപ്പോൾ പടിഞ്ഞാറുവശത്തുള്ള ചെറിയ മുറിയിൽ ഒരുപാട് വെളിച്ചം കണ്ടു. വിളക്കൊന്നുമില്ലാത്ത അവിടെ എങ്ങനെ വെളിച്ചം വന്നു എന്നോർത്ത് അത്ഭുതപ്പെട്ടു. കുറച്ചുകൂടി മുന്നോട്ടുപോയ പ്പോൾ മുറി പ്രകാശത്താൽ വിളങ്ങുന്നതും തേജസ്വിയായ ഒരു മഹാത്മാവ് കട്ടിലിൽ ഇരുന്ന് നോട്ട് ബുക്കിൽ എന്തോ എഴുതു ന്നതായും കണ്ടു. ഉമ്മ മുറിയിൽ കടന്ന് ആ മഹാത്മാവിന്റെ പിറ

കുവശത്ത് നിന്നു. ആരോ മുറിയിൽ വന്നിട്ടുണ്ടെന്ന് മനസ്സിലായപ്പോൾ, തന്റെ ചെരിപ്പിടുന്നതിനായി കാലുകൾ കട്ടിലിൽനിന്ന് അദ്ദേഹം താഴെവച്ചു- മുറിയിൽനിന്ന് പുറത്തേക്കിറങ്ങാൻ പോകുന്നതുപോലെ. ഉമ്മ പറഞ്ഞു: 'യാ ഹദ്റത്ത്! എനിക്ക് ഇന്നുണ്ടായത്ര സന്തോഷം എന്റെ ആയുസ്സിൽ ഇതുവരെ ഉണ്ടായിട്ടില്ല. അങ്ങ് അല്പസമയംകൂടി ഇരുന്നാലും.' അങ്ങനെ അദ്ദേഹം അല്പസമയം നിന്നു. പിന്നീട് പോകാൻ തുടങ്ങിയപ്പോൾ ഉമ്മ ചോദിച്ചു: 'യാ ഹദ്റത്ത്! ഏത് മഹാത്മാവിനെയാണ് നീ കണ്ടതെന്ന് ആരെങ്കിലും ചോദിച്ചാൽ ഞാനെന്താണ് പറയേണ്ടത്?' അദ്ദേഹം വലതു തോളിന്റെ മുകളിലൂടെ പിന്നിലേക്ക് നോക്കിക്കൊണ്ട് ഇടതുഭുജം ഉയർത്തിക്കൊണ്ടു പറഞ്ഞു: 'ആരെയാണ് കണ്ടതെന്ന് നിന്നോട് ആരെങ്കിലും ചോദിച്ചാൽ, അഹ്മദിനെ കണ്ടു എന്നു പറയുക." അത് കേട്ട് ഉമ്മ ഉണർന്നു.

എന്റെ മാതുലനും ആ ദിവസം സിയാൽക്കോട്ടിലുണ്ടായിരുന്നു. ഉപ്പയോടും മാതുലനോടും ഉമ്മ താൻകണ്ട സ്വപ്നം പറഞ്ഞു. അത് മിർസാ സാഹിബായിരുന്നുവെന്ന് മാതുലൻ പറഞ്ഞപ്പോൾ, അദ്ദേഹം തന്റെ പേര് മിർസാ സാഹിബ് എന്നല്ല, അഹ്മദ് എന്നാണ് പറഞ്ഞതെന്ന് ഉമ്മ അറിയിച്ചു. അതുകേട്ടപ്പോൾ മിർസാ സാഹിബിന്റെ പേര് ഗുലാം അഹ്മദ് എന്നാണെന്ന് മാതുലൻ പറഞ്ഞു. നീ ദുആ ചെയ്തുകൊണ്ടിരിക്കുക, അല്ലാഹു സത്യം വെളിപ്പെടുത്തിത്തരും എന്നും ഉമ്മയോട് പറഞ്ഞു.

കുറച്ചു ദിവസത്തിനുള്ളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) സിയാൽക്കോട്ടിൽ വരുന്നുണ്ടെന്ന അറിയിപ്പ് കിട്ടി. വീണ്ടും ഉമ്മ സ്വപ്നം കണ്ടു. "ചില റോഡുകളിലൂടെ കടന്ന് അട്ടം കെട്ടിയ ഇടവഴിയിലൂടെ ഒരു വീട്ടിൽ എത്തിയിരിക്കുന്നു. അതിന്റെ ആദ്യത്തെ നിലയിൽ ആദ്യം കണ്ട മഹാത്മാവിനെ വീണ്ടും കണ്ടു. അദ്ദേഹം ഉമ്മായോടു ചോദിച്ചു. 'ഇത്രപ്രാവശ്യം കണ്ടിട്ടും നിനക്ക് വിശ്വാസം വന്നില്ലേ?' അപ്പോൾ ഉമ്മ പറഞ്ഞു: 'അൽഹംദുലില്ലാഹ്, ഞാൻ വിശ്വസിച്ചിരിക്കുന്നു."

**സിയാൽക്കോട്ടിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമം**

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സിയാൽക്കോട്ട് ആഗമം,

ആ പട്ടണത്തിന് അവസാനനാൾവരെ അഭിമാനിക്കാവുന്നതും വ്യത്യസ്തവും എന്നെന്നും നിലനില്ക്കുന്നതുമായിരിക്കും. മഗ്‌രിബ്നു ശേഷമാണ് അദ്ദേഹം എത്തിയത്. സ്റ്റേഷനിൽ വൻജനാവലി ഉണ്ടായിരുന്നു. എത്രത്തോളമെന്നാൽ, പ്ലാറ്റുഫോമിൽ ഈ ജനക്കൂട്ടത്തെ നിയന്ത്രിക്കുക എന്നത് ദുഷ്ക്കരമായി. അതുകൊണ്ട് മസീഹ് മൗഊദ് (അ)ഉം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും യാത്രയിൽ കൂടെയുണ്ടായിരുന്ന സുഹൃത്തുക്കളും ഇരുന്ന ബോഗി വേർപ്പെടുത്തി ഗോഡൗണിന്റെ പ്ലാറ്റ്ഫോമിൽ എത്തിച്ചു. ഗോഡൗണിന്റെ സമീപത്തുള്ള വിശാലമായ പറമ്പ് ജനങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നു. അതിനു വെളിയിൽ റോഡിലും ജനങ്ങൾ തടിച്ചുകൂടിയിരുന്നു. സ്റ്റേഷനിലും, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ യാത്രാവാഹനം കടന്നുപോകുന്ന ബസാറുകളിലുമെല്ലാം പോലീസിന്റെ മേൽനോട്ടത്തിൽ ഏർപ്പാടുകൾ ചെയ്തിരുന്നു. പോലീസ് സൂപ്രണ്ടും ജില്ലയിലെ മിക്ക ഭരണാധികാരികളും ഓണററി മജിസ്ട്രേട്ടും ഒരുക്കങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ രംഗത്തുണ്ടായിരുന്നു. ബസാറുകളിലും വീടുകളുടെ ജനലുകളിലും മുകൾഭാഗത്തും ഒത്തിരിയാളുകൾ ഉണ്ടായിരുന്നു. അവരിൽ അധികവും ഒന്ന് ദർശിക്കാൻ വന്നവരായിരുന്നു. തമാശ എന്ന നിലയിൽ ഒന്നുകാണാൻ വന്ന ചില എതിരാളികളും അവരിൽ ഉണ്ടായിരുന്നു. മസീഹ് മൗഊദ്(അ)നെ സ്വാഗതം ചെയ്യുന്നതിനോ സന്ദർശിക്കുന്നതിനോ പോകരുതെന്ന് പറഞ്ഞ് ശത്രുഉലമാക്കളും ഉന്നതസ്ഥാനത്തിലിരിക്കുന്നവരും എല്ലാവരേയും വിലക്കാൻ ശ്രമിച്ചിരുന്നുവെങ്കിലും ഈ എതിർപ്പ് ആ ജനക്കൂട്ടം വർദ്ധിപ്പിക്കാൻ സഹായകമായി.

ഉപ്പയോടൊപ്പം ഞാനും സ്റ്റേഷനിൽ പോയിരുന്നു. പക്ഷേ, ജനത്തിരക്കുകാരണത്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വണ്ടിയുടെ അടുത്തെത്താൻ ഞങ്ങൾക്ക് അവസരം കിട്ടിയില്ല. ദൂരത്ത് ഞങ്ങളുടെ വണ്ടിയിലിരുന്നുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സ്വീകരിച്ചാനയിക്കുന്ന ദൃശ്യങ്ങൾ ഞങ്ങൾ കണ്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ യാത്രാവാഹനം ഒരു ജാഥയുടെ രൂപത്തിൽ സ്റ്റേഷനിൽനിന്ന് പുറപ്പെട്ടപ്പോൾ ഞങ്ങൾ തിരിച്ചുപോ

ന്നു. എന്നാൽ, എന്റെ മാതുലൻ ജാഥയോടൊപ്പം പോയി. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ താമസസ്ഥലത്തെത്തിയതിനു ശേഷ മാണ് അദ്ദേഹം മടങ്ങിയത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നും കൂടെയുണ്ടായിരുന്നവർക്കും സ്റ്റേഷൻ മുതൽ താമസസ്ഥലംവരെ നേരിടേണ്ടിവന്ന സംഭവങ്ങളെക്കുറിച്ച് ഞങ്ങൾ അദ്ദേഹത്തിൽ നിന്നു വിശദമായി കേട്ടു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ കുടുംബാംഗങ്ങളോ ടൊപ്പം ഹദ്റത്ത് മീർ ഹാമിദ് ശാഹ് സാഹിബിന്റെ വീട്ടിൽ താമ സിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) താമസിച്ചത് ബാബു അബ്ദുൽ അസീസ് സാഹിബിന്റെ വീട്ടിലായിരുന്നു.

**ഉമ്മയുടെ ബയ്അത്ത്**

പിറ്റേദിവസം രാവിലെ ഉമ്മ, ഉപ്പയോട് ഹദ്റത്ത് മസീഹ് മൗഊ ദ്(അ)നെ കാണുന്നതിനായി പോകാൻ അനുവാദം ചോദിച്ചു. ഉപ്പ അനുവദിക്കുകയും ചെയ്തു. പക്ഷേ, അതിനോടൊപ്പം പറഞ്ഞു: “നീ കണ്ടിട്ട് വന്നാൽ മതി, ബയ്അത്ത് ചെയ്യണ്ട. ഞാനും അന്വേ ഷിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടുപേർക്കും കൂടി ആലോചിച്ചിട്ട് അവസാന തീരുമാനമെടുക്കാം.” ഉമ്മ പറഞ്ഞു, “ഞാൻ സ്വപ്ന ത്തിൽ കണ്ട ആ മഹാത്മാവ് ഇദ്ദേഹമാണെങ്കിൽ ബയ്അത്ത് താമ സിപ്പിക്കാൻ എനിക്കു കഴിയില്ല. കാരണം ഞാൻ സ്വപ്നത്തിൽ സമ്മതിച്ചുകഴിഞ്ഞ കാര്യമാണത്. താമസിക്കുമ്പോൾ എന്റെ പ്രതി ജ്ഞയ്ക്കു ക്ഷതമേല്ക്കും. ഇനി ഇദ്ദേഹം, അദ്ദേഹമല്ലെങ്കിൽ അങ്ങ് അന്വേഷണം തുടരുക ഞാനും ആലോചിക്കുന്നതാണ്.” കൂടിയാ ലോചിക്കാതെ ഉറച്ചതീരുമാനമെടുക്കരുതെന്ന് വീണ്ടും പറഞ്ഞിട്ട് ഉപ്പ കച്ചേരിയിലേക്കു പോയി.

ഉമ്മ, ഉച്ചഭക്ഷണത്തിനുശേഷം അതീവതാൽപര്യത്തോടുകൂടി ഹദ്റത്ത് മസീഹ് മൗഊദ്(അ) താമസിക്കുന്ന വസതിയിലേക്ക് യാത്രപുറപ്പെട്ടു. വീടുകളുടെ ആകൃതിയും മറ്റും കണ്ടപ്പോൾ താൻ സ്വപ്നത്തിൽ കണ്ടതുതന്നെയാണ് അവയെന്ന് ഉമ്മ തിരിച്ചറിഞ്ഞു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ ഹാജരാകു ന്നതിനായി ഹദ്റത്ത് മീർ ഹാമിദ് ശാഹ് സാഹിബിന്റെ വീട്ടിൽ

ഉമ്മ എത്തിയപ്പോൾ ഞാനും കൂടെയുണ്ടായിരുന്നു. ഹുസൂറിനെ കാണുന്നതിനുവേണ്ടിയാണ് താൻ വന്നിരിക്കുന്നതെന്ന് അവർ ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ(റ.ഹാ)നോടു പറഞ്ഞു. ഹുസൂർ ആ സമയത്ത് വീടിന്റെ മേലേതട്ടിലായിരുന്നു. സിയാൽക്കോട്ട് പ്രഭാഷണം എഴുതുന്ന തിരക്കിലായിരുന്നുവെന്നാണ് തോന്നുന്നത്. അല്പസമയം കഴിഞ്ഞ് വരാമെന്ന് ഹുസൂർ പറഞ്ഞയച്ചു.

അല്പം കഴിഞ്ഞുടനെ ഹുസൂർ വന്നു. വരാന്തയുടെ നടുവിൽ വച്ചിരുന്ന കട്ടിലിൽ ഇരുന്നു. ഉമ്മ മറ്റു സ്ത്രീകളോടൊപ്പം രണ്ടര മീറ്റർ ദൂരത്ത് വെച്ചിരുന്ന തടിക്കട്ടിലിൽ ഇരിക്കുകയായിരുന്നു. ഹുസൂർ കട്ടിലിൽ ഇരുന്നുടനെ ഉമ്മ പറഞ്ഞു: 'ഹുസൂർ, ഞാൻ ബയ്അത്ത് ചെയ്യാൻ ആഗ്രഹിക്കുന്നു.' ഹുസൂർ പറഞ്ഞു: 'അതുശരി.' അങ്ങനെ ഉമ്മ ബയ്അത്ത് ചെയ്തു. ഇത് സുഹ്ർ നേരത്തായിരുന്നു.

വീട്ടിൽ തിരിച്ചെത്തിയപ്പോൾ കുറച്ച് അച്ചാർ എന്റെ കൈയിൽ തന്നുകൊണ്ട് അത് ഹദ്റത്ത് ഉമ്മുൽ മുഅ്മിനീന് എത്തിക്കാൻ പറഞ്ഞു. ഉമ്മുൽ മുഅ്മിനീൻ അച്ചാറിനോടു താൽപര്യം കാണിച്ചപ്പോൾ തന്റെ വീട്ടിൽ വളരെ നല്ല അച്ചാറുണ്ടെന്ന് ഉമ്മ പറഞ്ഞിരുന്നു.

ഉപ്പ കോടതിയിൽനിന്ന് തിരിച്ചുവന്നപ്പോൾ, 'നീ മിർസാ സാഹിബിനെ കാണാൻ പോയിരുന്നോ?' എന്ന് ഉമ്മയോടു തിരക്കി. പോയിരുന്നു എന്ന് പറഞ്ഞപ്പോൾ 'ബയ്അത്ത് ചെയ്തില്ലല്ലോ' എന്ന് ഉപ്പ ചോദിച്ചു. ഉമ്മ നെഞ്ചിൽ കൈവച്ചുകൊണ്ട് പറഞ്ഞു. 'അൽഹംദുലില്ലാഹ്. ഞാൻ ബയ്അത്ത് ചെയ്തു.' അപ്പോൾ ഉപ്പ കുറച്ച് വിഷമം പ്രകടിപ്പിച്ചു. ഉമ്മ പറഞ്ഞു: 'ഇത് ഈമാനിന്റെ പ്രശ്നമാണ്. അങ്ങയുടെ പിണക്കത്തിന് ഇക്കാര്യത്തിൽ എന്നിൽ ഒരു സ്വാധീനവും ഉണ്ടാക്കാൻ സാധിക്കുകയില്ല. ഇത് അങ്ങയ്ക്ക് അസഹ്യമായി തോന്നുന്നെങ്കിൽ ഇഷ്ടമുള്ള തീരുമാനമെടുക്കാം. ഇന്നേവരെ എന്നെ സംരക്ഷിക്കുകയും ജീവിക്കാനുള്ള ഏർപ്പാടു ചെയ്യുകയും ചെയ്ത അല്ലാഹു തുടർന്നും ചെയ്യുന്നതാണ്.'

ആദ്യത്തെ കൂടിക്കാഴ്ചയ്ക്കുശേഷം വീണ്ടും ഉമ്മായ്ക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ) സിയാൽക്കോട്ടിലുണ്ടായിരുന്ന കാല

ത്ത്, സന്ദർശിക്കാൻ അവസരം കിട്ടിയിട്ടുണ്ടാകാം. പക്ഷേ, ഹുസൂർ(അ) സിയാൽക്കോട്ടിൽനിന്ന് തിരിച്ചുപോയതിനുശേഷം ഒരിക്കലും ആ സന്ദർഭം കിട്ടിയിട്ടില്ല. വാസ്തവത്തിൽ അവർ സ്വപ്നത്തിൽ ആത്മാർത്ഥതയോടും കൂറോടുംകൂടി ചെയ്ത പ്രതിജ്ഞ പിന്നീട് ബയ്അത്തിന്റെ വാക്കുകളിൽ പരിഷ്കരിക്കുകയും അതിന്റെ ബാഹ്യമായ സാക്ഷ്യം സ്ഥാപിക്കുകയും ശേഷം അവസാനശ്വാസംവരെ അതിന്റേതായ വഴിയിലൂടെ അതിനെ നിറവേറ്റുകയുമാണ് ചെയ്തത്. ബയ്അത്തിനുശേഷം അവരിൽ ഉദിച്ചുയർന്ന ഓരോ ദിവസവും എന്നല്ല അവർ കടന്നുപോയ ഓരോ നിമിഷവും അവരുടെ ഈമാനിന്റേയും ആത്മാർത്ഥതയുടേയും വർദ്ധനവിന് സാക്ഷിയായി. അവരുടെ ഈമാൻ ആരംഭം മുതൽക്കേ കഠിനമായ പ്രേമത്തിന്റെ വർണ്ണപ്പൊലിമ ഉൾക്കൊള്ളുന്നതായിരുന്നു. പതുക്കെപ്പതുക്കെ ഈ കഠിനമായ പ്രേമം എത്രത്തോളം അഭിവൃദ്ധിപ്പെട്ടുവെന്നുവെച്ചാൽ, ഓരോ കാര്യത്തിലും അല്ലാഹുവിന്റെ പ്രതാപവും പ്രഭാവവും നബി(സ) തിരുമേനിയുടെ പ്രകാശവും മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യവും അവർക്ക് കാണാൻ കഴിഞ്ഞിരുന്നു.

ബയ്അത്തിനുശേഷം അവരുടെ കർമ്മത്തിലും ദ്രുതഗതിയിലാണ് മാറ്റമുണ്ടായിക്കൊണ്ടിരുന്നത്. യഥാർത്ഥത്തിൽ അവരുടെ ശിക്ഷണം അല്ലാഹുതആല സ്വപ്നത്തിലൂടെയും ജാഗ്രദർശനത്തിലൂടെയും നല്കുകയായിരുന്നു. പക്ഷേ, ബാഹ്യത്തിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽനിന്നോ, ഹുസൂറിന്റെ വിയോഗത്തിനുശേഷം ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ലിൽനിന്നോ അതിനുശേഷം ഖലീഫത്തുൽ മസീഹ് ഥാനി(റ)യിൽനിന്നോ എന്തെങ്കിലും കല്പന അവരിലേക്കെത്തിയാൽ ഉടനെ സന്നദ്ധയായിക്കൊണ്ട് അതനുസരിച്ച് പ്രവർത്തിക്കുമായിരുന്നു. അല്ലാഹു അവന്റെ അനുഗ്രഹത്താൽ തികഞ്ഞ അനുസരണശീലവും അവന്റെ ഇഷ്ടത്തിനൊത്ത് നീങ്ങുന്ന മനസ്സും അവർക്കു നല്കിയിരുന്നു. അവരുടെ മനസ്സിൽ ഒരുതരത്തിലുള്ള ആക്ഷേപവും ഉണ്ടായിരുന്നില്ല.

**പിതാവിന്റെ ബയ്അത്ത്**

ഹദ്റത്ത് മസീഹ് മൗഊദ്(അ) സിയാൽക്കോട്ടിൽ വരുന്ന സമ

യംവരെ ഉപ്പയുടെ മനസ്സും നല്ലവണ്ണം അഹ്മദിയ്യത്തിലേക്ക് ചാഞ്ഞുകഴിഞ്ഞിരുന്നു. അന്തിമതീരുമാനമെടുക്കേണ്ട സമയം വന്നെത്തിയിരിക്കുന്നുവെന്ന് അദ്ദേഹം മനസ്സിലാക്കുകയും ചെയ്തിരുന്നു. ആ നാളുകളിൽ അദ്ദേഹത്തിന്റെ സഹവാസം മിക്കപ്പോഴും ചൗദ്വരി മുഹമ്മദ് അമീൻ സാഹിബിനോടൊപ്പമായിരുന്നു. ചൗദ്വരി മുഹമ്മദ് അമീൻസാഹിബും താനും ഒന്നിച്ച് തീരുമാനമെടുക്കണമെന്ന ആഗ്രഹമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. ഉപ്പ, ചൗദ്വരി മുഹമ്മദ് അമീൻ സാഹിബുമായി ആലോചിച്ചപ്പോൾ, തന്റെ മനസ്സിൽ കുറച്ചു സംശയമുണ്ടെന്നും, അതകറ്റാൻ താനാഗ്രഹിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. അങ്ങനെ ഇവർ രണ്ടുപേരും മഗ്രിബിനുശേഷം ഖലീഫത്തുൽ മസീഹ് അവ്വലിന്റെ സന്നിധിയിൽ പോകാനും ചൗദ്വരി മുഹമ്മദ് അമീൻ സാഹിബ് തന്റെ സംശയങ്ങളും ആക്ഷേപങ്ങളും ദൂരീകരിക്കാനും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലുമായി സംസാരിച്ചു തീരുമാനിച്ചു.

ഞാനും മഗ്രിബിനുശേഷം ഈ ചെറിയ മജ്ലിസിൽ ഉപ്പയോടൊപ്പം ഹാജരാകാറുണ്ടായിരുന്നു. മുന്നുനാല് ദിവസത്തിനുശേഷം ചൗദ്വരി മുഹമ്മദ് അമീൻ സാഹിബ്, തന്റെ ആക്ഷേപങ്ങൾക്കെല്ലാം മറുപടി കിട്ടിക്കഴിഞ്ഞിരിക്കുന്നുവെന്ന് ഉപ്പയോട് സമ്മതിച്ചു. എന്നാൽ, നാളെ ബയ്അത്ത് ചെയ്യാമെന്ന് ഉപ്പ പറഞ്ഞു. പക്ഷേ, പിറ്റേദിവസം രാവിലെ ഉപ്പ ചൗദ്വരി മുഹമ്മദ് അമീൻ സാഹിബിന്റെ വീട്ടിലെത്തുകയും, ബയ്അത്ത് ചെയ്യാൻ പോകാമെന്ന് പറഞ്ഞ് അദ്ദേഹത്തെ വിളിക്കുകയും ചെയ്തപ്പോൾ, തനിക്ക് 'ഉൾക്കൊള്ളാനുള്ള കഴിവില്ല' എന്ന് അദ്ദേഹം അറിയിച്ചു. അങ്ങനെ ഉപ്പ തനിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിലെത്തി ബയ്അത്ത് ചെയ്തു. അപ്പോഴും ഞാൻ അദ്ദേഹത്തിനോടൊപ്പം ഉണ്ടായിരുന്നു. ഒക്ടോബർ മാസത്തിലെ ആദ്യത്തെ രണ്ടുമൂന്ന് ദിവസങ്ങളിലൊരു ദിവസം സുബ്ഹി നമസ്കാരത്തിനുശേഷമായിരുന്നു ഇത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സിയാൽക്കോട്ട് താമസത്തിന്നിടയിൽ അധികമായി ആളുകൾ ബയ്അത്ത് ചെയ്യുകയുണ്ടായി. പക്ഷേ, ഏറെ ചർച്ച ചെയ്യപ്പെട്ടത് മൗലവി ഫയ്സുദ്ദീൻ സാഹി

ബിന്റേയും ഉപ്പയുടേയും ബയ്അത്തായിരുന്നു.

ഇതിനോടടുത്ത് ഒരുവർഷത്തിനുശേഷം അതായത് 1905 സെപ്തംബറിൽ ഉപ്പ ആദ്യമായി ഖാദിയാൻ ദാറുൽ അമാനിൽ ഹാജരായി. എന്നേയും കൂടെ കൊണ്ടുപോയിരുന്നു. പിന്നീട്, സിയാൽക്കോട്ടിൽ പ്രാക്ടീസ് ചെയ്തിരുന്ന കാലമെല്ലാം, സെപ്തംബർ മാസത്തിലെ അവധിയുടെ കുറച്ചുഭാഗം ദാറുൽ അമാനിൽ കഴിച്ചുകൂട്ടുന്നത് അദ്ദേഹം ശീലമാക്കിയിരുന്നു. ജൽസ സാലാനയിലും പങ്കെടുത്തിരുന്നു. ഞാനും അക്കാലങ്ങളിൽ പലപ്പോഴും അദ്ദേഹത്തിന്റെ കൂടെ ഖാദിയാനിൽ പോകാറുണ്ടായിരുന്നു.

**ഉമ്മായ്ക്ക് എന്നോടുള്ള സ്നേഹം**

ഉമ്മയുടെ മനസ്സ് അങ്ങേയറ്റം മൃദുലവും സ്നേഹാർദ്രവും ആയിരുന്നു. പ്രത്യേകിച്ച് ഞാൻ ആ വാത്സല്യത്തിന് കൂടുതൽ പാത്രമായി. അഞ്ച് മക്കൾ മരിച്ചതിനുശേഷം അല്ലാഹുതആല പ്രായപൂർത്തിവരെ എത്താൻ എനിക്ക് ആയുസ്സ് നല്കിയതുകൊണ്ടും ചെറുപ്രായത്തിൽ എനിക്ക് കണ്ണുരോഗം ബാധിച്ചതുകൊണ്ടും ഉമ്മായ്ക്ക് എന്നോട് പ്രത്യേക സ്നേഹമായിരുന്നു. കണ്ണുരോഗം കൊണ്ട് 10 വയസ്സുമുതൽ 16 വയസ്സുവരെ ചൂടുകാലത്ത് ഞാൻ വളരെ കുറച്ചേ പുറത്തിറങ്ങിയിരുന്നുള്ളൂ. ചിലപ്പോൾ ആഴ്ചകളോളം ഇരുട്ടുമുറിയിൽ കഴിയേണ്ടിവന്നിട്ടുണ്ട്. ഇക്കാലത്തെല്ലാം അധികവും ഉമ്മ എന്നോടൊപ്പം ഉണ്ടായിരുന്നു. ഇപ്രകാരം എനിക്ക് അവരുടെ സഹവാസവും പ്രത്യേകമായി ലഭിച്ചുകൊണ്ടിരുന്നു. പിന്നീട് 'ഹൃദയം കൊടുത്ത് ഹൃദയം വാങ്ങുക' എന്നതനുസരിച്ച് എനിക്കും സാധാരണയിൽ കവിഞ്ഞ് അവരോട് സ്നേഹം ഉണ്ടായി. അവരുടെ ഹൃദയം സ്നേഹത്തിന്റേയും വാത്സല്യത്തിന്റേയും വറ്റാത്ത ഒരുറവയായിരുന്നു. ആ മനസ്സിന് സ്വന്തക്കാരും അന്യരും തമ്മിലുള്ള വ്യത്യാസം അറിയുമായിരുന്നില്ല. തന്റെ എല്ലാ ബന്ധുക്കളോടും പ്രത്യേകിച്ച് തന്റെ എല്ലാ മക്കളോടും അവർക്ക് അഗാധമായ സ്നേഹബന്ധമുണ്ടായിരുന്നു. പക്ഷേ, എനിയ്ക്കും ഉമ്മയ്ക്കും ഇടയിലുണ്ടായിരുന്ന ബന്ധത്തിന്റെ യാഥാർത്ഥ്യം ഞങ്ങൾക്കു രണ്ടുപേർക്കു മാത്രമേ അറിയുകയുള്ളൂ.

തനിക്ക് പ്രിയപ്പെട്ടവർ തന്നിൽനിന്ന് അകന്നു നില്ക്കുന്നത്

ഉമ്മായ്ക്ക് വളരെ പ്രയാസമായിരുന്നു. പ്രത്യേകിച്ച് എന്നിൽനിന്നുള്ള അകൽച്ച സഹിക്കുക എന്നത് അവർക്ക് വളരെ ദുഷ്ക്കരമാകാറുണ്ടായിരുന്നു. 1907-ൽ എൻട്രൻസ് പരീക്ഷ പാസ്സായി ഞാൻ ലാഹോർ ഗവർമ്മെന്റ് കോളേജിൽ ചേരുകയും ആദ്യമായി ദീർഘനാൾ വീടിനുവെളിയിൽ താമസിക്കേണ്ടിവരികയും ചെയ്തു. അപ്പോൾ ഓരോ ആഴ്ചയും തന്നെ വന്നുകാണണമെന്ന് ഉമ്മ നിർബന്ധംപിടിച്ചു. പക്ഷേ, ഓരോ ആഴ്ചയും ലാഹോറിൽനിന്ന് സിയാൽക്കോട്ടിൽ പോകുക എന്നത് പ്രയാസമായിരുന്നു. അതുകൊണ്ട് ഞാൻ, ശരാശരി രണ്ടാഴ്ച കൂടുമ്പോഴാണ് ഉമ്മയെ കാണാൻ പോകുന്നത്. ലാഹോറിലെത്തിയാൽ, എത്തിയ വിവരം ഉടനെ അറിയിക്കണമെന്ന് ഓരോ പ്രാവശ്യവും തിരിച്ചുവരുമ്പോൾ താക്കീത് ചെയ്തിരുന്നു.

എന്നെക്കുറിച്ച് ഉമ്മായ്ക്ക് നല്ല പ്രതീക്ഷയും ഉണ്ടായിരുന്നു. 1910-ലെ വേനൽക്കാല അവധിയ്ക്ക് ബി.എ പരീക്ഷയുടെ തയ്യാറെടുപ്പിനായി ഞാൻ ഏബട്ടാബാദിലേക്കു പോയി. അവധിക്കാലത്തിന്റെ അവസാനഭാഗത്ത് റമസാൻ മാസം വന്നു. ആയിടെ ഞാൻ സിയാൽക്കോട്ടിലെത്തിയപ്പോൾ ഉമ്മ എന്നോടു പറഞ്ഞു: 'നിന്റെ ഉപ്പ കരുതുന്നത് നീ നോമ്പു നോറ്റിട്ടുണ്ടാവില്ല എന്നാണ്. എന്നാൽ, എന്റെ മകൻ തീർച്ചയായും നോമ്പ് പിടിച്ചിട്ടുണ്ടാകും എന്ന് ഞാൻ തറപ്പിച്ചുപറഞ്ഞു. ഇനി നീ പറയുക, ഞങ്ങൾ രണ്ടുപേരിൽ ആരു പറഞ്ഞതാണ് ശരി?'

"ഉമ്മയുടെ നിഗമനമാണ് ശരിയെന്നും, ഞാനെല്ലാ നോമ്പും പിടിച്ചിട്ടുണ്ടെന്നും എന്നല്ല ഇന്ന് യാത്രയിലായിരുന്നിട്ടും നോമ്പു പിടിച്ചിരിക്കുന്നുവെന്നും" പറഞ്ഞു. (അന്നെനിക്ക് 17 വയസ്സായിരുന്നു. യാത്രാദിവസം നോമ്പ് പിടിക്കാൻ പാടില്ലെന്ന കാര്യം എനിക്കറിയുമായിരുന്നില്ല).

**വിദ്യാഭ്യാസത്തിന്നായി ഇംഗ്ലണ്ടിൽ**

1911-ൽ ഞാൻ ബി.എ. പാസ്സായി. ഉപരി പഠനത്തിന് എന്നെ ഇംഗ്ലണ്ടിലേക്ക് അയക്കണമെന്ന് ഉപ്പ ആഗ്രഹിച്ചു. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ഞാൻ ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന് കത്തെഴുതുകയും ഉപ്പയുടെ ആഗ്രഹമനുസരിച്ച് ഇംഗ്ലണ്ടിൽ പോകാനായി

ഹുസൂറിൽനിന്ന് അനുവാദം തേടുകയും ചെയ്തു. ഞാനും ഉപ്പയും 'ഇസ്തിഖാറ' (ദൈവേച്ഛ അറിയുന്നതിനുള്ള പ്രാർത്ഥന) ചെയ്യാൻ ഹുസൂർ നിർദ്ദേശിച്ചു. 'ഇസ്തിഖാറ' ചെയ്തതിനുശേഷം മനസ്സിന് തൃപ്തി കൈവന്നാൽ ഇംഗ്ലണ്ടിലേക്ക് പോകാനും പറഞ്ഞു. അങ്ങനെ ഞങ്ങൾ രണ്ടുപേരും 'ഇസ്തിഖാറ' ചെയ്തു. തടസ്സ മായ കാര്യമൊന്നും കാണാത്തതുകൊണ്ട് ഉപ്പയുടെ നിർദ്ദേശമനു സരിച്ച് ഞാൻ ഇംഗ്ലണ്ടിലേക്ക് പോകാനുള്ള ഒരുക്കം തുടങ്ങി.

ദീർഘമായ എന്റെ ഈ വേർപാട് ഉമ്മായ്ക്ക് അസഹ്യമായിരു ന്നു. തുടർന്നുള്ള പഠനം ദീർഘമായ യാത്ര ചെയ്യാൻ ഇടവരാ തെയും അധികം ദൂരത്താകാതേയും അടുത്തെവിടെയെങ്കിലും ആകത്തക്കനിലയിൽ തീരുമാനമുണ്ടാകണമെന്നതായിരുന്നു ഉമ്മ യുടെ ആഗ്രഹം. പക്ഷേ, തീരുമാനമുണ്ടായപ്പോൾ അവസാനം അവർക്കും അതിനോട് യോജിക്കേണ്ടിവന്നു. എങ്കിലും ഉമ്മയുടെ സമ്മതം, ഇഷ്ടപ്പെടാത്ത കാലത്തെ മേഘമായിരുന്നു.

1911 ആഗസ്റ്റ് മാസത്തിന്റെ അവസാനം ഞാൻ സിയാൽക്കോ ട്ടിൽനിന്ന് യാത്രയായി. ഉപ്പയും ഉമ്മയും മാതുലനും കൂടെ വന്നി രുന്നു. ആദ്യം ഞങ്ങളെല്ലാവരും ഖാദിയാനിൽ പോയി. ഉമ്മ ആദ്യ മായി ഖാദിയാനിൽപോയ അവസരം ഇതാണെന്നാണ് എന്റെ ഓർമ്മ. ഈ അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വീടുകൾ കണ്ടിട്ട്, താൻ ഒരു സ്വപ്നത്തിൽ കണ്ട അതേ വീടുകൾ തന്നെയാണെന്ന് ഉമ്മ തിരിച്ചറിഞ്ഞു. സന്ദർഭവശാൽ, സുബ്ഹിയ്ക്ക് കുറച്ചുമുമ്പേ ഞങ്ങൾ സിയാൽക്കോട്ടിൽനിന്ന് പുറപ്പെടുകയും അസ്ർ നേരത്ത് ഖാദിയാനിലെത്തുകയും ചെയ്തു. അത് ഏഴു വർഷം മുമ്പേ ഉമ്മ കണ്ട സ്വപ്നമനുസരിച്ച് തന്നെയായിരുന്നു.

ഞങ്ങൾ ഒരുദിവസമേ ഖാദിയാനിൽ നിന്നുള്ളൂ. ആ അവസ രത്തിൽ എനിക്കോർമ്മയുണ്ട്, ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ (മ ത്ത അ ന ല്ലാ ഹു ബി ത്വൂ ലി ഹ യാ ത്തി ഹാ) ത ന്നെ യാ ണ് ഞങ്ങൾക്കായി ഭക്ഷണം പാചകം ചെയ്തത്.

പിറ്റേദിവസം ഞങ്ങളെല്ലാവരും അമൃതസർവരെ ഒരുമിച്ചുപോ യി. അവിടെനിന്ന് ഉമ്മ, മാതുലനോടൊപ്പം സിയാൽക്കോട്ടിലേ

ക്കും ഞാൻ ഉപ്പയോടൊപ്പം ബോംബെയിലേക്കും യാത്ര തിരിച്ചു. ബോംബെയിൽനിന്ന് ഞാൻ കപ്പലിൽ യാത്രപുറപ്പെട്ടതിനുശേഷം ഉപ്പയും സിയാൽക്കോട്ടിലേക്ക് പോയി. അമൃതസറിൽ നിന്ന് യാത്ര പുറപ്പെട്ടയുടനെ ഉമ്മായ്ക്ക് ബോധക്ഷയം ഉണ്ടായതായി പിന്നീട് ഞാൻ കേട്ടു. സിയാൽക്കോട്ടുവരെയുള്ള യാത്ര അധികവും ഇതേ നിലയിൽ തന്നെയാണ് കഴിഞ്ഞത്.

മിക്കപ്പോഴും ഉമ്മ പറയുമായിരുന്നു, ആ നാളുകളിലെ എന്റെ സ്ഥിതി നീ ഇതിൽനിന്ന് ഊഹിച്ചുകൊള്ളുക: “നീ പോയതിനു രണ്ടു നാലു ദിവസത്തിനുശേഷം, നിന്റെ ഉപ്പ സിയാൽക്കോട്ടിൽ മടങ്ങിയെത്തേണ്ട ദിവസം വന്നപ്പോൾ, ‘അൽഹംദുലില്ലാഹ് ഇന്ന് എന്റെ മകൻ തിരിച്ചുവീട്ടിലെത്തും’ എന്ന് നിന്റെ ഉപ്പയുടെഉമ്മ പറയാൻ തുടങ്ങി. അക്കാലത്ത് അവർ സിയാൽക്കോട്ടിലാണ് താമസിച്ചിരുന്നത്.

ഒരുപ്രാവശ്യം ഇങ്ങനെ പറഞ്ഞപ്പോൾ ഞാൻ മൗനംപാലിച്ചു. എന്നാൽ, ഇടവിട്ടിടവിട്ട് അവർ ഇങ്ങനെ രണ്ടുമൂന്നു പ്രാവശ്യം പറഞ്ഞപ്പോൾ, ഞാനെന്റെ പൊറുതികേടുകൊണ്ട് അവരോടു പറഞ്ഞു: ‘അപ്പച്ചീ! നിങ്ങളെന്തിനാണ് എപ്പോഴും ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നത്. നിങ്ങളുടെ മകൻ കടലുകടന്നെങ്ങും പോയിട്ടില്ലല്ലോ. ഇന്ന് വന്നില്ലെങ്കിൽ നാളെ വരും.’

ഇപ്പോൾ ആ സംഭവം ഓർക്കുമ്പോൾ, എന്തിനാണങ്ങനെ പറഞ്ഞതെന്ന് വിചാരിച്ച് എനിക്ക് പശ്ചാത്താപം തോന്നാറുണ്ട്. പക്ഷേ, ഈ വാക്യം അനിയന്ത്രിതമായി എന്റെ വായിൽനിന്ന് പുറത്തുവന്നുപോയതാണ്.”

ഇംഗ്ലണ്ടിലെ എന്റെ താമസക്കാലം ഉമ്മായ്ക്ക് വളരെ ബുദ്ധിമുട്ടിന്റേതായിരുന്നു. കൃത്യമായി കത്തെഴുതുക മാത്രമെ എന്നെക്കൊണ്ട് ചെയ്യാൻ കഴിയുമായിരുന്നുള്ളൂ. ഞാനതിൽ ഒരിക്കൽ പോലും വീഴ്ച വരുത്തിയിരുന്നില്ല.

ഇംഗ്ലണ്ടിൽ പോകുന്ന നേരത്ത് എനിക്ക് 18 വയസ്സായിരുന്നു. അവിടെ ചെന്നതിനുശേഷം മനസ്സിൽ വേർപാട് അനുഭവപ്പെട്ടപ്പോൾ, മാതാപിതാക്കളുടെ വാത്സല്യത്തിന്റെ യഥാർത്ഥാവസ്ഥ

മനസ്സിലാക്കാൻ ഇടയായി. അപ്പോൾ എന്റെ മനസ്സിലും മാതാപി താക്കളോട് ഒരു പുതിയ സ്നേഹം ഉടലെടുത്തു. അത് തുടർച്ച യായി അഭിവൃദ്ധിപ്പെട്ടുകൊണ്ടേയിരുന്നു. ഒരിക്കൽ ഞാൻ ഉമ്മായ്ക്ക് ഒരു പ്രതിജ്ഞ എന്ന നിലയിൽ പ്രത്യേകമായി എഴുതി: "ഞാനെന്റെ മനസ്സിൽ നിങ്ങൾക്കുവേണ്ടി സ്നേഹത്തിന്റെ ഒരു അനന്തമായ സമുദ്രം എന്റെ കൂടെ കൊണ്ടുവരുന്നതാണ്. ഈ വികാരം വർദ്ധിച്ചുകൊണ്ടേപോകും. അതിൽ ഇൻശാഅല്ലാഹ് ഒരി ക്കലും കുറവു വരുത്തുകയില്ല." ഈ പ്രതിജ്ഞ പ്രകടിപ്പിച്ചതിനു ശേഷം അല്ലാഹു ഉമ്മായ്ക്ക് 25 വർഷം വീണ്ടും ജീവിതം നല്കി. എനിക്ക് അവന്റെ അനുഗ്രഹത്താലും കാരുണ്യത്താലും ആ പ്രതിജ്ഞ പൂർത്തയാക്കാൻ തൗഫീഖും ലഭിച്ചു. ഫൽഹംദുലി ല്ലാഹി അലാ ദാലിക്.

ഇപ്പോൾ ഉമ്മ തന്റെ യജമാനന്റെ സന്നിധിയിൽ പോയിക്കഴി ഞ്ഞിട്ടും, അവരുടേയും ഞങ്ങളുടേയുമിടയിൽ ബാഹ്യമായി വേർപാട് ഉണ്ടായിട്ടുണ്ടെങ്കിലും എന്റെ മനസ്സിന്റെ അവസ്ഥ അതു തന്നെയാണ്. എന്നല്ല, സ്നേഹവും ദുഃഖവും കൂടിച്ചേർന്ന് അത്ഭു തകരമായ പുതിയൊരു അവസ്ഥ സൃഷ്ടിച്ചുതന്നിരിക്കുന്നു. എനി ക്കുണ്ടാകുന്ന ആ അനുഭവജ്ഞാനം അല്ലാഹുവിനേ അറിയൂ.

1914 മാർച്ചിൽ ഞാൻ ഇംഗ്ലണ്ടിലായിരുന്നപ്പോഴാണ് ഖലീഫ ത്തുൽ മസീഹ് അവ്വൽ(റ)ന്റെ ദേഹവിയോഗമുണ്ടായത്. ഹുസൂ റിന്റെ ദേഹവിയോഗത്തെ തുടർന്ന് ജമാഅത്തിൽ അഭിപ്രായഭി ന്നത ഉണ്ടായിട്ടുണ്ടെന്ന് ഉപ്പ എഴുതിയറിയിച്ചു. "ഇത് ഈമാന്റെ കാര്യമാണ്. നീ എന്താണ് ചെയ്യേണ്ടതെന്ന് ഞാൻ നിന്നോട് പറ യുന്നില്ല. എന്തു തീരുമാനമെടുക്കുകയാണെങ്കിലും ചിന്തിച്ചും ആലോചിച്ചതിനും ശേഷം എടുക്കണമെന്നുമാത്രം പറയുന്നു. ധിറുതി കാണിക്കരുത്."

ഉമ്മ എനിക്കെഴുതി: "ജമാഅത്തിൽ കൊടുങ്കാറ്റടിക്കുകയാണ്. ഞാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യ്ക്ക് ബയ്അത്ത് ചെയ്തുകഴിഞ്ഞു. നിന്റെ സഹോദരന്മാർക്കും സഹോദരിമാർക്കും വേണ്ടി കത്തെഴുതിയിട്ടുണ്ട്. ഇപ്പോൾ നീ ബയ്അത്ത് ചെയ്തു കൊണ്ട് കത്തെഴുതിയിട്ടില്ലെങ്കിൽ ഉടനെ എഴുതുക, താമസിപ്പി

ക്കരുത് എന്ന് നിന്നെ ഉപദേശിക്കുന്നു."

**രണ്ടാം ഖിലാഫത്തിന് ബയ്അത്ത്**

ഈ ഘട്ടത്തിലും ഉമ്മ തന്റെ സ്വപ്നങ്ങളുടേയും ദർശനങ്ങളുടേയും അടിസ്ഥാനത്തിൽ ക്ഷണത്തിൽ ബയ്അത്ത് ചെയ്തു. ഉപ്പ കുറച്ചുദിവസത്തെ ഇടവേളയ്ക്കുശേഷമാണ് ബയ്അത്ത് ചെയ്തത്. തന്റെ ദർശനങ്ങളും ഉമ്മയുടെ ദർശനങ്ങളും ചിലപ്പോൾ യോജിച്ചുവരാറുണ്ടായിരുന്നുവെന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) പലപ്പോഴും പറഞ്ഞിട്ടുണ്ട്. ഹുസൂറിന് കാണിച്ചുകൊടുത്ത രീതിയിൽതന്നെ അല്ലാഹു അവന്റെ അനുഗ്രഹത്താൽ ഉമ്മായ്ക്കും ചില കാര്യങ്ങൾ കാണിച്ചുകൊടുത്തിരുന്നു. ഈ ഘട്ടത്തിലും ഉമ്മായുടെ ഒരു സ്വപ്നത്തെ സംബന്ധിച്ച് ഹുസൂറിന്റെ അഭിപ്രായം ഇങ്ങനെയായിരുന്നു:

"ഉമ്മ സ്വപ്നത്തിൽ കണ്ടു. വെള്ളപ്പൊക്കം ഉണ്ടായിരിക്കുന്നു. ഇടവഴികളിലെല്ലാം വെള്ളം വേഗത്തിൽ പൊങ്ങിക്കൊണ്ടിരിക്കുകയാണ്. ആളുകൾ അവരുടെ വീടുകളുടെ മേൽത്തട്ടുകളിൽ കയറിക്കൂടിയിരിക്കുന്നു. സംസാരിക്കുന്ന ഒരു മുയൽ വെള്ളത്തിൽ നീന്തിക്കറങ്ങുന്നു എന്ന ശബ്ദം എവിടെനിന്നോ കേൾക്കാൻ തുടങ്ങി. പിന്നീട് ആ മുയൽ നമ്മുടെ വീടിന്റെ മുറ്റത്തുമെത്തി. ഒരു മരക്കഷണത്തിൽ ഇരിക്കുകയായിരുന്നു അത്. ആ മരക്കഷണം വെള്ളത്തിൽ ഒഴുകിക്കറങ്ങിക്കൊണ്ടിരിക്കുന്നു. ഉമ്മ വീടിന്റെ മേൽത്തട്ടിൽനിന്ന് അതിനോടു ചോദിച്ചു: "ഖാജ, നിങ്ങൾ സംസാരിക്കാറുണ്ടോ?" ഉണ്ട് എന്ന് മുയൽ മറുപടി പറഞ്ഞു. "ഖാജാ, എങ്ങും മുങ്ങിപ്പോകരുത്" എന്ന് ഉമ്മ അതിനോടു പറഞ്ഞപ്പോൾ "ഞാൻ മുങ്ങുകയാണെങ്കിൽ മറ്റുള്ളവരേയുംകൊണ്ടേ മുങ്ങുകയുള്ളൂ" എന്ന് മുയൽ പറഞ്ഞു."

ഈ ദിനങ്ങളിൽ ഉമ്മ മറ്റൊരു സ്വപ്നവും കണ്ടു: "വിശാലമായ ഒരു മൈതാനത്ത് ധാരാളമാളുകൾ സംഘടിച്ചിരിക്കുന്നു. എന്തോ സംഭവം അവർ പ്രതീക്ഷിച്ചിരിക്കുന്നതുപോലെയാണ് തോന്നുന്നത്. അല്പം കഴിഞ്ഞപ്പോൾ ഭൂമിയിൽനിന്ന് ഒരു പ്രകാശം വെളിപ്പെട്ടു. അത് വൈദ്യുതിയാൽ പ്രവർത്തിക്കുന്ന വലിയ പ്രകാശമുള്ള വിളക്കിന്റെ രൂപത്തിലായിരുന്നു. മെല്ലെമെല്ലെ അത് ഭൂമി

യിൽനിന്ന് ഉയരാൻ തുടങ്ങി. അതിന്റെ താഴ്ഭാഗത്ത് ഘടിപ്പിച്ചി ട്ടുള്ള ഏതോ യന്ത്രത്തിന്റെ ശക്തികൊണ്ടാണ് അത് മുകളിലേക്ക് ഉയരുന്നതെന്ന് തോന്നുന്നു. ആ പ്രകാശം വെളിപ്പെട്ട ഉടനെ ആളു കൾ അതിലേക്ക് ശ്രദ്ധിക്കാനും അടുത്തുനിന്ന് കാണാൻ വേണ്ടി ഓടി അതിനടുത്തെത്താനും ശ്രമിക്കുന്നു. ഉമ്മയും ആ പ്രകാശ ത്തിന്റെ ഭാഗത്തേക്ക് നടക്കുകയും പെട്ടെന്ന് വന്ന് ആ പ്രകാശം അടുത്തുനിന്ന് കാണാൻ ഉപ്പയെ വിളിക്കുകയും ചെയ്തു. അടു ത്തുനിന്ന് കാണുന്ന ആനന്ദം മനുഷ്യന്റെ പൊക്കത്തിനുമേലെ അതുയർന്നുകഴിഞ്ഞാൽ ലഭിക്കുകയില്ല. അങ്ങനെ ഉപ്പയും ഉമ്മയുടെ പിന്നാലെ ആ പ്രകാശത്തിലേക്ക് പെട്ടെന്ന് നടക്കാൻ തുടങ്ങി. അവർ രണ്ടുപേരും കണ്ടുകൊണ്ടിരിക്കുന്ന ഈ പ്രകാശം ഉയർന്നും പരന്നും ആകാശംമുട്ടെ എത്തി. അതിന്റെ വെളിച്ചത്താൽ മൈതാനം മുഴുവനും പ്രകാശമയമായി. ഓവർക്കോട്ടും തുർക്കി തൊപ്പിയും ധരിച്ച ചിലയാളുകൾ ഇതൊന്നും ശ്രദ്ധിക്കാതെ കുറച്ചു ദൂരത്തായി ഒരു നദിയുടെ തീരത്ത് നില്പുണ്ടായിരുന്നു. അവരെ ന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്നും ഈ മനംകുളിർക്കുന്ന കാഴ്ച കാണാൻ അവർ ശ്രദ്ധിക്കാത്തതെന്താണെന്നും ഉമ്മ, ഉപ്പ യോടു ചോദിച്ചു. ഉപ്പ പറഞ്ഞു: ‘ഇക്കൂട്ടർ വെള്ളത്തിന്റെ ഒഴുക്ക് നോക്കിക്കൊണ്ടിരിക്കുകയാണ്; അതെവിടെനിന്നു വന്നു, എങ്ങോട്ടു പോകുന്നു എന്ന്.’

ഉമ്മ പറയാറുണ്ടായിരുന്നു: ‘‘നിന്റെ ഉപ്പ ബയ്അത്ത് ചെയ്യാൻ താമസിച്ചപ്പോൾ എനിക്ക് വല്ലാത്ത പരിഭ്രമമുണ്ടായി. അദ്ദേഹത്തിന് എത്രയും പെട്ടെന്ന് ശരിയായ തീരുമാനം എടുക്കാൻ കഴിയുന്ന തിനായി ഞാൻ ഒരുപാട് ദുആ ചെയ്തു.

“നമ്മുടെ വീട്ടിൽ ആയിടയ്ക്ക് ജനത്തിരക്കായിരുന്നു. ഭിന്നി പ്പിനെ സംബന്ധിച്ചായിരുന്നു ചർച്ച നടന്നിരുന്നത്. ഒരുപാടാളു കൾ കൂടിയ ഒരുദിവസം ശക്തമായ നിലയിൽ ചർച്ച നടക്കുമ്പോൾ ചിലരുടെ ശബ്ദം രണ്ടാം നിലവരെ എത്തി. നിന്റെ ഉപ്പ എന്തു കൊണ്ട് പെട്ടെന്ന് തീരുമാനമെടുക്കുന്നില്ലെന്നും, എന്തിനാണ് ഇത്ര ദീർഘമായ ചർച്ചയിൽ ഏർപ്പെട്ടിരിക്കുന്നതെന്നും ഓർത്ത് ഞാൻ വിഷമിച്ചു. ഈ ദ്വേഷത്തിൽ ഞാൻ ഗോവണിയുടെ വാതിലിൽ

ശക്തമായി മുട്ടിവിളിച്ചു. അപ്പോൾ നിന്റെ ഉപ്പ ഇങ്ങോട്ടു നോക്കി. അദ്ദേഹം പെട്ടെന്ന് പരിഭ്രമിച്ച് മുകളിൽവന്ന് എന്താണ് കാര്യമെന്ന് അസ്വസ്ഥതയോടെ തിരക്കി. എന്തിനാണ് ഇത്ര ശക്തമായി നീ വാതിലിൽ മുട്ടിയത്? ഞാൻ പറഞ്ഞു, 'ബയ്അത്ത് ചെയ്യാതെ താമസിപ്പിക്കുന്നതു കാണുമ്പോൾ എനിക്കു പരിഭ്രമം തോന്നുന്നു. നിങ്ങൾ പെട്ടെന്ന് ബയ്അത്ത് ചെയ്യാൻ തീരുമാനമെടുക്കണമെന്ന് ഞാനാഗ്രഹിക്കുന്നു. ഈ ചർച്ചകളെല്ലാം അവസാനിപ്പിക്കുക. ഖിലാഫത്ത് നിഷേധികളോടു, ഇനി ഈ ചർച്ചകളുമായി ഇവിടെ വരരുതെന്ന് പറയുക.'

'ഞാൻ ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. അടുത്തുതന്നെ എന്തെങ്കിലും തീരുമാനമെടുക്കണം' എന്നൊക്കെ പറഞ്ഞ് അദ്ദേഹം എന്നെ സമാധാനിപ്പിക്കാൻ കുറേ ശ്രമിച്ചു. പക്ഷേ എനിക്കെവിടെ സമാധാനം കിട്ടാനാണ്? അത് കഴിഞ്ഞുള്ള ഓരോ നിമിഷവും എനിക്ക് പർവ്വതംപോലെ ഭാരമേറിയതായി തോന്നി. ഇങ്ങനെ കുറച്ചുദിവസം വീണ്ടും കഴിഞ്ഞു. ഞാൻ ദുആ ചെയ്തുകൊണ്ടിരുന്നു. എന്റെ കഴിവനുസരിച്ച് നിന്റെ ഉപ്പായ്ക്ക് മനസ്സിലാക്കിക്കൊടുക്കാനും ശ്രമിച്ചു. അദ്ദേഹം പുഞ്ചിരിക്കുക മാത്രമാണ് ചെയ്തത്; ചിന്തിക്കുകയാണെന്ന് പറയുകയും ചെയ്യും. ഞാൻ വീണ്ടും ദുആയിൽ മുഴുകും.

ഒടുവിൽ ഒരു ദിവസം ഇശാ നമസ്കാരത്തിനുശേഷം 'താൻ ബയ്അത്ത് ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു' എന്ന് അദ്ദേഹം പറഞ്ഞു. അതുകേട്ടപ്പോൾ ലോകം മുഴുവൻ എനിക്കുവേണ്ടി പ്രകാശിച്ചതുപോലെ തോന്നി. ഞാനുടനെ അല്ലാഹുവിന് ശുക്ർ ചെയ്തു. ഉടനെ കത്തെഴുതാൻ അദ്ദേഹത്തോട് പറഞ്ഞു. നാളെ രാവിലയേ കത്ത് പോകുകയുള്ളൂവെന്നും അതിനാൽ രാവിലെ കത്തെഴുതാമെന്നും അദ്ദേഹം പറഞ്ഞു. താമസിപ്പിക്കാതെ കത്തുടനെ എഴുതാൻ ഞാൻ നിർബന്ധിച്ചു. കത്ത് നെഞ്ചത്തുവെച്ചുകൊണ്ടുറങ്ങണോ എന്നദ്ദേഹം ചോദിച്ചു. അതുതന്നെയാണ് വേണ്ടത് എന്നു ഞാൻ മറുപടി പറഞ്ഞു. എനിക്കു രാത്രി ഉറങ്ങാൻ കഴിയുകയില്ലെന്നും അതുകൊണ്ട് നിങ്ങൾ ഇപ്പോൾത്തന്നെ കത്തെഴുതണമെന്നാണ് ഞാനാഗ്രഹിക്കുന്നതെന്നും അത് ഞാൻ എന്റെ നെഞ്ച

ത്തുവെച്ചുകൊണ്ട് സമാധാനത്തോടെ ഉറങ്ങുമെന്നും പറഞ്ഞു. അങ്ങനെ അദ്ദേഹം ആ സമയത്തുതന്നെ കത്തെഴുതി എനിക്കുതന്നു. ഞാനത് എന്റെ നെഞ്ചത്തുവെച്ചുകൊണ്ട് ഉറങ്ങുകയും നേരം വെളുത്തയുടനെ അയക്കുകയും ചെയ്തു.'

ഞാൻ ഇംഗ്ലണ്ടിൽ വിദ്യാർത്ഥിയായിരുന്നപ്പോഴാണ് 1914 ജൂലായ് അവസാനം യൂറോപ്പിൽ യുദ്ധം തുടങ്ങിയത്. ആഗസ്റ്റ് ആരംഭത്തിൽ ബ്രിട്ടനും യുദ്ധത്തിൽ പങ്കുചേർന്നു. യുദ്ധം കാരണത്താൽ പോക്കുവരവിൽ ചില തടസ്സങ്ങൾ ഉണ്ടായി. ഇന്ത്യയ്ക്കും ഇംഗ്ലണ്ടിനുമിടയിൽ തപാൽ പോക്കുവരവിലും ഒരാഴ്ചയിലധികം താമസം നേരിട്ടു. ആദ്യമേതന്നെ യുദ്ധവാർത്തകൾ കേട്ട് ഉമ്മ പരിഭ്രമിച്ചിരുന്നു. തപാൽ വരവും വൈകുമെന്ന് അറിഞ്ഞപ്പോൾ ബോധംകെട്ടുവീണു. ഉപ്പ ആദ്യമേ ഉമ്മയുടെ മാനസികാവസ്ഥകൾ വളരെ ശ്രദ്ധിക്കുകയും സമാധാനിപ്പിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ കൂടുതൽ സൂക്ഷ്മത പാലിക്കാൻ തുടങ്ങി.

ഉപ്പ പറയാറുണ്ടായിരുന്നു. 'യുദ്ധം തുടങ്ങിയതുമുതൽ നിന്റെ തിരിച്ചുവരവ് വരെയുള്ള മൂന്നുമാസക്കാലം എനിക്ക് മൂന്നു വർഷത്തെക്കാളധികം ബുദ്ധിമുട്ടുള്ളതായിത്തീർന്നിരുന്നു. നിന്റെ ഉമ്മയുടെ ഗതിമുട്ടിയ അവസ്ഥ കണ്ടിട്ട്, നിന്നെ ഇംഗ്ലണ്ടിലേക്ക് അയച്ചതിൽ ഞാൻ എന്തോ കുറ്റം ചെയ്തതുപോലെ തോന്നിപ്പോയിരുന്നു. ഒടുവിൽ അല്ലാഹു അവന്റെ അനുഗ്രഹംകൊണ്ട് നിന്നെ സുഖമായനിലയിൽ തിരിച്ചുകൊണ്ടുവന്നപ്പോൾ നിന്റെ ഉമ്മയുടെ ആത്മാവിൽ ജീവൻ വീണു. എന്റെ ജീവൻ രക്ഷപ്പെടുകയും ചെയ്തു.'

**യൂറോപ്പിൽനിന്നുള്ള എന്റെ തിരിച്ചുവരവ്**

1914 നവംബർ ആദ്യത്തിൽ ഞാൻ ഇന്ത്യയിൽ തിരിച്ചെത്തി. ആദ്യം ദാറുൽ അമാനിൽ ഹാജരായി രേഖാപരമായി ബയ്അത്തു ചെയ്യുകയും, നാവുകൊണ്ട് സാക്ഷ്യപ്പെടുത്തുകയും ചെയ്തു. ഹദ്റത്ത് ഖലീഫത്തുൽ മസീഹിനെ സന്ദർശിച്ച് തൃപ്തിയോടെ സിയാൽക്കോട്ടിലെത്തി.

യുദ്ധം കാരണത്താൽ ആ നാളുകളിൽ കടൽമാർഗ്ഗം സുര

ക്ഷിതമല്ലായിരുന്നു. അതുകൊണ്ട് ഞാൻ, അടുത്ത് നാട്ടിലെത്തു മെന്ന് മാത്രമെ ഉപ്പയെ അറിയിച്ചിരുന്നുള്ളൂ. തിയതി ഒന്നും പറ ഞ്ഞിരുന്നില്ല. ഞാൻ ലാഹോറിലെത്തിക്കഴിഞ്ഞപ്പോൾ, സുഖമായി ഞാനെത്തിയിട്ടുണ്ടെന്ന് ഉപ്പായ്ക്ക് വിവരം കിട്ടി. ഈ വാർത്ത കേട്ടുടനെ വഴിയിൽവെച്ചുതന്നെ കാണുന്നതിനായി ഉമ്മയും മാതു ലനും ശുക്റുല്ലാഹ് ഖാനേയും കൂട്ടി സിയാൽക്കോട്ടിൽനിന്ന് വസീ റാബാദിലെത്തിയെങ്കിലും എന്റെ വരവിനെക്കുറിച്ച് ഉറച്ചവിവരം കിട്ടാത്തതുകൊണ്ട് രാത്രി അവിടെ കാത്തുനിന്നതിനുശേഷം, മാതു ലനെ അവിടെ നിറുത്തി ശുക്റുല്ലാഹ് ഖാനോടൊപ്പം ഉമ്മ തിരിച്ചു സിയാൽക്കോട്ടിലേക്കു പോയി. മണിക്കൂറുകൾ കഴിഞ്ഞ് ഞാൻ ഉമ്മയുടെ അടുത്തെത്തി.

1914 ഡിസംബർ മുതൽ 1916 ആഗസ്റ്റുവരെ ഞാൻ ഉപ്പയോ ടൊപ്പം സിയാൽക്കോട്ടിൽ വക്കാലത്ത് പ്രാക്ടീസ് ചെയ്തു. 1916 ആഗസ്റ്റിൽ 'ഇന്ത്യൻ കേസസ്' എന്ന മാസികയുടെ സഹപത്രാധി പർ എന്ന നിലയിൽ ലാഹോറിലേക്കു പോയി. സമയം കഴിഞ്ഞു പോകുന്നതിനനുസരിച്ച് അവിടെ ഹൈക്കോടതിയിൽ പ്രാക്ടീസി നുള്ള അവസരങ്ങളും കിട്ടിക്കൊണ്ടിരുന്നു. എത്രത്തോളമെന്നാൽ, കുറച്ചുകാലത്തിനുശേഷം എന്റെ അധികസമയവും ഹൈക്കോട തിജോലിയിൽ ചെലവഴിയാൻ തുടങ്ങി.

**ഖാദിയാനിൽ പിതാവിന്റെ താമസം**

1917 ഏപ്രിൽ മാസത്തിൽ ഉപ്പ വക്കാലത്ത് പ്രാക്ടീസ് ഉപേക്ഷി ക്കുകയും കുറച്ചുമാസത്തിനുശേഷം ഖാദിയാനിൽ സ്ഥിരതാമസ മാക്കുകയും ചെയ്തു. 1905-ൽ ആദ്യമായി അദ്ദേഹം ഖാദിയാനിൽ വന്നപ്പോൾ, ഇഷ്ടപ്പെടുകയാണെങ്കിൽ താൻ വക്കാലത്ത് പ്രാക്ടീസ് ഒഴിവാക്കി തന്റെ മുഴുവൻ സമയവും ദീനിനുവേണ്ടി ചെലവഴി ക്കാൻ തയ്യാറാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറ ഞ്ഞിരുന്നതാണ്. എന്നാൽ, താങ്കൾ പ്രാക്ടീസ് തുടരുക എന്നാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത്. ഇപ്രകാരം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദേഹവിയോഗത്തിനുശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനോടും പറഞ്ഞിരുന്നു. എന്നാൽ 'ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്താണോ പറഞ്ഞത് അതനുസ

രിച്ച് ചെയ്യാനാണ്' ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറഞ്ഞത്. ഖിലാഫത്തെ ഥാനിയായുടെ കാലം ആരംഭിച്ച് കുറച്ചു കഴിഞ്ഞപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) 'ദീനീ സേവനത്തിനായി താങ്കളെ എപ്പോഴാണ് സമർപ്പിക്കുന്നത്' എന്ന് ഉപ്പയോടു ചോദിച്ചു. 'ഞാനിതാ ഹാജരായിരിക്കുന്നു'വെന്ന് അദ്ദേഹം പറഞ്ഞു. ഹുസൂർ കല്പിച്ചാലുടൻ വക്കാലത്ത് ഉപേക്ഷിച്ച് ഹുസൂറിന്റെ സന്നിധിയിൽ വരുന്നതാണ്.

അങ്ങനെ 1917-ൽ അദ്ദേഹം ദാറുൽ അമാനിൽ സ്ഥിരതാമസമാക്കുകയും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) നിസ്വാറത്തെ അഅ്ലായുടെ കാര്യങ്ങൾ അദ്ദേഹത്തെ ഏല്പിക്കുകയും ചെയ്തു. ഇതിനുപുറമെ ബിഹിശ്തി മഖ്ബറ വിഭാഗത്തിന്റെ ചുമതലയും അദ്ദേഹത്തിന്നായിരുന്നു. ഒഴിവ് സമയം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളുടെ ഇൻ്റക്സ് തയ്യാറാക്കുന്നതിൽ ചെലവഴിച്ചുപോന്നു. വക്കാലത്ത് പ്രാക്ടീസ് ചെയ്യുന്ന കാലത്തും അദ്ദേഹം സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ അംഗവും സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ നിയമോപദേശകനുമായിരുന്നു.

ഉപ്പ ദാറുൽഅമാനിൽ താമസമാക്കിയതിനുശേഷം ഉമ്മ അധികവും ഡസ്ക്കയിൽതന്നെയാണ് താമസിച്ചിരുന്നത്. ഇടയ്ക്കിടെ ഖാദിയാനിലും പോകുമായിരുന്നു. പക്ഷേ, ഓരോതവണയും ഒന്നോരണ്ടോ മാസത്തിലധികം അവർ ഖാദിയാനിൽ താമസിക്കുമായിരുന്നില്ല. ചിലപ്പോൾ എന്റെയടുക്കൽ ലാഹോറിലും വരുമായിരുന്നു. പക്ഷേ, അവിടെയും അവരുടെ താമസം ഓരോ തവണയും കുറച്ചു ദിവസമോ കുറച്ച് ആഴ്ചയോ മാത്രമായിരുന്നു.

**ഉപ്പയുടെയും ഉമ്മയുടെയും ഹജ്ജ്**

1924-ലെ വേനൽക്കാലത്ത് ഉപ്പയും ഉമ്മയും ഹജ്ജ് ചെയ്യുന്നതിനായി പോയി. സമുദ്രത്തിലെ ഇളക്കം കാരണത്താൽ യാത്രയ്ക്കിടയിൽ അധികവും ഉപ്പായ്ക്ക് സുഖമില്ലാതായി. പക്ഷേ, സമുദ്രയാത്ര വളരെ ഇഷ്ടപ്പെട്ടുവെന്നും യാത്രയിൽ ആരോഗ്യം നല്ലനിലയിലായിരുന്നുവെന്നും ഉമ്മ പറയുകയുണ്ടായി.

ഹജ്ജിനു പോകുമ്പോൾ ഉമ്മ തനിക്കും ഉപ്പായ്ക്കും വേണ്ടി

'കഫൻ' പൊതിയാനുള്ള തുണിയും തയ്യാറാക്കികൊണ്ടുപോയിരുന്നു. ഹജ്ജ് ദിനങ്ങളിൽ ആ തുണികൾ സംസം വെള്ളത്തിൽ കഴുകി സൂക്ഷിച്ചുവയ്ക്കാനും, സമയം വരുമ്പോൾ ഉപയോഗിക്കാനുമായിരുന്നു അത്.

ഹജ്ജ് ചെയ്ത് മടങ്ങിവന്നതിനുശേഷം രണ്ടുവർഷത്തെ ജീവിതംകൂടി അല്ലാഹു ഉപ്പായ്ക്ക് നല്കി. 1925 ആഗസ്റ്റിൽ ഉമ്മയും ഉപ്പയും എന്റെ കൂടെ കശ്മീരിൽ പോകുക എന്നുദ്ദേശ്യത്തോടെ പുറപ്പെട്ടു. വഴിയിൽ കുറച്ചുദിവസം 'കോഹെമെരി' (മേരിമല) എന്ന സ്ഥലത്ത് ഞങ്ങൾ താമസിച്ചു. ഈ ചുരുങ്ങിയ താമസത്തിന്നിടയിൽ ഉപ്പയുടെ ആരോഗ്യം വളരെ മോശമാകുകയും ഗുരുതരാവസ്ഥയിലെത്തുകയും ചെയ്തു. പക്ഷേ, ആ അവസരത്തിൽ അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ട് അദ്ദേഹത്തിന് ആരോഗ്യം കിട്ടി. എങ്കിലും അദ്ദേഹത്തിന്റെ രോഗം കാരണത്താൽ ആഗസ്റ്റ് സെപ്തംബർ മാസത്തിന്റെ അധികഭാഗവും ഞങ്ങൾക്ക് 'കോഹെമെരി'യിൽ കഴിച്ചുകൂട്ടേണ്ടിവന്നു. സെപ്തംബറിന്റെ ഒടുവിലാണ് ഞങ്ങൾക്ക് അല്പദിവസത്തേക്ക് കശ്മീരിൽ പോകാൻ സാധിച്ചത്. അങ്ങനെ അല്ലാഹു അവരുടെ ഈ ആഗ്രഹവും പൂർത്തിയാക്കി.

**ഉപ്പയുടെ അസുഖം**

1926 ജൂലൈ അല്ലെങ്കിൽ ആഗസ്റ്റിന്റെ ആരംഭത്തിൽ ജമാഅത്തിന്റെ ഒരു കേസിൽ സാക്ഷി പറയുന്നതിനായി ഉപ്പ ഖാദിയാനിൽനിന്ന് സിയാൽക്കോട്ടിലേക്ക് പോയി. ആ കേസുമായി ബന്ധപ്പെട്ട് ഞാനും സിയാൽക്കോട്ടിൽ പോയിട്ടുണ്ടായിരുന്നു. തനിക്ക് ചുമയുണ്ടെന്ന് അവിടെവച്ച് ഉപ്പ എന്നോടു പറഞ്ഞു. പക്ഷേ, എന്തെങ്കിലും പ്രത്യേക ബുദ്ധിമുട്ടുള്ളതായി പറഞ്ഞില്ല. കേസ്സിന്റെ നടപടികളിൽനിന്ന് ഒഴിവായതിനുശേഷം ഉപ്പ ഡസ്ക്കയിലേക്കും ഞാൻ തിരിച്ച് ലാഹോറിലേക്കും പോയി.

ആഗസ്റ്റ് 12-ന് ഉപ്പായ്ക്ക് അസുഖം കൂടുതലാണെന്നുള്ള അറിയിപ്പു കിട്ടി. ഞാനുടനെ ഡസ്ക്കയിലേക്കുപോയി. ഉപ്പയേയും ഉമ്മയേയും ലാഹോറിലേക്കു കൂട്ടിക്കൊണ്ടുവന്നു. ലാഹോറിലെത്തി പരിശോധിച്ചപ്പോൾ, അദ്ദേഹത്തിന് 'പ്ലൂറെസി'യുടെ ബുദ്ധിമുട്ടു

ണ്ടെന്ന് അറിയാൻ കഴിഞ്ഞു. ശ്വാസകോശത്തിന്റെ താഴത്തെ നേരിയ ചർമ്മത്തിൽ വെള്ളം കെട്ടിക്കൊണ്ടിരുന്നു. രണ്ടാം ദിവസം ഈ വെള്ളം നീക്കം ചെയ്തു. ഇതുമുഖേന ചുമ ഒരുപാട് കുറഞ്ഞു. പ്രത്യക്ഷത്തിൽ അദ്ദേഹത്തിന്റെ ആരോഗ്യം നല്ല നിലയിലായി.

അദ്ദേഹം സ്വയം വൈദ്യം പഠിച്ച ആളായിരുന്നതുകൊണ്ട് രോഗത്തിന്റെ ലക്ഷണത്തിൽനിന്ന് അത് ഏത് ഇനത്തിൽപ്പെട്ടതാണെന്ന് തിരിച്ചറിഞ്ഞിരുന്നു. ലാഹോറിലെത്തി രണ്ടുമൂന്ന് ദിവസം കഴിഞ്ഞ് എന്നോടു പറഞ്ഞു: "ജീവിതവും മരണവും അല്ലാഹുവിന്റെ അധികാരത്തിലുള്ളതാണ്. പ്രത്യക്ഷത്തിൽ ആരോഗ്യം നല്ല നിലയിലുമാണ്. അല്ലാഹു ഇച്ഛിച്ചാൽ പരിപൂർണ്ണസുഖം കിട്ടും. പക്ഷേ, രോഗത്തിന്റെ ലക്ഷണം കണ്ടുകൊണ്ടും എന്റെ പ്രായം കണക്കിലെടുത്തും കുറച്ചു നിർദ്ദേശങ്ങൾ നിന്നെക്കൊണ്ടെഴുതിക്കാമെന്ന് ഞാനാഗ്രഹിക്കുന്നു." ഞാൻ കടലാസും പേനയുമെടുത്തു. അദ്ദേഹം ചുരുക്കം ചില നിർദ്ദേശങ്ങൾ എഴുതിച്ചു. അവയിലൊന്ന്, ഹദ്റത്ത് സാഹിബിനോട് ബുദ്ധിമുട്ടൊന്നുമില്ലെങ്കിൽ (ആ ദിനങ്ങളിൽ ഹുസൂർ ഡൽഹൗസിയിലായിരുന്നു) എന്റെ ജനാസ നമസ്കരിപ്പിക്കാൻ പറയണം എന്നതായിരുന്നു. അതിനുശേഷം അവസാനസമയംവരെ ഇന്നത് ചെയ്യണമെന്നും ഇന്നത് ചെയ്യരുത് എന്നുമുള്ള ഒരാഗ്രഹവും പ്രകടിപ്പിച്ചിരുന്നില്ല. തുടർന്ന് അദ്ദേഹത്തിന്റെ ആരോഗ്യം പ്രത്യക്ഷത്തിൽ മെച്ചപ്പെടുകയും തിന്നുകയും കുടിക്കുകയും നടക്കുകയുമൊക്കെ സാധാരണ നിലയിലാകുകയും ചെയ്തു.

'നിങ്ങളൊരിക്കലും ഡൽഹൗസിയിൽ വന്നിട്ടില്ലല്ലോ. ഇപ്രാവശ്യം എന്തായാലും വരണം' എന്ന് ഹദ്റത്ത് സാഹിബ് എനിക്കെഴുതിയിരുന്നു എന്ന വിവരം ഒരു ദിവസം ഞാൻ ഉപ്പയെ അറിയിച്ചപ്പോൾ 'അതുശരി. ഇപ്രാവശ്യം ഡൽഹൗസിക്ക് പോകാം' എന്ന് വളരെ താൽപര്യത്തോടെ പറഞ്ഞു. 'അങ്ങയുടെ ആരോഗ്യത്തിന്റെ അവസ്ഥ ഇതാണ്. പക്ഷേ, ഡൽഹൗസിക്കു പോകാനാഗ്രഹിക്കുന്നു' എന്ന് ഉമ്മ പുഞ്ചിരിച്ചുകൊണ്ട് അഭിപ്രായപ്പെട്ടപ്പോൾ ഉപ്പ പറഞ്ഞു. 'അല്ലാഹു സുഖം തരില്ലെന്ന് ആരറിഞ്ഞു.'

ആഗസ്റ്റ് അവസാനത്തിൽ വീണ്ടും ശ്വാസകോശത്തിൽ ഭാരം കൂടാൻ തുടങ്ങി. അതിൽനിന്ന് പിന്നേയും വെള്ളം കെട്ടിയിട്ടുണ്ടെന്ന് മനസ്സിലായി. ഡാക്ടറുടെ അഭിപ്രായം വെള്ളം നീക്കം ചെയ്യണം എന്നതായിരുന്നു. വെള്ളം നീക്കം ചെയ്യുന്നത് ഇപ്രാവശ്യം ഉപ്പ ഭയന്നിരുന്നു. ഞാൻ ഉമ്മയുമായി ആലോചിച്ചു. ഡാക്ടർമാരുടെ അഭിപ്രായത്തിൽ ഇതാണ് ചികിത്സയെങ്കിൽ പിന്നെ മറ്റൊരു വഴിയുമില്ലെന്ന് ഉമ്മ പറഞ്ഞു. അങ്ങനെ ഉപ്പയും അതു സമ്മതിച്ചു. ആഗസ്റ്റ് 29 ഞായറാഴ്ച രണ്ടാംവട്ടം വെള്ളം നീക്കം ചെയ്തു. ആ നേരത്ത് ഡോക്ടർമാർ മുറിയിലുണ്ടായിരുന്ന കാരണത്താൽ ഉമ്മ മുറിയിലുണ്ടായിരുന്നില്ല. വേറെ ഏതോ മുറിയിൽ സുജൂദിൽ വീണ് ദുആ ചെയ്യുകയായിരുന്നു. ഡാക്ടർമാർ അടുത്ത മുറിയിലേക്ക് പോയപ്പോൾ ഞാൻ ഉമ്മയെ വിവരം അറിയിക്കുകയും ഉപ്പ കിടന്ന മുറിയിലേക്ക് വരികയും ചെയ്തു. പിന്നീട് ഡാക്ടർമാർ രണ്ടാമത്തെ മുറിയിൽനിന്ന് പുറത്തേക്ക് പോകുന്നത് കണ്ടപ്പോൾ ഉമ്മ അല്പം പരിഭ്രമിച്ചു. മാറ്റിനിറുത്തി എന്നോടു പറഞ്ഞു: “അല്ലാഹു നല്ലതുവരുത്തട്ടെ. കുറച്ചുദിവസം മുമ്പേ ഞാൻ നിന്നോടു പറഞ്ഞ സ്വപ്നം നിനക്ക് ഓർമ്മയുണ്ടോ? ബംഗ്ലാവിൽ നിന്ന് പുറത്തേക്കുപോകുന്ന രണ്ടാളെ ഞാൻ സ്വപ്നത്തിൽ കണ്ടില്ലേ, ഈ മുറിയിൽനിന്ന് ഇപ്പോൾ പുറത്തേക്കുപോയ രണ്ടുപേർ തന്നെയായിരുന്നു അത്. ഇതേ വസ്ത്രത്തിൽ തന്നെയാണ് ഞാനവരെ സ്വപ്നത്തിൽ കണ്ടത്. അവരുടെ പ്രതിമ മുറിയിൽനിന്ന് പുറത്തേക്കിറക്കുന്നത് ഇപ്രകാരം പിൻഭാഗത്തുനിന്ന് ഞാൻ കണ്ടതാണ്.

ഇതിന് കുറച്ചുദിവസം മുമ്പേ ഉമ്മകണ്ട ഒരു സ്വപ്നം എന്നോടു പറഞ്ഞിരുന്നു. “ഇംഗ്ലീഷ് വസ്ത്രം ധരിച്ച രണ്ടു വ്യക്തികൾ മുറിയിൽനിന്ന് പുറത്തേക്ക് പോകുന്നു. ഈ രണ്ടുപേർ ചൗദ്ദരീസാഹിബിനെ (ഉപ്പയെ) കൊലപ്പെടുത്തിയിട്ടാണ് പോകുന്നതെന്ന് ആരോ അവരെ ചൂണ്ടിക്കൊണ്ട് പറഞ്ഞു.”

ആ ദിവസം ഉച്ചവരെ ഉപ്പയുടെ ആരോഗ്യം നല്ല നിലയിലായിരുന്നു. ഉച്ചയ്ക്ക് ശ്വാസോച്ഛ്വാസത്തിൽ ബുദ്ധിമുട്ടനുഭവപ്പെട്ടു തുടങ്ങി. ആദ്യം ശ്വാസകോശത്തിന്റെ അടിഭാഗത്ത് കുറേശ്ശെ വേദ

നയുണ്ടായിരുന്നു. പക്ഷേ, 30-ന് രാവിലെ വേദന കുറഞ്ഞുവെങ്കിലും ശ്വാസതടസ്സം ഉണ്ടായിക്കൊണ്ടിരുന്നു. ചികിത്സയും നടക്കുന്നുണ്ടായിരുന്നു. പക്ഷേ, പതുക്കെപ്പതുക്കെ അവസ്ഥ മോശമായിക്കൊണ്ടേപ്പോയി. രോഗത്തിന്റെ അവസാനഘട്ടമാണതെന്ന് അദ്ദേഹം സ്വയം മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. എങ്കിലും അദ്ദേഹത്തിൽനിന്ന് ഒരുതരത്തിലുള്ള അസ്വസ്ഥതയോ വിഷമോ പ്രകടമായിരുന്നില്ല. 31-ാം തിയതി രാവിലെ ഞാൻ ഉപ്പയുടെയടുത്തുനിന്നെഴുന്നേറ്റ് നമസ്കരിക്കാൻ പോയി. നമസ്കാരത്തിലെ എന്റെ കരച്ചിൽ ഉപ്പാന്റെ ചെവിയിൽ പതിഞ്ഞു. 'പെട്ടെന്നുപോയി അവനെ സമാധാനിപ്പിക്കാനും ഡാക്ടർ പറയുന്നതുകേട്ട് അവൻ പരിഭ്രമിച്ചിട്ടുണ്ടെന്ന് മനസ്സിലാകുന്നെന്നും വളരെ വിഷമത്തോടെ ഉമ്മയോടു പറഞ്ഞു.

**ഉപ്പയുടെ മരണത്തെക്കുറിച്ചുള്ള ഉമ്മ കണ്ട സ്വപ്നം**

അതേദിവസം ഉമ്മ താൻകണ്ട ഒരു സ്വപ്നം എന്നെ കേൾപ്പിച്ചു. അത് അവർ തലേന്നുരാത്രി കണ്ടതായിരുന്നു. 'നിന്റെ ഉപ്പ ഒരു മേശയുടെയടുത്തു കസേരയിലിരുന്ന് എന്തോ എഴുതിക്കൊണ്ടിരിക്കുകയാണ്. തന്റെ ജോലിയിൽ ബദ്ധശ്രദ്ധനാണ്. അതേ മുറിയിൽ ഒരു സോഫയിൽ ഒരു യുവതി ഇരിക്കുന്നുണ്ട്. 'താങ്കൾ പോകുകയാണെങ്കിൽ ഈ സ്ത്രീയേയും കൂട്ടിക്കൊണ്ടുപോകുക' എന്ന് ശുക്റുല്ലാഹ്ഖാൻ നിന്റെ ഉപ്പയോടു പറഞ്ഞു. നിന്റെ ഉപ്പ അവിടെ ഇരുന്നുകൊണ്ടുതന്നെ കഴുത്ത് തിരിച്ച് (തന്റെ ജോലിക്ക് വിഘ്നം വരുന്നത് ഇഷ്ടപ്പെടാതെ അത് പെട്ടെന്ന് തീർക്കാനാഗ്രഹിക്കുന്നു എന്ന മട്ടിൽ) 'മോനെ, എനിക്ക് ജുമുഅ ദിവസം അവധി കിട്ടും' എന്ന് മറുപടി പറഞ്ഞു.'

'അവധി' എന്ന പദത്തിൽനിന്ന് മനസ്സിലാകുന്നത്, ഇദ്ദേഹം ജുമുഅ ദിവസം തുടങ്ങുമ്പോൾത്തന്നെ അവധിയെടുത്തു പോകുമെന്നാണെന്ന് ഉമ്മ എന്നോടു പറഞ്ഞു. അതുകൊണ്ട് ഡാക്ടർ എന്തും പറഞ്ഞുകൊള്ളട്ടെ. നീ ഇപ്പോൾ മുതൽതന്നെ എല്ലാ ഒരുക്കങ്ങളും ചെയ്യുക. അദ്ദേഹം വിടപറഞ്ഞ ഉടനെതന്നെ ഖാദിയാനിലേക്ക് കൊണ്ടുപോകാനായി വ്യാഴാഴ്ച വൈകുന്നേരത്തിനുള്ളിൽ എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കണം. നിനക്ക് ഇതിനു

മുമ്പേ ഇത്തരം ഒരവസരം കാണേണ്ടിവന്നിട്ടില്ല; യഥാർത്ഥ സമയം വരുമ്പോൾ പരിഭ്രമിച്ചുപോകുന്ന ഒരവസ്ഥ ഉണ്ടാകരുത്. അല്ലാഹുവിന്റെ ഇഷ്ടം ഇപ്രകാരമാണെന്നാണ് മനസ്സിലാകുന്നത്. അതുകൊണ്ട് ഇപ്പോൾ മുതൽ തയ്യാറെടുപ്പ് നടത്തുക. നിന്റെ സഹോദരന്മാർക്ക് ഉടനെ കത്തെഴുതുക. രണ്ടുപേർ എത്രയും പെട്ടെന്ന് ഇവിടെ എത്തട്ടെ. ഒരാൾ പെങ്ങളെ കൊണ്ടുവരാൻ പോകട്ടെ. നിന്റെ പെങ്ങളെ കൂട്ടാൻ പോകുന്നയാളോട് 'വ്യാഴാഴ്ച സൂര്യൻ അസ്തമിക്കുന്നതിനുമുമ്പേ ഇവിടെ എത്തിച്ചേരാൻ' നിർബന്ധമായും പറയണം. നിന്റെ ഉപ്പയുടെ കഫൻ പൊതിയാനുള്ള തുണി ഇന്നസ്ഥലത്ത് വെച്ചിട്ടുണ്ടെന്നും വരുമ്പോൾ അതെടുത്തുവരണമെന്നും എന്നാൽ, മറ്റാരും ഇതിപ്പോൾ അറിയരുതെന്നും, അറിഞ്ഞാൽ ഗ്രാമവാസികളെല്ലാം ഇവിടെ തടിച്ചുകൂടുമെന്നുംകൂടി പറയണം. പിന്നീട് പറഞ്ഞു: പെട്ടി തയ്യാറാക്കാനും പറയുക. വ്യാഴാഴ്ച വൈകുന്നേരത്തിനുള്ളിൽ ഇത് നിർബന്ധമായും കിട്ടേണ്ടതാണ്. വാടകവാഹനത്തിനുള്ള ഏർപ്പാടും ചെയ്യുക. അർദ്ധരാത്രികഴിഞ്ഞ് രണ്ടുമണിക്ക് വരാൻ അവരോട് പറയണം." ഉമ്മയുടെ നിർദ്ദേശപ്രകാരം ഞാൻ എല്ലാ ഏർപ്പാടും ചെയ്തു. ഇതു ചൊവ്വാഴ്ചയായിരുന്നു. അല്പം ശ്വാസതടസ്സമല്ലാതെ പ്രത്യക്ഷത്തിൽ ഉപ്പായ്ക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല. പൂർണ്ണമായും ബോധവാനായിരുന്നു. സംസാരിക്കാറുണ്ടായിരുന്നു. പക്ഷേ, ക്ഷീണം അല്പാല്പം കൂടിക്കൊണ്ടിരുന്നു.

സെപ്തംബർ ഒന്നാം തിയ്യതി രാവിലെ സുബ്ഹി നമസ്കാരത്തിനുശേഷം ഉപ്പയുടെയടുത്ത് ഞാൻ തനിച്ചേ ഉണ്ടായിരുന്നുള്ളൂ. ഞാൻ ചോദിച്ചു: 'അങ്ങ് ദുഃഖിതനാകുകയില്ലല്ലോ. അല്പം കഴിഞ്ഞാൽ അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ കൂടിക്കാഴ്ച സാധ്യമാകുന്നതാണ്.' അദ്ദേഹം മറുപടി പറഞ്ഞു: 'ഇല്ല. ഞാനെന്റെ അല്ലാഹുവിന്റെ തൃപ്തിയിൽ സംതൃപ്തനാണ്.'

അന്നേദിവസം ഉച്ചയ്ക്ക് എന്റെ സഹോദരന്മാരായ ശുക്റുല്ലാഹ്ഖാനും അബ്ദുല്ലാഹ്ഖാനും എത്തി. മറ്റു ചില സഹോദരങ്ങളും ബന്ധുക്കളും വന്നിരുന്നു. വ്യാഴാഴ്ച ഉച്ചയ്ക്ക് ശ്വാസോച്ഛ്വാസത്തിലുണ്ടായിരുന്ന വിഷമം നീങ്ങിയെങ്കിലും രോഗത്തിന്റെ ക്ഷീണം

വർദ്ധിച്ചുകൊണ്ടിരുന്നു. പൂർണ്ണമായും ബോധം ഉണ്ടായിരുന്നു. ഉച്ച യ്ക്കുശേഷം ഉമ്മയോടു പറഞ്ഞു. 'അല്പം എന്റെ കണ്ണടയുമ്പോൾ മുറി പഴവർഗ്ഗങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്നതായും ഏറ്റവും നല്ല സുഗന്ധം വന്നുകൊണ്ടിരിക്കുന്നതായും ഞാൻ കാണുന്നു. എന്റെ മനസ്സിൽ ഒരുതരത്തിലുള്ള വിഷമവും ഇപ്പോഴില്ല.' ഹൃദയം തുടർച്ച യായി ബലഹീനമായിക്കൊണ്ടിരിക്കുകയായിരുന്നു. ഹൃദയത്തിന് ശക്തി പകരാൻ ഡാക്ടർ വൈകുന്നേരം നിരന്തരം ഇൻഞ്ചക്ഷൻ ചെയ്തുകൊണ്ടിരുന്നു. ഇൻഞ്ചക്ഷൻ ചെയ്യേണ്ട ആവശ്യമില്ലെന്ന് ഉപ്പ പറയാറുണ്ടായിരുന്നു. പക്ഷേ, ചികിത്സയിൽ കൈകടത്തുന്നത് ശരിയല്ലെന്ന വിചാരത്താൽ, പൂർണ്ണമായും അത് നിഷേധിച്ചിരുന്നി ല്ല. എന്നെ അങ്ങേയറ്റം ദുഃഖിതനായിക്കണ്ട ഒരുനേരത്ത് പറഞ്ഞു: 'മോനേ, ഈ നേരം എല്ലാവർക്കും വന്നുകൊണ്ടിരിക്കുന്നതാണ്.'

അസ്റിനുശേഷം ആഡിറ്റർ ബാബു അബ്ദുൽ ഹമീദ് സാഹിബ് വരികയും എന്നെ വിളിപ്പിക്കുകയും ചെയ്തു. പെട്ടിയുടേയും വാഹ നത്തിന്റേയും ഏർപ്പാട് ചെയ്യാൻ അദ്ദേഹത്തെയാണ് ഏല്പിച്ചിരു ന്നത്. പെട്ടി തയ്യാറായിട്ടുണ്ടെന്നും പള്ളിയിൽ വെച്ചിട്ടുണ്ടെന്നും വാഹനം വാടകക്കെടുത്തിട്ടുണ്ടെന്നും അർദ്ധരാത്രി കഴിഞ്ഞ് 2 മണിക്ക് ഇവിടെ വരുമെന്നും അദ്ദേഹം പറഞ്ഞു. പിന്നീട് ചൗദ്രി സാഹിബ് എങ്ങനെയുണ്ടെന്ന് ചോദിച്ചു. ഞാൻ അദ്ദേഹത്തിന്റെ അടുത്ത് സംസാരിച്ചുകൊണ്ടിരിക്കെ എഴുന്നേറ്റുവന്നതാണെന്ന് അദ്ദേഹത്തോടു പറഞ്ഞു. മഗ്രിബിനു അല്പം മുമ്പേ എന്റെ സഹോദരൻ അബ്ദുല്ലാഹ്ഖാനും സഹോദരിയുമെത്തി. അബ്ദുല്ലാ ഹ്ഖാൻ ഉപ്പായ്ക്ക് കൈ കൊടുത്തപ്പോൾ അവന്റെ ഇരുകൈകളും അദ്ദേഹം തന്റെ കൈകളിലൊതുക്കി. അല്പം കഴിഞ്ഞ് ഉപ്പ തന്റെ കൈ സ്വതന്ത്രമാക്കിക്കൊണ്ട് എന്റെ തുടയിൽവച്ചു. എന്നിട്ട് പറ ഞ്ഞു. 'മോനേ, ഞാൻ ഇത് ഇവിടെ വയ്ക്കാൻ ആഗ്രഹിക്കുന്നു.'

**ഉപ്പയുടെ വേർപാട്**

ഞങ്ങൾക്കെല്ലാവർക്കും ഉമ്മയുടെ സ്വപ്നത്തെക്കുറിച്ച് അറി യാമായിരുന്നു. ഇത് അവസാന നിമിഷങ്ങളാണെന്നും അറിയാമാ യിരുന്നു. എന്തെങ്കിലും സംസാരിച്ചിരിക്കാൻ കൊതിയുണ്ടായിരു ന്നതുകൊണ്ട് ഞാനെന്തെങ്കിലുമൊക്കെ പറഞ്ഞുകൊണ്ടിരുന്നു.

അങ്ങനെ ഒരു പ്രാവശ്യം ഞാൻ ഉപ്പയുടെ ചെവിയിൽ പറഞ്ഞു: 'എനിക്ക് ഉപ്പയോടുള്ള സ്നേഹം എത്രമാത്രമാണെന്നുവെച്ചാൽ, ഉപ്പയുടെ വിഷമം ഏറ്റെടുത്താലോ എന്ന് ഞാനാഗ്രഹിക്കുകയാണ്.' ഇതുകേട്ടപ്പോൾ തന്റെ കൈ എന്റെ കഴുത്തിന് ചുറ്റിപ്പിടിച്ച് തന്റെ മുഖം എന്റെ മുഖത്തോടു ചേർത്തുകൊണ്ടു പറഞ്ഞു: "അത്തരം ആഗ്രഹം അല്ലാഹുവിന് ഇഷ്ടമല്ല. ഓരോരുത്തരും അവരവരുടെ ഊഴത്തിലാണുള്ളത്." കുറച്ചുകഴിഞ്ഞപ്പോൾ,

كنت السواد لناظري – فعمي عليك الناظر
من شاء بعدك فليمت – فعليك كنت احاذر

എന്ന കവിതാശകലം ഏതവസരത്തിലേതാണെന്ന് അങ്ങയ്ക്ക് ഓർമ്മയുണ്ടോ എന്ന് ഞാൻ ചോദിച്ചു. ഓർമ്മയുണ്ടെന്ന് ഉപ്പ പറഞ്ഞു; 'ഹസ്സാൻബിൻ ഥാബിത്(റ) നബി(സ)തിരുമേനി വഫാത്തായപ്പോൾ പറഞ്ഞതാണത്.'

ഭക്ഷണത്തിന്റെ സമയം വന്നപ്പോൾ, എല്ലാ അതിഥികളോടും പോയി ഭക്ഷണം കഴിക്കാൻ നിർബന്ധിച്ചു. ചിലർ മടിച്ചുനിന്നപ്പോൾ, ഉപ്പ വീണ്ടും അവരോട് നിർബന്ധിച്ചുകൊണ്ടു പറഞ്ഞു, ജോലിക്കാർ പ്രതീക്ഷിച്ചുകൊണ്ടിരിക്കും, അവർക്കും അവരുടെ ജോലി തീർക്കേണ്ടതുണ്ട്. അതിഥികൾ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ, 'ഉപ്പ ഇഷ്ടപ്പെടുന്നെങ്കിൽ അദ്ദേഹത്തിന്റെ കട്ടിൽ പുരുഷന്മാരുടെ ഇരിപ്പിടസ്ഥലത്തേക്ക് കൊണ്ടുപോകാൻ' ഉമ്മ പറഞ്ഞു; അത് കൂടുതൽ വിശാലവും കാറ്റ് കടക്കുന്നതുമാണല്ലോ. ഉപ്പ അധികവും ഉറങ്ങാറുണ്ടായിരുന്നത് അവിടെയായിരുന്നു. ഞാൻ ഉപ്പയോട് ചോദിച്ചപ്പോൾ കൊണ്ടുപോകാൻ പറഞ്ഞു. 'അങ്ങേയ്ക്ക് ആ അങ്കണം (നാലുകെട്ടിന്നകത്തെ മുറ്റം) ഇഷ്ടമാണോ?' എന്ന് ഞാൻ ചോദിച്ചതേയുള്ളൂ, അദ്ദേഹം വഫാത്തായിക്കഴിഞ്ഞിരിക്കുന്നുവെന്ന് ഉമ്മ പറഞ്ഞു. അങ്ങനെ അദ്ദേഹം തന്റെ യജമാനന്റെ സന്നിധിയിൽ ഹാജരായി. നോക്കിയപ്പോൾ അദ്ദേഹം വഫാത്തായിരുന്നു.

ഉമ്മ പരിശുദ്ധ 'കലിമ' ചൊല്ലുകയും ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ പറയുകയും ദുആ ചെയ്യുകയും ചെയ്തു:

“അല്ലാഹുവേ, നിന്റെ അനുഗ്രഹംകൊണ്ട് ഇദ്ദേഹത്തിന് നിന്റെ കാരുണ്യത്തിന്റെ തണലിൽ റസൂൽ സ്വല്ലല്ലാഹു അലയ്ഹി വ സല്ലമയുടെ കൊടിക്കീഴിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാല്പാദങ്ങളിൽ ഇടം നല്കിയാലും. എന്നിട്ട് എന്നോട് പറഞ്ഞു: കട്ടിൽ അങ്കണത്തിലേക്ക് കൊണ്ടുപോകുക. അദ്ദേഹത്തെ ഖാദി യാനിൽ കൊണ്ടുപോകാനുള്ള ഏർപ്പാട് ചെയ്യുക.”

ഈ ഒരുക്കങ്ങൾ നടത്തുന്നതിനിടയിൽ ഞാൻ ശബ്ദമുണ്ടാ ക്കാതെ രണ്ടുമൂന്നുവട്ടം ഉമ്മയുടെ സ്ഥിതിയറിയുന്നതിനായി സ്ത്രീകൾ ഇരിക്കുന്ന സ്ഥലത്തുപോയി. ഉമ്മ സ്ത്രീകളുടെ ഇട യിലിരുന്ന് സമാധാനത്തോടുകൂടി ഉപ്പയുടെ രോഗത്തിന്റെ സ്ഥിതി ഗതികൾ പറഞ്ഞുകൊണ്ടിരിക്കുന്നതാണ് കണ്ടത്.

ഒരുക്കങ്ങളെല്ലാം പൂർത്തിയായപ്പോൾ ജനാസ നമസ്കരിച്ചു. ഉമ്മയും സ്ത്രീകളോടൊപ്പം ബംഗ്ലാവിന്റെ വരാന്തയിൽ സ്വഫ്ഫാ യിനിന്ന് നമസ്കാരത്തിൽ പങ്കുചേർന്നു. പെട്ടി വാഹനത്തിൽ കയ റ്റുന്നതിനുമുമ്പേ എന്റെ തോളിൽ പിടിച്ചുകൊണ്ട് അതിന്നടുത്തുവ ന്നു. എന്നിട്ട് പറഞ്ഞു:

“അല്ലാഹുവിനെ ഏല്പിക്കുന്നു. അങ്ങ് എന്നെ എല്ലാ രീതി യിലും സന്തോഷത്തോടെനോക്കി. എന്റെ ചെറുതിൽ ചെറുതായ ആഗ്രഹവും പൂർത്തിയാക്കി. എന്റെ മനസ്സ് എപ്പോഴും അങ്ങയിൽ തൃപ്തയായിരുന്നു. അങ്ങയിൽനിന്ന് എന്തെങ്കിലും വിഷമമോ, ദുഃഖമോ ഉണ്ടായതായി എനിക്കോർമ്മയില്ല. എങ്കിലും അങ്ങനെ ഉണ്ടായിട്ടുണ്ടെങ്കിൽ അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ഞാനതു മാപ്പാക്കുന്നു. അങ്ങയ്ക്ക് അവന്റെ കാരുണ്യത്തിന്റെ തണലിൽ ഇടം നല്കുമാറാകട്ടെ. അങ്ങയുടെ പിതാവിന് എന്റെ സലാം പറയ ണം. കഴിയുമെങ്കിൽ അങ്ങയുടെ അവസ്ഥയെക്കുറിച്ച് ഞങ്ങളെ അറിയിച്ചുതരണം.”

ഈ മുഴുവൻ കാലത്തിനുമിടയിൽ അവസാനത്തെ ഈയൊരു വാക്യം മാത്രമാണ് അവരുടെ മനസ്സിന്റെ സങ്കടത്തിന് സാക്ഷ്യമാ യത്. ഇതും അനിയന്ത്രിതമായി പറഞ്ഞുപോയതാണെന്ന് തോന്നു ന്നു. കാരണം അല്ലാഹുവിന്റെ തൃപ്തിയെ അവർ ക്ഷമയോടുകൂടി

മാത്രമേ എന്നല്ല സന്തോഷത്തോടുകൂടിയേ എന്നും സ്വീകരിച്ചിട്ടു ള്ളൂ. കാണികൾക്ക് ഓരോരുത്തർക്കും മാതൃകാപരമായ അരനൂറ്റാണ്ടുകാലത്തെ സ്നേഹവും ആത്മാർത്ഥതയും നിറഞ്ഞ ആ കൂട്ടുകെട്ട് അവസാനിക്കുന്നതിൽ ഒരുതരത്തിലുള്ള വ്യസനവും പ്രകടിപ്പിച്ചില്ല. അവരുടെ മനസ്സിലൂടെ കടന്നുപോയതെല്ലാം അവർക്കു മാത്രമേ അറിയൂ. പക്ഷേ, മനസ്സിന്റെ അവസ്ഥ അവർ മനസ്സിൽ തന്നെ വയ്ക്കുകയായിരുന്നു. എപ്പോഴെങ്കിലും അതിന്റെ മിന്നലാട്ടം ഏതെങ്കിലും ഏറ്റവും അടുത്തബന്ധുവിന് കാണാൻകഴിഞ്ഞിരുന്നെന്നു മാത്രം. എങ്കിലും കഴിവിന്റെ പരമാവധി, അത് പ്രകടമാകാതിരിക്കാൻ അതീവജാഗ്രത പാലിച്ചിരുന്നു.

രാവിലെ രണ്ടുമണിക്കും മൂന്നുമണിക്കുമിടയിൽ ഞങ്ങൾ ഉപ്പയുടെ ജനാസയുമായി ലാഹോറിൽനിന്ന് പുറപ്പെട്ടു. എട്ടുമണിയോടടുത്ത് ഹദ്റത്ത് ഉമ്മുൽ മുഅ്മിനീന്റെ തോട്ടത്തിലെത്തി. അന്ന് സെപ്തംബർ 3 വെള്ളിയാഴ്ചയായിരുന്നു. 'വൈദ്യശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ജനാസ താമസിപ്പിക്കുന്നതുകൊണ്ട് കുഴപ്പമൊന്നുമില്ലെങ്കിൽ, എന്നെ കാക്കുക, ഞാൻ ജനാസ നമസ്കരിപ്പിക്കാം' എന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ കമ്പി ഡൽഹൗസിയിൽനിന്നു വന്നു. താമസിക്കുന്നതുകൊണ്ട് പ്രശ്നമൊന്നുമില്ലെന്ന് പരിശോധിച്ചതിനുശേഷം ഡാക്ടർമാർ പറഞ്ഞു. അങ്ങനെ ഹുസൂറിനെ ആ വിവരം അറിയിച്ചു. 'താൻ വരുന്നുണ്ടെന്ന്' ഹുസൂറിൽനിന്ന് മറുപടിവന്നു. കനത്തമഴ കാരണത്താൽ വഴി ദുർഘടമായിത്തീർന്നിരുന്നു. അതുകൊണ്ട് ഹുസൂർ ഖാദിയാനിൽ എത്തിയത് അർദ്ധരാത്രിക്കു ശേഷമാണ്. സെപ്തംബർ 4 ശനിയാഴ്ച രാവിലെ 9 മണിയോടടുത്ത് ഹുസൂർ ജനാസ നമസ്കരിപ്പിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖബ്ർ നിലകൊള്ളുന്ന ഖണ്ഡത്തിന്റെ പടിഞ്ഞാറുഭാഗത്ത് പ്രത്യേക സ്വഹാബിമാരുടെ ഖണ്ഡത്തിൽ മറ ചെയ്യുവാൻ ഹുസൂർ അനുവാദം തന്നു. ഖബ്റിന്റെ മേലുള്ള മണ്ണ് മിനുസപ്പെടുത്തുമ്പോൾ ഓരോ തുള്ളി മഴ പെയ്യാൻ തുടങ്ങി. ഖബ്ർ മിനുസപ്പെടുത്താൻ വെള്ളം ഉപയോഗിക്കേണ്ടി വന്നില്ല. ശിലാലേഖയിലെ വാക്യങ്ങൾ ഹുസൂർതന്നെയാണ് എഴുതിയത്:

***ബിസ്മില്ലാഹിർറഹ്മാനിർറഹീം***
***നഹ്മദ്ദുഹൂ വ നുസല്ലീ അലാ റസൂലിഹിൽ കരീം***

ചൗദ്ദരി നുസ്റുല്ലാഹ് ഖാൻ സാഹിബ് പ്ലീഡർ സിയാൽക്കോട്ട് 1904-ൽ സിയാൽക്കോട്ട് എന്ന സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ യാത്ര യുടെ ദിനങ്ങളിൽ ബയ്അത്തിൽ ചേർന്നു. പക്ഷേ നേരത്തെമുതൽ ആത്മാർത്ഥത പുലർത്തിയിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ ചില സ്വപ്നങ്ങളുടെ അടിസ്ഥാ നത്തിൽ അദ്ദേഹത്തേക്കാൾ മുമ്പേ ബയ്അത്ത് ചെയ്തുകഴിഞ്ഞിരുന്നു. മാന്യമായ പ്രകൃതിയും ശാന്ത സ്വഭാവവും ആത്മാർത്ഥതയുള്ള ആളുമായിരുന്നു. പെട്ടെന്ന് പെട്ടെന്ന് ആത്മാർത്ഥതയിൽ അഭിവൃദ്ധി പ്പെട്ടു. വലിയ പ്രായത്തിൽ വിശുദ്ധഖുർആൻ ഹൃദി സ്ഥമാക്കി. അവസാനം ഞാൻ പറഞ്ഞതനുസരിച്ച് വക്കാലത്ത് ജോലി- ഇതിൽ അദ്ദേഹം വലിയ വിജ യിയായിരുന്നു- ഉപേക്ഷിച്ച് ദീനിന്റെ തൃപ്തിക്കായി ബാക്കിജീവിതം സമർപ്പണം ചെയ്യുകയും ആത്മാർത്ഥ തയോടുകൂടി- അതിൽ ദൈവസഹായത്താൽ എപ്പോഴും അഭിവൃദ്ധി കിട്ടിക്കൊണ്ടിരുന്നു- ഖാദിയാ നിൽവന്ന് താമസിക്കുകയും ചെയ്തു. ഈയിടയിൽ ഹജ്ജും നിർവ്വഹിച്ചു. ഞാൻ അദ്ദേഹത്തെ നാസിർ അഅ്ലായുടെ ജോലി ഏല്പിച്ചിരുന്നു. അതദ്ദേഹം കഠിനാധ്വാനത്തോടും അങ്ങേയറ്റം ആത്മാർത്ഥത യോടുംകൂടി നിറവേറ്റി. അല്ലാഹുവിന്റെ തൃപ്തിയോ ടൊപ്പം എന്റെ സന്തോഷവും അഹ്മദീ സഹോദര ങ്ങളുടെ ഗുണവും അഭിവൃദ്ധിയും എപ്പോഴും മുന്നിൽക ണ്ടു. എന്നോടൊപ്പം ജോലി ചെയ്തിരുന്ന കാരണ ത്താൽ, ദീർഘദൃഷ്ടിയുള്ള ആളായി ഞാൻ അദ്ദേ ഹത്തെ മനസ്സിലാക്കിയിരുന്നു. വളരെ സൂക്ഷ്മമായ സൂചനകൾപോലും മനസ്സിലാക്കുകയും സദുദ്ദേശ്യ ത്തോടെ പ്രവർത്തിക്കുകയും ചെയ്തിരുന്നു. അത്

കാണുമ്പോൾ, എന്റെ മനസ്സ് സ്നേഹവായ്പിന്റേയും ആദരവിന്റേയും വികാരങ്ങളാൽ നിറയാറുണ്ടായിരുന്നു. ഇന്നുവരെ അദ്ദേഹത്തിന്റെ ഓർമ്മ മനസ്സിന് ചൂടേകുന്നു. അല്ലാഹുവിനോട് പ്രാർത്ഥിക്കുകയാണ്, അദ്ദേഹത്തിന്റെ പദവികളെ ഉയർത്തുമാറാകട്ടെ. ഇതേ രീതിയിൽ പുരോഗമിക്കുന്നതിനും, മുന്നോട്ടുഗമിക്കുന്നതിനും അദ്ദേഹത്തിന്റെ മക്കൾക്കും തൗഫീഖ് നല്കുമാറാകട്ടെ. അത്തരം ആളുകളുടെ കാലടിപാടുകളിലൂടെ നടക്കുന്ന ആളുകൾ അധികമധികമായി നമ്മുടെ ജമാഅത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുമാറാകട്ടെ. അല്ലാഹുമ്മ ആമീൻ.

മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്
ഖലീഫത്തുൽ മസീഹുഥ്ഥാനീ

മരണം 1345 സഫർ 24/1926 സെപ്തംബർ 3
വെള്ളിയാഴ്ച. വയസ്സ് 63.

സെപ്തംബർ 5-ാം തിയതി ഞങ്ങൾ ഖാദിയാനിൽനിന്ന് പുറപ്പെട്ട്, തിരിച്ച് ഞങ്ങളുടെ നാടായ ഡസ്ക്കയിലേക്ക് പോയി. ഏതെങ്കിലും നമസ്കാര സമയത്തായിരിക്കണം നമ്മൾ ഡസ്ക്കയിലെത്തേണ്ടതെന്ന് ഉമ്മ നിർബന്ധിച്ചുപറഞ്ഞു. എത്തിയുടനെ നമസ്കാരത്തിൽ മുഴുകുന്നതിനും അലമുറകൂട്ടാൻ വരുന്ന സ്ത്രീകൾക്ക് ഒരുതരത്തിലും വാവിട്ടുകരയാൻ അവസരം കൊടുക്കാതിരിക്കുന്നതിനും വേണ്ടിയായിരുന്നു ഇത്. ഞങ്ങൾ ഡസ്ക്കയുടെ അടുത്തെത്തിയപ്പോൾ സുഹ്ർ നമസ്കാരത്തിന്റെ സമയം കഴിഞ്ഞിരുന്നു. വഴിയിൽവച്ചുതന്നെ ഉമ്മ വുസു ചെയ്തു. വീട്ടിലെത്തിയയുടനെ നമസ്കാരം തടുങ്ങി.

ആ അവസരത്തിൽ ഞങ്ങളുടെ ഗ്രാമത്തിലെ ഒരു അനഹ്മദീ സ്ത്രീ ഉമ്മയോടു പറഞ്ഞു. "ഇന്നലെ (സെപ്തംബർ 4) എനിക്ക് കഠിനമായ പനിയുണ്ടായിരുന്നു. രോഗം മൂർച്ഛിച്ചു. അപ്പോൾ ഞാൻ അബോധാവസ്ഥയിലായി. മിയാൻ ജമാൽ (അദ്ദേഹം ഉപ്പാന്റെ ഗുമസ്തനായിരുന്നു. അദ്ദേഹത്തോടൊപ്പം ഹജ്ജും ചെയ്തിരുന്നു.)

'വരൂ, നിന്നെ ഞാൻ ഖാദിയാനിൽ കൊണ്ടുപോകാം' എന്ന് എന്നോടു പറയുന്നു. ഞാൻ അദ്ദേഹത്തോടൊപ്പം പോകാനിറങ്ങി. അല്പം പോയതേയുള്ളൂ, അദ്ദേഹം പറഞ്ഞു: 'ദാ നോക്ക്, ഖാദിയാൻ.' അടുത്ത് ഒരു തോട്ടമുണ്ടായിരുന്നു. ഞങ്ങൾ അതിൽ പ്രവേശിച്ചു. തോട്ടത്തിൽ ഒരു വീടുണ്ടായിരുന്നു. ഞങ്ങൾ അതിന്റെ വരാന്തയിൽ കടന്നു. തൊട്ടടുത്തുള്ള പൂമുഖത്ത് ഒരു കട്ടിൽ ഇട്ടിരുന്നു. അതിൽ ചൗദ്ദരി സാഹിബ് (എന്റെ ഉപ്പ) ഇരുന്ന് വിശുദ്ധഖുർആൻ പാരായണം ചെയ്യുകയാണ്. സൗന്ദര്യവതിയായ ഒരു യുവതി അടുത്തുനിന്ന് വീശിക്കൊടുക്കുന്നു. മുറിയിൽ വിവിധരീതിയിലുള്ള പഴങ്ങൾ വെച്ചിട്ടുണ്ട്. ചൗദ്ദരീ സാഹിബ് ഞങ്ങളെ ഉള്ളിലേക്ക് വിളിച്ച് ഇരിക്കാൻ ആംഗ്യം കാണിച്ചു. പിന്നീട് 'ഞാൻ വളരെ സന്തോഷത്തിലാണെന്ന് സഫ്റുല്ലാഹ്ഖാന്റെ ഉമ്മയോട് പറയണം' എന്ന് എന്നോടു പറഞ്ഞു. പിന്നീട് എനിക്ക് ബോധം തെളിഞ്ഞു. എന്റെ പനി പൂർണ്ണമായും മാറിയിരിക്കുന്നതായും തികച്ചും ആരോഗ്യവതിയായും ഞാൻ കണ്ടു.'

**എന്നോടൊപ്പമുള്ള ഉമ്മയുടെ ജീവിതം**

തന്റെ മരണത്തിനുശേഷം ഉമ്മ സ്ഥിരമായി എന്നോടൊപ്പം കഴിയണമെന്നത് ഉപ്പയുടെ ആഗ്രഹമായിരുന്നു. അദ്ദേഹം തന്റെ അവസാനത്തെ രോഗാവസ്ഥയിൽ ഒരുവിധത്തിൽ തന്റെ ഈ ആഗ്രഹം ഉമ്മയോടു പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. ഉമ്മ എന്നിൽനിന്ന് അകന്നിരിക്കുന്നത് എനിക്കും അസഹ്യമായിരുന്നു. ഉമ്മ തന്റെ ബാക്കിജീവിതത്തിന്റെ സിംഹഭാഗവും എന്റെ അടുത്തു കഴിയുകയും തന്റെ അനുഗൃഹീതമായ വ്യക്തിത്വംകൊണ്ട് ഞങ്ങളുടെ വീടിനെ പ്രകാശമാക്കുകയും അവരുടെ ചുറ്റും കഴിഞ്ഞിരുന്ന ഞങ്ങൾ ഓരോ നിമിഷവും അവരുടെ പ്രാർത്ഥനകളിൽനിന്ന് പ്രതിഫലം പറ്റുകയും ചെയ്തുകൊണ്ടിരുന്നു. ഈ ഭാഗ്യം അങ്ങനെ ഞങ്ങൾക്കു ലഭിച്ചു. ഈ പന്ത്രണ്ടുവർഷക്കാലം എത്ര മാത്രം അനുഗൃഹീതമായിരുന്നു. പക്ഷേ, എത്രമാത്രം ഹ്രസ്വവും അതിശീഘ്രവും!

ആ ജീവിതത്തിന്റെ തുടക്കത്തിൽ നിത്യവും ഇശാഅ് നമസ്കാരത്തിനുശേഷം ഉമ്മയുടെയടുത്ത് പോകുക എന്നത് എന്റെ മാമൂ

ലായിരുന്നു. കുറച്ചു മിനിറ്റുകൾ ഞങ്ങൾ ഞങ്ങളുടെ സ്വകാര്യങ്ങൾ പറയുന്നതിൽ മുഴുകുമായിരുന്നു. ഈ മാമൂൽ അവസാനംവരെ നിലനിന്നു. എന്നാൽ, ആദ്യത്തെ ഒന്നുരണ്ടുവർഷത്തിനുശേഷം ചില സന്ദർഭങ്ങളിൽ ഇതിന് വിഘ്നവും ഉണ്ടാകാറുണ്ടായിരുന്നു. അവരുടെ മനസ്സ് സൂക്ഷ്മമായ കാര്യങ്ങൾ പെട്ടെന്ന് മനസ്സിലാക്കുംവിധമുള്ളതായിരുന്നു. അതുകൊണ്ട് ഏതെങ്കിലും കാര്യത്തിന്റെ സൂചന കിട്ടിയാൽ അതിന്റെ ഫലം പിടിച്ചെടുക്കുമായിരുന്നു. എന്നിൽനിന്ന് പല കുറവുകളും കുറ്റങ്ങളും ഉണ്ടായിട്ടുണ്ട്. ചിലപ്പോൾ മര്യാദകേടും ഉണ്ടായിട്ടുണ്ട്. പക്ഷേ, അവരുടെ പൊറുക്കലിന്റെ പുതപ്പ് വളരെ വിശാലമായിരുന്നു. ഉമ്മ എന്റെ തെറ്റുകൾ വളരെ പെട്ടെന്ന് മാപ്പുചെയ്തു തരാറുണ്ടായിരുന്നു. പക്ഷേ, അല്പം സേവനമോ സ്നേഹമോ കിട്ടിയാൽ സുദീർഘമായി ദുആ ചെയ്യുമായിരുന്നു. ഇത് എനിക്കുവേണ്ടി മാത്രമായിരുന്നില്ല. മാപ്പു നല്കുന്നതിനും പൊറുത്തുകൊടുക്കുന്നതിനും പ്രതിഫലം നല്കുന്നതിനും ദാനധർമ്മം ചെയ്യുന്നതിനും ധിറുതി കാണിക്കുകയും ഉദാരതയോടെ പെരുമാറുകയും ചെയ്തിരുന്നു എന്നതിന് ഉമ്മയുമായി വിദൂരബന്ധമുള്ള വ്യക്തികൾപോലും സാക്ഷിയാണ്. ഒരിക്കൽ ഉമ്മ എന്നോട് പറഞ്ഞു: "ചിലപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോകാറുണ്ട്, നീ എന്തിനാണ് എന്നെ ഇത്രയധികം അനുസരിക്കുന്നത്?" ഞാൻ മറുപടി പറഞ്ഞു: "ഒന്നാമതായി നിങ്ങളെന്റെ ഉമ്മയാണ്. നിങ്ങളെ അനുസരിക്കേണ്ടത് അല്ലാഹു എനിക്ക് നിർബന്ധമാക്കിയിരിക്കുന്നു. രണ്ടാമതായി നിങ്ങളിൽനിന്ന് അതിരറ്റ സ്നേഹമാണ് എനിക്ക് കിട്ടിയിട്ടുള്ളത്. മൂന്നാമതായി, നിങ്ങൾ ഉപ്പയുമായി കണ്ടുമുട്ടുമ്പോൾ, ഞാൻ നിങ്ങളെ പൂർണ്ണമായും അനുസരിച്ചുവെന്നും അവനെക്കൊണ്ട് സന്തോഷിച്ചുവെന്നും അദ്ദേഹത്തോടു നിങ്ങൾ പറയണമെന്ന് ഞാനാഗ്രഹിക്കുന്നു." ഈ അവസാനത്തെ കാര്യം ഞാൻ പറഞ്ഞപ്പോൾ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു. 'ഇക്കാര്യം ഞാൻ അദ്ദേഹത്തോട് പറയുകതന്നെ ചെയ്യും.'

**ബീഹാർ യാത്ര**

1927 വേനൽക്കാലാവധിക്ക് ഞാൻ ഗ്രേഡിയിലെ (ബീഹാർ) പരേതനായ ചൗദ്ദരീ ശംശാദ് അലി സാഹിബിന്റെ അടുത്തുപോ

യി. (ഇദ്ദേഹം എന്റെ ഭാര്യാപിതാവാണ്. ബിഹിശ്തി മഖ്ബറയിൽ ഖബ്റുണ്ട്) ഉമ്മയും ഞങ്ങളോടൊപ്പം വന്നിരുന്നു. അവിടെയെത്തി ഉച്ചകഴിഞ്ഞ് ഉറങ്ങുമ്പോൾ സ്വപ്നം കണ്ടു. 'മുറ്റത്ത് കായ്ച്ചുനില്ക്കുന്ന ഒരു മരമുണ്ട്. എന്റെ വീട്ടിൽനിന്ന് ആ മരത്തിന്റെയടുക്കൽ പോയി കൊമ്പുപിടിച്ച് അതിൽനിന്ന് പഴം പറിക്കാൻ ആഗ്രഹിച്ചു. അപ്പോൾ ഉപ്പ അത് തടഞ്ഞുകൊണ്ട് പറഞ്ഞു: 'ഇപ്പോൾ ഇത് പഴുത്തിട്ടില്ല. പറിക്കാൻ പാകമായിട്ടുമില്ല. ഇത് പഴുക്കുമ്പോൾ ഞാൻതന്നെ അത് പ്ലേറ്റിൽവെച്ച് കൊണ്ടുത്തരുന്നതാണ്.' ഉമ്മ, ഉപ്പയോടു ചോദിച്ചു: "ഞാൻ 900 മൈൽ തീവണ്ടിയിൽ യാത്ര ചെയ്താണ് ഇവിടെയെത്തിയത്. നിങ്ങളെങ്ങനെ ഇത്രപെട്ടെന്ന് ഇവിടെയെത്തി?" അപ്പോൾ അദ്ദേഹം പറഞ്ഞു: ''ഞാൻ നിങ്ങളുടെ കൂടെയുണ്ടായിരുന്നു."

ചൗദ്ദരീ ശംശാദ് അലിഖാൻ സാഹിബ് ഒരു വൈകുന്നേരം 'വരൂ, ഞാൻ നിങ്ങളെ ആത്മാക്കളുമായി സംസാരിക്കേണ്ട രീതി കാണിച്ചുതരാം' എന്നു പറഞ്ഞ് മൂന്ന് കാലുള്ള പീഠത്തിൽ കൈവെപ്പിച്ച് വിദ്യകൾ തുടങ്ങി. നിങ്ങളും ഇതിൽ പങ്കെടുക്കുക എന്ന് ഉമ്മയോടും പറഞ്ഞു. അപ്പോൾ 'മോനേ, ഇങ്ങനെയും എപ്പോഴെങ്കിലും ആത്മാക്കളുമായി സംസാരം ഉണ്ടാകാറുണ്ടോ? എന്ന് ഉമ്മ ചിരിച്ചുകൊണ്ട് ചോദിച്ചു. അല്പം കഴിഞ്ഞപ്പോൾ, 'ചൗദ്ദരീ സാഹിബിന്റെ ആത്മാവ് വന്നിരിക്കുന്നു, അദ്ദേഹവുമായി സംസാരിക്കുക' എന്ന് പറഞ്ഞ് വീണ്ടും അദ്ദേഹം ഉമ്മയെ വിളിച്ചു. "ഉമ്മ അതിന് ഇങ്ങനെ ഉത്തരം നല്കി: 'അല്ലാഹു അങ്ങേയ്ക്ക് നല്കിയിരിക്കുന്ന ജോലി നിറവേറ്റുക എന്നത് ഞാനുമായി സംസാരിക്കുന്നതിനേക്കാൾ അനുഗൃഹീതമാണ്. അങ്ങ് അത് ചെയ്തുകൊണ്ടിരിക്കുക' എന്ന് ഞാൻ പറഞ്ഞതായി പറഞ്ഞേക്കുക."

**കശ്മീർ യാത്ര**

ഉമ്മായ്ക്ക് യാത്രയോടു വളരെ താൽപര്യമായിരുന്നു. പ്രകൃതിപരമായ ദൃശ്യങ്ങൾ ഏറെ ഇഷ്ടപ്പെട്ടിരുന്നു. ഒരുതരത്തിലുള്ള യാത്രയും ഭയന്നിരുന്നില്ല. എത്രത്തോളമെന്നാൽ, മലമ്പ്രദേശത്തിലൂടെയുള്ള തീവണ്ടി അല്ലെങ്കിൽ മോട്ടോർവാഹനയാത്രയും ഉത്സാഹത്തോടെ ചെയ്യുമായിരുന്നു. 1929-ലെ വേനൽക്കാലത്ത് ഹദ്റത്ത്

ഖലീഫത്തുൽ മസീഹ് ഥാനീ(റ) കശ്മീരിലുണ്ടായിരുന്നു. അവധിക്കാലത്ത് ഞങ്ങളും കശ്മീരിലേക്ക് പോയി. പക്ഷേ, ശ്രീനഗറിലെത്തിയപാടെ ഒരു കമ്മിറ്റിയിൽ പങ്കെടുക്കുന്നതിനായി എനിക്ക് തിരിച്ചുവരേണ്ടിവന്നു. ഉമ്മ ശ്രീനഗറിൽ താമസിച്ചു. അവരുടെ ഹൗസ്ബോട്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ സംഘത്തിന്റെ ഹൗസ്ബോട്ടിനോടടുത്തായിരുന്നു. ചൗദ്രരീ ശാഹ്നവാസ് സാഹിബ് ഉമ്മയോടൊപ്പം ഉണ്ടായിരുന്നു. ഞാൻ തിരിച്ചുപോന്നതിനുശേഷം ഝലംനദിയിൽ അസാധാരണമായ വെള്ളപ്പൊക്കമുണ്ടായി. രണ്ടുമൂന്നു ദിവസം ക്ലേശത്തോടെ കഴിഞ്ഞു. ഞാൻ തിരിച്ച് ശ്രീനഗറിലെത്തിയപ്പോൾ ഉമ്മയിൽനിന്ന് ആ ദിനങ്ങളിലെ അവസ്ഥകൾ കേട്ടു. അവർ പറഞ്ഞു: "എനിക്ക് എന്നെക്കുറിച്ച് ചിന്തയുണ്ടായിരുന്നില്ല. സംഘത്തിലുള്ളവർക്കുവേണ്ടി ദുആ ചെയ്ത് സമയം കഴിച്ചു. ഒരുനേരം സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബുണ്ടായിരുന്ന ബോട്ട് അപകടത്തിലായിരുന്നു. വളരെ വിഷമംപിടിച്ച സമയമായിരുന്നു അത്. ആ ദിവസം വെള്ളം അധികമായി പൊങ്ങി. രാത്രിമുഴുവൻ ഞാൻ ദുആ ചെയ്തുകൊണ്ടിരുന്നു. പക്ഷേ, വെറുതെ വിഷമിക്കുമല്ലോ എന്നു കരുതി ഞാൻ ശാനവാസിനെ ഉണർത്തിയില്ല. എങ്കിലും അവൻ സുഖമായി ഉറങ്ങുന്നുണ്ടോ എന്ന് തുടരെത്തുടരെ അവൻ കിടക്കുന്ന മുറിയുടെ വാതിൽക്കൽ പോയി നോക്കുമായിരുന്നു. "അല്ലാഹുവേ, ഇവന്റെ പിതാവിന് അദ്ദേഹത്തിന്റെ അവസാനകാലത്ത് നീ നല്കിയ വിളക്കാണിവൻ. ഇവനെ നീ കാത്തുകൊള്ളേണമേ" എന്ന് ദുആ ചെയ്തുകൊണ്ടിരുന്നു. എന്നെ സംബന്ധിച്ച് എനിക്ക് ഇങ്ങനെയുള്ള ചിന്തയൊന്നും ഉണ്ടായിരുന്നില്ല. ഹദ്റത്ത് സാഹിബ് അടുത്തുള്ളപ്പോൾ നമുക്കെന്ത് അപകടമുണ്ടാകാനാണെന്നോർത്ത് എനിക്ക് സമാധാനമായിരുന്നു."

ആ ദിനങ്ങളിൽ നടന്ന ഒരു സംഭവമാണ്. ഞാൻ ഉമ്മയോടു പറഞ്ഞു: "ഞങ്ങൾ അഹ്മദിയ്യത്തിനെ സംബന്ധിച്ച് ആളുകളോട് ദീർഘമായി സംസാരിക്കാറുണ്ട്. പക്ഷേ, അതിന്റെ സ്വാധീനം ആരിലെങ്കിലും ഉണ്ടാകുന്നത് വളരെ കുറവാണ്. ഇതിന്നെതിരിൽ രണ്ടുനാല് പ്രാവശ്യം നിങ്ങളെ ഏതെങ്കിലും സ്ത്രീ കണ്ടാൽ ശരിക്കും

സംതൃപ്തരായിട്ടാണ് തിരിച്ചുപോകുന്നത്. ഇതിന്റെ കാരണമെന്താണ്?" ഉമ്മ മറുപടി പറഞ്ഞു: "മോനേ! ഞാൻ എന്തെങ്കിലും എഴുത്തും വായനയും പഠിച്ചയാളല്ല. ഒരു വിദ്യയും ഞാൻ അഭ്യസിച്ചിട്ടില്ല. ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നു. അവനെ സ്നേഹിക്കുന്നു. അത്രമാത്രം." എല്ലാ അറിവിന്റേയും 'പിഴിഞ്ഞെടുത്ത ചാർ' ഇതുതന്നെയെന്ന് ഞാൻ വിചാരിച്ചു.

**ഒരു അപകടത്തെക്കുറിച്ചുള്ള സ്വപ്നം**

1931-32ൽ ഞാൻ അധികവും താമസിച്ചിരുന്നത് ഡൽഹിയിലായിരുന്നു. കാരണം അന്നാളുകളിൽ ഡൽഹി ഗൂഢാലോചനാ കേസിൽ ഞാൻ സർക്കാരിനുവേണ്ടി കേസ് വാദിക്കുകയായിരുന്നു. ദീർഘമായ അവധിയിൽ ഞാൻ ജൽസയിൽ പങ്കെടുക്കാൻ വന്നു. ജൽസയ്ക്കുശേഷം ലാഹോറിലേക്ക് പോയി. ഉമ്മ ആ ദിനങ്ങളിൽ അധികവും ലാഹോറിലുണ്ടായിരുന്നു. 1931 ഡിസംബർ 31-ന് വൈകുന്നേരം, ഉമ്മയെ വളരെ വിഷമത്തിൽ ഞാൻ കണ്ടു. തുടരെത്തുടരെ കണ്ണുകൾ നിറഞ്ഞുകൊണ്ടിരുന്നു. എന്താണ് കാര്യമെന്ന് ഞാൻ തിരക്കി. അപ്പോൾ പറഞ്ഞു. "പ്രത്യേകിച്ചൊന്നുമില്ല. നീ നാളെ ഡൽഹിയ്ക്കു പോകുകയല്ലേ, അതുകൊണ്ടൊരു മനപ്രയാസം." അപ്പോൾ, ഉമ്മയോടും കൂടെപ്പോരാൻ ഞാൻ പറഞ്ഞു. കുറച്ചുദിവസം കഴിഞ്ഞ് വരാമെന്നായിരുന്നു അതിനുള്ള മറുപടി.

1932 ജനുവരി 1-ന് ഉച്ചയ്ക്കു മുമ്പേ ഏകദേശം പതിനൊന്ന് മണിയോടെ മോട്ടോർവാഹനത്തിൽ ലാഹോറിൽനിന്ന് ഡൽഹിയിലേക്ക് ഞാൻ യാത്ര പുറപ്പെട്ടു. രണ്ടുമണിയ്ക്ക് 20 മിനിറ്റുള്ളപ്പോൾ കർത്താപൂരിനും ജലന്ധറിനുമിടയിൽ എന്റെ വാഹനം കാളവണ്ടിയുമായി ഇടിച്ചു. എന്റെ മുഖത്ത് ഗുരുതരമായി പരിക്കേറ്റു. അതേയവസ്ഥയിൽ എന്നെ ജലന്ധർപട്ടണത്തിലെ ആശുപത്രിയിൽ കൊണ്ടുപോയി. വൈകുന്നേരം ടെലിഫോൺ മുഖേന ലാഹോറിൽ വിവരം അറിയിച്ചു. ഉമ്മ ഉടനെതന്നെ യാത്രപുറപ്പെട്ട് രാത്രി 11 മണിയോടുകൂടി ജലന്ധറിലെത്തി.

എന്റെ അവസ്ഥയെക്കുറിച്ച് വിശദമായി മനസ്സിലാക്കിയതിനുശേഷം പറഞ്ഞു: "ഇന്നലെ ഞാൻ വിഷമിച്ചിരിക്കാൻ കാരണം ഇതുതന്നെയായിരുന്നു. ഞാൻ മിനിയാന്നുരാത്രി ഒരു സ്വപ്നം

കണ്ടു. അത് എന്റെ മനസ്സിനെ വല്ലാതെ ബാധിച്ചു. ആ സ്വപ്നം ഇങ്ങനെയായിരുന്നു. കറുത്തമേഘം വ്യാപിച്ചിരിക്കുന്നു. അതുമൂലം തികച്ചും ഇരുട്ടായി. പിന്നീട് മിന്നലെറിഞ്ഞു. അതിനോടൊപ്പം ആകാശം തെളിഞ്ഞു. 'ശരി കഴിഞ്ഞു. ഒരു നഷ്ടവും ഉണ്ടായില്ല. എങ്കിലും അടുത്തുള്ള വീട്ടുകാർക്ക് നഷ്ടമുണ്ടായി' എന്നാളുകൾ പറയുന്നു. നിന്റെ മുറിയുടെ വെളിയിലെ ഭിത്തിയിൽ ഒരു കറുത്ത വരപോലെ ഉണ്ടായിരിക്കുന്നത് ഞാൻ കണ്ടു. അവിടെയാണ് മിന്ന ലേറ്റത്. മറ്റു നഷ്ടമൊന്നും ഉണ്ടായില്ല. ആ സ്വപ്നം കണ്ടതിനു ശേഷം ഞാൻ സ്വദഖ കൊടുത്തു. എങ്കിലും മനസ്സിന് സമാധാന മുണ്ടായില്ല. അല്ലാഹുവിന് നന്ദി. അവൻ തന്റെ അനുഗ്രഹംകൊണ്ട് നിന്റെ ജീവൻ തന്നു."

രണ്ടുദിവസം എനിക്ക് ജലന്ധർ ആശുപത്രിയിൽ കഴിയേണ്ടി വന്നു. മൂന്നാം ദിവസം ലാഹോർ ആശുപത്രിയിലേക്ക് കൊണ്ടു പോയി. പത്തുദിവസത്തോളം അവിടെ കഴിച്ചുകൂട്ടി. പിന്നീട് എന്റെ വീട്ടിലേക്ക് പോയി. മോഡൽടൗണിൽ ചെന്നതിനുശേഷം രണ്ടാ മത്തേയോ മൂന്നാമത്തേയോ ദിവസം വൈകുന്നേരം എനിക്ക് കഠി നമായ പനിയുണ്ടായി. ചൂടു കൂടുതൽ ഉണ്ടായിരുന്നുവെങ്കിലും ശരീരത്തിൽ അധികം അസ്വസ്ഥതയൊന്നും ഉണ്ടായിരുന്നില്ല. ഇത് താൽക്കാലികമാണല്ലോ എന്നോർത്തപ്പോൾ അല്പം സമാ ധാനം കിട്ടി. പക്ഷേ, ഉമ്മ വല്ലാതെ വിഷമിച്ചുപോയി. ആ വിഷമാ വസ്ഥയിൽ ദുആ ചെയ്തുകൊണ്ടിരുന്നു. മണിക്കൂറുകൾക്കുള്ളിൽ ചൂട് കുറഞ്ഞു. ഉമ്മായ്ക്ക് അല്പം ആശ്വാസം കിട്ടി. അപ്പോൾ പറഞ്ഞു: "ഞാൻ കൂടുതൽ വിഷമിക്കാൻ കാരണം, ജലന്ധറിൽവച്ച് ഞാൻ കേൾപ്പിച്ച സ്വപ്നത്തിന് രണ്ടുഭാഗമുണ്ടായിരുന്നു. ഒരുഭാഗം ഞാൻ നിന്നെ കേൾപ്പിച്ചിരുന്നു. രണ്ടാമത്തെ ഭാഗം കേൾപ്പിച്ചിരു ന്നില്ല. അതിതാണ്. പിന്നീട് ഉറങ്ങിയപ്പോൾ സ്വപ്നം കണ്ടു. വീട്ടി ലുള്ള ഞങ്ങൾ സ്ത്രീകൾ എല്ലാവരും അടുത്തുള്ള വീട്ടിലേക്ക് മേലേത്തട്ടിലൂടെ പോയി. ആ വീട്ടിലെ സ്ത്രീകളോടു സംസാരി ച്ചുകൊണ്ടിരുന്നു. അവിടെനിന്ന് തിരിച്ചും മേലേത്തട്ടിലൂടെ തന്നെ യാണ് വരാൻപോയത്. ഗോവണിയിൽനിന്ന് ഞാൻ മേലേത്തട്ടിൽ കാലുവെച്ചപ്പോൾ, അവിടെ ദ്രവിച്ച കുറച്ച് തടികൾ മാത്രമാണ്

ഉള്ളത്. ബാക്കി തട്ട് മുഴുവൻ അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്നു. ആ തട്ടിൽ കാലുവയ്ക്കരുതെന്ന് പറഞ്ഞ് ഞാനെന്റെ കൂടെയുണ്ടായിരുന്ന സ്ത്രീകളെ തടഞ്ഞു. ഞാൻ പറഞ്ഞു: നമ്മൾ താഴത്തെനിലയിൽ ഇരുന്നപ്പോൾ ഈ തട്ട് എത്രമാത്രം മനോഹരവും അലങ്കരിച്ചതുമായിട്ടാണ് കണ്ടത്. ഇപ്പോൾ ഇത് എങ്ങനെ ശൂന്യമായി. പിന്നീട് ഞാനുണർന്നു. ഇന്ന് നിനക്ക് പനിയുണ്ടായപ്പോൾ, ആ സ്വപ്നത്തിന്റെ രണ്ടാമത്തെ ഭാഗം പൂർത്തിയാകുകയാണോ എന്ന് ഞാൻ ശങ്കിച്ചു. അല്ലാഹുവിന് നന്ദി. എല്ലാം നന്നായിക്കഴിഞ്ഞുപോയി."

ഈ സംഭവമുണ്ടായത് ജനുവരി പതിനാലിനോ പതിനഞ്ചിനോ ആയിരുന്നു. ജനുവരി പതിനാറാം തിയതി ചൗദ്രരീ ശംശാദ് അലിഖാൻ സാഹിബ് വേട്ടയാടുന്നതിനിടയിൽ യാദൃശ്ചികമായി വെടിയേറ്റു മരിച്ചുവെന്ന കമ്പി ജനുവരി പതിനേഴിന് രാവിലെ, കിട്ടി. ബന്ധത്തിന്റെ അടിസ്ഥാനത്തിലും കൂടാതെയും ഉമ്മയ്ക്ക് തന്റെ മക്കളോടെന്നപോലെയുള്ള സ്നേഹമായിരുന്നു അദ്ദേഹത്തോടും. ഞങ്ങളുടെ വീടിനോടു ചേർന്നുതന്നെയായിരുന്നു അദ്ദേഹത്തിന്റേയും വീട്.

അതിനുശേഷം എപ്പോഴൊക്കെ ജലന്ധറിലൂടെ കടന്നുപോകേണ്ടി വന്നിട്ടുണ്ടോ അപ്പോഴൊക്കെ അല്ലാഹുതആല അവന്റെ അനുഗ്രഹവും കാരുണ്യവുംകൊണ്ട് എന്റെ മകന് വീണ്ടും ജീവൻ നല്കിയ സ്ഥലമെന്നോർത്ത് ഉമ്മ അവിടെ രണ്ട് റക്അത്ത് ശുക്ർ നമസ്കരിക്കുമായിരുന്നു.

1932 ജൂണിൽ മിയാൻ സർ ഫള്ൽ ഹുസയ്ൻ സാഹിബിന്റെ അവധിയുമായി ബന്ധപ്പെട്ട് ഇന്ത്യാഗവർമ്മെന്റിന്റെ മെമ്പർ എന്ന പദവിയിൽ എന്നെ നാലുമാസത്തേക്ക് താൽക്കാലികമായി നിയമിക്കുകയുണ്ടായി. 1932 ജൂലൈയിൽ ഒരു ദിവസം രാത്രി 10 മണിയോടടുത്ത് അസിസ്റ്റന്റ് പോസ്റ്റ്മാസ്റ്റർ ജനറൽ ചൗദ്രരീ ജലാലുദ്ദീൻ സാഹിബ് (അദ്ദേഹം പിതൃപരമ്പരയിൽ ഞങ്ങളുടെ ഒരു സഹോദരനായിരുന്നു) പെട്ടെന്നുണ്ടായ അസുഖത്തെത്തുടർന്ന് വഫാത്തായി എന്ന വിവരം അറിയിച്ചുകൊണ്ടുള്ള അബ്ദുല്ലാഹ്

ഖാന്റെ കമ്പി ലാഹോറിൽനിന്നു കിട്ടി. ഉമ്മായ്ക്ക് അദ്ദേഹത്തിനോടും വലിയ സ്നേഹമായിരുന്നു. ആ നേരത്ത് ചൗദ്ദരീ ബശീർ അഹ്മദ് സാഹിബും ശിംലയിൽ ഉണ്ടായിരുന്നു. കമ്പി കിട്ടുമ്പോൾ അദ്ദേഹം എന്റെയടുത്ത് ഇരിപ്പുണ്ടായിരുന്നു. രാത്രിനേരത്ത് ഈ വാർത്ത ഉമ്മയെ അറിയിക്കാതിരിക്കുന്നതാണ് നല്ലതെന്ന് ഞങ്ങളിരുവരും വിചാരിച്ചു. അറിയിച്ചാൽ രാത്രി മുഴുവൻ അസ്വസ്ഥതയിലായിരിക്കും.

പിറ്റേദിവസം ഞാൻ ഉമ്മയുടെ മുറിയിൽ ചെന്നപ്പോൾ കട്ടിലിൽതന്നെയാണുണ്ടായിരുന്നത്. എന്തോ വലിയ സങ്കടമുള്ളതുപോലെ തോന്നി. എന്താണ് കാര്യമെന്ന് ഞാൻ ചോദിച്ചു. അപ്പോൾ പറഞ്ഞു: രാത്രിയിൽ ഞാൻ രണ്ടുസ്വപ്നം കണ്ടു. അക്കാരണത്താൽ എനിക്ക് വിഷമമുണ്ട്. ഒന്നാമത്തെ സ്വപ്നം ഇതായിരുന്നു. "നിന്റെ പിതാവ് ഏതോ ഒരാളെ- അദ്ദേഹത്തെ പൂർണ്ണമായും തിരിച്ചറിയാൻ എനിക്ക് കഴിഞ്ഞിരുന്നില്ല. പക്ഷേ എനിക്കു തോന്നുന്നത് നമ്മുടെ കുടുംബത്തിൽപെട്ട ഏതോ ഒരു വ്യക്തിയാണെന്നാണ്, അയാൾ ഒരു വെള്ളവസ്ത്രം പുതച്ചിട്ടുണ്ട്- പിടിച്ചുകൊണ്ട് ഗോവണിയിൽനിന്ന് ഇറങ്ങുന്നു. അതിനുശേഷം ഞാനുണർന്നു." പിന്നീട് ഞാൻ കണ്ടു. "ആരോ എനിക്കൊരു നോട്ടുബുക്ക് തന്നു. ഇതെന്താണെന്ന് ഞാൻ ചോദിച്ചു. അപ്പോൾ അയാൾ പറഞ്ഞു, ജലാലുദ്ദീന് സ്ഥലമാറ്റം ഉണ്ടായിരിക്കുന്നു. ഇത് അദ്ദേഹത്തിന്റെ കണക്കുപുസ്തകമാണ്." ഉമ്മയുടെ സ്വപ്നം കേട്ടതിനുശേഷം ഞാൻ ചോദിച്ചു, അപ്പോൾ ഇന്ന് നിങ്ങൾക്ക് യാത്ര ചെയ്യാൻ പറ്റുകയില്ലല്ലോ? ഉമ്മ അല്പം ഞെട്ടലോടെ എന്താ സംഭവിച്ചത് എന്ന് തിരക്കി. ഞാൻ കമ്പിയിലെ വിഷയം കേൾപ്പിച്ചുകൊടുത്തു.

**ഉമ്മയുടെ ധൈര്യം**

അല്ലാഹു ഉമ്മായ്ക്ക് ധൈര്യവും തന്റേടവും നല്കിയിരുന്നു. ആരുടെയെങ്കിലും ദുഃഖമോ വേദനയോ കണ്ടാലോ കേട്ടാലോ അവരുടെ മനസ്സ് പെട്ടെന്ന് ഉരുകിപ്പോകുമായിരുന്നു. ചിലപ്പോൾ ഏതെങ്കിലും കുട്ടിയുടെ കരച്ചിൽ കേട്ടാൽമതി അന്നുറക്കമുണ്ടാകുകയില്ല. പക്ഷേ, എവിടെയെങ്കിലും ധൈര്യം കാണിക്കേണ്ട ഘട്ടം വന്നാൽ അത്തരം സന്ദർഭത്തിൽ തന്റെ എല്ലാ ബലഹീനതകളും

വിസ്മരിച്ചുകൊണ്ട് പൗരുഷത്തിന്റെ തന്റേടം കാണിക്കുമായിരുന്നു.

1933–ലെ ഒരു സംഭവമാണ്. ഞാൻ ഇംഗ്ലണ്ടിലാണുണ്ടായിരുന്നത്. ഉമ്മ ആ ദിനങ്ങളിൽ മോഡൽടൗണിലാണ് താമസം. ഒരു ദിവസം സുഹ്റോ അസ്റോ നമസ്കരിച്ച് സലാം വീട്ടിയപ്പോൾ അവരുടെ ദൃഷ്ടി അടുത്തവീട്ടിൽ പതിഞ്ഞു. അവിടെ കെട്ടിടപ്പണി നടക്കുകയായിരുന്നു. ഒരു കല്ലാശാരി ഞങ്ങളുടെ സ്ത്രീകളുടെ മുറ്റത്തേക്ക് തന്റെ കൈചൂണ്ടി എന്തോ പറഞ്ഞുകൊണ്ടിരുന്നു. അയാളോടൊപ്പം ഒരു തൊഴിലാളി നില്പുണ്ടായിരുന്നു. ഉമ്മ ഇത് വിശദീകരിച്ചുകൊണ്ടിരിക്കെ ഇങ്ങനെയും പറഞ്ഞു: ഈ കല്ലാശാരി, തന്റെ അടുത്തുനിന്ന തൊഴിലാളിയോട് നമ്മുടെ വീടിനുനേരെ ചൂണ്ടിക്കൊണ്ട്, രാത്രിനേരത്ത് തക്കംപാർത്ത് നമ്മുടെ വീട്ടിൽ മോഷണം നടത്താൻ അയാളെ പ്രേരിപ്പിക്കുകയാണോ എന്ന് എന്റെ മനസ്സിൽ തോന്നി. പക്ഷേ, അതിനോടൊപ്പം വെറുതെ ആ ദരിദ്രരായ ആളുകളെ സംശയിക്കുന്നതെന്തിനാണെന്ന് ചോദിച്ച് എന്റെ മനസ്സ് എന്നെ ശകാരിക്കുകയും ചെയ്തു. അങ്ങനെ ഞാൻ ഉടനെ ഇസ്തിഗ്ഫാർ– ക്ഷമായാചനം ചെയ്യുകയും ആ വീഴ്ച പറ്റിയതിൽ അല്ലാഹുവിനോട് മാപ്പിരക്കുകയും ചെയ്തു.

അതേരാത്രിയിൽ ഞാൻ സ്ത്രീകളുടെ വരാന്തയിൽ ഉറങ്ങുകയായിരുന്നു. ആരോവന്ന് എന്റെ കട്ടിലിന്റെ അരികത്തിരുന്നതായി എനിക്കുതോന്നി. അയാൾ കൊതുകവല നീക്കി, തോളിലൂടെ കൈയിട്ട് വള ഊരാൻ എന്റെ കൈയിൽ പിടിക്കാൻ പോകുന്നതുപോലെ അനുഭവപ്പെട്ടു. ഞാൻ എഴുന്നേറ്റിരുന്നു. നീ ആരാണെന്ന് ചോദിക്കുകയും അതിനോടൊപ്പം ആരെങ്കിലും എഴുന്നേറ്റ് വിളക്കുതെളിക്കാൻ പറയുകയും ചെയ്തു. എന്റെ ശബ്ദം കേട്ട് അയാൾ പരിഭ്രമിച്ചു. കട്ടിലിൽ നിന്നെഴുന്നേറ്റുനിന്നു. വെളിച്ചം വന്നപ്പോൾ മുറ്റത്തേക്കിറങ്ങി. ഞാനും എഴുന്നേറ്റ് അയാളുടെ പിന്നാലെപോയി. നീ ആരാണ്, നിനക്ക് വീട്ടിനുള്ളിൽ പെണ്ണുങ്ങൾക്കുവേണ്ടിയുള്ള സ്ഥലത്തുവരാൻ എന്താണവകാശം എന്നൊക്കെ ഉറക്കെ, ദ്വേഷത്തോടെ ചോദിച്ചുകൊണ്ടിരുന്നു. അയാൾ പരിഭ്രമിച്ചുകൊണ്ട് പിന്നാക്കം പൊയ്ക്കൊണ്ടിരുന്നു. ഞാൻ മുമ്പോട്ടും ചെന്നുകൊ

ണ്ടിരുന്നു. അതിനോടൊപ്പം ജോലിക്കാരെ വിളിക്കാനും ശ്രമിച്ചു കൊണ്ടിരുന്നു. എന്റെ ഹൃദയം ഭയംകൊണ്ട് മിടിച്ചുകൊണ്ടിരുന്നു. അയാൾ ഒന്നടിച്ചാൽ എന്റെ കഥ കഴിയുമെന്ന് എനിക്കറിയാമായി രുന്നു. പക്ഷേ, അല്ലാഹു എനിക്ക് ധൈര്യം തന്നു. മുറ്റത്തിന്റെ അറ്റംവരെ ഞാൻ അയാളുടെ പിന്നാലെപോയി. ഇത്രയുമായപ്പോൾ എന്റെ ശബ്ദംകേട്ട് അബ്ദുല്ലാഹ്ഖാനും ജോലിക്കാരനും വന്നു. അവർ അയാളെ പിടിച്ചു. വെളിയിൽ തോട്ടത്തിൽ അയാളെ കാത്തു നിന്ന അയാളുടെ രണ്ടുകൂട്ടുകാരേയും ദൂരെവരെ പിന്തുടർന്ന് പിടി ച്ചുകൊണ്ടുവന്നു. സുഹ്റിന്റേയോ അസ്റിന്റേയോ നേരത്ത് ഞാൻ കണ്ട ആ കല്ലാശാരിയും തൊഴിലാളിയുമായിരുന്നു അത്.

അവരെ വിചാരണ ചെയ്തപ്പോൾ ഉമ്മയുടെ മനസ്സിൽ ദയ യുടെ വികാരം ശക്തിപ്പെടാൻ തുടങ്ങി. ഈ പാവപ്പെട്ടവരുടെമേൽ അതിക്രമം ഉണ്ടാകരുതെന്ന് താൻ ആഗ്രഹിക്കുന്നതായി പറഞ്ഞു കൊണ്ടേയിരുന്നു. അവർ കൂലിവേലക്കാരാണ്. എന്തു പ്രേരണ യാലാണ് ഇവർ ഇതിന് മുതിർന്നതെന്ന് അറിയില്ല. വീടിനുള്ളിൽ കടന്നയാൾ എന്നെപ്പോലൊരു വൃദ്ധയുടെ മുന്നിൽനിന്ന് വിറയ്ക്കു കയായിരുന്നു. വീടിന്റെ ഉള്ളിൽ കടന്നവന് മൂന്നുനാലു മാസത്തെ തടവ് മതിയായതാണ്. വെളിയിൽനിന്ന് പിടിച്ച രണ്ടുപേരെ വെറുതെ വിടണം എന്നൊക്കെ സ്വയം അഭിപ്രായപ്പെട്ടുകൊണ്ടി രുന്നു. മജിസ്ട്രേട്ട് അവർക്കെല്ലാം ഓരോ വർഷത്തെ തടവുശിക്ഷ വിധിച്ചു. ഇനിയിപ്പോൾ എങ്ങനെ അവരുടെ ശിക്ഷ ഇളവ് ചെയ്യിക്കാം എന്നായി ഉമ്മയുടെ പിന്നത്തെ ചിന്ത.

ആയിടയ്ക്കാണ് ഞാൻ ഇംഗ്ലണ്ടിൽനിന്ന് തിരിച്ചുവന്നത്. നടന്ന സംഭവമെല്ലാം ഉമ്മ എന്നോടു പറഞ്ഞു. അവരുടെ ശിക്ഷ ഇളവു ചെയ്യിക്കാൻ വേണ്ടി ശ്രമിക്കണമെന്ന് എന്നോടു പറയു കയും ചെയ്തു. അത് എനിക്ക് ചെയ്യാൻ കഴിയുന്ന കാര്യമല്ലെന്ന് ഞാൻ പറഞ്ഞു. അവരുടെ അപ്പീൽ സെഷൻസ്കോടതിയിലാണ്. അവർ എന്നെ വിശ്വസിക്കുകയാണെങ്കിൽ ഞാനവർക്കുവേണ്ടി ഫീസൊന്നും കൂടാതെ വാദിക്കാം. അങ്ങനെയായാൽ, മോഷണോ ദ്ദേശ്യത്തോടെ ഇയാളുടെ വീട്ടിലാണ് അവർ കടന്നത്, ഇപ്പോൾ ഇയാൾതന്നെ അവർക്കുവേണ്ടി കേസ് വാദിക്കുന്നു, അതുകൊണ്ട്

അവരുടെ ശിക്ഷയിൽ ഇളവ് കൊടുക്കേണ്ടതാണ് എന്ന് ജഡ്ജിയ്ക്ക് തോന്നാൻ സാധ്യതയുണ്ട്. എന്നാൽ, അതിനോടൊപ്പംതന്നെ അബ്ദുല്ലാഹ്ഖാനേയും തന്റെ ജോലിക്കാരേയും സാക്ഷിവിസ്താരം നടത്തേണ്ടിവരുമല്ലോ എന്ന വൈഷമ്യവും ഉണ്ടായി. ഈയാളൊരു വല്ലാത്ത മനുഷ്യനാണെന്നും പൈസയോടുള്ള ആർത്തിയാലാണ് ഇതൊക്കെ ചെയ്യുന്നതെന്നും ജഡ്ജി എന്നെക്കുറിച്ച് ധരിക്കാനും ഇടയുണ്ട്. ഞാനെന്തിനുവേണ്ടിയാണ് അവർക്കായി കേസ് വാദിക്കുന്നതെന്ന് അദ്ദേഹത്തിന്നറിയില്ലല്ലോ. ഉമ്മ പറഞ്ഞു: "ഈ മാർഗ്ഗം ശരിയല്ല, മറ്റെന്തെങ്കിലും മാർഗ്ഗം നോക്കുക." ഞാൻ പറഞ്ഞു: "ഇവരുടെ അപ്പീൽ തള്ളുകയും ഹൈക്കോർട്ടിൽനിന്നും ഇവരുടെ ശിക്ഷ ഇളവ് ചെയ്യാതിരിക്കുകയുമാണെങ്കിൽ, പിന്നീട് ഇവരുടെ ശിക്ഷ ഇളവാക്കാൻ ഗവർണർ സാഹിബിനോട് എനിക്ക് പറയാൻ കഴിയും. ഉമ്മ ചോദിച്ചു: "എന്റെ ആഗ്രഹപ്രകാരമാണ് നീ അദ്ദേഹത്തോടു ഇക്കാര്യം പറയുന്നതെന്ന് അവിടെയും നിനക്ക് പറയേണ്ടിവരുമോ?" അതെന്തായാലും പറയേണ്ടിവരുമെന്ന് ഞാൻ അറിയിച്ചു. അപ്പോൾ പറഞ്ഞു: "ഈ രീതിയും നല്ലതായി തോന്നുന്നില്ല. മറ്റുവഴിയൊന്നുമില്ലെങ്കിൽ അല്ലാഹു അവരുടെമേൽ കരുണ ചെയ്യുന്നതിനായി ഞാനവർക്കുവേണ്ടി ദുആ ചെയ്യുന്നതാണ്."

അവരുടെ അപ്പീലിൽ വിധിയുണ്ടാകുന്നതുവരെ ഉമ്മ അവർക്കായി ദുആ ചെയ്തുകൊണ്ടിരുന്നു. ഇതിന്റെ ഫലമായി ഉമ്മയുടെ ആഗ്രഹപ്രകാരംതന്നെ അവരുടെ വിധി ഉണ്ടായി. വിധി കേട്ടപ്പോൾ അല്ലാഹു അവരുടെമേൽ കരുണ ചെയ്തതുകൊണ്ട് ഉമ്മ വളരെയധികം സന്തോഷിച്ചു.

**മനുഷ്യകുലത്തോടുള്ള സഹതാപം**

മനുഷ്യകുലത്തോടുള്ള സഹതാപത്തിന്റേയും കരുണയുടേയും വികാരം അല്ലാഹു അവർക്ക് ഒരുപാട് നല്കിയിരുന്നു. എപ്പോഴും ഉമ്മ പറയും: 'അല്ലാഹു ശത്രുവാകാതിരുന്നാൽ ഒരു ശത്രുവിനും ഒരു നഷ്ടവും വരുത്താൻ കഴിയില്ല.' ഇതിന്റെ അടിസ്ഥാനത്തിൽ ഞാനാരേയും ശത്രുവായി മനസ്സിലാക്കുന്നില്ല. ശത്രുക്കളോട് നല്ല രീതിയിൽ പെരുമാറുന്നതിനെക്കുറിച്ച് ഇങ്ങനെ പറയുമായിരുന്നു: ആരെക്കൊണ്ട് മനസ്സ് സന്തോഷിക്കുന്നുവോ അയാളോട് നല്ലരീ

തിയിൽ പെരുമാറാൻ മനസ്സ് തനിയെ ആഗ്രഹിക്കുന്നു. ഇതിൽ പ്രതിഫലത്തിന്റെ എന്തു കാര്യമാണുള്ളത്. അല്ലാഹുവിനെ സന്തോഷിപ്പിക്കുന്നതിനായി മനസ്സ് ഇഷ്ടപ്പെടാത്തവരോടും ഔദാര്യത്തോടും നന്മയോടുംകൂടി മനുഷ്യൻ പ്രവർത്തിക്കേണ്ടതാണ്.

ഡസ്ക്കയിലെ ജനങ്ങളോടുള്ള ഉമ്മയുടെ പെരുമാറ്റം എപ്പോഴും സാധുസംരക്ഷണത്തിന്റേതായിരുന്നു. മതപരമായും വിശ്വാസപരമായും ഭിന്നിപ്പുകൾ ഉണ്ടായിട്ടും അവിടുത്തെ അമുസ്ലിംകളും അനഹ്മദികളുമെല്ലാം ഉമ്മയെ വളരെ ആദരിക്കുകയും ബഹുമാനദൃഷ്ടിയോടെ നോക്കുകയും ചെയ്തിരുന്നു. പക്ഷേ, അഹ്റാരികളുടെ ഫിത്ന ഉണ്ടായപ്പോൾ, നമ്മുടെ ഗ്രാമത്തിലെ അനഹ്മദികളും അവരിൽ ആകൃഷ്ടരായി വിവിധരീതിയിൽ അഹ്മദികളെ വിഷമിപ്പിക്കാൻ തുടങ്ങി. ഞങ്ങളുടെ കുടുംബത്തിലെ ചില അംഗങ്ങളെ പ്രത്യേകിച്ച് പീഡനത്തിന് കുറിമാനമാക്കി.

ഉമ്മായ്ക്ക് സ്വാഭാവികമായും ഈ സംഭവങ്ങളിൽ ദുഃഖമുണ്ടായിരുന്നു. പക്ഷേ, അതിന്റെ ഫലമായി അവരോടുള്ള സൽപെരുമാറ്റത്തിൽ ഒരു കുറവും വന്നിരുന്നില്ല. നമ്മുടെ ആളുകളിലാരെങ്കിലും, 'ഇവർ നമ്മുടെ ശത്രുക്കളാണ് ഇവരോടെന്തിന് നിങ്ങൾ ഇങ്ങനെ പെരുമാറുന്നു'വെന്ന് സൂചന നല്കിയാൽമതി അത് ഇഷ്ടപ്പെട്ടിരുന്നില്ല. അതിന് എപ്പോഴും കൊടുത്തിരുന്ന മറുപടി, 'അല്ലാഹു ശത്രു ആകാതിരുന്നാൽ മറ്റാരും ശത്രുവാകുകയില്ല' എന്നതായിരുന്നു. യതീംകൾക്കും മിസ്ക്കീന്മാർക്കും വേണ്ടി തന്റെ കൈകൊണ്ട് വസ്ത്രങ്ങൾ തയ്യാറാക്കിക്കൊടുക്കുക എന്നത് ഉമ്മയുടെ മാമൂലായിരുന്നു. ആവശ്യക്കാർ ചോദിക്കട്ടെ എന്ന് പ്രതീക്ഷിച്ചിരിക്കാതെ, ആവശ്യക്കാരുടെ ആവശ്യം നിറവേറ്റാൻ അല്ലാഹു കൊടുത്ത തൗഫീഖ് അനുസരിച്ച് പ്രവർത്തിച്ചിരുന്നു.

ഡസ്ക്കയിൽവെച്ച് ഒരുദിവസം കുറച്ച് ഉടുപ്പുകൾ തയ്യാറാക്കുകയായിരുന്നു. ഇതാർക്കുവേണ്ടിയാണെന്ന് മിയാൻ ജുമാൻ ചോദിച്ചു. ഇന്നയാളുടെ കുട്ടികൾക്കുവേണ്ടിയാണെന്ന് ഉമ്മ പറഞ്ഞു. മിയാൻ ജുമാൻ ചിരിച്ചുകൊണ്ടുപറഞ്ഞു: "നിങ്ങളുടെ കാര്യം അത്ഭുതംതന്നെ. അയാൾ അഹ്റാരിയാണ്. നമ്മുടെ എതിരാളിയാണ്. ഇക്കൂട്ടർ നിത്യവും നമുക്കെതിരിൽ എന്തെങ്കിലുമൊക്കെ

പുതിയ ദ്രോഹം ചെയ്തുകൊണ്ടിരിക്കുന്നു. നിങ്ങളാണെങ്കിൽ അവരുടെ കുട്ടികൾക്ക് ഉടുപ്പുകൾ തയ്യാറാക്കി കൊടുക്കുന്നു." ഉമ്മ പറഞ്ഞു: "അവർ ദ്രോഹിക്കുന്നുണ്ട്. അല്ലാഹു നമ്മെ കാക്കുന്നുമുണ്ട്. അവൻ നമ്മോടൊപ്പം ഉള്ളിടത്തോളം എതിരാളിയുടെ ദ്രോഹപ്രവൃത്തിയിൽ നമുക്ക് ഒരു നഷ്ടവും ഉണ്ടാകുകയില്ല. പക്ഷേ, ഇയാൾ ദരിദ്രനാണ്. അയാളുടെ പക്കൽ തന്റെ കുട്ടികൾക്കും കൊച്ചുമക്കൾക്കും ശരീരം മറയ്ക്കുന്നതിന് വസ്ത്രം വാങ്ങിക്കൊടുക്കാൻ പണമില്ല. അയാളുടെ മക്കളും കൊച്ചുമക്കളും നഗ്നരായി നടക്കുന്നത് അല്ലാഹു ഇഷ്ടപ്പെടുമെന്ന് നീ കരുതുന്നുണ്ടോ? ഞാൻ ചെയ്യുന്ന കാര്യം നീ ഇഷ്ടപ്പെട്ടില്ല. അതിനുള്ള ശിക്ഷ, ഈ വസ്ത്രം തയ്യാറായിക്കഴിഞ്ഞാൽ നീ തന്നെ ഇത് അവിടെ കൊണ്ടുപോയി കൊടുക്കണം എന്നതാണ്. പക്ഷേ രാത്രിയിലാണ് കൊണ്ടുപോകേണ്ടത്. ഞാനയച്ചതാണെന്ന് ആർക്കും മനസ്സിലാകരുത്. അറിഞ്ഞാൽ നിങ്ങൾ എന്തിന് ഖാദിയാനികളുടെ സാധനങ്ങൾ വാങ്ങി എന്നു ചോദിച്ച് മറ്റു അഹ്റാരികൾ അയാളെ വിഷമിപ്പിക്കും."

ആയിടയ്ക്ക് ഞങ്ങളുടെ ഗ്രാമത്തിലെ ഒരു ഹുണ്ടികക്കടക്കാരൻ ഒരു ദരിദ്രകർഷകന്റെ കന്നുകാലികളെ ഒരു കേസുമായി ബന്ധപ്പെട്ട് ജപ്തി ചെയ്തുകൊണ്ടുപോയി. ഈ കർഷകനും അഹ്റാരികളിൽപെട്ടയാളായിരുന്നു. ജപ്തി ചെയ്യപ്പെട്ട മൃഗങ്ങളിൽ ഒരു പശുക്കുട്ടിയുമുണ്ടായിരുന്നു. ജപ്തി ചെയ്യുന്ന നേരത്ത്, 'ഇത് എനിക്ക് എന്റെ ഉപ്പ തന്നതാണ്, ഇതിനെ ഞാൻ തരില്ല' എന്ന് പറഞ്ഞ് പശുക്കുട്ടിയുടെ കയറിൽ കർഷകന്റെ ചെറിയകുട്ടി പിടിച്ചു. എന്നാൽ, കേസ് ജയിച്ചയാൾ ആ പശുക്കുട്ടിയേയും ജപ്തി ചെയ്തുകൊണ്ടുപോയി. അതിനു കുറച്ചുദിവസം മുമ്പേ ആ കർഷകന്റെ ഒരു എരുമ കിണറ്റിൽവീണ് ചത്തിരുന്നു. ഇയാൾക്ക് ആകെയുണ്ടായിരുന്ന മൂലധനം ആ കന്നുകാലികളായിരുന്നു.

അന്നാളുകളിൽ ഉമ്മ ഡസ്ക്കയിലുണ്ടായിരുന്നു. ഈ സംഭവം ഉമ്മ കേട്ടപ്പോൾ വല്ലാതെ വിഷമിച്ചു. ആവർത്തിച്ചാവർത്തിച്ച് ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നു: 'ഇന്ന് ആ പാവത്തിന്റെ വീട് മരണവീടുപോലെയായിരിക്കും. അയാളുടെ ഉപജീവനമാർഗ്ഗം കൈവിട്ടുപോയി. അയാളുടെ ഭാര്യയും മക്കളും എങ്ങനെയാണ് ഇനി ജീവി

ക്കുക. അയാളുടെ കുട്ടിയിൽനിന്ന് ജപ്തി ചെയ്തയാൾ ആ പശു ക്കുട്ടിയെ പിടിച്ചുവാങ്ങിയപ്പോൾ അവന്റെ മനസ്സിൽ എന്തായി രിക്കും കഴിഞ്ഞുകടന്നിട്ടുണ്ടാകുക." പിന്നീട് ദുആ ചെയ്തു. 'അല്ലാ ഹുവേ, ഈ നാശത്തിൽനിന്ന് ആ പാവത്തേയും അയാളുടെ ഭാര്യാ മക്കളേയും സഹായിക്കാൻ നീ എനിക്കു തൗഫീഖ് തന്നാലും.'

മിയാൻ ജുമാനെ വിളിച്ചു. (ഇയാൾ മൂന്നുതലമുറയായി ഞങ്ങ ളുടെ ഭൂമികൾ നോക്കിനടത്തുന്നയാളാണ്) എന്നിട്ട് പറഞ്ഞു: "ഇന്ന് ഇങ്ങനെ സംഭവിച്ചിട്ടുണ്ട്. നീ ഇപ്പോൾത്തന്നെ ആ ഹുണ്ടികക്കട ക്കാരനെ വിളിച്ചുകൊണ്ടുവരിക. ഞാനയാളോടു ആ വ്യക്തിയു മായി ഒത്തുതീർപ്പാകാൻ സംസാരിക്കുകയും അതുവീട്ടാനുള്ള ഏർപ്പാട് ചെയ്യുകയും ചെയ്യും. വൈകുന്നേരത്തിനുമുമ്പേ അയാൾക്ക് അയാളുടെ കന്നുകാലികളെ തിരിച്ചുകിട്ടുകയും അയാ ളുടെ ഭാര്യാമക്കൾക്ക് മനഃസമാധാനം ലഭിക്കുകയും വേണം." മിയാൻ ജുമാൻ പറഞ്ഞു: "ഞാനതു ചെയ്യുകയില്ല. ഇയാൾ നമ്മു ടെ എതിരാളിയാണ്. നമ്മുടെ ശത്രുക്കളോടൊപ്പം ചേർന്നയാളാ ണ്." ഉമ്മ ദ്വേഷത്തോടെ പറഞ്ഞു:

> "നീ മൽജോലായുടെ മകനാണ്. ഞാൻ ചൗദ്രരീ സെക്ക ന്ദർഖാന്റെ മരുമകളും ചൗദ്രരീ നുസ്റുല്ലാഹ്ഖാന്റെ ഭാര്യയും സഫ്റുല്ലാഹ്ഖാന്റെ ഉമ്മയുമാണ്. ഞാൻ നിന്നോട് ദൈവത്തിന്റെ നാമത്തിൽ ഒരു കാര്യം പറയു ന്നു. 'ഞാനതു ചെയ്യുകയില്ലെന്ന്' നീ പറയുന്നു. ഞാൻ പറയുന്നത് നിഷേധിക്കാൻ നിനക്കെന്ത് ശേഷിയാണു ള്ളത്. പോകുക, ഞാൻ കല്പിക്കുന്നത് ഉടനെ ചെയ്യുക. ഓർക്കുക, ഒത്തുതീർപ്പിന് വിഷമം ഉണ്ടാക്കുന്നവിധ ത്തിൽ ഹുണ്ടികക്കടക്കാരനെ ഒന്നും പഠിപ്പിക്കുകയും വായിപ്പിക്കുകയും വേണ്ട."

ഉമ്മ പറഞ്ഞു: ഞാൻ ഈ സംഭവം അറിഞ്ഞപ്പോൾ സുഹ്റിന്റെ നേരം കഴിഞ്ഞിരുന്നു. നമസ്കാരത്തിൽ ഞാൻ വീണ്ടും ദുആ ചെയ്തു. 'അല്ലാഹുവേ, ഞാനൊരു ദുർബലയായ സ്ത്രീയാണ്. നീ തന്നെ ഈ അവസരത്തിൽ എന്നെ സഹായിച്ചാലും.' ഇങ്ങ നെയും ഞാൻ ദുആ ചെയ്തു. "എന്റെ മക്കളായ അബ്ദുല്ലാഹ്ഖാനും

അസദുല്ലാഹ്ഖാനും ഖുസൂറിൽനിന്നും ലാഹോറിൽനിന്നും എത്രയും വേഗം എത്തേണമേ. (ആ നാളുകളിൽ ഞാൻ ഇംഗ്ലണ്ടിലായിരുന്നു) നമസ്കാരത്തിൽനിന്ന് സലാം വീട്ടിയതേയുള്ളൂ അബ്ദുല്ലാഹ്ഖാനും അസദുല്ലാഹ്ഖാനും മോട്ടോർവാഹനത്തിൽ എത്തിക്കഴിഞ്ഞിരുന്നു. എന്നെ കണ്ടുടനെ 'നിങ്ങളെന്തിനാണ് ഇത്ര വിഷമിക്കുന്ന'തെന്ന് അവർ ചോദിച്ചു. ഞാൻ എല്ലാ കാര്യങ്ങളും അവരോടു പറഞ്ഞു. നിങ്ങൾ രണ്ടുപേരും ഇക്കാര്യത്തിൽ എന്നെ സഹായിക്കണമെന്നും അറിയിച്ചു. അവർ പറഞ്ഞു, നിങ്ങൾ നിർദ്ദേശിക്കുന്നതുപോലെ.

അങ്ങനെ ഹുണ്ടികക്കടക്കാരൻ വന്നു. ഉമ്മ അയാളോടു കടം വാങ്ങിയ ആളിന്റെ കണക്കുകൾ ഒത്തുതീർപ്പാക്കി. ഹുണ്ടികക്കടക്കാരൻ കുറേ തന്ത്രങ്ങളും സൂത്രങ്ങളും പറഞ്ഞു. പക്ഷേ, ഉമ്മ അയാൾ വാങ്ങിയ യഥാർത്ഥ തുകയിൽത്തന്നെ തീരുമാനം പറഞ്ഞു. എന്നിട്ട് ഹുണ്ടികക്കടക്കാരനോടു പറഞ്ഞു: "ഈ തുക ഞാൻ നിനക്ക് തരും. നീ ഉടനെ അയാളുടെ കന്നുകാലികളെ തിരിച്ച് അയാൾക്ക് നല്കുക." തന്റെ കൈയിലുണ്ടായിരുന്ന പണവും അതിനോടൊപ്പം തികയാതെവന്ന പണം മക്കളിൽനിന്ന് വാങ്ങിയും ഹുണ്ടികക്കാരന് ഒത്തുതീർപ്പ് തുക കൊടുത്തു. കർഷകന് കന്നുകാലികൾ തിരിച്ചുകിട്ടിയപ്പോൾ, അയാളുടെ മകനോട് പറഞ്ഞു: "നീ പോയി നിന്റെ പശുക്കുട്ടിയെ എടുത്തുകൊള്ളുക. ഇനി ആരും നിന്നിൽനിന്ന് അതിനെ കൊണ്ടുപോകുകയില്ല. പിന്നീട് തന്റെ മക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു. പറഞ്ഞു: "നിങ്ങളെന്റെ ദുഃഖമകറ്റി. ഇനി ഞാൻ സ്വസ്ഥതയോടെ ഉറങ്ങും."

**ജമാഅത്തിനെക്കുറിച്ചുള്ള അഭിമാനം**

പക്ഷേ, ഈ സംഭവങ്ങളിൽനിന്ന് ഉമ്മായ്ക്ക് ജമാഅത്തിനെക്കുറിച്ചുള്ള അഭിമാനം ഇല്ലായിരുന്നു എന്ന് പറയുന്നത് യാഥാർത്ഥ്യത്തിന് നിരക്കാത്തതായിരിക്കും. ജമാഅത്തിനെ സംബന്ധിച്ച് അവർക്ക് അങ്ങേയറ്റത്തെ അഭിമാനമുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ), അഹ്മദിയ്യാ ജമാഅത്ത്, നുബുവ്വത്ത് കുടുംബാംഗങ്ങൾ, ജമാഅത്തിലെ മഹാന്മാർ തുടങ്ങിയവരെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അപമര്യാദയോ അനുചിതമായ

പ്രവൃത്തിയോ അവർക്ക് സഹിക്കാൻ കഴിഞ്ഞിരുന്നില്ല.

എനിക്ക് നല്ലവണ്ണം ഓർമ്മയുണ്ട്. ഉപ്പ ജമാഅത്തിൽ പ്രവേശിച്ച കാലത്ത്, അദ്ദേഹത്തിന് മൗലാനാ റൂമിയുടെ മഥ്നവി വലിയ ഇഷ്ടമായിരുന്നു. ഒഴിവുള്ളപ്പോൾ പ്രത്യക്ഷത്തിൽ സൂഫിമാരെപ്പോലെയുള്ളതും സന്യാസിമാരെപ്പോലെ നടക്കുന്നതുമായ ഒരാളിൽ നിന്ന് മഥ്നവി പഠിക്കാറുണ്ടായിരുന്നു. ഒരുതവണ ഈ സാഹിബ് അവധി ദിവസം ഞങ്ങളുടെ വീട്ടിൽവന്നു. ഉപ്പ എവിടെ? എന്ന് ചോദിച്ചു. ഓഫീസിൽ ആ നേരത്ത് ഗുമസ്തനോ മറ്റു ജോലിക്കാരോ ഉണ്ടായിരുന്നില്ല. ഉപ്പ മുകളിലത്തെ നിലയിലുണ്ടായിരിക്കുമെന്ന് ആ സാഹിബ് കരുതി. അദ്ദേഹം ഉറക്കെ ഉപ്പായെ വിളിച്ചു. ചൗദ്ദരീ സാഹിബ് വീട്ടിലില്ലെന്ന് പറയാൻ എന്നോടു ഉമ്മ പറഞ്ഞു. ഞാൻ അങ്ങനെതന്നെ പോയി പറഞ്ഞു. എവിടെ പോയി? എന്ന് ആ സാഹിബ് ചോദിച്ചു. അദ്ദേഹം ഖാദിയാനിലേക്ക് പോയിരിക്കുന്നുവെന്ന് പറയാൻ എന്നോടു പറഞ്ഞു. ഇതുകേട്ടിട്ട് ആ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെക്കുറിച്ച് എന്തോ മര്യാദകേട് പറഞ്ഞു. അപ്പോൾവരെ ഞാൻ മുഖേനയാണ് ഉമ്മ മറുപടി പറഞ്ഞിരുന്നത്. ഈ വാക്യം കേട്ടതോടെ ദ്വേഷംകൊണ്ട് അസ്വസ്ഥയായി. ജനലിന്റെയടുക്കൽച്ചെന്ന് ഉറക്കെ ആ സാഹിബിനോടു പറഞ്ഞു:

> “നിങ്ങൾ വലിയ അക്രമം ചെയ്തിരിക്കുന്നു. നല്ലതാഗ്രഹിക്കുന്നെങ്കിൽ ഇപ്പോൾതന്നെ എന്റെ വീട്ടിൽനിന്ന് ഇറങ്ങിപ്പോകുക. ഇവിടെ ജോലിക്കാർ ആരെങ്കിലുമുണ്ടോ? ഈ മര്യാദയില്ലാത്ത വൃദ്ധനെ പുറത്താക്കുക. ഓർത്തുകൊൾക, ഇനിയൊരിക്കലും ഈ വീട്ടിൽ കടന്നതായി കണ്ടുപോകരുത്. ഇയാളുടെ കൂട്ടുകാരൻ വന്നോട്ടെ. അദ്ദേഹത്തിനോടൊപ്പമാണല്ലോ ഇയാൾ മഥ്നവി വായിക്കാൻ ഇവിടെ വരുന്നത്. ഇത്തരം മര്യാദയില്ലാത്ത ആളുമായി എന്തിനാണ് ബന്ധം തുടങ്ങുന്നതെന്ന് ഞാൻ ചോദിക്കും.”

അയാൾ അപ്പോൾത്തന്നെപോയി. ഉപ്പ വന്നപ്പോൾ ഉമ്മ വളരെ വേദന പ്രകടിപ്പിച്ചു. ഇനിമേലിൽ അയാൾ നമ്മുടെ വീട്ടിൽ

വരാൻ പാടില്ലെന്ന് നിർബന്ധം പിടിച്ചു. ആ ദിവസത്തിനുശേഷം പിന്നീട് അയാൾ ഞങ്ങളുടെ വീട്ടിൽ വന്നിട്ടില്ല.

ഈ അവസ്ഥ തുടക്കത്തിലുള്ള സ്നേഹത്തിന്റേതായിരുന്നു. പിന്നീട് കാലം കഴിഞ്ഞുപൊയ്ക്കൊണ്ടിരുന്നു. മതാഭിമാനവും വർദ്ധിച്ചുകൊണ്ടേപോയി. ആദ്യമേ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ എല്ലാ കുടുംബാംഗങ്ങൾക്കും വേണ്ടി ദുആ ചെയ്യാതെ ഞാനൊരിക്കലും ദുആ ചെയ്യാറില്ല എന്ന് എന്നോട് പലവട്ടം ഉമ്മ പറഞ്ഞിട്ടുണ്ട്. നുബുവ്വത്ത് കുടുംബത്തോടു എത്രമാത്രം ആത്മാർത്ഥതയും സ്നേഹവുമാണ് അവർക്കുണ്ടായിരുന്നതെന്ന് ഇതിൽനിന്ന് ഒരുപരിധിവരെ മനസ്സിലാക്കാവുന്നതാണ്.

**ഹദ്റത്ത് അമീറുൽ മുഅ്മിനിലുള്ള വിശ്വാസം**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യോട് അവർക്ക് അതിരറ്റ വിശ്വാസമായിരുന്നു. അങ്ങേയറ്റത്തെ സ്നേഹവുമുണ്ടായിരുന്നു. ഹുസൂറിന്റെ എന്തെങ്കിലും നിർദ്ദേശമെത്തിയാൽ ഉടനെ അത് നടപ്പാക്കിയിരിക്കും. ഹുസൂറും അവരോട് പ്രത്യേകനിലയിൽ ആർദ്രതയോടെ പെരുമാറിയിരുന്നു. ചിലപ്പോൾ അതിയായ സ്നേഹത്തിൽ അവർ ഹുസൂറിനോട്, ഉമ്മ കുട്ടികളോട് സംസാരിക്കുന്നതുപോലെ സംസാരിച്ചിരുന്നു. ഹുസൂറും അവരുടെ സന്തോഷത്തിന്നായി ചില നേരങ്ങളിൽ ദീർഘനേരം സംസാരിച്ചിരിക്കാറുണ്ടായിരുന്നു.

നാലഞ്ചുവർഷം മുമ്പേ കണ്ട ഉമ്മയുടെ ഒരു സ്വപ്നം പ്രത്യേക നിലയിൽ ഈയവസരത്തിലേക്ക് സൂചന നല്കുന്നുണ്ട്. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സ്വപ്നത്തിൽ കണ്ടു. "ഉപ്പയുമായി എന്തോ സംസാരിച്ചിരിക്കുന്നതാണ് കണ്ടത്. പിന്നീട് ഉമ്മയെ ചൂണ്ടിക്കൊണ്ടു അവരെ വിളിക്കുക എന്നു പറഞ്ഞു. ഉപ്പ അവിടെനിന്ന് ആരോടോ, സഫ്റുല്ലാഹ്ഖാന്റെ ഉമ്മ അവിടെ നില്പുണ്ട്, ഹുസൂർ വിളിക്കുന്നുണ്ടെന്ന് അവരോട് പറയുക എന്നു പറഞ്ഞയച്ചു. ഉമ്മ ഈ സന്ദേശം കിട്ടിയുടനെ ഹുസൂറിന്റെ പിന്നിൽ ചെന്നു നിന്നു. ഞാൻ വന്നിരിക്കുന്നുവെന്ന് അറിയിച്ചു. ഹുസൂർ പറഞ്ഞു. "ആ പള്ളിയിൽവെച്ചു പറഞ്ഞ കാര്യം ഓർമ്മയുണ്ടോ എന്ന് മഹ്മൂദിനോട് ചോദിക്കണം."

ഉമ്മ കണ്ട ആ സ്വപ്നം ഞാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹിനോടു പറഞ്ഞപ്പോൾ ഹുസൂർ പറഞ്ഞു. ഇതു വരാൻപോകുന്ന ഫിത്നയെ സംബന്ധിച്ച് ജമാഅത്തിന്റെ സംരക്ഷണത്തിലേക്കുള്ള സൂചനയാണ്.

ഉപ്പയുടെ വഫാത്തിന് കുറച്ചുകാലം കഴിഞ്ഞപ്പോൾ ഉമ്മ, 'സാധിക്കുമെങ്കിൽ അദ്ദേഹത്തിന്റെ ഖബ്റിടത്തിന്നടുത്ത് തനിക്ക് സ്ഥലം നിശ്ചയിച്ചാലും' എന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹിനോടു പറഞ്ഞു. ഹുസൂർ പറഞ്ഞു: പൊതുവായ നിലയിൽ അങ്ങനെ ചെയ്യുക എന്നത് ഇഷ്ടകരമായ കാര്യമല്ല. പക്ഷേ, പ്രത്യേക സാഹചര്യത്തിൽ അങ്ങനെയാകാം. അങ്ങനെ ഹുസൂർ ഉപ്പയുടെ ഖബ്റിന്റെ വലതുഭാഗത്ത് ഉമ്മായ്ക്കുവേണ്ടി സ്ഥലം നിശ്ചയിച്ചു കൊടുത്തു. പക്ഷേ, ഹദ്റത്ത് തായിസാഹിബ വഫാത്തായപ്പോൾ യാദൃശ്ചികമായി അവരെ അവിടെ ഖബറടക്കി. ഉമ്മ ഇക്കാര്യം ഹദ്റത്ത് സാഹിബിനോട് പറഞ്ഞപ്പോൾ ഹുസൂർ പറഞ്ഞു: 'ബിഹിശ്തി മഖ്ബറ'യിലെ സംഘാടകരുടെ പിശകുകൊണ്ട് അങ്ങനെ സംഭവിച്ചതാണ്. ഇപ്പോൾ നിങ്ങൾക്കുവേണ്ടി വേറെ സ്ഥലം ഞാൻ നിശ്ചയിച്ചിട്ടുണ്ട്. ഇത് അതേ ഖണ്ഡത്തിൽതന്നെയാണ്. പക്ഷേ, ചൗദ്രരീസാഹിബിന്റെ കാലിന്റെ ഭാഗത്താണ്." ഉമ്മ പറഞ്ഞു: "ഹുസൂർ, അദ്ദേഹത്തിന്റെ കാല്ഭാഗത്തുള്ള സ്ഥലത്തിന്റെ അർഹതയേ എനിക്കുള്ളൂ. ഇനി ഇതാരും കൊണ്ടുപോകാതിരിക്കാനുള്ള ഏർപ്പാട് ഹുസൂർ ചെയ്താലും." നാം ബിഹിശ്തി മഖ്ബറ അധികൃതരോട്, അവരുടെ രജിസ്റ്ററിൽ ഇതു രേഖപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. പത്രത്തിലും വിളംബരം ചെയ്യുന്നതാണ് എന്ന് ഹുസൂർ അറിയിച്ചു.

**മസീഹ് മൗഊദ്(അ)ന്റെ കുടുംബത്തോടുള്ള സ്നേഹം**

1935-ൽ ഒരു അഹ്റാരി സാഹിബ സാദ മിർസാ ശരീഫ് അഹ്മദ് സാഹിബിന്റെമേൽ ആക്രമണം നടത്തി. ഈ വിവരം അറിഞ്ഞപ്പോൾ ഉമ്മായ്ക്ക് വല്ലാത്ത ആധിയുണ്ടായി. അശനപാനീയങ്ങൾ ഉപേക്ഷിച്ചു. ഉറക്കമില്ലാതായി. കണ്ണീർ നിലച്ചിരുന്നില്ല. കുറച്ചു ദിവസത്തിനുശേഷം എന്നോടു പറഞ്ഞു: സഫറുല്ലാഹ്ഖാൻ, എന്റെ അവസ്ഥ ഇതാകുമ്പോൾ അമ്മാജാന്റെ (ഹദ്റത്ത് ഉമ്മുൽ

മുഅ്മിനീന്റെ) അവസ്ഥ എന്തായിരിക്കുമെന്ന് ഞാൻ ചിന്തിക്കുകയാണ്. എനിക്കിതിൽ എന്തു ചെയ്യുവാൻ കഴിയുമെന്നാണ് പിന്നീട് ഞാൻ ആലോചിച്ചത്. രണ്ടുമൂന്നു ദിവസമായി ഒരു പദ്ധതി എനിക്കു തോന്നിയിട്ടുണ്ട്. അതിനുശേഷം ഞാൻ ഒരുപാട് ദുആ ചെയ്തു. ഈ പദ്ധതിയനുസരിച്ച് പ്രവർത്തിക്കാൻ അല്ലാഹു എനിക്ക് തൗഫീഖ് തരുമെന്ന് എനിക്ക് സമാധാനമുണ്ട്.

ഞാൻ ചോദിച്ചു, എന്താണ് ആ പദ്ധതി? ഉമ്മ പറഞ്ഞു: വില്ലിംഗ്ടൺന്റെ ഭാര്യ എന്നോടു വളരെയധികം സ്നേഹം പ്രകടിപ്പിക്കാറുണ്ട്. അവർക്ക് ഞാനുമായി കുറച്ച് ഇണക്കമുണ്ടെന്ന് എനിക്കും അറിയാം. നീ അവരുമായിട്ട് എന്റെ കൂടിക്കാഴ്ചയുടെ സമയം നിശ്ചയിച്ചുവരിക. വൈസ്രോയിയും ആ നേരത്തുണ്ടാവണം. ജമാഅത്തിനോടുള്ള സർക്കാരിന്റെ പെരുമാറ്റം എങ്ങനെയാണെന്ന് ഞാൻ അദ്ദേഹത്തോടു പറയും. ഇപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കരളിന്റെ കഷണത്തിനുമേൽ ഒരു തെമ്മാടി ആക്രമണം നടത്തിയിരിക്കുകയാണ്. ഞാൻ വൃദ്ധയാണ്. എനിക്കാണെങ്കിൽ പർദ്ദ ധരിക്കുക എന്ന കർശനവുമില്ല. വൈസ്രോയിയുടെ അടുത്തുപോയി ഈ പരാതി അറിയിക്കണമെന്ന് എന്റെ മനസ്സ് പറഞ്ഞുകൊണ്ടേയിരിക്കുന്നു.

ഞാൻ പറഞ്ഞു: കൂടിക്കാഴ്ചയ്ക്കുള്ള ഏർപ്പാട് ഞാൻ ചെയ്യുന്നതാണ്. തർജമക്കായും കൂടെ പറയാം. പക്ഷേ, കാര്യങ്ങൾ മുഴുവനും നിങ്ങൾതന്നെ പറയേണ്ടിവരും. അക്കാര്യത്തിലൊന്നും സഹായിക്കാൻ എനിക്കു കഴിയില്ല. സഹായിച്ചാൽ, ഞാൻ നിങ്ങളെ പഠിപ്പിച്ചുകൊണ്ടുവന്നതാണെന്ന് അവർ ധരിക്കും. ഉമ്മ പറഞ്ഞു, 'നീ സമയം നിശ്ചയിച്ചുവരിക. സംസാരിക്കാനുള്ള തന്റേടം അല്ലാഹു എനിക്ക് നല്കും." അങ്ങനെ വൈസ്രോയി സാഹിബിനോട് ഞാനിക്കാര്യം പറഞ്ഞു. സന്തോഷത്തോടെ കൂട്ടിവരിക എന്ന് അദ്ദേഹം പറഞ്ഞു.

**ഇന്ത്യൻ വൈസ്രോയിയുമായി കൂടിക്കാഴ്ച**

നിശ്ചിത നേരത്ത് ഞങ്ങൾ രണ്ടുപേരും വൈസ്രോയിയുടേയും ലേഡിവിലിംഗ്ടൺന്റേയും സന്നിധിയിലെത്തി. ആതിഥ്യമര്യാദയ്ക്കുശേഷം വൈസ്രോയി സാഹിബ് പറഞ്ഞു. നിങ്ങൾ നിങ്ങ

ളുടെ ജമാഅത്തിനെക്കുറിച്ച് എന്നോട് എന്തോ കാര്യം പറയാൻ ആഗ്രഹിക്കുന്നുവെന്ന് സഫറുല്ലാഖാൻ പറഞ്ഞു. ഉമ്മയും ലേഡി വിലിംഗ്ടണും ഒരു സോഫയിലും ലേഡിവിലിംഗ്ടൺന്റെ വലതു ഭാഗത്ത് വൈസ്രോയി ഒരു ചാരുകസേരയിലും ഇരുന്നു. ഉമ്മയുടെ ഇടതുഭാഗത്ത് മറ്റൊരു ചാരുകസേരയിൽ ഞാനും ഇരുന്നു. ഉമ്മ യുടെ അടുത്തിരിക്കുമ്പോൾ ഒരു കൈ ഉമ്മയുടെ പിറകിലൂടെ യിട്ട് തികച്ചും അവരോട് ചേർന്നിരിക്കുക എന്നത് ലേഡിവില്ലിം ഗ്ടൺന്റെ മാമൂലായിരുന്നു. ഇപ്പോഴും അവരിരുവരും അങ്ങനെത ന്നെയാണ് ഇരുന്നിരുന്നത്. ലേഡിവില്ലിംഗ്ടൺ ഇടയ്ക്കിടെ തന്റെ മറ്റേ കൈകൊണ്ട് ഉമ്മയുടെ കൈ അമർത്തിക്കൊണ്ടിരുന്നു.

വൈസ്രോയി ചോദിച്ചപ്പോൾ ഉമ്മ പറഞ്ഞു. അതെ, ഞാൻ വളരെ ചിന്തിച്ചതിനുശേഷമാണ് അങ്ങയോളം എത്താൻ ധൈര്യ പ്പെട്ടത്. ഞാൻ അഹ്മദിയ്യാ ജമാഅത്തിലെ ഒരംഗമാണ്. ഞങ്ങ ളുടെ ജമാഅത്തിന്റെ സ്ഥാപകനായ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഞങ്ങളെ പഠിപ്പിച്ചിട്ടുള്ളത് ഞങ്ങൾ ബ്രിട്ടീഷ് ഭരണത്തോട് കൂറു പുലർത്തികൊണ്ടിരിക്കണമെന്നും അവർക്കുവേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരിക്കണമെന്നുമാണ്. കാരണം ഈ ഭരണത്തിൽ ഞങ്ങൾക്ക് മതസ്വാതന്ത്ര്യം ലഭിച്ചിരിക്കുന്നു. ഞങ്ങൾക്ക് ഒരു ഭയവും ഭീതിയും കൂടാതെ ഞങ്ങളുടെ മതകല്പനകൾ പാലിക്കാൻ സാധിക്കുന്നു. എനിക്ക് ജമാഅത്തിലെ മറ്റുള്ളവരെക്കുറിച്ച് ഒന്നും പറയാൻ കഴി യില്ലെങ്കിലും എന്നെക്കുറിച്ച് ഉറപ്പോടെ എനിക്ക് പറയാൻ കഴി യും. (ഇവിടെ ഉമ്മ തന്റെ വലതുകൈ തന്റെ നെഞ്ചിൽവെച്ചു) ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ നിർദ്ദേശം പാലിച്ച് മുടങ്ങാതെ പ്രവർത്തിച്ചുവരുന്നു. ബ്രിട്ടീഷ് സർക്കാറിന്റെ നിലനി ല്പിനും ഐശ്വര്യത്തിനുംവേണ്ടി തുടർച്ചയായി ദുആ ചെയ്തു കൊണ്ടിരുന്നു. പക്ഷേ, രണ്ടുവർഷമായി പഞ്ചാബ് സർക്കാർ ഞങ്ങ ളുടെ ജമാഅത്തിനോട് അനീതിപരമായിട്ടാണ് പെരുമാറുന്നത്. ഞങ്ങളുടെ ഇമാമിനും ഞങ്ങളുടെ ജമാഅത്തിനും ബുദ്ധിമുട്ടുണ്ടാ ക്കിക്കൊണ്ടിരിക്കുന്നു. എങ്കിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കല്പനയായതുകൊണ്ട് പ്രാർത്ഥിക്കുന്നുണ്ട്. പക്ഷേ, പ്രാർത്ഥന ഹൃദയത്തിൽതട്ടി വരുന്നില്ല, കാരണം എന്റെ മനസ്സ് തൃപ്തമല്ല എന്നതുതന്നെ.

ഇപ്പോൾ കുറച്ചുമുമ്പേ ഒരു തെമ്മാടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മകനും ഞങ്ങളുടെ ഇമാമിന്റെ ചെറിയ സഹോദരനുമായവരുടെമേൽ ആക്രമണം നടത്തി. അദ്ദേഹത്തെ മർദ്ദിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മക്കൾ ഞങ്ങൾക്ക് ഞങ്ങളുടെ ജീവനേക്കാൾ പ്രിയപ്പെട്ടതാണ്. ഈ സംഭവം കേട്ടതു മുതൽ എനിക്ക് തിന്നാനും കുടിക്കാനും ഉറങ്ങാനും കഴിഞ്ഞിട്ടില്ല. ഈ വാകൃങ്ങൾ ഉമ്മ കുറച്ചു വേദനയോടുകൂടി പറഞ്ഞപ്പോൾ ലേഡിവില്ലിംഗ്ടൺന്റെ മുഖം തികച്ചും വിളറിപ്പോയി. അവർ ദ്വേഷത്തോടെ വൈസ്രോയിയോടു ചോദിച്ചു: ഇതെന്താണ് സംഭവം? അങ്ങ് എന്താണ് ഉചിതമായ നടപടി എടുക്കാതിരുന്നത്?

വൈസ്രോയി മറുപടി പറഞ്ഞു: ''ഞാൻ സഫ്റുല്ലാഹ്ഖാനോട് വിശദീകരിച്ച് ഇതുസംബന്ധമായി സംസാരിച്ചുകഴിഞ്ഞു. ഉമ്മയോടായി പറഞ്ഞു: "സത്യത്തിൽ ഇക്കാര്യങ്ങൾ പഞ്ചാബ് ഗവർണരുടെ അധികാരത്തിൽപ്പെട്ടതാണ്. അദ്ദേഹത്തെ സംബന്ധിച്ച്, അദ്ദേഹത്തിന്റെ പേരിൽ ഒരു കല്പനയും എനിക്കു പുറപ്പെടുവിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഇക്കാര്യങ്ങളിൽ ഞാനിടപെട്ടാൽ അയാൾക്കത് ഇഷ്ടപ്പെടുകയില്ല. ഞാൻ ബോംബയിലോ മദ്രാസിലോ ഗവർണർ ആയിരുന്നെങ്കിൽ ആ കാലത്തെ വൈസ്രോയി ഇത്തരം കാര്യങ്ങളിൽ എന്റെ പേരിൽ എന്തെങ്കിലും കല്പന പുറപ്പെടുവിച്ചാൽ ഞാനും അതിഷ്ടപ്പെടുകയില്ല."

ഉമ്മ പറഞ്ഞു: ''ഞാൻ അങ്ങയോടു അദ്ദേഹത്തിന്റെ പേരിൽ എന്തെങ്കിലും കല്പന പുറപ്പെടുവിക്കണമെന്നോ കാഠിന്യത്തോടെ പെരുമാറണമെന്നോ പറയുന്നില്ല. എന്തായാലും അദ്ദേഹത്തിന്റെ ജോലിയുടെ മേൽനോട്ടം അങ്ങയുടെ ചുമതലയിലാണല്ലോ. ഞങ്ങളുടെ പരാതി പരിഹരിച്ചുതരാൻ അങ്ങ് സ്നേഹത്തോടും വിനയത്തോടും അദ്ദേഹത്തോടു പറയുക."

വൈസ്രോയി പറഞ്ഞു. "തീർച്ചയായും ഞാനതു ചെയ്യും.'' പക്ഷേ, ലേഡി വില്ലിംഗ്ടൺന്റെ ദ്വേഷം വൈസ്രോയിയുടെ ഈ മറുപടികൊണ്ട് തണുത്തില്ല. അവർ ഉമ്മയുടെ കൈ അമർത്തി കൊടുക്കുകയും സ്നേഹമയമായ വാക്കുകൾ അവരോടായി ആവർത്തിച്ചാവർത്തിച്ച് പറയുകയും ചെയ്തു. ഞാൻ പഞ്ചാബിലെ

ഗവർണ്ണർക്ക് മനസ്സിലാക്കിക്കൊടുക്കും. നിങ്ങൾ വിഷമിക്കേണ്ട. ഞാൻ അയാളെ ശാസിക്കും." താൻപറഞ്ഞ കാര്യം ശരിയായ നിലയിൽ തർജമ ചെയ്തുകൊടുക്കാൻ അവർ എന്നോടു നിർബന്ധിച്ചുപറഞ്ഞു.

ഒരവസരത്തിൽ ലോഡ്‌വില്ലിംഗ്ടൺ ഉമ്മയോട് 'ഒരു രാജ്യത്തിന്റെ ഭരണം നിർവ്വഹിക്കുന്നതാണോ കൂടുതൽ എളുപ്പം അതോ ഒരു വീടിന്റെ ഭരണനിർവ്വഹണമോ?' എന്ന് ചോദിച്ചു. രണ്ടിൽ ഏതാണോ അല്ലാഹു കൂടുതൽ എളുപ്പമാക്കുന്നത് അതായിരിക്കും എളുപ്പമെന്ന് ഉമ്മ മറുപടി നല്കി. ഈ ഉത്തരം കേട്ട് വൈസ്രോയി അത്ഭുതപ്പെട്ടുപോയി.

**മീർ ഇൻആമുല്ലാഹ് ശാഹ് സാഹിബിന്റെ മരണത്തെക്കുറിച്ച് സ്വപ്നം**

1935 ഏപ്രിൽ മാസത്തിൽ മീർ ഇൻആമുല്ലാഹ് ശാഹ് സാഹിബ് ഹൈദരബാദ് ദക്കനിലേക്ക് പോയി. മെയ് അവസാനത്തിൽ അവിടെ അദ്ദേഹത്തിന് കഠിനമായ രോഗം ബാധിച്ചു. അദ്ദേഹത്തിന്റെ അസുഖത്തെക്കുറിച്ച് വിവരം കിട്ടിയപ്പോൾ ഞാൻ ഉമ്മയോട് ദുആ ചെയ്യാൻ അപേക്ഷിച്ചു. അവർക്ക് മീർ സാഹിബിനെ വലിയ ഇഷ്ടമായിരുന്നു. ദുആ ചെയ്യുമെന്ന് പറഞ്ഞുവെങ്കിലും ഉടനെതന്നെ വലിയ വിഷമം പ്രകടിപ്പിച്ചു. കുറച്ചുനാൾ മുമ്പേ കണ്ടതന്റെ ഒരു സ്വപ്നം കേൾപ്പിച്ചു: "ഒരു വീടിന്റെ മുകളിലത്തെ നിലയുടെ അങ്കണത്തിൽ മീർസാഹിബ് ചൗദ്‌രി ബശീർ അഹ്മദ് സാഹിബിന്റെ കൂടെ ഒരുകട്ടിലിൽ ഇരിക്കുമ്പോൾ ജനാലയിലൂടെ ചൗദ്‌രി ജലാലുദ്ദീൻ സാഹിബ് അങ്കണത്തിൽ വന്നു. ഇദ്ദേഹം മരിച്ചയാളാണല്ലോ എന്നോർത്ത് ഞാൻ ഭയന്നു. ഇദ്ദേഹം എങ്ങനെ ഇവിടെയെത്തി? മുറിയിലേക്ക് പോകുന്നതിനായി ഞാൻ ബശീർ അഹ്മദിനെ ആംഗ്യം കാട്ടി വിളിച്ചു. അങ്ങനെ ബശീർ അഹ്മദ് വാതിൽ തുറന്നു. ഞങ്ങൾ രണ്ടുപേരും ഉള്ളിൽ പോയി. ഞാൻ വാതിലിന്റെ ഗ്ലാസിലൂടെ ചൗദ്‌രി ജലാലുദ്ദീൻ സാഹിബ് മീർ സാഹിബിന്റെയടുക്കൽ കട്ടിലിൽ ഇരിക്കുന്നതും രണ്ടുപേരും ഒരേ പുതപ്പിൽ അതിൽ കിടക്കുന്നതും കണ്ടു." ഈ സ്വപ്നം കേട്ടപ്പോൾ ഉമ്മയോടു ഞാൻ പറഞ്ഞു. "അതിന്റെ വ്യാഖ്യാനം സുവ്യക്തമാണ്. അങ്ങ് ആ നേരത്ത് ഇത് പറഞ്ഞിരുന്നെങ്കിൽ ഞാൻ മീർ

സാഹിബിനോട് ഹൈദരാബാദിൽനിന്ന് തിരിച്ചുവരാൻ പറയുമായിരുന്നല്ലോ. പക്ഷേ, ഇപ്പോൾ ദുആ ചെയ്യുകയല്ലാതെ ഒരു രക്ഷയുമില്ല.”

രണ്ടുദിവസത്തിനുശേഷം തഹജ്ജുദിനും സുബ്ഹിക്കും ഇടയിൽ മീർ സാഹിബിന്റെ ആരോഗ്യത്തിന്നായി ദുആ ചെയ്തുകൊണ്ട് ഉമ്മ കട്ടിലിൽ കിടക്കുകയായിരുന്നു. അപ്പോൾ ഒരു അശരീരി കേട്ടു. ‘അദ്ദേഹത്തിന്റെ വൈദ്യുതി നിലച്ചുപോയി’ ഉടനെ തന്നെ എഴുന്നേറ്റ് എന്റെ ഭാര്യയുടെ മുറിയിൽപോയി, അവളെ ഉണർത്തിക്കൊണ്ട് ‘മീർ സാഹിബ് വഫാത്തായിരിക്കുന്നു’വെന്ന് പറഞ്ഞു. മീർ സാഹിബ് രാത്രി വഫാത്തായിരിക്കുന്നെന്ന കമ്പി രാവിലെ ഹൈദരാബാദിൽനിന്നും ലഭിച്ചു. പിന്നീട് വിശദമായി കാര്യങ്ങൾ അറിഞ്ഞപ്പോൾ, ഉമ്മായോടു അദ്ദേഹത്തിന്റെ വൈദ്യുതി നിലച്ചുപോയി എന്ന് പറയപ്പെട്ട അതേ നേരത്തുതന്നെയാണ് അദ്ദേഹം വഫാത്തായതെന്ന് മനസ്സിലായി.

**അമുഖ്യകാര്യങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും ജാഗ്രത**

ചൗദ്‌രീ ബശീർ അഹ്മദ് സാഹിബ് ഒരു സംഭവം വിവരിക്കുന്നു. ഇതിൽനിന്ന് ഉമ്മായ്ക്ക് അനാചാരങ്ങളോടും അമുഖ്യകാര്യങ്ങളോടും എത്രമാത്രം വെറുപ്പായിരുന്നുവെന്ന് മനസ്സിലാക്കാം. അദ്ദേഹം പറയുന്നു:

“എന്റെ വിവാഹാവസരമായിരുന്നു. നിക്കാഹിനുശേഷം എന്നെ പെണ്ണുങ്ങളുടെ പന്തലിലേക്ക് വിളിപ്പിച്ചു. ഗ്രാമത്തിലെ സമ്പ്രദായമനുസരിച്ച് രണ്ട് സ്റ്റൂൾ മുഖാമുഖം വെച്ചിരിക്കുന്നത് ഞാൻ കണ്ടു. അതിലൊന്നിൽ ഞാൻ ഇരിക്കണമെന്ന പ്രതീക്ഷയിലാണുള്ളത്. മറ്റതിൽ വധുവിനേയും ഇരുത്തുക. ചില ചടങ്ങുകൾ നടത്താനാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്. ഇതിന് പഞ്ചാബിയിൽ പറയുന്നത് ‘ബേഢോ ഘോഡി ഘേൽന’ എന്നാണ്. ഞാനൊന്നു പരിഭ്രമിച്ചു. എങ്കിലും ആ നേരത്ത് സ്ത്രീകളോട് തർക്കിക്കുന്നതും വാശിപിടിക്കുന്നതും ഉചിതമല്ലെന്ന് കരുതി. എനിക്കുവേണ്ടി വെച്ചിരുന്ന സ്റ്റൂളിൽ ഞാനിരുന്നു. ആ ചടങ്ങുകൾക്കായി ഒരുക്കിവെച്ചിരിക്കുന്ന സാധനങ്ങളിലേക്ക് ഞാൻ കൈനീട്ടി. ഇത്രയുമായപ്പോൾ അമ്മായി (എന്റെ ഉമ്മ) എന്റെ കൈയുടെ മണികണ്ഠത്തിൽ മുറുകെ പിടിച്ച്

പിന്നിലേക്ക് മാറ്റി. പറഞ്ഞു, 'ചെയ്യരുത് മോനെ. ഇത് ശിർക്കുപരമായ കാര്യങ്ങളാണ്.' അതിൽനിന്ന് എനിക്കും ഉത്സാഹമായി. ഞാൻ ആ സാധനങ്ങൾ എന്റെ കൈകൊണ്ട് വിതറിക്കളയുകയും എഴുന്നേറ്റുനിന്ന് ഈ ചടങ്ങിൽ ഞാൻ പങ്കെടുക്കുകയില്ലെന്ന് പറയുകയും ചെയ്തു. ഇപ്രകാരം എനിക്ക് മോചനം കിട്ടി."

**എന്റെ മകളുടെ ജനനത്തെക്കുറിച്ചുള്ള ഉമ്മയുടെ സ്വപ്നം**

ഏതോ ഒരു ഭൃത്യൻ ഒരു പ്ലേറ്റ് കൊണ്ടുവന്നിരിക്കുന്നതായി 1936-ൽ ഉമ്മ ഒരു സ്വപ്നം കണ്ടു. അതിൽ മാങ്ങപോലുള്ള അഞ്ച് പഴവും അഞ്ചുരൂപയും വെച്ചിട്ടുണ്ട്. ഒരു സ്വർണ്ണാഭരണവുമുണ്ട്. ഇതിന് പഞ്ചാബിയിൽ 'തീലാ' എന്നോ 'തീലി' എന്നോ ആണ് പറയുന്നത്. മൂക്കിലാണ് അത് അണിയുന്നത്. പഴം കൊണ്ടുവന്നതറിയിച്ചുകൊണ്ട് ആ ഭൃത്യൻ ഉമ്മയെ വിളിച്ചു. ഉമ്മ പറഞ്ഞു: "പാകമായിക്കഴിഞ്ഞാൽ ഞാൻ പ്ലേറ്റിൽ വെച്ചുകൊണ്ടുവരുമെന്ന് അദ്ദേഹം പറഞ്ഞ അതേപഴമാണല്ലോ ഇത്."

നേരം വെളുത്തപ്പോൾ ഉമ്മ താൻകണ്ട സ്വപ്നം എന്റെ ഭാര്യയോടു പറഞ്ഞു. ഇതു പുലരുന്ന വല്ല ലക്ഷണവുമുണ്ടോ എന്നും ചോദിച്ചു. അവർ കുറച്ചു നാണംകൊണ്ടും, തികഞ്ഞ ഉറപ്പില്ലാത്തതുകൊണ്ടും പറഞ്ഞു. 'ഇല്ല, ഇപ്പോൾ ലക്ഷണമൊന്നുമില്ല.' ഉമ്മ പറഞ്ഞു, നീ നിഷേധിക്കുകയാണ്. അല്ലാഹുതആല എനിക്ക് സുവ്യക്തമായ നിലയിൽ അറിയിച്ചുതന്നിരിക്കുന്നു. അവൻ ഈ സുവിശേഷത്തെ തീർച്ചയായും പൂർത്തിയാക്കുമെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ട്.

അങ്ങനെ 1937 ജനുവരി 12-ന് അമത്തുൽഹയ്യ് ജനിച്ചു. അവളുടെ ജനനദിവസവും വളരെ അനുഗൃഹീതമാണ്. കാരണം ഈ ദിവസമാണ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ അനുഗൃഹീതജനനമുണ്ടായത്. അവൾ ജനിക്കുന്നതിന് കുറച്ചു മണിക്കൂറുകൾ മുമ്പേ ഉമ്മ എന്റെ ഭാര്യയോടു പറഞ്ഞു. കുട്ടി പെണ്ണായിരിക്കും. കാരണം ഇപ്പോൾ മയക്കാവസ്ഥയിൽ, വീട്ടിൽ ഒരുപാടാളുകൾ ഒരുമിച്ചുകൂടി, 'സുന്ദരിയായ ബീബി വന്നിരിക്കുന്നു' എന്ന് പറഞ്ഞ് ആഹ്ലാദിക്കുന്നത് ഞാൻ കണ്ടു.

അമത്തുൽഹയ്യുടെ ജനനത്തിൽ ഉമ്മായ്ക്ക് വളരെ സന്തോഷമുണ്ടായി. കാരണം എനിക്ക് കുട്ടികൾ ഉണ്ടാകണമെന്ന് അവർ ഒരുപാട് ആഗ്രഹിച്ചിരുന്നു. അതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. അമത്തുൽഹയ്യുടെ ജനനത്തിനുശേഷം എന്നോടു പറഞ്ഞു. "കഴിഞ്ഞവർഷം ഞാൻ ഇങ്ങനെയും ദുആ ചെയ്തിരുന്നു. 'അല്ലാഹുവേ, ആളുകൾ എന്നോടു ദുആ ചെയ്യാൻ പറയുമ്പോൾ എനിക്ക് നാണം തോന്നുന്നു. കാരണം ഈയൊരു ദുആ ഞാൻ ദീർഘകാലമായി ചെയ്തുവരുന്നതാണ്. ഇതുവരെ നിന്റെ കാരുണ്യത്തിന്റെ കവാടം തുറന്നിട്ടില്ല.' ഇപ്പോൾ അവൻ എന്റെ ഈ ദുആയും സ്വീകരിച്ചു. ഞാൻ അവന്റെ ഏതേതെല്ലാം കാരുണ്യത്തിനാണ് നന്ദി കാണിക്കേണ്ടത്?"

### ഉമ്മയുടെ ചില സ്വപ്നങ്ങൾ

ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട ഉമ്മയുടെ ഒരുപാട് സ്വപ്നങ്ങളും ദർശനങ്ങളും ഞാൻ വിവരിച്ചുകഴിഞ്ഞു. ഇനി മറ്റുചില സ്വപ്നങ്ങളെക്കുറിച്ചും പറയുന്നതാണ്. ഇത് ഉദാഹരണമെന്ന നിലയിൽ മാത്രമുള്ളതാണ്. കാരണം ഈ പരമ്പര അവരുടെ ചെറുപ്പകാലം തുടങ്ങി അവസാനനിമിഷംവരെ തുടർന്നുപോന്നിരുന്നു. സത്യമായ ദർശനങ്ങളും സ്വപ്നങ്ങളും അധികമായിട്ട് അവർ കാണാറുണ്ടായിരുന്നു. തന്റെ സ്വപ്നത്തിലും ദർശനത്തിലും ദൃഢ വിശ്വാസമാണ് അവർക്കുണ്ടായിരുന്നത്. ഞങ്ങളെല്ലാവരും മിക്ക ദിവസവും അവരുടെ സ്വപ്നങ്ങളും ദർശനങ്ങളും സ്വീകരിക്കപ്പെട്ടത് കാണാറുണ്ടായിരുന്നു. അവയിൽ പൂർണ്ണമായും വിശ്വസിച്ചിരുന്നു. ഈ കാഴ്ച ഞങ്ങളുടെ ഈമാൻ ബലപ്പെടുന്നതിന് കാരണമാകാറുമുണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ ലോകം അത്തരം കാര്യങ്ങളിൽ സംശയിച്ചുനില്ക്കുമ്പോൾ ഞങ്ങളത് നിത്യവും കാണുന്ന കാഴ്ചയായിരുന്നു. അത്തരം ആത്മീയമായ കാര്യങ്ങളിൽ വിശ്വസിക്കുന്നവരായിരുന്നു ഞങ്ങൾ. ചില ഘട്ടങ്ങളിൽ ഉമ്മായ്ക്ക് ഇൽഹാമും ഉണ്ടായിട്ടുണ്ട്. പക്ഷേ, അങ്ങേയറ്റത്തെ വിനയംകൊണ്ട് അതിന് അവർ ഇൽഹാം എന്നു പറയുമായിരുന്നില്ല. ഇനി എന്തെങ്കിലും പ്രത്യേകത ഉൾക്കൊള്ളുന്ന അവരുടെ ചില സ്വപ്നങ്ങളെക്കുറിച്ച് പറയാം.

“സിയൽക്കോട്ട് ഛാവ്നിയിലെ വലിയ ക്രിസ്ത്യൻപള്ളിയുടെ താഴികക്കുടത്തിൽനിന്ന് ഒരു വലിയ കല്ല് ഇളകിവീഴുന്നതും അവിടെ വിടവുണ്ടാകുന്നതും 1910-ൽ ഉമ്മ സ്വപ്നം കണ്ടു. സ്വപ്നത്തിൽ അവർ എന്റെ അപ്പച്ചിയുടെ മകൾ ശരീഫാബീബിയോടു പറഞ്ഞു: ‘നോക്കൂ! ആ വിടവ് എത്രമാത്രം അഭംഗിയാണ്.’ ശരീഫാബീബി ഇതുകേട്ടപ്പോൾ പറഞ്ഞു: ‘അമ്മായി നോക്ക്! ആ കൊത്തുപണിക്കാരൻ അതുപോലെതന്നെ ഒരു കല്ല് കൊത്തിക്കൊണ്ടിരിക്കുകയാണ്. ആ വീണുപോയ കല്ലിന്റെ സ്ഥാനത്ത് അതിപ്പോൾ പതിപ്പിക്കും.’ കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അഡ്വേർഡ് രാജാവ് ഏഴാമൻ മരിച്ചു. ജോർജ്ജ് രാജാവ് അഞ്ചാമൻ തൽസ്ഥാനത്ത് അവരോധിതനായി.

1936-ന്റെ അവസാനത്തിൽ അഡ്വേർഡ് രാജാവ് എട്ടാമന്റെ വിവാഹത്തെ സംബന്ധിച്ചുള്ള ചർച്ചകൾ പത്രങ്ങളിൽ വരാൻതുടങ്ങി. ഞാനൊരു ദിവസം ഉമ്മയോടു പറഞ്ഞു: ‘നിങ്ങൾ രാജാവിനുവേണ്ടി പ്രാർത്ഥിക്കുക. അദ്ദേഹം ഇങ്ങനെയൊക്കെയുള്ള ബുദ്ധിമുട്ടിൽ അകപ്പെട്ടിരിക്കുകയാണ്.’ ഉമ്മ പറഞ്ഞു: ‘കുറച്ചു ദിവസമായിട്ട് ഞാൻ സ്വപ്നത്തിൽ കോലാഹലങ്ങളും അസ്വസ്ഥഭരിതമായ കാഴ്ചകളും കണ്ടുകൊണ്ടിരിക്കുകയാണ്. ഇത് രാജാവിനെ സംബന്ധിച്ചുള്ള സൂചനയാകാൻ സാധ്യതയുണ്ട്. ഞാൻ ദുആ ചെയ്യാം.’ പിന്നീട് രണ്ടുമൂന്നുവട്ടം ഞാൻ ചോദിച്ചപ്പോൾ പറഞ്ഞു: ‘ബഹളം കൂടുകയാണ്. കുറയുന്നില്ല. ഇതിന്റെ ഫലം നല്ലതായിരിക്കുകയില്ല എന്നതിൽ ഞാൻ ഭയപ്പെടുന്നു.’ അങ്ങനെ കുറച്ചു ദിവസത്തിനുശേഷം അഡ്വേർഡ് രാജാവ് എട്ടാമൻ സ്ഥാനഭ്രഷ്ഠനാക്കപ്പെട്ടു.

അസദുല്ലാഹ്ഖാന് ചെറുപ്രായമായിരുന്നു. അവനിൽനിന്ന് സ്ലേറ്റ് കളവുപോകുകയോ പൊട്ടിപ്പോകുകയോ ചെയ്തു. അപ്പോൾ ‘ഓരോ ദിവസം കഴിയുമ്പോഴും പുതിയ സ്ലേറ്റ് വാങ്ങുന്നു, അത് പൊട്ടിക്കുകയോ, കളയുകയോ ചെയ്യുന്നു’ എന്നൊക്കെ പറഞ്ഞ് ഉമ്മ അവനോട് ദ്വേഷപ്പെട്ടു. ഉമ്മ ദ്വേഷപ്പെട്ടപ്പോൾ അവൻ പേടിച്ചു. ആ രാത്രി ഉമ്മ വെള്ളവസ്ത്രം ധരിച്ച തേജസ്വിയായ ഒരു മഹാത്മാവിനെ സ്വപ്നത്തിൽ കണ്ടു. അദ്ദേഹം പറഞ്ഞു: ‘നിങ്ങൾ നാലണയുടെ ഒരു സാധനം നഷ്ടപ്പെട്ട കാരണത്താൽ നമ്മുടെ

ദാസനുമേൽ ഇത്രത്തോളം ദ്വേഷം പ്രകടിപ്പിച്ചു. 'ഞാൻ തരുന്ന ഈ നാലണ എടുത്തുകൊള്ളുക' എന്നു പറഞ്ഞ് അദ്ദേഹം തിളങ്ങുന്ന ഒരു നാലണതുട്ട് ഉമ്മായ്ക്ക് നല്കി.

ഉമ്മ ഉണർന്നപ്പോൾ പ്രഭാതനമസ്കാരത്തിനുള്ള സമയം ആകുകയായിരുന്നു. മൊന്തയിൽ വെള്ളമെടുത്ത് വുസു ചെയ്യുന്നതിനായി മുകളിലത്തെ നിലയിലേക്ക് പോയി. നല്ല നിലാവെളിച്ചം ഉണ്ടായിരുന്നു. മുകളിൽ ആകാശത്തിനു കീഴെ എത്തിയപ്പോൾ എന്തോ തിളങ്ങുന്ന ഒരു വസ്തു വേഗത്തിൽ ആകാശത്തിൽനിന്ന് വീഴുന്നതായി കണ്ടു. ആ വസ്തു അവരുടെ മൊന്തയിൽ വന്നുമുട്ടി. അത് വെള്ളിയുടേയോ അതുപോലുള്ള മറ്റേതോ ലോഹത്തിന്റേയോ ആണെന്ന് തോന്നിക്കുംവിധമുള്ളതായിരുന്നു അതിന്റെ ശബ്ദം. മൊന്തയിൽ മുട്ടി അത് നിലത്തുവീണു. ഉമ്മ അതെടുത്തുനോക്കിയപ്പോൾ തിളങ്ങുന്ന ഒരു നാലണ തുട്ടായിരുന്നു. ഉമ്മ അത് അനുഗ്രഹസൂചകമായ വസ്തു എന്ന നിലയിൽ പോക്കറ്റിലിട്ടു. കുറച്ചുദിവസം അത് വേറെതന്നെ സൂക്ഷിച്ചുവയ്ക്കുകയും ചെയ്തു. പിന്നീടത് കളഞ്ഞുപോയി. മറ്റു നാണയത്തോടൊപ്പം കൂടിക്കലരുകയോ, ചെലവഴിക്കപ്പെടുകയോ ചെയ്തിട്ടുണ്ടാകും.

ഉപ്പാന്റെ വഫാത്തിനുശേഷം രണ്ടുമൂന്നു പ്രാവശ്യം ഉമ്മ അദ്ദേഹത്തെ സ്വപ്നം കണ്ടിരുന്നു. കാണുമ്പോഴൊക്കെ, ഉപ്പ മരിക്കുന്നതിന് രണ്ടുമൂന്നു ദിവസം മുമ്പേ കണ്ട സ്വപ്നംപോലെ ആ യുവതിയും ഉപ്പ ജോലി ചെയ്യുന്ന ആ മുറിയിലുണ്ടായിരുന്നു. അവർ ഇപ്പോഴും അദ്ദേഹത്തിന്റെ സേവനത്തിൽ മുഴുകിയിരിക്കുകയാണ്. രണ്ടാമതും മൂന്നാമതും ഇതേ കാഴ്ച ഉമ്മ കണ്ടപ്പോൾ ഈ സ്ത്രീ എപ്പോഴും അദ്ദേഹത്തോടൊപ്പം എന്തിനിരിക്കുന്നു എന്നോർത്ത് അവരുടെ മനസ്സിൽ കുറച്ചു വല്ലായ്മ അനുഭവപ്പെട്ടു. പക്ഷേ, ഉമ്മ സ്വപ്നത്തിലോ അതിനുശേഷമോ അക്കാര്യം ആരോടും പ്രകടിപ്പിച്ചിരുന്നില്ല. കുറച്ചുദിവസം കഴിഞ്ഞ് എന്റെ ഒരു എളാമ വന്നു. സംസാരത്തിനിടെ ചിരിച്ചുകൊണ്ട്, 'സഹോദരനിൽനിന്നുള്ള ഒരു സന്ദേശം നിങ്ങൾക്കു തരേണ്ടതുണ്ട്' എന്ന് പറഞ്ഞു. എന്താണ് സന്ദേശം എന്ന് ഉമ്മ തിരക്കി. എളാമ പറഞ്ഞു: "ഞാൻ 'ഭായിജാനെ' കുറച്ചുദിവസം മുമ്പേ സ്വപ്നത്തിൽ കണ്ടിരുന്നു. ഒരു

യുവതി അദ്ദേഹത്തിന്നടുത്ത് നിന്ന് വീശുന്നുണ്ടായിരുന്നു. കുറച്ചു കാര്യങ്ങൾ സംസാരിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹം എന്നോടു പറഞ്ഞു: 'സഫ്റുല്ലാഹ്ഖാന്റെ ഉമ്മ അനാവശ്യമായി വിഷമിക്കുകയാണ്. ഈ സ്ത്രീ എന്റെ സേവനത്തിനായി നിശ്ച യിക്കപ്പെട്ടിരിക്കുകയാണെന്നും അല്ലാതെ എനിക്ക് അവരുമായി ഒരു ബന്ധവുമില്ലെന്നും അവളോടു പറയണം." അപ്പോൾ ഉമ്മ സ്വപ്നത്തിൽ തനിക്കനുഭവപ്പെട്ട കാര്യം എളാമയോടു പറഞ്ഞു.

ഉപ്പ മരിച്ചതിനുശേഷം കുറേക്കാലം കഴിഞ്ഞ് ഒരു സ്വപ്നത്തിൽ ഉമ്മ, ഉപ്പയെ കണ്ടു. എന്താണിങ്ങനെ വിഷമിച്ചിരിക്കുന്നതെന്ന് ഉപ്പ ചോദിച്ചു. ഉമ്മ ഒന്നും മിണ്ടിയില്ല. അടുത്തുനിന്ന ഞങ്ങളുടെ പിതൃസഹോദരിഭർത്താവ് ചൗദ്രീ ഥനാവുല്ലാഹ് ഖാൻ സാഹി ബാണ് അതിനു മറുപടി നല്കിയത്. 'അങ്ങയുടെ വേർപാടിലുള്ള ദുഃഖമാണ്. അങ്ങയ്ക്ക് ഇവരുടെ വിഷമത്തെക്കുറിച്ച് ചിന്തയുണ്ടെ ങ്കിൽ, എന്തുകൊണ്ട് കൂടെ കൊണ്ടുപോകുന്നില്ല?' അപ്പോൾ ഉപ്പയും കുറച്ചു വിഷമിച്ചു. അദ്ദേഹം പറഞ്ഞു: "സത്യം പറഞ്ഞാൽ ഇപ്പോൾ അവരുടെ വീട് തയ്യാറായിട്ടില്ല. തയ്യാറായിക്കഴിഞ്ഞാൽ ഞാൻ തന്നെ അവളെ കൂട്ടിക്കൊണ്ടുപോകും."

1936 ജനുവരിയിലെ സംഭവമാണ്. ഒരിക്കൽ ഉമ്മ വല്ലാതെ വിഷമിച്ചിരിക്കുന്നത് ഞാൻ കണ്ടു. കാരണം ചോദിച്ചപ്പോൾ പറഞ്ഞു: "അസദുല്ലാഹ് ഖാൻ വധിക്കപ്പെട്ടുവെന്ന് ആരോ പറയു ന്നത് ഞാൻ സ്വപ്നം കണ്ടു. തന്റെ മൂത്തസഹോദരൻ തന്റെ മക്കളെ നോക്കണമെന്ന് അവൻ വസിയ്യത്ത് ചെയ്തിരിക്കുന്നു." 'സ്വപ്നം വ്യാഖ്യാനാർഹമാണ്. കെടുതികൾ അകലാൻ സ്വദഖ കൊടുത്താൽ മതി. ദുആ ചെയ്യേണ്ടതാണ്' എന്നൊക്കെ പറഞ്ഞ് ഞാൻ ഉമ്മയെ സമാധാനിപ്പിക്കാൻ ശ്രമിച്ചു. അപ്പോൾ ഉമ്മ പറഞ്ഞു: 'സ്വദഖ കൊടുക്കാനുള്ള ഏർപ്പാട് ഞാൻ രാവിലെതന്നെ ചെയ്തിട്ടുണ്ട്. ദുആയും ചെയ്തുകൊണ്ടിരുന്നു. ചെയ്തുകൊണ്ടിരിക്കുകയും ചെയ്യും. അല്ലാഹു കരുണ ചൊരിയട്ടെ.'

രണ്ടുമൂന്നു ദിവസം കഴിഞ്ഞപ്പോൾ ഞങ്ങളെ കാണാൻ അസ ദുല്ലാഹ്ഖാൻ ഡൽഹിയിൽ വന്നു. വഴിയിൽ രാത്രിനേരത്ത് ട്രെയി നിൽവെച്ച് ഏതോ ഒരാൾ നീളമുള്ള കഠാരകൊണ്ട് തന്റെ നെഞ്ചു

ണ്ടായിരുന്ന സ്ഥലത്ത് കുത്തിയെന്ന് പറഞ്ഞു. ആക്രമണം നടത്തുന്നതിനുമുമ്പേ, അവൻ തന്റെ കിടക്ക തിരിച്ചുവിരിച്ച് തന്റെ കാല് ആ ഭാഗത്ത് വെച്ചില്ലായിരുന്നെങ്കിൽ അപകടം സംഭവിക്കുമായിരുന്നു. കഠാര വളരെ ശക്തമായി ആഴ്ന്നിറങ്ങിയിരുന്നു. പുതപ്പ് തുളച്ച് ഘനം കുറഞ്ഞ കിടക്കയിലൂടെ കടന്ന് അസദുല്ലാഹ്ഖാന്റെ ഇരുമുട്ടുകൾക്കുമിടയിൽ തോലിന്റെ ബർത്തിൽ ആഴ്ന്നിറങ്ങിയിരുന്നതായാണ് കണ്ടത്.

ഉമ്മായ്ക്ക് അതിനുമുമ്പേ ഈ അപകടത്തെക്കുറിച്ച് അറിയിച്ചുകൊണ്ട് സ്വദഖ കൊടുക്കാനും ദുആ ചെയ്യാനുമുള്ള അവസരം അല്ലാഹു കൊടുത്തു എന്നതിൽ സംശയമില്ല. പിന്നീട് അതിന്റെ ഫലമായി തന്റെ അനുഗ്രഹവും കരുണയുംകൊണ്ട് ആ ആപത്ത് അകറ്റുകയും ചെയ്തു.

ഞങ്ങളുടെ കുട്ടിക്കാലത്ത് എപ്പോഴൊക്കെ പ്ലേഗ് പടർന്നിട്ടുണ്ടോ അപ്പോഴൊക്കെ അതിനുമുമ്പേ ദർശനത്തിലൂടെ അതിനെക്കുറിച്ച് ഉമ്മായ്ക്ക് വിവരം കൊടുത്തിരുന്നു എന്നത് എനിക്ക് നല്ലവണ്ണം ഓർമ്മയുണ്ട്. അവർ ഉടനെ ദുആ ചെയ്യുകയും ചെയ്യും. അതിന് ശമനം ഉണ്ടാകുമ്പോഴും സ്വപ്നത്തിലൂടെ അറിയിച്ചിരുന്നു. ഇപ്രകാരം ഞങ്ങളുടെ ബന്ധുക്കളിലും വീട്ടുകാരിലും എന്തെങ്കിലും സന്തോഷത്തിന്റേയോ സന്താപത്തിന്റേയോ സന്ദർഭമുണ്ടായാലും കാലേക്കൂട്ടി അല്ലാഹു ഉമ്മായെ അതറിയിച്ചിരുന്നു. ജമാഅത്തിന്റെ വലിയ വലിയ കാര്യങ്ങളെ സംബന്ധിച്ചും എന്നല്ല ചിലപ്പോൾ ലോകത്തിന്റെ വലിയ വലിയ സംഭവങ്ങളെക്കുറിച്ച്പോലും അല്ലാഹു അവരെ അറിയിക്കുമായിരുന്നു.

റിട്ടയേർഡ് സീനിയർ സബ്ജഡ്ജ് ബാവാ ഝൻസാസിംഗ് സാഹിബ് എന്നോടു പറഞ്ഞു, 'ഞാൻ 1936-ൽ വേനൽക്കാലത്ത് ശിംലയിൽ താമസിച്ചപ്പോൾ ഒരു ദിവസം നിങ്ങളുടെ വീട്ടിൽവെച്ച് നിങ്ങളുടെ ഉമ്മ പറഞ്ഞു: ഖുസ്വൂറിൽ കോളറ പടർന്നു എന്നറിഞ്ഞപ്പോൾ എനിക്ക് വളരെ വിഷമം ഉണ്ടായി. ഞാൻ ഒരുപാട് ദുആ ചെയ്തുകൊണ്ടിരുന്നു. രാത്രിയിൽ സ്വപ്നത്തിൽ എന്നോടു പറയപ്പെട്ടു: 'ഒരാഴ്ചയ്ക്കുശേഷം ഖുസ്വൂറിൽ കോളറയുടെ അപായങ്ങൾ നിലയ്ക്കുന്നതാണ്.' ബാവാ സാഹിബ് പറയുന്നു: ഞങ്ങൾ

പത്രം നോക്കിക്കൊണ്ടിരുന്നു. ഒരാഴ്ച തികഞ്ഞപ്പോൾ ഖുസ്വൂറിൽ കോളറയുടെ അനിഷ്ടസംഭവങ്ങൾ നിലച്ചു.

**അല്ലാഹുവിലുള്ള തികഞ്ഞവിശ്വാസം**

അല്ലാഹു സർവ്വശക്തനാണെന്നും പ്രാർത്ഥന സ്വീകരിക്കുന്നവനാണെന്നും അവർക്ക് അനുഭവജ്ഞാനമുണ്ടായിരുന്നു. കാരണം അത് അവർ നിത്യവും കണ്ടിരുന്ന കാര്യമാണ്. രോഗത്തിന് ചികിത്സിക്കുമ്പോൾ മരുന്ന് പറഞ്ഞുകൊടുക്കുന്നതിനോടൊപ്പം പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ഇത് അവരുടെ ഒരു നടപടിക്രമമായിരുന്നു.

അവർ മരിക്കുന്നതിന് അല്പദിവസം മുമ്പേ നടന്ന ഒരു സംഭവമാണിത്. “എന്റെ ഒരു സുഹൃത്തിന്റെ കാലിൽ പൊള്ളം പൊന്തി. അതുകൊണ്ട് അസാധാരണമായ വിഷമം അവനുണ്ടായി. ഞാനിക്കാര്യം ഉമ്മയോടു പറഞ്ഞു. അവർ മരുന്ന് നിർദ്ദേശിച്ചുകൊണ്ട് അത് ചെയ്യാൻ പറയുകയും താൻ പ്രാർത്ഥിക്കുമെന്നും അല്ലാഹു കരുണ ചെയ്യുകയും ആശ്വാസം നൽകുകയും ചെയ്യുമെന്ന് അറിയിക്കുകയും ചെയ്തു. രണ്ടാമത്തെ ദിവസം ഉമ്മ സുഖമില്ലാതെ കട്ടിലിൽ കിടക്കുമ്പോൾ, ടെലഫോൺ ചെയ്ത് നിന്റെ കൂട്ടുകാരന്റെ വിവരം അറിയുക എന്ന് എന്നോടു പറഞ്ഞു. ഞാൻ അന്വേഷിച്ചപ്പോൾ അയാൾ ആ മരുന്ന് ചെയ്തിട്ടില്ലെന്നും വിഷമം ഇപ്പോഴും തുടരുന്നുവെന്നും മനസ്സിലായി. അപ്പോൾ ഉമ്മ പറഞ്ഞു: “ അയാളോട്, ഞാൻ പറഞ്ഞതുപോലെ ചെയ്യാൻ നിർബന്ധിച്ചു പറയുക. ഞാൻ ദുആ ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹു തീർച്ചയായും സുഖം നൽകും.” അങ്ങനെ രണ്ടാമത്തെ ദിവസം ഉമ്മ പറഞ്ഞതുപോലെ മരുന്ന് ചെയ്തുവെന്നും ഇപ്പോൾ കുറവുണ്ടെന്നും ആ സാഹിബ് അറിയിച്ചു.

ഉമ്മ മിക്കപ്പോഴും പറയുമായിരുന്നു: “ഞാൻ ആർക്കെങ്കിലും മരുന്ന് പറഞ്ഞുകൊടുക്കുമ്പോൾ ഇങ്ങനെ പ്രാർത്ഥിക്കാറുണ്ട്: ‘അല്ലാഹുവേ ഞാൻ നിന്റെ അനുഗ്രഹത്തെ വിശ്വസിച്ചുകൊണ്ടാണ് ഈ ധൈര്യം കാണിച്ചിട്ടുള്ളത്. ഇനി നീതന്നെ അയാളുടെമേൽ കരുണ കാണിച്ചാലും. അവൻ അധികമായി എന്റെ അപേക്ഷയെ സ്വീകരിക്കുന്നു.’ അല്ലാഹു അവരോട് ‘റുബ്ബ അശ്അത്താ അഗ്ബറാ’ എന്ന രീതിയിലാണ് പെരുമാറിയിരുന്നത്.

**ഉമ്മായ്ക്ക് തന്റെ മരണത്തെക്കുറിച്ച് സ്വപ്നം**

മുപ്പതു വർഷം മുമ്പേ, ഉമ്മയുടെ മരണം ഏപ്രിൽ മാസത്തിലായിരിക്കുമെന്ന് സ്വപ്നത്തിൽ അവർക്ക് അറിയിച്ചുകൊടുത്തിരുന്നു. പിന്നെ കുറച്ചുകഴിഞ്ഞപ്പോൾ, ഏപ്രിൽ മാസത്തിലെ അവസാനത്തെ ബുധനാഴ്ച മരണം സംഭവിക്കുമെന്ന് പറയപ്പെട്ടു. ഇത് അല്ലാഹുവിൽനിന്നുള്ള അറിയിപ്പാണെന്ന് അവർക്ക് ദൃഢവിശ്വാസമുണ്ടായിരുന്നു. എന്നാൽ, അതിനോടൊപ്പം സ്വപ്നങ്ങളും ദർശനങ്ങളും വ്യാഖ്യാനാർഹമാണെന്നും അറിഞ്ഞിരുന്നു. അല്ലാഹു സ്വച്ഛന്ദം വിഹരിക്കുന്നവനാണ്. അവന്റെ ശക്തിപ്രഭാവത്തിന് ഒരതിരുമില്ല.

1938 ജനുവരിയിൽ ഞാൻ ലണ്ടനിലേക്ക് പോകാനൊരുങ്ങിയപ്പോൾ 'ഏപ്രിൽ മാസത്തിനുള്ളിൽ തിരിച്ചുവരികയില്ലേ?' എന്ന് ഉമ്മ ചോദിച്ചു. 'അങ്ങനെ വിചാരിക്കുന്നു, ഇൻശാഅല്ലാഹ്' എന്ന് ഞാൻ മറുപടി പറഞ്ഞു. അപ്പോൾ അവർ ഒരുപാട് സമാധാനം പ്രകടിപ്പിച്ചു. അങ്ങനെ ഞാൻ ഏപ്രിൽ ഒന്നിന് വൈകുന്നേരം ഡൽഹിയിൽ തിരിച്ചെത്തി. ഇംഗ്ലണ്ടിൽനിന്ന് വരുന്നതിനുമുമ്പേ ഞാൻ ഉമ്മായ്ക്ക് കത്തെഴുതി: 'ഇൻശാഅല്ലാഹ്, ഏപ്രിൽ ഒന്നിന് ഡൽഹിയിൽ എത്തുന്നതാണ്. 12 ദിവസം അവിടെ താമസിച്ചതിനുശേഷം ഖാദിയാനിൽ പോകും. ഉമ്മ ആഗ്രഹിക്കുന്നെങ്കിൽ ഡൽഹിയിൽ വരിക. ഇനി യാത്രയിലെ ക്ഷീണവും ബുദ്ധിമുട്ടുകളും കരുതുകയാണെങ്കിൽ ഇൻശാഅല്ലാഹ് ഏപ്രിൽ 3-ന് ഖാദിയാനിൽ കാണുന്നതാണ്."

ഏപ്രിൽ ഒന്നാം തിയ്യതി ട്രെയിൻ ഒന്നേമുക്കാൽ മണിക്കൂർ വൈകിയാണ് ഡൽഹിയിലെത്തിയത്. ഡൽഹിയിൽ എത്തിയയുടനെ എന്നെ പ്രതീക്ഷിച്ച് ഉമ്മ കാറിലിരിപ്പുണ്ടെന്ന് അറിയാൻ കഴിഞ്ഞു. ഞാൻ കാറിന്റെയടുക്കൽ എത്തിയപ്പോൾ എനിക്കുവേണ്ടി ദുആ ചെയ്യുകയും എന്നെ മുത്തുകയും ചെയ്തു. എന്നിട്ട് ചോദിച്ചു. 'പന്ത്രണ്ട് ദിവസം ഇനിയും നിന്നെ പ്രതീക്ഷിച്ചിരിക്കാൻ എനിക്ക് കഴിയുമെന്ന് നീ എങ്ങനെയാണ് വിചാരിച്ചത്?'

**ഉമ്മായുടെ അസുഖം**

ഞാൻ ഡൽഹിയിലായിരുന്നപ്പോഴാണ് ഉമ്മായ്ക്ക് രക്തസ

മ്മർദ്ദത്തിന്റെ ബുദ്ധിമുട്ടുണ്ടായത്. മുമ്പേയും ചിലപ്പോഴൊക്കെ ഇങ്ങനെ ഉണ്ടാകാറുണ്ടായിരുന്നു. ചികിത്സിച്ചപ്പോൾ സമ്മർദ്ദം കുറഞ്ഞു. ബുദ്ധിമുട്ട് അകലുകയും ചെയ്തു. ആ നാളിൽ ഉമ്മ ഒരു സ്വപ്നം കണ്ടു. അതിന്റെ വ്യാഖ്യാനം നല്ലവണ്ണം മനസ്സിലാക്കിയതുപോലെ അതിൽ ഒരുപാട് സന്തുഷ്ടയായി. ആവർത്തിച്ചാവർത്തിച്ച് ആഹ്ലാദത്തോടെ അത് പറഞ്ഞുകൊണ്ടിരുന്നു:

“ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു കട്ടിലിൽ ഇരിക്കുന്നത് ഞാൻ കണ്ടു. സന്തോഷവാനായിട്ടാണ് കാണുന്നത്. മസീഹ് മൗഊദ്(അ)നെ കണ്ടപ്പോൾ എനിക്ക് അത്യധികം സന്തോഷമുണ്ടായി. ഞാൻ പറഞ്ഞു. ‘ഹദ്റത്ത്! അങ്ങനുവദിക്കുകയാണെങ്കിൽ ഞാൻ ഹുസൂറിന്റെ കാല് അമർത്താം.’ മസീഹ് മൗഊദ്(അ) പുഞ്ചിരിച്ചുകൊണ്ട് എനിക്കിരിക്കാൻ സ്ഥലം കിട്ടണം എന്ന ഉദ്ദേശ്യത്തോടെ തികഞ്ഞ വാത്സല്യത്തോടുകൂടി തന്റെ കാൽ കട്ടിലിന്റെ ഒരു ഭാഗത്താക്കിവെച്ചു. ഞാൻ കട്ടിലിൽ ഇരുന്നു. ഹുസൂറിന്റെ കാൽ അമർത്താൻ തുടങ്ങി. ഹുസൂർ അപ്പോൾ വളരെ സന്തോഷിക്കുന്നതായിട്ടാണ് ഞാൻ കാണുന്നത്. എന്തെങ്കിലും ദുആയ്ക്കുവേണ്ടി അപേക്ഷിച്ചാലോ എന്നെനിക്കുതോന്നി. എന്തിനുവേണ്ടി ദുആ ചെയ്യാനാണ് പറയേണ്ടതെന്ന് ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ ഹുസൂർ തന്റെ വലതുഭാഗത്തുനിന്ന ഒരാളോട് എന്നെ ചൂണ്ടിക്കൊണ്ട്, ‘ഇവരുടെ വീട് വിശാലമായിട്ടുണ്ടാക്കണം’ എന്നു പറഞ്ഞു. പിന്നീട് ഞാനുണർന്നു. ഈ സ്വപ്നം കണ്ടതുമുതൽ എനിക്ക് വളരെ സന്തോഷമാണ്.”

ഞാൻ ഖാദിയാനിലെത്തിയപ്പോൾ ഉമ്മ തന്റെ ഈ സ്വപ്നം ഖലീഫത്തുൽ മസീഹിനോടു വിവരിച്ചു. അതിനോടൊപ്പം പറഞ്ഞു, “ഇനിയിപ്പോ എന്ത് വിശാലമാക്കാനാണ്, ‘ഒരുഭാഗത്ത് അബ്ദുസ്സത്താർ സാഹിബ് അഫ്ഗാൻ അടങ്ങിയിരിക്കുന്നു, മറുഭാഗത്ത് വേറെയാരോ’ എന്നു പറഞ്ഞ് പരാതിപ്പെടണമെന്ന് ഞാൻ വിചാരിച്ചു.” ഹുസൂർ ചിരിച്ചുകൊണ്ട് പറഞ്ഞു: ‘ഇത് സ്വർഗ്ഗത്തിലെ വീടിനെക്കുറിച്ചുള്ള സൂചനയാണ്.’

ഈ സംസാരത്തെക്കുറിച്ച് എന്നോടു പറഞ്ഞപ്പോൾ, ‘അത് സ്വർഗ്ഗത്തിലെ വീടിനെക്കുറിച്ചുള്ള സൂചനയാണെന്ന് തനിക്കറി

യാമായിരുന്നുവെന്നും താൻ തന്റെ ഖബ്റിന്റെ സ്ഥലത്തെക്കുറിച്ച് ഹദ്റത്ത് സാഹിബിനെ ചിരിപ്പിക്കാൻ പറഞ്ഞതാണെന്നും' ഉമ്മ പറയുകയുണ്ടായി.

ആ സന്ദർഭത്തിൽ ഏപ്രിൽ അവസാനംവരെ ഞങ്ങൾ ഖാദിയാനിൽ താമസിച്ചു. ഉമ്മയുടെ സ്വപ്നത്തിന്റെ അടിസ്ഥാനത്തിലാണ് ഏപ്രിൽ മാസത്തിന്റെ അവസാനത്തെ പകുതി ഭാഗം ഖാദിയാനിൽ താമസിക്കാൻ ഞാൻ ഏർപ്പാട് ചെയ്തത്. ഇക്കാലത്ത് വാർദ്ധക്യസഹജമായ ക്ഷീണവും രക്തസമ്മർദ്ദവും ഉണ്ടായിട്ടും ജുമുഅ നമസ്കരിക്കാൻ നടന്ന് മസ്ജിദ് അഖ്സായിൽ പോകുമായിരുന്നു. ഹദ്റത്ത് ഉമ്മുൽ മുഅ്മിനീന്റെയും ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റേയും സന്നിധിയിലും ഹാജരാകാറുണ്ടായിരുന്നു. ജുമുഅ നമസ്കാരസമയത്ത് കഠിനമായ ചൂടുണ്ടാകും. അതുകൊണ്ട് ജുമുഅ നമസ്കരിക്കാൻ മസ്ജിദ് അഖ്സായിൽ പോയിരുന്നുവെന്നറിഞ്ഞപ്പോൾ എന്നോടു പറഞ്ഞിരുന്നെങ്കിൽ വാഹനമേർപ്പാടാക്കാമായിരുന്നുവെന്ന് ഞാൻ അറിയിച്ചു. അപ്പോൾ പറഞ്ഞു: 'വേണ്ട മോനേ! മസ്ജിദുവരെ പോകാൻ എന്തു ബുദ്ധിമുട്ടാണുള്ളത്.'

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഏപ്രിൽ 25-ന് സിന്ധിലേക്ക് പോകുന്നുവെന്ന് അറിഞ്ഞപ്പോൾ ഉമ്മയ്ക്ക് സങ്കടമായി. രണ്ടു ദിവസം കഴിഞ്ഞപ്പോൾ, ഹുസൂർ പോകുന്നത് ഏപ്രിൽ 27-നാണെന്നറിഞ്ഞു. അതീവസന്തോഷത്തോടെ എന്നോടു പറഞ്ഞു. 'നീ കേട്ടോ, ഹദ്റത്ത് സാഹിബ് 27-ാം തിയ്യതിയാണത്രെ പുറപ്പെടുന്നത്.' ഞാനും കേട്ടുവെന്ന് പറഞ്ഞു. വീണ്ടും എന്നോടു പറഞ്ഞു: '27-ാം തിയതിയാണ്.' എനിക്കറിയാമെന്ന് ഞാൻ പറഞ്ഞു. അവരുദ്ദേശിച്ചത് ഏപ്രിൽമാസത്തിലെ അവസാനത്തെ ബുധനാഴ്ച രണ്ടാം തിയതിയേയാണ്. ഈ വർഷം തന്റെ സ്വപ്നം ബാഹ്യമായനിലയിൽ പൂർത്തിയാകുകയാണെങ്കിൽ ഹദ്റത്ത് സാഹിബ് തന്റെ ജനാസ നമസ്കരിപ്പിച്ചിട്ടേ ഖാദിയാനിൽനിന്ന് പുറപ്പെടുകയുള്ളൂ എന്ന് വിചാരിച്ചാണ് ഇതു പറഞ്ഞത്.

27-ന് രാവിലെ സുബ്ഹി നമസ്കാരത്തിനുശേഷം അവസാനമായി ബിഹിശ്തിമഖ്ബറയിൽ പോയി. തന്റെയുള്ളിൽ ചൂടു

തോന്നുന്നതായി എന്നോടു പറഞ്ഞു. എന്നാൽ, ബാഹ്യമായി വേറെ ഒരു ബുദ്ധിമുട്ടും ഉമ്മായ്ക്കുണ്ടായിരുന്നില്ല. അന്നു വൈകുന്നേരമോ, 28-ാം തിയ്യതി വൈകുന്നേരമോ താഴെ പറയുന്ന സംഭവങ്ങൾ എന്നോടു പറഞ്ഞു:

“ഞാൻ പട്ടണത്തിൽനിന്ന് തിരിച്ചുവരികയായിരുന്നു. ദാറുൽ അൻവാറിൽ ഒരു സ്ത്രീ വഴിയോരത്ത് ഭിത്തിയിൽ ചാരിയിരിക്കുന്നത് കണ്ടു. രണ്ടു പെൺകുട്ടികളും അവരുടെ അടുത്തുണ്ട്. ആദ്യം ഞാൻ അവരുടെ അടുത്തൂടെ നടന്നുപോന്നു. പക്ഷേ, കുറച്ച് ചുവട് മുന്നോട്ട് വന്നിട്ട്, ആ സ്ത്രീയ്ക്ക് എന്തോ ബുദ്ധിമുട്ടുണ്ടെന്ന് എനിക്കുതോന്നി. അങ്ങനെ ഞാൻ തിരിച്ചുപോയി. ആ സ്ത്രീയുടെ അടുത്തുചെന്നു. അവർ സ്വയം തന്റെ ഒരു കാൽ തിരുമ്മുന്നുണ്ടായിരുന്നു. പെൺകുട്ടികളും അവരുടെ കാൽ തിരുമ്മികൊടുക്കുന്നു. സ്ത്രീയാണെങ്കിൽ വേദനകൊണ്ട് പുളയുകയായിരുന്നു. ഞാൻ അവരുടെ കാലിലേക്ക് സൂക്ഷിച്ചുനോക്കിയപ്പോൾ നീളമുള്ള ഒരാണി തറച്ചുകയറിയിട്ടുണ്ടെന്ന് മനസ്സിലായി. അവരാണെങ്കിൽ വേദനകൊണ്ട് ഗതിമുട്ടുകയാണ്. ഞാൻ തനിച്ചായിരുന്നു. ആരെയെങ്കിലും സഹായത്തിനായി വിളിക്കാനോ, അയക്കാനോ എന്റടുത്താരും ഉണ്ടായിരുന്നില്ല. അവസാനം ഞാൻതന്നെ ആ ആണി വലിച്ചൂരാമെന്ന് തീരുമാനിച്ചു. പക്ഷേ, ഞാൻ കൈയംകൊണ്ട് കാലിന്റെയടുക്കലേക്ക് ചെല്ലുമ്പോൾ അവർ പരിഭ്രമിക്കുകയും എനിക്ക് സഹിക്കാൻ കഴിയില്ല, അതിൽ തൊടണ്ട എന്ന് പറയുകയും ചെയ്തു. എങ്കിലും അല്ലാഹു എനിക്ക് ധൈര്യം തന്നു. ഞാൻ ഒരു കൈകൊണ്ട് അവരുടെ കാൽ ശക്തമായി പിടിച്ചു. മറ്റേകൈകൊണ്ട് ആണിയുടെ തലയ്ക്കൽ പിടിച്ച് ശക്തമായി വലിച്ചു. അതിന് രണ്ടര, മൂന്നിഞ്ച് നീളമുണ്ടായിരുന്നു. അതും തുരുമ്പ് പിടിച്ചത്. ആ സ്ത്രീയുടെ കാലിൽനിന്ന് ജലധാരയിൽ നിന്നെന്നപോലെ ചോര ചീറ്റി. ആദ്യം വേദനകൊണ്ട് അവർക്ക് ബുദ്ധിമുട്ടുണ്ടായി. പക്ഷേ, പിന്നീട് അവർക്ക് കുറച്ച് സുഖം കിട്ടി. ഞങ്ങളുടെ വീട് ഇവിടെ അടുത്താണെന്നും നിങ്ങൾ ധൈര്യമവലംബിച്ച് എന്റെ കൂടെ വരികയെന്നും വിഷബാധയേല്ക്കാതിരിക്കാൻ എണ്ണ ചൂടാക്കി പഞ്ഞി മുക്കി നിങ്ങളുടെ കാലിൽ കെട്ടിത്തരാമെന്നും രാത്രി മുഴുവൻ

നിങ്ങളെ നോക്കാമെന്നും അവരോട് ഞാൻ പറഞ്ഞു. പക്ഷേ, തന്റെ വീട് ഇവിടെ അടുത്താണെന്നും ആ പെൺകുട്ടികളുടെ സഹായത്താൽ തന്റെ വീട്ടിൽ പൊയ്ക്കൊള്ളാമെന്നും ആ സ്ത്രീ പറഞ്ഞു." ഉമ്മ ഈ സംഭവം എന്നെ കേൾപ്പിച്ചുകഴിഞ്ഞപ്പോൾ ഞാൻ പറഞ്ഞു. "നിങ്ങൾ വീട്ടിലെത്തിയിട്ട് ഏതെങ്കിലും ജോലിക്കാരനോട് പറഞ്ഞിരുന്നെങ്കിൽ അയാൾ പോയി അവരെ കൂട്ടിക്കൊണ്ടുവരുമായിരുന്നില്ലേ?" ഉമ്മ പറഞ്ഞു, അവർ തന്റെ വീട്ടിലേക്ക് പോകാൻ വാശിപിടിക്കുകയായിരുന്നു.

ആയിടയ്ക്ക് ഉമ്മ പറഞ്ഞു: പലപ്രാവശ്യം ഞാൻ മയക്കത്തിൽ കേട്ടു, എന്തോ സംഭവിക്കാൻ പോകുന്നുവെന്ന് ആരോ വിളിച്ചുപറയുന്നു. മറ്റൊരാൾ അതിന് മറുപടിയായി പറയുന്നു 'ഇപ്രാവശ്യം സംഭവിക്കുകതന്നെ ചെയ്യും.'

27-നോ 28-നോ പറഞ്ഞു: ''ഏഴ് ജനാസ ബിഹിശ്തിമഖ്ബറയിൽ അടുപ്പിച്ചടുപ്പിച്ച് വെച്ചിരിക്കുന്നത് ഞാൻ ദർശനത്തിൽ കണ്ടു."

ഏപ്രിൽ 30-നായിരുന്നു ഖാദിയാനിൽനിന്ന് ഞങ്ങൾ പുറപ്പെടേണ്ടത്. അന്ന് ഉമ്മ കൂടുതൽ വിഷമം പ്രകടിപ്പിച്ചു. ഞാൻ ഡാക്ടർ സാഹിബിനെ വിളിക്കാമെന്ന് പറഞ്ഞു. അങ്ങനെ ഫോണിലൂടെ കാര്യം പറയാൻ ശ്രമിച്ചുവെങ്കിലും ഡാക്ടർക്ക് ആ സന്ദേശം എത്തിയില്ല. അല്ലെങ്കിൽ എന്തോ കാരണത്താൽ അദ്ദേഹത്തിന് വരാൻ കഴിഞ്ഞില്ല. വൈകുന്നേരം ഞാൻ തിരിച്ചുവന്നപ്പോൾ ഡാക്ടർ സാഹിബ് വന്നിട്ടില്ലെന്ന് അറിഞ്ഞു. ഇനി ശിംലയിലെത്തിയിട്ട് ഡാക്ടറെ വിളിക്കാമെന്ന് ഞാൻ പറഞ്ഞു. ഉമ്മ ചിരിച്ചുകൊണ്ട് പറഞ്ഞു, 'അതുശരി'.

വൈകുന്നേരത്തെ വണ്ടിക്ക് ഞങ്ങൾ ഖാദിയാനിൽനിന്ന് പുറപ്പെട്ടു. ബട്ടാലയിൽവച്ച് ചൗദരി നസീർ അഹ്മദ് സാഹിബും അദ്ദേഹത്തിന്റെ ബീഗം സാഹിബയും ഞങ്ങളുടെ കൂടെചേർന്നു. അദ്ദേഹത്തിന്റെ ബീഗം സാഹിബായ്ക്ക് അതിനൊരു ദിവസം മുമ്പേ കഠിനമായ വേദന ഉണ്ടായതുകൊണ്ട് അവർ വളരെ ക്ഷീണിതയായിരുന്നു. അവർ കട്ടിലിൽ കിടക്കാൻ ഉമ്മ നിർബന്ധിച്ചു. അങ്ങനെ സ്വയം സോഫയിൽ രാത്രി കഴിച്ചുകൂട്ടി. രാവിലെ താൻ

കണ്ട ഒരു സ്വപ്നം എന്നെ കേൾപ്പിച്ചു. “നിന്റെ ഉപ്പ വന്നിരിക്കു ന്നു. 'നിനക്ക് രോഗം കൂടുതലാണ്, ഞാൻ പോയി ഡാക്ടറെ കൊണ്ടു വരാം- ഓരോ തവണയും ഇരുപതുരൂപ ഫീസ് വാങ്ങുന്ന ഡാക്ടർ” എന്നു പറഞ്ഞു.

**രോഗത്തിന്റെ ഗുരുതരാവസ്ഥ**

ശിംലയിലെത്തിയുടനെ ഡാക്ടർ സാഹിബിനെ വിളിപ്പിച്ചു. രക്തസമ്മർദ്ദത്തിന്റെ ബുദ്ധിമുട്ടാണെന്ന് അദ്ദേഹം പറഞ്ഞു. രോഗ ത്തിന്റെ ആദ്യഘട്ടങ്ങളെ സംബന്ധിച്ച് അറിയാത്തിടത്തോളം ശരി യായ ചികിത്സ നടത്താൻ സാധ്യമല്ല. രക്തം തുടങ്ങിയവ പരി ശോധിച്ചതിൽനിന്ന് വൃക്കകളും ശരിക്ക് പ്രവർത്തിക്കുന്നില്ലെന്ന് മനസ്സിലായി. എന്തായാലും ചികിത്സ തുടങ്ങി. പക്ഷേ, ക്ഷീണം മെല്ലെമെല്ലെ വർദ്ധിച്ചുകൊണ്ടേപോയി.

ശിംലയിലെത്തി ആദ്യരാത്രിതന്നെ ഉമ്മ സ്വപ്നത്തിൽ കണ്ടു: 'ഉപ്പ വന്നിരിക്കുന്നു. നിനക്കുവേണ്ടി ഞാൻ പല്ലക്ക് കൊണ്ടുവന്നി ട്ടുണ്ട്. നീ ഇഷ്ടപ്പെടുന്ന നേരത്ത് നമുക്ക് പുറപ്പെടാം' എന്ന് അദ്ദേഹം പറഞ്ഞു. 'ഞാൻ തഹജ്ജുദിന്റെ നേരത്ത് തയ്യാറായിരിക്കുമെന്നും ചൂട് കൂടുന്നതിനുമുമ്പേ ലക്ഷ്യത്തിലെത്താൻ ആ സമയത്ത് പോകു ന്നതാണ് നല്ലതെന്നും ഉമ്മ പറഞ്ഞു.' '8 മണിക്കുശേഷം പുറപ്പെ ടുന്നത് നന്നായിരിക്കുമെന്ന് ഉപ്പ അറിയിച്ചു. അപ്പോൾ കുട്ടികൾ നാശ്ത കഴിച്ചിട്ടുണ്ടാകും. ഇല്ലെങ്കിൽ കുട്ടികൾക്കത് ബുദ്ധിമുട്ടാകും' എന്നും പറഞ്ഞു. ഉമ്മ പിറ്റേദിവസം സ്വപ്നത്തെക്കുറിച്ച് പറഞ്ഞു കൊണ്ട് പല്ലക്കിന്റെ ഭംഗിയെക്കുറിച്ചും വിവരിച്ചു- അത് ഇങ്ങനെ ഭംഗിയുള്ളതായിരുന്നു. ഈ രീതിയിലുള്ള തടിയായിരുന്നു, ഇരു ഭാഗം വെള്ളിയുടേതായിരുന്നു എന്നൊക്കെ.

ക്ഷീണമുണ്ടായിരുന്നെങ്കിലും അഞ്ചുദിവസം അങ്ങനെ കഴി ഞ്ഞു. പക്ഷേ, ഒരുതരത്തിലുള്ള വിഷമവും ഉണ്ടായിരുന്നില്ല. തഹ ജ്ജുദിനും മറ്റു നമസ്കാരങ്ങൾക്കുമായി സ്വയം എഴുന്നേറ്റ് കുളിമു റിയിൽ വുസു ചെയ്യാൻ പോകുമായിരുന്നു. മുസ്വല്ലയിലാണ് നമ സ്കരിച്ചിരുന്നത്. അധികസമയവും കട്ടിലിലായിരുന്നു കഴിച്ചിരു ന്നത്. നാലാമത്തെ ദിവസം ഡാക്ടർ സാഹിബ് കട്ടിലിൽനിന്ന് ഇറ ങ്ങുന്നത് വിലക്കി. പക്ഷേ, എന്നിട്ടും, മെയ് 6-ന് ജുമുഅ ദിവസം

അസ്റിന്റെ നേരത്ത്, ഞാൻ ഉമ്മയുടെയടുക്കൽ പോയപ്പോൾ വരാന്തയിൽ മുസ്വല്ലയിൽ നമസ്കരിച്ചുകൊണ്ടിരിക്കുന്നതാണ് കണ്ടത്. നമസ്കാരം കഴിഞ്ഞപ്പോൾ, ഡാക്ടർ സാഹിബ് കട്ടിലിൽനിന്ന് ഇറങ്ങുന്നതിന് അനുവാദം തന്നിട്ടില്ല എന്നു ഞാൻ പറഞ്ഞു. ഉമ്മ ഈ അവസ്ഥയിലുമാണ്. അപ്പോൾ 'നമസ്കരിക്കുന്നതിന് ബുദ്ധിമുട്ടൊന്നുമില്ല' എന്ന് പറഞ്ഞു. പിന്നീട് ഞാൻ പറഞ്ഞു: ഉമ്മ വരിക! ഞാൻ കട്ടിൽവരെ പിടിച്ചുകൊണ്ടുപോകാം. ഞാൻ കൈ പിടിച്ച് കട്ടിൽവരെ കൊണ്ടുപോയി. ഉമ്മ വാത്സല്യം പ്രകടിപ്പിക്കുന്നു എന്ന നിലയിൽ എന്റെ സഹായം സ്വീകരിച്ചു. പക്ഷേ, ആ സമയംവരെ ഉമ്മായെ ആരും പിടിക്കേണ്ട ആവശ്യമില്ലായിരുന്നു.

മഗ്‌രിബിനുശേഷം ഓഫീസ് മുറിയിൽ ഞാനിരുന്നു ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ ഉമ്മായ്ക്ക് ഒരുതരം ബോധക്ഷയം ഉണ്ടായിരിക്കുന്നുവെന്ന വിവരം കിട്ടി. ഞാനുടനെ അവരുടെ മുറിയിൽ പോയി. അപ്പോൾ ക്ഷീണംകൊണ്ട് അർദ്ധബോധക്ഷയത്തിലേക്ക് പോയ്ക്കൊണ്ടിരിക്കുന്നതായി തോന്നി. എന്നാൽ, പതുക്കെപ്പതുക്കെ കാൽ അമർത്തിയപ്പോൾ ബോധം പൂർണ്ണമായും വരികയും സംസാരിക്കാൻ തുടങ്ങുകയും ചെയ്തു.

എന്നോടു പറഞ്ഞു: 'മഗ്‌രിബിനു മുമ്പേ നീ എന്നെ ഇവിടെ വിട്ടേച്ചുപോയപ്പോൾ എനിക്ക് മയക്കമുണ്ടായി. ഏതോ ഇരുട്ടുള്ള സ്ഥലത്താണ് ഞാനുള്ളതെന്ന് തോന്നി. അവിടെ നിന്ന് പുറത്തു വരാനുള്ള വഴി തിരഞ്ഞുകൊണ്ടിരുന്നുവെങ്കിലും കണ്ടില്ല. അതിനിടയ്ക്ക് വെളിയിലേക്കുള്ള വഴി കണ്ടേക്കാം എന്ന പ്രതീക്ഷയിൽ ഞാനോ കൂടാരത്തിന്റെ ഉള്ളിൽച്ചെന്നു. ആ കൂടാരത്തിലും കൂരിരുട്ടായിരുന്നു. താഴെയാണെങ്കിൽ ചളിയും. അതിൽ ഞാൻ കുടുങ്ങിപ്പോയി. പുറത്തുവരാൻ ശ്രമിക്കുന്നുണ്ടെങ്കിലും സാധിക്കുന്നില്ല. അപ്പോൾ ഞാൻ പറഞ്ഞു, സഫ്റുല്ലാഹ്ഖാൻ ഇതറിഞ്ഞിരുന്നെങ്കിൽ, അവൻ എന്നെ ഇതിൽനിന്ന് പുറത്തെടുക്കാനുള്ള ഏർപ്പാട് ചെയ്യുമായിരുന്നു."

മെയ് ഏഴാം തിയതി ശനിയാഴ്ച ഉമ്മയുടെ അവസ്ഥ തലേന്ന് വൈകുന്നേരത്തേക്കാൾ ഭേദമായിരുന്നു. പക്ഷേ, ക്ഷീണം ഒരുപാടുണ്ടായിരുന്നു. സംസാരിക്കുന്നതിനിടയിൽ അവർ പറഞ്ഞു:

'ഡാക്ടർ ലത്വീഫ് ഇവിടെ ഉണ്ടായിരുന്നെങ്കിൽ എനിക്ക് പെട്ടെന്ന് സുഖം ലഭിക്കുമായിരുന്നു.' ഞാനുടനെ ഡാക്ടർ ലത്വീഫ് സാഹിബ്! ഉമ്മ നിങ്ങളെ അന്വേഷിക്കുന്നുവെന്ന് പറഞ്ഞ് ഡൽഹിയിലേക്ക് കമ്പിയടിച്ചു. അദ്ദേഹം രണ്ടാം ദിവസം രാവിലെ ശിംലയിലെത്തി. അദ്ദേഹത്തെ കണ്ട് ഉമ്മ ഒരുപാട് സന്തോഷിച്ചു. കട്ടിലിൽ എഴുന്നേറ്റിരുന്നു. ഡാക്ടർ സാഹിബിന് മുത്തം കൊടുത്തു. ചിരിച്ചുകൊണ്ടുപറഞ്ഞു: 'ഇനി ഞാൻ സുഖപ്പെട്ടാൽ നീ വലിയ ഡാക്ടറാണെന്ന് ഞാൻ മനസ്സിലാക്കും.' അല്ലാഹു ഫള്ല് ചെയ്യുമെന്ന് ഡാക്ടർ സാഹിബ് പറഞ്ഞു. 'നോക്കൂ, നിങ്ങളുടെ കമ്പി കിട്ടിയുടനെ ഞാനിവിടെ എത്തി.' ഉമ്മ പറഞ്ഞു. 'ഞാൻ കമ്പിയടിച്ചിരുന്നില്ലല്ലോ. എന്നിട്ട് എന്നെ നോക്കി.' ഞാൻ പറഞ്ഞു: 'ഇന്നലെ ഉമ്മ ഡാക്ടറെ കുറിച്ച് പറഞ്ഞില്ലേ, അപ്പോൾ ഞാൻ കമ്പിയടിച്ചതാണ്.'

**ശിംലയിൽനിന്ന് ഡൽഹിയിലേക്കുള്ള യാത്ര**

ഡാക്ടർ സാഹിബ് പരിശോധിച്ചതിനുശേഷം പറഞ്ഞത് ഉമ്മ ശിംലയിൽ താമസിക്കുന്നത് വളരെ ദോഷം ചെയ്യുമെന്നായിരുന്നു. ഇവിടെ ഉയർന്ന സ്ഥലമായ കാരണത്താൽ ഹൃദയത്തിന് ഭാരം കൂടുതലാണ്. അവരെ ഞാൻ ഇന്നുതന്നെ എന്റെ കൂടെ ഡൽഹിയിലേക്ക് കൊണ്ടുപോകും. എന്റെ വീട്ടിൽത്തന്നെ പാർപ്പിക്കുകയും ചെയ്യും. കാരണം, മൂന്നുനാലു ദിവസം തുടർച്ചയായി ചികിത്സ ആവശ്യമാണ്. ഞാൻ എപ്പോഴും അടുത്തുണ്ടാവേണ്ടത് നിർബന്ധമാണ്; എങ്കിലേ ഹൃദയത്തിന്റെ അവസ്ഥയും രക്തത്തിന്റെ സമ്മർദ്ദവുമനുസരിച്ച് ചികിത്സയിൽ മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ. അതിനോടൊപ്പംതന്നെ, 'മൂന്നുനാല് ദിവസത്തെ ചികിത്സയ്ക്കുശേഷം അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ട് എല്ലാ ബുദ്ധിമുട്ടും അകലുമെന്ന് പറഞ്ഞ് ഉമ്മയെ സമാധാനിപ്പിക്കുകയും ചെയ്തു.' അങ്ങനെ അന്നുതന്നെ ദൽഹിയിലേക്കുള്ള യാത്രയ്ക്ക് ഏർപ്പാട് ചെയ്തു.

ഞാൻ തീർച്ചയായും ഉമ്മയോടൊപ്പം ഡൽഹിയിൽ പോകുമെന്ന് അമത്തുൽഹയ്യുടെ ഉമ്മ (സഫറുല്ലാഹ്ഖാൻ സാഹിബിന്റെ ഭാര്യ) നിർബന്ധം പിടിച്ചു. ഞാൻ തടയാൻ ശ്രമിച്ചു. 'കുഞ്ഞിന് ചൂടിൽ ബുദ്ധിമുട്ടാകും, ഡാക്ടർ ലത്വീഫിന്റെ വീട് എന്റെ

സ്വന്തം വീടാണ്, എന്റെ കുട്ടികളെപോലെ അമീന എന്നെ നോക്കും, ബശീർ അഹ്മദിന്റെ വീട്ടുകാരും ഡൽഹിയിലുണ്ട്. നീ എന്തിനാണ് വെറുതെ കുഞ്ഞിനേയും നിന്നേയും ഇത്രമാത്രം ചൂടിൽ വിഷമത്തിലകപ്പെടുത്തുന്നത്' എന്നൊക്കെപ്പറഞ്ഞ് ഉമ്മായും അവളെ വിലക്കി. പക്ഷേ, 'നിങ്ങൾ ഇവിടെനിന്ന് രോഗാവസ്ഥ യിൽ പോകുകയും നിങ്ങളെ നോക്കാനും വേണ്ടതു ചെയ്തുത രാനും വേണ്ടി കൂടെ വരാതിരിക്കുകയും ചെയ്യുക എന്നത് എങ്ങനെ സാധ്യമാകാനാണ്" എന്ന് പറഞ്ഞ് അവളുടെ തീരുമാനത്തിൽ അവൾ ഉറച്ചുനിന്നു.

ഇത് ഞായറാഴ്ചയായിരുന്നു. പിറ്റേദിവസം ശിംലയിൽ ഞാനു ണ്ടാവേണ്ടത് നിർബന്ധമായിരുന്നു. അതുകൊണ്ട്, അവരെയെല്ലാ വരേയും കാൽക്ക റയിൽവേ സ്റ്റേഷൻവരെ കൊണ്ടുപോയി ട്രെയി നിൽ കയറ്റിവിടാനും അടുത്ത ശനിയാഴ്ച ഉമ്മയുടെയടുക്കൽ പോകാനുമുള്ള ഏർപ്പാടാണ് ഞാൻ ചെയ്തത്. അങ്ങനെ ഞങ്ങ ളെല്ലാവരും വൈകുന്നേരത്ത് കാൽക്കയിലെത്തി. അവരെയെല്ലാ വരേയും സുഖമായി തീവണ്ടിയിൽ കയറ്റിവിട്ടു. ട്രെയിൻ പോകേ ണ്ടസമയം രാത്രി 12 മണിയായിരുന്നു. എന്നാൽ, പത്തരമണിയോ ടടുത്ത് റെയിൽവേയുടെ വിശ്രമമുറിയിൽ പോയി ഉറങ്ങാൻ ഞാൻ ഉമ്മയോടു അനുവാദം ചോദിച്ചു. കാരണം അതിരാവിലെ ശിംല യിലേക്ക് എനിക്ക് പോകണമായിരുന്നു. ഉമ്മ കിടക്കുകയായിരു ന്നു. ഞാൻ മുറിയുടെ ഉള്ളിൽചെന്ന് അനുവാദം ചോദിച്ചപ്പോൾ എഴുന്നേറ്റിരുന്നു. എന്റെ നെറ്റിയിൽ മുത്തിക്കൊണ്ട് ദുആ ചെയ്തു. ഉമ്മ എഴുന്നറ്റുനില്ക്കുന്നതുകണ്ടപ്പോൾ, 'ബേബേജി, ബേബേജി, നിങ്ങൾ എന്താണ് ചെയ്യുന്നത്, കിടക്കുക. കിടന്നുകൊണ്ടുപോലും ഇപ്പോൾ അനങ്ങാതിരിക്കേണ്ടതാണ്' എന്നുപറഞ്ഞ് ഡാക്ടർ സാഹിബ് ബഹളം വെച്ചു. ഉമ്മ വളരെ സമാധാനത്തോടെ പറഞ്ഞു: 'മോനേ, വിശ്രമിക്കാൻ ഒരുപാടു സമയം ഇനിയുമുണ്ട്. സഫ്റുല്ലാ ഹ്ഖാനെ ഇനി വീണ്ടും കാണുക ഒരുപക്ഷേ, സാധിക്കുകയില്ല."

മെയ് 9-ന് രാവിലെ എട്ടരമണിക്ക് ഞാൻ തിരിച്ച് ശിംലയിലെ ത്തി. രാവിലെ ഡൽഹിയിലേക്ക് ഫോൺ ചെയ്തപ്പോൾ ഉമ്മയുടെ ആരോഗ്യം ആദ്യത്തേക്കാൾ ഭേദമാണെന്ന് അറിയാൻ കഴിഞ്ഞു.

എന്നാൽ, ഉച്ചനേരത്ത് ഓക്കാനം ഉണ്ടായി. അതുകൊണ്ട് ഹൃദയത്തിൽ കുറച്ചു ഭാരം കൂടി. പക്ഷേ, ഈ അവസ്ഥ ഒന്നുരണ്ടു മണിക്കൂറിനുശേഷം അകന്നു.

മെയ് 10 ചൊവ്വാഴ്ച വീണ്ടും ഡൽഹിയിലേക്ക് ഫോൺ ചെയ്തു. ആദ്യത്തെ ദിവസം കിട്ടിയ അതേ വിവരം തന്നെയാണ് അപ്പോഴും കിട്ടിയത്. മെയ് 11 ബുധനാഴ്ച രാവിലേയും അതേ മറുപടി തന്നെയാണ് ലഭിച്ചത്. വൈകുന്നേരം ഡൽഹിയിൽനിന്ന് ഫോൺ മുഖേന, ഉച്ചയ്ക്കുശേഷം ഹൃദയത്തിന്റെ അവസ്ഥ മോശമായെന്നും എന്നാൽ, ഇൻഞ്ചക്ഷൻ തുടങ്ങിയവയിലൂടെ നിയന്ത്രണവിധേയമായിട്ടുണ്ടെന്നും ഇപ്പോൾ ആദ്യത്തെ അവസ്ഥയെ അപേക്ഷിച്ച് ഭേദമുണ്ടെന്നും ബോധത്തോടെ സംസാരിച്ചുകൊണ്ടിരിക്കുന്നുവെന്നും എങ്കിലും അവസ്ഥ മോശമായതിനാൽ എത്രയും വേഗം നിങ്ങൾ ഡൽഹിയിൽ എത്തിച്ചേരേണ്ടതാണെന്നുമുള്ള വിവരം കിട്ടി. എനിക്ക് അടുത്തദിവസം ശിംലയിൽ സർക്കാറിന്റെ ഒരു അത്യാവശ്യ ജോലിയുണ്ടായിരുന്നു. അത് വിട്ടുകൊണ്ടുപോകാൻ എനിക്ക് സാധിക്കുമായിരുന്നില്ല. അതുകൊണ്ട് നാളയേ എനിക്കിവിടെനിന്ന് പുറപ്പെടാൻ സാധിക്കുകയുള്ളൂവെന്ന് അറിയിച്ചു. ഇന്നുതന്നെ ശിംലയിൽനിന്ന് പുറപ്പെടാൻ ബശീർ അഹ്മദ് നിർബന്ധം പിടിച്ചു. ഞാൻ പറഞ്ഞു: നീ നിർബന്ധിച്ചു പറയുന്നതിൽനിന്ന് എന്താണ് സംഗതിയെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. പക്ഷേ, ഞാൻ നിർബന്ധിതനാണ്. നാളെ ഉച്ചതിരിഞ്ഞ് പുറപ്പെട്ട് ഇൻശാഅല്ലാഹ് ജുമുഅ ദിവസം രാവിലെ എത്തിച്ചേരുന്നതാണ്. വൈകുന്നേരം ഫോൺ ചെയ്തപ്പോൾ, കുറച്ച് ആശ്വാസമുണ്ടെന്ന് അറിയാൻ കഴിഞ്ഞു. ഡാക്ടർ ലത്വീഫ് സാഹിബിനോടൊപ്പം സിവിൽ സർജൻ സാഹിബും ചികിത്സിക്കുന്നുണ്ടെന്നും അറിഞ്ഞു.

മെയ് 12 വ്യാഴാഴ്ച രാവിലേയും ടെലഫോൺ ചെയ്തപ്പോൾ അതേ മറുപടി തന്നെയാണ് കിട്ടിയത്. എങ്കിലും ഒരു മുൻകരുതലെന്നനിലയിൽ ഞാനെന്റെ മൂന്നു സഹോദരന്മാർക്കും, ഡൽഹിയിൽ എത്തിച്ചേരാൻ കമ്പിയടിച്ചു. സഹോദരിയേയും കൂടെ കൊണ്ടുവരാനും പറഞ്ഞു. അബ്ദുല്ലാഹ്ഖാൻ ബുധനാഴ്ച രാത്രി

തന്നെ ലാഹോറിൽനിന്ന് പുറപ്പെട്ടിരുന്നു. വ്യാഴാഴ്ച രാവിലെ ഡൽഹിയിലെത്തി. ബാക്കി ഞങ്ങളെല്ലാവരും ജുമുഅ ദിവസം രാവിലെയാണ് ഡൽഹിയിലെത്തിയത്.

അമത്തുൽ ഹയ്യുടെ ഉമ്മ (സഫ്റുല്ലാഖാൻ സാഹിബിന്റെ ഭാര്യ) ജീവൻ വകവെയ്ക്കാതെ ഉമ്മായ്ക്കു സേവനം ചെയ്യുന്നതിൽ മുഴുകിയിരിക്കുകയാണെന്ന് ഡാക്ടർ ലത്വീഫ് പറഞ്ഞു. തന്റെ ആരോഗ്യമോ സൗഖ്യമോ ഒന്നും നോക്കുന്നില്ല. അമത്തുൽ ഹയ്യുടെ ഉമ്മ നിറവേറ്റിയതുപോലുള്ള സേവനം ഞങ്ങൾ ആൺമക്കൾക്കും മരുമക്കൾക്കും, മകൾക്കും നിറവേറ്റാൻ കഴിഞ്ഞിട്ടില്ലെന്ന് പിന്നീട് എനിക്ക് കാണാനും കഴിഞ്ഞു. അല്ലാഹു അവൾക്ക് വളരെയധികം പ്രതിഫലം നല്കുമാറാകട്ടെ. ആമീൻ.

അമത്തുൽഹയ്യുടെ ഉമ്മയിൽനിന്നും ഉമ്മയിൽനിന്നുതന്നെയും, സ്വന്തം മകനും മകളുംപോലെ ഡാക്ടർ ലത്വീഫ് സാഹിബും അമീനബീഗവും ഉമ്മായ്ക്ക് സേവനം ചെയ്തിരുന്നുവെന്നറിഞ്ഞു. ഉമ്മതന്നെ എന്നോടു പറഞ്ഞു: "അല്ലാഹു എനിക്ക് ആയുസ്സ് തന്നാൽ ഞാനും എന്റെ കഴിവിന്നനുസരിച്ച് ഡാക്ടർ സാഹിബിന് സേവനം ചെയ്യാൻ ശ്രമിക്കും. യഥാർത്ഥ പ്രതിഫലം എന്തായാലും അല്ലാഹു കൊടുക്കുന്നതാണ്. അല്ലാഹുതആല അവന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിനും അധികമായ പ്രതിഫലം നല്കുമാറാകട്ടെ; അദ്ദേഹത്തിന്റെ സഹോദരങ്ങൾക്കും- ഉമ്മയ്ക്കു സേവനം ചെയ്ത എല്ലാ ഓരോരുത്തർക്കും! ആമീൻ.

ഡൽഹിയിലെത്തിയപ്പോൾ ഉമ്മ എന്നോടു പറഞ്ഞു: മെയ് 8-ന് വൈകുന്നേരം നീ കാൽക്ക സ്റ്റേഷനിൽവച്ച് എന്നോട് വിട ചോദിച്ചുപോയതിനുശേഷം കുറച്ചു കഴിഞ്ഞപ്പോൾ നിന്നോടൊപ്പം നില്ക്കേണ്ടിയിരുന്ന അസീസ് അഹ്മദും അബ്ദുർറഹീമും പ്ലാറ്റുഫോമിൽ ചുറ്റിക്കറങ്ങുന്നതു ഞാൻ കണ്ടു. ഞാൻ അവരെ വിളിച്ചു. അല്ലാഹുവിനെ മധ്യസ്ഥനാക്കിക്കൊണ്ട്, "ഇപ്പോൾത്തന്നെ നിങ്ങൾ വിശ്രമമുറിയിൽ പോകാനും എന്റെ മകൻ ഉറങ്ങുന്ന മുറിയുടെ മുന്നിൽ രാത്രി കഴിച്ചുകൂട്ടാനും പറഞ്ഞു." ഇവർ രണ്ടുപേരും വാതിലിന്നടുത്ത് വരാന്തയിൽ ഉറങ്ങിയിരുന്നതായി എനിക്കറിയാൻ കഴിഞ്ഞുവെന്ന് ഞാൻ ഉമ്മായെ അറിയിച്ചു. പത്തുമണിയോടടുത്ത്

ഉമ്മ എന്നോടു പറഞ്ഞു: "ഇനി വീണ്ടും". എന്തോ അന്വേഷിക്കുകയാണെന്ന് കരുതി പെട്ടെന്ന് ഞാൻ പറഞ്ഞു: "ഇനി വീണ്ടും അല്ലാഹുവിന്റെ അനുഗ്രഹം വേണം. മിനിയാന്നത്തെ അപേക്ഷിച്ച് ഉമ്മയുടെ സ്ഥിതി വളരെ നല്ലതാണെന്ന് ഡാക്ടർ സാഹിബ് പറയുന്നു. ഇൻശാഅല്ലാഹ്. ഉമ്മായ്ക്ക് പെട്ടെന്ന് സുഖമാകും." ഉമ്മ പറഞ്ഞു: 'ഇനി വീണ്ടും എന്നെ ഖാദിയാനിൽ കൊണ്ടുപോകുക.' അവിടെ പൂർണ്ണമായ ചികിത്സ നടത്താൻ സൗകര്യമുണ്ടാകുകയില്ലെന്ന് ഞാൻ അറിയിച്ചു. ഉമ്മ വളരെ വിഷമത്തോടെ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: 'അത് ശരിയാണ്.'

ആ ദിവസം ഉച്ചയ്ക്ക് ഉമ്മായ്ക്ക് ഛർദിലൊന്നും ഉണ്ടായില്ല. അതൊരു വിഷമം പിടിച്ച സമയമാണ്. ആ സമയം നല്ലനിലയിൽ കഴിഞ്ഞുപോയി. അതിൽനിന്ന് അല്ലാഹു ഉമ്മായ്ക്ക് ആരോഗ്യം നല്കുമെന്നുള്ള ഒരു പ്രതീക്ഷ ഉണ്ടാകാൻ തുടങ്ങി. ശുക്റുല്ലാഹ് ഖാന്റേയും അസദുല്ലാഹ്ഖാന്റേയും ഭാര്യമാരും സഹോദരിയും ശനിയാഴ്ച വൈകുന്നേരം തിരിച്ചുപോകാനും ഞാൻ ഞായറാഴ്ച വൈകുന്നേരം ശിംലയിലേക്ക് പോകാനും എന്റെ മൂന്നു സഹോദരന്മാരും ഞായറാഴ്ച വൈകുന്നേരം മടങ്ങിപ്പോകാനും പ്ലാനിട്ടു. കാരണം ആ സമയത്തിനുള്ളിൽ ഉമ്മയുടെ ആരോഗ്യനില മെച്ചപ്പെടും എന്ന് പ്രതീക്ഷിച്ചിരുന്നു.

മെയ് 14 ശനിയാഴ്ച ഉച്ചവരെ ഉമ്മയുടെ അവസ്ഥ അതേനിലയിൽ തുടർന്നുപോന്നു. പ്രത്യേകിച്ച് വിശേഷമൊന്നും ഉണ്ടായില്ല. ഉച്ചയ്ക്ക് എല്ലാവരും ബശീർ അഹ്മദിന്റെ വീട്ടിൽ ഭക്ഷണം കഴിക്കാൻ പോയി. ഞാനും അമത്തുൽഹയ്യുടെ ഉമ്മയും (സഫറുല്ലാഹ്ഖാൻ സാഹിബിന്റെ ഭാര്യ) മാത്രമേ ഉമ്മയുടെ അടുത്തുണ്ടായിരുന്നുള്ളൂ. ഭക്ഷണം കഴിഞ്ഞ് രണ്ടുമണിയോടടുത്ത് ഞാൻ വുസു ചെയ്തുകൊണ്ടിരിക്കുമ്പോൾ, ഉമ്മ വിളിക്കുന്നുവെന്ന് ആരോ എന്നോടു പറഞ്ഞു. ഞാൻ ഉമ്മയുടെ മുറിയിൽ ചെന്നപ്പോൾ ഉമ്മ തന്റെ നാഡിപിടിച്ച് നോക്കുന്നതാണ് കണ്ടത്. എന്നെ കണ്ടുകൊണ്ട് പറഞ്ഞു: "വരൂ മോനെ! ഇനി അവസാനകാര്യങ്ങൾ പറയാം. നിന്റെ സഹോദരന്മാരേയും സഹോദരിയേയും വിളിക്കുക."

ഡാക്ടർ ആ സമയത്ത് ഇൻഞ്ചക്ഷൻ കൊടുക്കാൻ തയ്യാറെടു

ക്കുകയായിരുന്നു. ഇംഗ്ലീഷിൽ അദ്ദേഹം എന്നോടു പറഞ്ഞു: "ഹൃദയത്തിന്റെ അവസ്ഥ മോശമായിട്ടുണ്ട്. നാഡിമിടിപ്പ് കുറഞ്ഞിരിക്കുന്നു." പക്ഷേ, ഞാനൊന്നും ഉമ്മയോടു പറഞ്ഞില്ല. ഉമ്മ സ്വയം നാഡിമിടിപ്പിൽനിന്ന് കാര്യം തിരിച്ചറിഞ്ഞിരുന്നു. അതിനുശേഷം ഡാക്ടർ ഇൻഞ്ചക്ഷൻ കൊടുത്തു. സിവിൽസർജൻ സാഹിബിനേയും ടെലഫോൺ ചെയ്ത് വിളിപ്പിച്ചു. ഇൻഞ്ചക്ഷൻ ചെയ്ത് അല്പം കഴിഞ്ഞ് ഡാക്ടർ സാഹിബ് നാഡിമിടിപ്പ് നോക്കിയിട്ട് 'ബേബേജി, ഇപ്പോൾ നാഡിമിടിപ്പ് ശരിയായ നിലയിൽ നടക്കുന്നുണ്ടെന്ന്' പറഞ്ഞു. അപ്പോൾ ഉമ്മ നാഡി നോക്കിയിട്ട് പറഞ്ഞു: 'ശരിയായനിലയിൽ നടക്കുന്നില്ല, തിരിച്ചുവന്നിട്ടുണ്ട്. പക്ഷേ, ഇപ്പോഴും ബലഹീനയാണ്.' ഇത്രയുമായപ്പോൾ ഭക്ഷണം കഴിക്കാൻപോയ ബന്ധുക്കളെല്ലാം തിരിച്ചെത്തിതുടങ്ങി. വിവരം അറിഞ്ഞ് ചൗദ്‌രി ബശീർ അഹ്‌മദ് സാഹിബും ശേയ്ഖ് ഇഅ്ജാസ് അഹ്‌മദ് സാഹിബും കുറച്ചുകഴിഞ്ഞപ്പോൾ കച്ചേരിയിൽനിന്ന് വന്നു.

ഉമ്മ പറഞ്ഞു: ''ഈ സമയം എല്ലാവരിലും വരുന്നതാണ്. മാതാപിതാക്കളിൽനിന്ന് വേർപെടേണ്ടിവരുമ്പോൾ കുട്ടികൾക്ക് വിഷമമുണ്ടാകും. പക്ഷേ, ഞാൻ അല്ലാഹുവിന്റെ തൃപ്തിയിൽ സംതൃപ്തയാണ്. സന്തോഷത്തോടെ അവന്റെ സന്നിധിയിലേക്ക് പോകുന്നു. ഞാൻ നിങ്ങളിൽനിന്നെല്ലാം വിട പറയാനാഗ്രഹിക്കുന്നു. പക്ഷേ, നിങ്ങൾ ഒരുതരത്തിലുള്ള ബഹളവും ഉണ്ടാക്കരുതെന്നാണ് എന്റെ ആഗ്രഹം; ഇപ്പോഴും, ഞാൻ മരിച്ചതിനുശേഷവും." പിന്നീട് സഹോദരിയുടെ കാതിൽ എന്തോ പറഞ്ഞു. അവൾ ഉമ്മയുടെ ചെവിയിലും എന്തോ പറഞ്ഞു. ശേഷം ആൺമക്കളെ ഓരോരുത്തരേയും മുത്തുകയും ദുആ ചെയ്യുകയും ചെയ്തു. പിന്നീട് മരുമക്കളോടും അപ്രകാരംതന്നെ. ബശീർഅഹ്‌മദിനോടും ഇഅ്ജാസ് അഹ്‌മദിനോടും ഡാക്ടർസാഹിബിനോടും അമീനബീഗത്തോടും അഹ്‌മദബീഗമിനോടും ഗുലാം നബിയോടും അസീസ് അഹ്‌മദിനോടും ചൗദ്‌രീ ഫള്ൽദാദ് സാഹിബിനോടും വിട ചോദിച്ചു. ശേഷം അമത്തുൽഹയ്യെ വിളിച്ചു. അവളെ മുത്തി. പിന്നീട് അബ്ദുൽകരീമിനെ വിളിച്ചു. അവനുവേണ്ടി ദുആ ചെയ്തു. ചുരുക്കത്തിൽ, ആരൊ

ക്കെയാണോ അവിടെയുണ്ടായിരുന്നത് എല്ലാവരോടും വിട വാങ്ങി. ഗുലാംനബി അപ്പോൾ വിഷമംകൊണ്ട് വിങ്ങിപ്പൊട്ടുകയായിരുന്നു. അവനെ സമാധാനപ്പെടുത്തി. എന്നോടു പറഞ്ഞു. “നോക്കൂ മോനേ, അവനിൽനിന്ന് എന്തെങ്കിലും തെറ്റുണ്ടായാൽ ഈ സമയം ഓർക്കുകയും അവന് മാപ്പ് കൊടുക്കുകയും വേണം.”

പിന്നീട് ശുക്റുല്ലാഹ്ഖാൻ സാഹിബിന്റെ ഭാര്യയോട് ‘എന്റെ ചെറിയപെട്ടി കൊണ്ടുവന്നിട്ടുണ്ടോ’ എന്ന് ഉമ്മ ചോദിച്ചു. ഏതു ചെറിയ പെട്ടി? എന്ന് അവൾ അത്ഭുതത്തോടെ ചോദിച്ചു. എന്റെ കഫന്റെ തുണി വെച്ചിരിക്കുന്ന ചെറിയ പെട്ടി’ ഉമ്മ മറുപടി പറഞ്ഞു. അപ്പോൾ സയ്നബ് ബീബി പറഞ്ഞു: “കമ്പി കിട്ടിയുടനെ ഞങ്ങൾ ഡൽഹിയിലേക്ക് വരാനുള്ള ഒരുക്കം തുടങ്ങി. ധ്ധടുതിയിൽ മറ്റൊന്നും ചിന്തിച്ചില്ല. ആ ചെറിയ പെട്ടി ഡസ്കയിലുണ്ടെന്നും അറിയില്ലായിരുന്നു.” താൻ കമ്പിയൊന്നും അടിച്ചില്ലല്ലോ എന്ന് ഉമ്മ പറഞ്ഞു. ഞാൻ പറഞ്ഞു: ‘കമ്പി കൊടുത്തത് ഞാനാണ്.’

ഞാൻ ഡൽഹിയിൽ എത്തുന്നതിനുമുമ്പേ അമത്തുൽഹയ്യുടെ ഉമ്മയോട്, തന്നെ ഖാദിയാനിൽ കൊണ്ടുപോയാൽ ‘ബയ്ത്തുസ്സഫ്ർ’ന്റെ താഴത്തെ നിലയിൽ വയ്ക്കണമെന്നും, മുകളിലത്തെ തന്റെ മുറിയിൽ കൊണ്ടുപോകരുതെന്നും ഇന്ന സ്ഥലത്ത് കുളിപ്പിക്കണമെന്നും ഉമ്മ പറഞ്ഞുകഴിഞ്ഞിരുന്നു. ഇപ്പോൾ എന്നോടും അതാവർത്തിച്ചു. അപ്പോൾ അമത്തുൽഹയ്യുടെ ഉമ്മ പറഞ്ഞു: “കുളിപ്പിക്കാൻ വേണ്ടി പറഞ്ഞ സ്ഥലം മതിയായതല്ല. അവിടെയാണെങ്കിൽ പൂർണ്ണമായ മറയുമല്ല.” ചിരിച്ചുകൊണ്ട് പ്രതിവചിച്ചു: “വളരെ വിശാലമാണ്. മറവുമുണ്ട്. നീ നല്ലവണ്ണം അത് നോക്കിയിട്ടില്ല.”

ഇത്രയുമായപ്പോൾ സിവിൽ സർജൻ സാഹിബും വന്നു. അദ്ദേഹം ഡാക്ടർ ലത്വീഫ് സാഹിബുമായി ആലോചിച്ച് മറ്റ് ചില ഇഞ്ചക്ഷൻ കൊടുക്കാൻ തീരുമാനിച്ചു. ഞാൻ ഡാക്ടർ സാഹിബിനെ മാറ്റിനിറുത്തി ചോദിച്ചു: “ചികിത്സയ്ക്കുവേണ്ടി ഉമ്മ ഡൽഹിയിൽ താമസിക്കുന്നത് നിർബന്ധമാണെങ്കിൽ പറഞ്ഞിട്ടു കാര്യമില്ല. പക്ഷേ, ചികിത്സയുടെ അവസാനഘട്ടവും അവസാനിച്ചിട്ടുണ്ടെങ്കിൽ നിങ്ങൾ എന്നോടു പറയുക, എനിക്ക് ഉമ്മയുടെ

ആഗ്രഹപ്രകാരം ഖാദിയാനിൽ കൊണ്ടുപോകാമല്ലോ." അദ്ദേഹം പറഞ്ഞു: "ഇതുവരെ ഒരു ഇഞ്ചക്ഷൻ കൊണ്ടും ഹൃദയത്തിന്റെ പ്രവർത്തനത്തിന് മാറ്റമൊന്നും ഉണ്ടായിട്ടില്ല. എങ്കിലും ഒന്നുരണ്ടു മറ്റു ഇഞ്ചക്ഷൻകൂടി കൊടുക്കാൻ ഞാൻ ആഗ്രഹിക്കുന്നുണ്ട്. അതിന്റെ ഫലം മുക്കാൽമണിക്കൂറിനുള്ളിൽ അറിയാൻ കഴിയും. എന്താണ് സ്ഥിതിയെന്ന് അപ്പോൾ ഞങ്ങൾക്ക് പറയാൻ കഴിയും."

ഈ സമയം കഴിഞ്ഞപ്പോൾ അഞ്ചുമണിയോടടുത്ത് ഡാക്ടർ സാഹിബ് പറഞ്ഞു: "ഒരു ഇഞ്ചക്ഷനും നമ്മൾ പ്രതീക്ഷിക്കുന്ന ഫലമുണ്ടാക്കുന്നില്ല. ഇപ്പോൾ ചികിത്സയുടെ എല്ലാ ഘട്ടങ്ങളും അവസാനിച്ചുകഴിഞ്ഞു. ഹൃദയത്തിന്റെ സ്ഥിതി കാണുമ്പോൾ തോന്നുന്നത് അരമണിക്കൂർ അല്ലെങ്കിൽ മുക്കാൽമണിക്കൂറിൽ കൂടുതൽ പ്രവർത്തിക്കുകയില്ലെന്നാണ്."

**ഡൽഹിയിൽനിന്ന് ഖാദിയാനിലേക്കുള്ള യാത്ര**

ഇതുകേട്ടപ്പോൾ ഉമ്മയുടെയടുക്കൽച്ചെന്ന് ഞാൻ ഉമ്മയെ ഖാദിയാനിൽ കൊണ്ടുപോകാൻ പോകുകയാണെന്ന് പറഞ്ഞു. അതുകേട്ടപ്പോൾ വളരെയധികം സന്തോഷിക്കുകയും എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ഞാൻ ഉടനെതന്നെ ഒരുക്കം തുടങ്ങി. വൈകുന്നേരത്തെ വണ്ടിക്ക് ഖാദിയാനിലേക്ക് പുറപ്പെട്ടു.

വൈദ്യശാസ്ത്രപ്രകാരം ഇത്രയധികം സമയം കിട്ടുക എന്നത് അത്ഭുതകരമായിരുന്നു. പക്ഷേ, അല്ലാഹു ഉമ്മയുടെ ഈ ആഗ്രഹവും പൂർത്തിയാക്കിക്കൊടുത്തു. മെല്ലെ മെല്ലെ ക്ഷീണം വർദ്ധിച്ചുകൊണ്ടിരുന്നു. ഇടയ്ക്ക് കുറച്ച് അസ്വസ്ഥതയും ഉണ്ടായിരുന്നു. പക്ഷേ, രാത്രി മുഴുവൻ നല്ല ബോധമുണ്ടായിരുന്നു.

**ഉമ്മായുടെ അവസാനത്തെ സംസാരം**

പതിനൊന്ന് മണിയോടടുത്ത് അബ്ദുല്ലാഹ്ഖാൻ എന്റെ അടുത്തിരിക്കുന്നത് കണ്ട് പറഞ്ഞു: "**പൊയ്ക്കോ മോനെ, പോയി ഉറങ്ങിക്കൊള്ളുക.**" തന്റെ സ്വന്തം ഇഷ്ടത്താൽ സ്വയം ആ പ്രിയങ്കരമായ നാവിൽനിന്ന് പുറത്തുവന്ന അവസാന വാക്യമായിരുന്നു അത്. ഡാക്ടർക്ക് ഒന്നും ചെയ്യാൻ പറ്റുമായിരുന്നില്ല. ചികിത്സ അവസാനിച്ചിരുന്നു. തന്റെ ആത്മാവ് അതിന്റെ സ്രഷ്ടാവിന്റെ മുമ്പിൽ

സമർപ്പിക്കുന്നതിന് അണിയിച്ചൊരുക്കുകയായിരുന്നു. പക്ഷേ, മാതാവിന്റെ മമതയ്ക്ക് ആ നേരത്തും തന്റെ മക്കളുടെ സുഖത്തിന് ഭംഗം വരരുതെന്ന ചിന്തയായിരുന്നു.

കുറച്ചുകഴിഞ്ഞ് ഉമ്മയുടെയടുക്കൽ തനിച്ചായിരുന്നപ്പോൾ ഞാൻ വിളിച്ചു. മറുപടി പറഞ്ഞു: "**നീ ജീവിക്കൂ മകനേ**." ഉമ്മ എന്നോട് ഒന്നും സംസാരിച്ചില്ലല്ലോ എന്ന് ഞാൻ പറഞ്ഞപ്പോൾ, ഞാൻ മറ്റുള്ളവരോടും പ്രത്യേകിച്ചൊന്നും പറഞ്ഞിട്ടില്ല എന്നു പറഞ്ഞു. "മറ്റുള്ളവർ മക്കൾ മാത്രമായിരുന്നു. എനിക്കും ഉമ്മായ്ക്കുമിടയിലുണ്ടായിരുന്നത് ആഴ്ന്നിറങ്ങിയ സ്നേഹത്തിന്റെ ബന്ധമായിരുന്നു" എന്ന് ഞാൻ പറഞ്ഞപ്പോൾ 'അതേ' എന്നായിരുന്നു മറുപടി. ആ രാത്രി ഒരു അത്ഭുതകരമായ അവസ്ഥ ഞങ്ങളുടെ മുമ്പിലുണ്ടായിരുന്നു. വൈദ്യശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ആത്മാവും ശരീരവും തമ്മിലുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ടായിരിക്കണം. പക്ഷേ, ആത്മാവ് തന്റെ സ്രഷ്ടാവിന്റെ മുന്നിൽ സുജൂദിൽ വീണുകിടന്ന് അപേക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹുവേ, ഈ അബലയും, ഒന്നുമല്ലാത്തവളുമായ ദാസി, നിന്റെ ആ പ്രിയപ്പെട്ട ദാസന്റെ താമസംകൊണ്ട്, നിന്റെ പ്രകാശങ്ങളുടേയും കാരുണ്യത്തിന്റേയും പതനസ്ഥലമായിത്തീർന്നിരിക്കുന്ന ആ പരിശുദ്ധമണ്ണിൽ എത്തുന്നതുവരെ ഈ ബന്ധം- ശരീരവും ആത്മാവും തമ്മിലുള്ള ബന്ധം നിലനില്ക്കാൻ കല്പിക്കുക എന്നത് നിന്റെ കാരുണ്യത്തിൽനിന്ന് അകന്നതല്ല. തീവണ്ടി അതിവേഗം മുന്നോട്ടുകുതിച്ചുകൊണ്ട് ഞങ്ങളെ ഓരോ നിമിഷവും ഖാദിയാനോടടുപ്പിച്ചുകൊണ്ടിരുന്നപ്പോൾ ഞങ്ങൾ കണ്ട കാഴ്ച ഇതായിരുന്നു.

ജീവിതാന്ത്യംവരെ അകക്കാമ്പിൽ സൂക്ഷിക്കുമെന്ന് പ്രേയസിയോട് എൻ വാഗ്ദാനമുണ്ട്
അവളുടെ ഇടവഴിയോടുള്ള അഭിലാഷം എൻപ്രാണനേക്കാൾ കൂടുതൽ അടുപ്പിച്ചുവെക്കുമെന്ന്

### ഖാദിയാനിൽ ആഗമം

മെയ് 15 ഞായറാഴ്ച ഉച്ചയ്ക്കു മുമ്പേ ഒമ്പതരമണിക്ക് ഞങ്ങൾ ഖാദിയാനിലെത്തി. ഖാദിയാനിൽ എത്തിയെന്ന് ഞാൻ ഉമ്മയെ അറിയിച്ചപ്പോൾ പറഞ്ഞു. 'ബിസ്മില്ലാഹ്, ബിസ്മില്ലാഹ്' ഉമ്മയുടെ വീട്ടിലേക്ക് കൊണ്ടുപോകട്ടെ എന്ന് ഞാൻ ചോദിച്ചു. പറഞ്ഞു, "ഉം, എന്റെ വീട്ടിലേക്ക് കൊണ്ടുപോകുക." 'ബയ്ത്തുസ്സഫ്റിൽ'

എത്തി. ഉമ്മയുടെ കട്ടിൽ താഴത്തെ നിലയിലെ വട്ടമുറിയിൽ വെച്ചു. 'ഉമ്മാ വീട് തിരിച്ചറിഞ്ഞോ' എന്ന് ഞാൻ ചോദിച്ചു. "ഉം." അവരൊന്നു മൂളി. ഉമ്മയുടെ താഴത്തെ നിലയിലെ വട്ടമുറിയിലാണ് ഉമ്മ ഇപ്പോഴുള്ളതെന്ന് ഞാൻ അറിയിച്ചു. അപ്പോൾ ദൃഷ്ടി ഉയർത്തി മുറിയുടെ ഭിത്തികളെ നോക്കിക്കൊണ്ട് പറഞ്ഞു: 'ഞാൻ തിരിച്ചറിഞ്ഞിരിക്കുന്നു.' അല്ലാഹുവിന്റെ മസീഹിന്റെ രാജധാനിവരെ എത്തിച്ചേരാൻ അവധി കിട്ടിയപ്പോൾ ആത്മാവിന് സംതൃപ്തിയായി. മറ്റൊരു ആഗ്രഹവും ബാക്കിയില്ലായിരുന്നു.

**വഫാത്ത്**

വൈകുന്നേരത്ത് ഡസ്ക്കയിൽനിന്ന് കഫൻതുണികളും എത്തി. 14 വർഷം മുമ്പേ സംസം വെള്ളത്തിൽ കഴുകി സൂക്ഷിച്ചിരുന്ന അതേ തുണി! പിന്നീട് രാത്രി വന്നു. എങ്ങനെയുള്ള രാത്രി. ഏതോ ആത്മീയരാജകുമാരി തന്റെ താമസത്തിനായി ഞങ്ങളുടെ വീടിനെ ഒരു രാത്രിയ്ക്ക് തിരഞ്ഞെടുക്കുകയും അതിനെ പ്രകാശം കൊണ്ട് നിറയ്ക്കുകയും ഓരോ നിമിഷവും അവിടെ മലക്കുകൾ ഇറങ്ങിക്കൊണ്ടിരിക്കുന്നുവെന്ന് തോന്നിക്കുകയും ചെയ്യുംവിധമുള്ള രാത്രി!

പ്രത്യക്ഷത്തിൽ ഉമ്മ മണിക്കൂറുകളോളം അബോധാവസ്ഥയുടെ ലോകത്തായിരുന്നു. അർദ്ധരാത്രിയോടടുത്ത് ആരോ എന്നോട് 'ഞങ്ങൾ വിളിച്ചിട്ട് മിണ്ടുന്നില്ല. നീ വിളിച്ചാൽ ഒരുപക്ഷേ മറുപടി തരു'മെന്ന് പറഞ്ഞു. ഞാൻ വിളിച്ചപ്പോൾ മറുപടി തന്നു. അതൊരു സമ്മതത്തിന്റെ നേരിയ ശബ്ദമായിരുന്നു. മൂന്നുമണിയോടടുത്ത് തഹജ്ജുദ് നമസ്കാരത്തിന്റെ സമയമായപ്പോൾ, തികച്ചും അബോധാവസ്ഥയിലായി. പേരിന്, ശ്വാസം മാത്രമെ ഉണ്ടായിരുന്നുള്ളൂ; താൻകണ്ട സ്വപ്നമനുസരിച്ച് പല്ലക്കിൽ കയറാനും യാത്ര തുടങ്ങാനുമുള്ള തയ്യാറെടുത്തു കഴിഞ്ഞിരിക്കുന്നുവെന്നുതോന്നി.

രാവിലെ ഏഴുമണിയോടടുത്ത് ഞാൻ അമത്തുൽഹയ്യുടെ ഉമ്മയോട്, എല്ലാവരും പ്രാതൽ കഴിക്കാൻ പറഞ്ഞു. കാരണം കുട്ടികൾ പ്രാതൽ കഴിച്ചെങ്കിലെ പോകുകയുള്ളൂവെന്ന് ഉമ്മ പറഞ്ഞിട്ടുണ്ട്. പിന്നീട് ഞാൻ ഉമ്മകണ്ട സ്വപ്നം ഓർമ്മിച്ചുകൊണ്ട്– അതിൽ അവർ ഇരുട്ടിൽ ഒരു കൂടാരത്തിനുള്ളിൽ ചളിയിൽ കുടു

ങ്ങിപ്പോകുകയും, സഫ്റുല്ലാഹ്ഖാനെ ആരെങ്കിലും അറിയിച്ചിരുന്നെങ്കിൽ അവൻ വന്ന് എന്നെ ഇവിടെനിന്ന് കരകയറ്റാൻ ഏർപ്പാട് ചെയ്യുമായിരുന്നു എന്നു പറയുകയും ചെയ്തിരുന്നു- ഉമ്മയ്ക്കു വേണ്ടി അല്ലാഹുവിനോട് കാരുണ്യത്തിന് പ്രാർത്ഥിക്കാൻ തുടങ്ങി.

കുറച്ചുമുമ്പേ വേഗത്തിലായിരുന്നു ശ്വാസം, എട്ടരമണിയോടടുത്ത് മന്ദഗതിയിലാകാൻ തുടങ്ങി. വീട്ടിലുള്ളവരും അതിഥികളും ജോലിക്കാരുമെല്ലാം ഭക്ഷണം കഴിച്ചുകഴിഞ്ഞപ്പോൾ, ഏകദേശം 9 മണിക്ക് ആത്മാവ് രക്ഷിതാവിന്റെയടുക്കൽ ഹാജരായി. അന്ന് മെയ് 16 തിങ്കളാഴ്ചയായിരുന്നു. പന്ത്രണ്ട് മണിയോടടുത്ത് ശരീരത്തെ- കാലേക്കൂട്ടി അവരുടെ അന്ത്യവിശ്രമത്തിനുവേണ്ടി ഒരുക്കിവെച്ചിരുന്ന സ്ഥാനത്ത് മണ്ണിന് ഏല്പിച്ചുകൊടുത്തു.

***കുല്ലുമൻ അലയ്ഹാ ഫാൻ, വയബ്ഖാ***
***വജ്ഹുറബ്ബിക്ക ദുൽജലാലി വൽഇക്റാം***

ഖലീഫത്തുൽ മസീഹ് ഥാനീ(റ) ആ ദിനങ്ങളിൽ സിന്ധിലായിരുന്നു. ഹുസൂറിന്റെ മക്കളായ മിർസാ ബശീർ അഹ്മദ് സാഹിബും മിർസാ ശരീഫ് അഹ്മദ് സാഹിബും നുബുവ്വത്ത് കുടുംബാംഗങ്ങളിൽപെട്ട മറ്റുള്ളവരും ജനാസ ചുമലിലേറ്റി. ലഹദ്ന് ഒന്നു രണ്ട് ഇഷ്ടിക ശരിയാക്കി വയ്ക്കേണ്ടതുണ്ടായിരുന്നു. സാഹിബ് സാദഃ മിർസാ ശരീഫ് അഹ്മദ് സാഹിബ് തന്റെ കൈകൊണ്ട് അവ ശരിയാക്കി.

ഉമ്മയുടെ മരണത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹിൽനിന്ന്, അനുശോചനക്കുറിപ്പ് പ്രസിദ്ധീകരിക്കപ്പെട്ടു.

### "ചൗദ്രരി സഫ്റുല്ലാഹ്ഖാൻ സാഹിബിന്റെ ഉമ്മയുടെ വഫാത്ത്"

(ഹദ്റത്ത് അമീറുൽ മുഅ്മിനീൻ)

അവസാനം അസീസം ചൗദ്രരി സർ സഫ്റുല്ലാഹ്ഖാൻ സാഹിബിന്റെ ഉമ്മയുടെ മരണവാർത്ത വന്നു. ഈ സമയത്ത് ഞാൻ കേന്ദ്രത്തിൽനിന്ന് വളരെ അകലത്താകുന്നു. എളുപ്പത്തിൽ അവിടെ എത്തുകയും ജനാ

സയിൽ പങ്കെടുക്കുകയും ചെയ്യുക എന്നത് ബുദ്ധിമുട്ടായിട്ടാണ് കാണുന്നത്. ഇതിൽ എനിക്ക് അഗാധമായ ദുഃഖമുണ്ട്. ഞാൻ വിവരം അറിഞ്ഞുടനെ കാറിൽ ഒരാളെ മീർപൂർഖാസിലേക്ക്, സമയത്ത് എനിക്കെത്താൻ കഴിയുമോ എന്ന് ടെലഫോൺ ചെയ്ത് അന്വേഷിക്കാൻ അയച്ചിട്ടുണ്ട്. അങ്ങനെയായാൽ, അവരുടെ ജനാസ നമസ്കരിപ്പിച്ച് അവരെ ഖബ്റടക്കുക എന്ന എന്റെ ആഗ്രഹം പൂർത്തിയാകും. ഇല്ലെങ്കിൽ, അല്ലാഹുവിന്റെ ഇഷ്ടത്തിന്റെ മുമ്പിൽ തലകുനിക്കുന്നു.

**പരേതയുടെ ആത്മാർത്ഥത**

പരേതയുടെ ഭർത്താവ് ചൗദ്രരി നുസ്റുല്ലാഹ്ഖാൻ സാഹിബ് നിഷ്ക്കളങ്കനും ആദരണീയനുമായ അഹ്മദിയായിരുന്നു എന്നതിൽ ഒരു സംശയവുമില്ല. അദ്ദേഹം ഏറ്റവുമാദ്യം എന്റെ വിളിക്ക് ഉത്തരം നല്കി. തന്റെ ജീവിതം ദീനിന്നായി സമർപ്പിച്ചു. ഖാദിയാനിൽവന്ന് എന്നെ സഹായിക്കാൻ തുടങ്ങി. അതുകൊണ്ട് അദ്ദേഹത്തിന്റെ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് എന്നിലും ഞാൻ മുഖേന ജമാഅത്തിലും ഒരു അവകാശമുണ്ടായിരുന്നു. അസീസം ചൗദ്ദരി സഫ്റുല്ലാഹ്ഖാൻ സാഹിബ് തന്റെ ജീവിതത്തിന്റെ പ്രാരംഭദശ മുതൽതന്നെ സദാചാരമാർഗ്ഗത്തിന്റേയും അനുസരണത്തിന്റേയും ഉത്തമഗുണം കാണിക്കുകയും ഖിലാഫത്തിന്റെ തുടക്കനാളുകൾ മുതൽ എന്നോട് തന്റെ സ്നേഹവും ആത്മാർത്ഥതയും പ്രകടിപ്പിച്ചുവരികയും ചെയ്യുന്നു എന്നതിലും സംശയമൊന്നുമില്ല. പരേത അദ്ദേഹത്തിന്റെ ഉമ്മയായിരുന്നു. ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിലും അവർക്ക് എന്നിൽ അവകാശമുണ്ടായിരുന്നു. മിക്ക സ്ത്രീകളുടേയും ബന്ധം പിതാവ് അല്ലെങ്കിൽ പുത്രൻ അല്ലെങ്കിൽ സഹോദരൻ കാരണത്താലുണ്ടാകുന്നത്. പരേത അതിൽനിന്ന് വ്യത്യസ്തയായിരുന്നു. അവരുടെ ബന്ധം നേരിട്ടും ഇടനില

യില്ലാത്തതുമായിരുന്നു. അവർ തന്റെ പരേതനായ ഭർത്താവിന് മുമ്പേ അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചു. അദ്ദേഹത്തേക്കാൾ മുമ്പേ ഖിലാഫത്തിന് ബയ്അത്ത് ചെയ്തു. എപ്പോഴും മതാഭിമാനത്തിന്റേയും ആത്മവിശ്വാസത്തിന്റേയും തെളിവ് നല്കുകയും ചെയ്തു. ചന്ദയിൽ അത്യുത്സാഹത്തോടെ പങ്കെടുക്കുക, ദരിദ്രരെ സഹായിക്കുന്നതിൽ ശ്രദ്ധിക്കുക തുടങ്ങിയവ അവരുടെ പ്രത്യേകതയായിരുന്നു. പ്രാർത്ഥനയുടെ ആധിക്യം കൊണ്ട്, അധികമായ സത്യസ്വപ്നങ്ങളാൽ അല്ലാഹു അവർക്ക് ആദരവ് പ്രദാനം ചെയ്തിരുന്നു. സ്വപ്നദർശനത്താൽ അവർ അഹ്മദിയ്യത്ത് സ്വീകരിക്കുകയും, സ്വപ്നദർശനത്താൽത്തന്നെ രണ്ടാം ഖിലാഫത്തിന് ബയ്അത്ത് ചെയ്യുകയും ചെയ്തു.

***ഇന്ത്യൻ വൈസ്രോയിയുമായുള്ള പരേതയുടെ കൂടിക്കാഴ്ച***

നിരവധി പുരുഷന്മാർക്ക് ഉപദേശത്തിന് കാരണമായേക്കാവുന്ന അവരുടെ ഈ സംഭവം എനിക്ക് ഒരിക്കലും മറക്കാൻ സാധിക്കുകയില്ല. അഹ്റാരി ഫിത്ന ഖാദിയാനിൽ ശക്തിപ്രാപിച്ചിരുന്ന കഴിഞ്ഞദിനങ്ങളിൽ ഒരു അഹ്റാരി ഏജന്റ് വഴിയിൽവച്ച് അസീസം മിയാൻ ശരീഫ് അഹ്മദ് സാഹിബിനെ ലാത്തികൊണ്ടാക്രമിച്ചിരുന്നു. അവരിതറിഞ്ഞപ്പോൾ വളരെ വിഷമിച്ചു. 'സഫറുല്ലാഹ്ഖാൻ എന്റെ മനസ്സിന് എന്തോ ആകുന്നു, അമ്മാജാന്റെ (ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ) മനസ്സ് വളരെ ലോലമാണ്, അവരുടെ അവസ്ഥ എന്തായിരിക്കും' എന്നിങ്ങനെ സഫ്റുല്ലാഹ്ഖാൻ സാഹിബിനോട് തുടരെത്തുടരെ പറഞ്ഞുകൊണ്ടിരുന്നു. കുറച്ചുദിവസം കഴിഞ്ഞ് ചൗദ്ദരീസാഹിബ് വീട്ടിൽ വന്നപ്പോൾ, തന്നോടുതന്നെ ഉമ്മ എന്തോ സംസാരിച്ചുകൊണ്ടിരുന്നതായി അദ്ദേഹത്തിന് മനസ്സിലായി. അദ്ദേഹം ചോദിച്ചു. ബേ ബേജി! എന്താണ് പ്രശ്നം? പരേത പറഞ്ഞു: ഞാൻ വൈസ്രോയിയുമായി സംസാരിക്കുകയായിരുന്നു. ചൗദ്ദരീ

സാഹിബ് ചോദിച്ചു, നിങ്ങൾക്ക് എന്തുകൊണ്ട് നേരിട്ട് അദ്ദേഹത്തോട് സംസാരിച്ചുകൂടാ? അതിന് അവസരം കിട്ടുമോ എന്നവർ ചോദിച്ചു. അവസരം കിട്ടുമെന്ന് ചൗദ്ദരീ സാഹിബ് അറിയിച്ചു. അതുകേട്ടപ്പോൾ പറഞ്ഞു: 'അതു ശരി, ഏർപ്പാട് ചെയ്യുക.' വിശുദ്ധഖുർആന്റെ അധ്യാപനമനുസരിച്ച്, യുവതികൾക്കുവേണ്ടി നിശ്ചയിച്ചിട്ടുള്ള പർദ, പ്രായാധിക്യംകൊണ്ട് അവർക്ക് ബാധകമായിരുന്നില്ല. അവർ വൈസ്രോയിയെ കണ്ടു. ചൗദ്ദരീ സാഹിബ് തർജമക്കാരനായി. ലേഡി വില്ലിംഗ്ടണും അടുത്തുണ്ടായിരുന്നു. 'ഞാനൊന്നും പറയുകയില്ല, പറയേണ്ടത് സ്വയം പറഞ്ഞുകൊള്ളണ'മെന്ന് ചൗദ്ദരീ സാഹിബ് തുറന്നുപറഞ്ഞിരുന്നു. അങ്ങനെ പരേത, വില്ലിംഗ്ടൺപ്രഭുവിനോട് അങ്ങേയറ്റം ശക്തിയോടെ പറഞ്ഞു: "ഞാൻ ഗ്രാമത്തിൽ താമസിക്കുന്ന സ്ത്രീയാണ്. ഇംഗ്ലീഷുകാരെ എനിക്കറിയില്ല. അവരുടെ ഭരണത്തിന്റെ രഹസ്യങ്ങളും എനിക്കറിയില്ല. ഇംഗ്ലീഷുകാർ നല്ലവരാണെന്ന് ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ നിന്നു കേട്ടു. നിങ്ങളുടെ ജനതയ്ക്കുവേണ്ടി എപ്പോഴും ഹൃദയത്തിൽനിന്ന് പ്രാർത്ഥന പുറപ്പെട്ടിരുന്നു. നിങ്ങളുടെ ജനതയ്ക്ക് എന്തെങ്കിലും പ്രതിസന്ധിഘട്ടം വരുമ്പോൾ, അല്ലാഹുവേ ഇവരെ സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യേണമേ എന്ന് പറഞ്ഞ് കരഞ്ഞുകരഞ്ഞു പ്രാർത്ഥിക്കുമായിരുന്നു. പക്ഷേ, ഇപ്പോൾ ജമാഅത്തിനോടുള്ള പെരുമാറ്റത്തിന്റെ ഫലമായി പ്രത്യേകിച്ച് ഖാദിയാനിൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കല്പനയുള്ളതുകൊണ്ട് പ്രാർത്ഥിക്കുന്നുണ്ടെങ്കിലും, ഹൃദയത്തിൽനിന്ന് അത് വരുന്നില്ല. കാരണം ഇപ്പോൾ എന്റെ മനസ്സ് തൃപ്തയല്ല. ഈ രീതിയിൽ ഞങ്ങളെ ബുദ്ധിമുട്ടിക്കാൻ ഞങ്ങൾ എന്താണ് ചെയ്തത്?''

ചൗദ്ദരീ സാഹിബ് വില്ലിംഗ്ടൺപ്രഭുവിനോടു പറഞ്ഞു: ഞാൻ വെറുമൊരു പരിഭാഷകനാണ്. എന്റെ ഉമ്മ പറ

യുന്ന കാര്യം മാത്രമേ ഞാൻ പറയൂ. തുടർന്ന് അങ്ങ് നേരിട്ട് അവർക്ക് മറുപടി കൊടുത്താലും. അവർ പറഞ്ഞ കാര്യങ്ങൾ വില്ലിംഗ്ടൺപ്രഭുവിനെ കേൾപ്പിച്ചു. ഋജുവും ശുദ്ധവും മതാഭിമാനത്തോടുകൂടിയതുമായ ആ വാക്കുകൾ എത്രമാത്രം വില്ലിംഗ്ടൺപ്രഭുവിന്റെ ഭാര്യയെ സ്വാധീനിച്ചുവെന്നാൽ, അവർ എഴുന്നേറ്റ് പരേതയുടെ അടുത്തുവന്നിരുന്നു. സമാധാനിപ്പിക്കാൻ തുടങ്ങി. ഭർത്താവിനോടു പറഞ്ഞു: "നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണിത്.''

ഈ തന്റേടത്തോടുകൂടി ജമാഅത്തിനുവേണ്ടി തന്റെ മതാഭിമാനം പ്രകടിപ്പിക്കാൻ കഴിവുള്ളവരും പ്രകടിപ്പിക്കുന്നവരുമായി എത്ര പുരുഷന്മാരുണ്ട്? അല്ലാഹുതആല പരേതയുടെ ആത്മാവിനെ സ്വീകാരത്തിന്റെ കൈകളിൽ എടുക്കുമാറാകട്ടെ. തന്റെ അനുഗ്രഹങ്ങളുടെ അനന്തരാവകാശിയാക്കിത്തീർക്കട്ടെ. ആമീൻ.

### *സർ സഫ്റുല്ലാഹ്ഖാൻ സാഹിബിനോടുള്ള സ്നേഹം*

അസീസം ചൗദ്രരീ സർ സഫ്റുല്ലാഹ് ഖാൻ സാഹിബിനെ അവർ തന്റെ എല്ലാ മക്കളേക്കാളും കൂടുതൽ സ്നേഹിച്ചിരുന്നു. അല്ലാഹു അവന് എല്ലാവരേക്കാളധികം ആദരവ് നല്കിയെന്നും, എന്നെ ഏറ്റവും കൂടുതൽ ബഹുമാനിക്കുന്നുവെന്നും മിക്കപ്പോഴും പറയാറുണ്ടായിരുന്നു.

### *പരേതയുടെ ഒരു സ്വപ്നം*

ഇപ്പോൾ ശൂറാ ചേരുന്ന അവസരത്തിൽ ചൗദ്രരീ സാഹിബിനോടൊപ്പം വന്നിരുന്നു. രണ്ടുമൂന്നു പ്രാവശ്യം എന്നെ കാണാൻ വന്നു. വളരെ സന്തുഷ്ടയായി കണ്ടു. എന്നാൽ, തന്റെ ശരീരത്തിന്റെ ഉൾഭാഗത്ത് ഒന്നുമില്ലാത്തതായി തോന്നുന്നുവെന്ന് പറഞ്ഞിരുന്നു. ഏപ്രിലിൽ മരിക്കുമെന്നുള്ള ഒരു സ്വപ്നം അവർ കണ്ടിരുന്നു. എന്നാൽ, സ്വപ്നത്തിൽ ചിലപ്പോൾ മറഞ്ഞുകിടക്കുന്ന വ്യാഖ്യാനങ്ങളുണ്ടാകും. മരണത്തിനു കാരണമായ

രോഗം ഏപ്രിലിൽ ബാധിക്കുമെന്നാണെന്ന് മനസ്സിലാകുന്നുണ്ട്. ഏപ്രിലിനോടു ഇത്രമാത്രം അടുത്ത സമയത്തുള്ള അവരുടെ മരണം, ഈ സ്വപ്നത്തിന്റെ സത്യതയ്ക്കുള്ള ഒരു പ്രബല തെളിവാണ്.

***പരേതയുടെ മരണത്തെ സംബന്ധിച്ചുള്ള ഒരു സ്വപ്നം***

ഒന്നുരണ്ടു വർഷം മുമ്പേ ഞാനൊരു സ്വപ്നം കണ്ടു. “ഞാനെന്റെ ഓഫീസിൽ ഇരിക്കുകയാണ്. എന്റെയടുത്ത് ചൗദ്ദരീ സഫ്റുല്ലാഹ്ഖാൻ സാഹിബ് കിടക്കുന്നുണ്ട്. 11,12 വയസ്സ് തോന്നിക്കും. മുട്ടിൽ തലയ്ക്ക് കൈ കൊടുത്താണ് കിടക്കുന്നത്. അദ്ദേഹത്തിന്റെ വലത്തും ഇടത്തും അസീസം ചൗദ്ദരീ അബ്ദുല്ലാഹ് ഖാൻ സാഹിബും ചൗദ്ദരീ അസദുല്ലാഹ്ഖാനും ഇരിപ്പുണ്ട്. അവർക്ക് ആറ്, ഒമ്പത് പ്രായം തോന്നിച്ചിരുന്നു. മൂന്നുപേരുടേയും മുഖവും എന്റെ നേരെയാണ്. മൂന്നുപേരും ഞാനുമായി സംസാരിച്ചുകൊണ്ടിരുന്നു. അത്യധികം ആഹ്ലാദത്തോടെ ഞാൻ പറയുന്ന കാര്യങ്ങൾ കേൾക്കുന്നു. എന്റെ മക്കളെപ്പോലെയാണ് അപ്പോൾ അവരെനിക്കു തോന്നുന്നത്. ഒഴുവു കിട്ടുമ്പോൾ വീട്ടിൽ മാതാപിതാക്കൾ തങ്ങളുടെ മക്കളോടു സംസാരിക്കാറുള്ളതുപോലെ ഞാൻ അവരോടു സംസാരിക്കുന്നു.’’ ഒരുപക്ഷേ, അതിന്റെ വ്യാഖ്യാനവും അവരുടെ മരണം തന്നെയാണ്. അതായത്, ദൈവിക നിയമമനുസരിച്ച് ഒരുതരത്തിലുള്ള പിതൃത്വം അല്ലെങ്കിൽ മാതൃത്വം സ്ഥലമൊഴിയുമ്പോൾ മറ്റൊരുതരത്തിലുള്ള പിതൃത്വം അല്ലെങ്കിൽ മാതൃത്വം തൽസ്ഥാനം കൈയേല്ക്കുന്നു.

***പരേതയുടെ ബന്ധുക്കൾ***

പരേതയുടെ ഉപ്പയും അഹ്മദിയായിരുന്നു. ദാതാസയ്ദുകാരനായ അവരുടെ സഹോദരൻ ചൗദ്ദരീ അബ്ദുല്ലാഹ്ഖാൻ സാഹിബ് അത്യുത്സാഹമുള്ള ഒരു അഹ്മദിയായിരുന്നു. തന്റെ നാട്ടിലെ ജമാഅത്തിന്റെ അമീറാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ കാലം മുതൽ

എന്നോട് ആത്മാർത്ഥത പുലർത്തിപ്പോന്നു. അതിൽ എപ്പോഴും മുൻപന്തിയിലായിരുന്നു.

അല്ലാഹുവേ, നിന്റെ സമീപത്ത് അവർക്ക് ഇടം നല്കേണമേ. അവരുടെ കുടുംബത്തെ അവരുടെ ദുആകളുടെ അനുഗ്രഹത്തിൽ നിന്നും വിട്ടുകളയരുത്, അവരുടെ മരണത്തിനുശേഷവും അവർക്കായി അത് പുലർന്നുകൊണ്ടിരിക്കേണമേ. (അൽഫള്ൽ, 1938 മെയ് 22 നമ്പർ 188 വാള്യം 26)

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അവരുടെ 'ശിലാലേഖ'യിൽ എഴുതാൻ നിർദ്ദേശിച്ച വരികൾ ഇവയാണ്.

ചൗദ്‌രീ നുസ്റുല്ലാഹ്ഖാൻ സാഹിബിന്റെ ഭാര്യ അസീസം ചൗദ്‌രീ സഫ്റുല്ലാഹ്ഖാൻ സാഹിബ് സല്ലമഹുല്ലായുടെ ഉമ്മ, സ്വപ്നങ്ങളും ദർശനങ്ങളും ഉണ്ടാകുന്നവരായിരുന്നു. സ്വപ്നം മുഖേന ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ തിരിച്ചറിയാൻ സൗഭാഗ്യം കിട്ടി. പരേതനായ ഭർത്താവിനേക്കാൾ മുമ്പേ ബയ്അത്ത് ചെയ്തു. പിന്നീട് സ്വപ്നത്തിലൂടെതന്നെ രണ്ടാം ഖിലാഫത്തിനെ തിരിച്ചറിഞ്ഞു. പരേതനായ ഭർത്താവിനേക്കാൾ മുമ്പേ ഖിലാഫത്തിൽ ബയ്അത്ത് ചെയ്തു. മതാഭിമാനം അതിന്റെ പൂർണ്ണദശയിലായിരുന്നു. സത്യസന്ദേശം എത്തിക്കുന്നതിൽ നിർഭയയായിരുന്നു. ദരിദ്രരെ സംരക്ഷിക്കുന്ന സ്വഭാവത്താൽ വിഭൂഷിതയും ലളിതമായ ജീവിതത്തിന്റെ ശീലനിധിയും സൽഭാര്യയും സ്നേഹമയിയായ ഉമ്മയുമായിരുന്നു. അല്ലാഹു അവർക്കും, അങ്ങേയറ്റം ഒതുക്കവും ആത്മാർത്ഥതയുമുള്ള ജമാഅത്തിന്റെ സേവകനായിരുന്ന അവരുടെ ഭർത്താവിനും തന്റെ അനുഗ്രഹങ്ങളിൽനിന്ന് ഓഹരി നല്കുമാറാകട്ടെ. തന്റെ സമീപത്ത് ഇടം നല്കുമാറാകട്ടെ. അവരുടെ മക്കളെ തന്റെ സംരക്ഷണത്തിൽ വയ്ക്കുമാറാകാട്ടെ. ആമീൻ.

## "നീ ജീവിക്കൂ മകനേ"

ഇപ്പോൾ ആ പ്രിയപ്പട്ട വ്യക്തിത്വം നമ്മുടെയിടയിലില്ല. ആ പ്രിയങ്കരമായ മുഖത്തെ കണ്ണുകൾ തിരയുകയാണ്. പക്ഷേ, കാണാൻ സാധിക്കുന്നില്ല. നിരന്തരമുള്ള വേദനാനിർഭരമായ പ്രാർത്ഥനകളിൽനിന്ന് ഞങ്ങൾ തടയപ്പെട്ടു. പക്ഷേ, ഞങ്ങൾ അല്ലാഹുവിന്റെ തൃപ്തിയെ സംതൃപ്തിയോടെ സ്വീകരിക്കുന്നു. ഞങ്ങളുടെ ഉമ്മ തന്റെ ജീവിതകാലത്ത് അല്ലാഹുവിനോടുള്ള അനുസരണയിലും ഇഷ്ടത്തിലും ജീവിച്ചു എന്നോർക്കുമ്പോൾ ഞങ്ങൾക്ക് സമാധാനമാണ്. അല്ലാഹു അവരോട് അതീവകാരുണ്യത്തോടെ പെരുമാറുമെന്ന് ഞങ്ങൾക്ക് ദൃഢവിശ്വാസമുണ്ട്. അല്ലാഹു ഞങ്ങൾക്കും തന്റെ ഇഷ്ടമനുസരിച്ച് പ്രവർത്തിക്കാൻ കഴിവ് നല്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ സമയം വരുമ്പോൾ അവൻ ഞങ്ങളേയും തന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുകയും ഞങ്ങളുടെ മാതാപിതാക്കളുടേയും സത്യസന്ധരുടേയും സാമീപ്യം ഞങ്ങൾക്ക് പ്രദാനം ചെയ്യുകയും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പാദങ്ങളിൽ ഞങ്ങൾക്ക് ഇടം നല്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ആമീൻ.

എന്റെ ഊഴം വരുകയും ആ പ്രിയപ്പെട്ട മുഖകമലത്തിൽ എന്റെ ദൃഷ്ടി പതിയാൻ അല്ലാഹുവിന്റെ കാരുണ്യം ഇടയാക്കുകയും ചെയ്യുമ്പോൾ എന്റെ സകലസ്നേഹവും സകലവിഷമങ്ങളും സകല ആഗ്രഹവും 'ബേ. ബേ' എന്ന ആ ഒരേയൊരു വാക്കിൽ നിറവേറ്റപ്പെടുന്നതാണ്. അവരിൽനിന്നുള്ള '**നീ ജീവിക്കൂ മകനേ**' എന്ന വാക്കും ഒരുതവണകൂടി എന്റെ മനസ്സിനെ സന്തോഷംകൊണ്ട് നിറയ്ക്കും.

അല്ലാഹുവേ, കാരുണ്യത്തിന്റെ മഴ വീണ്ടും വീണ്ടും പെയ്യിച്ചാലും.
നിന്റെ തികവുറ്റ ഫള്ലിലും ബയ്ത്തുന്നഈമിലും പ്രവേശിപ്പിച്ചാലും.

*സഫ്റുല്ലാഹ്ഖാൻ*

◆◆◆◆◆